ഭാഗം
8

അക്ഷരവൃക്ഷം
കുട്ടികളുടെ അവധിക്കാല
സർഗ്ഗസൃഷ്ടികൾക്കൊരിടം



## കോവിഡ് 19

# കഥകൾ

കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായുള്ള ലോക്ഡൗൺ പശ്ചാത്തലത്തിൽ
വീടുകൾക്കുള്ളിൽ അവധിക്കാലം ചെലവഴിച്ച കുട്ടികളുടെ സർഗ്ഗാത്മക രചനകൾ



കേരളസർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

## അക്ഷരവൃക്ഷം
കുട്ടികളുടെ അവധിക്കാല സർഗ്ഗസൃഷ്ടികൾക്കൊരിടം

# കോവിഡ് ൧൯ കഥകൾ

## ഭാഗം 8

കേരളസർക്കാർ

പൊതുവിദ്യാഭ്യാസവകുപ്പ്

പ്രസിദ്ധീകരണം

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

മേയ് 2020

*Pubilished by :* **State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
*Website* : www.scertkerala.gov.in, *e-mail* : scert@kerala.gov.in
Phone : 0471 - 2341883, Fax : 0471 - 2341869

*Technical Support :* **Kerala Infrastructure and Technology for Education (KITE)**
Poojappura, Thiruvananthapuram 695012, Kerala

**Cover:** N. T. Rajeev, GHSS, Thariode, Wayanad

**Layout:** Dileep R. S, Mahadevan C. and Sudheer A.
**Printed at** SCERT Press
CC - By - SA - 3.0 license
Department of Education, Government of Kerala



**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

**സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം–695 001**

**കേരള സർക്കാർ**

നം.424/പ്രസ്/സി.എം.ഒ/2020.

ജൂൺ 02, 2020.

## സന്ദേശം

കോവിഡ്-19 മഹാമാരിയെത്തുടർന്ന് നമ്മുടെ കുട്ടികൾക്ക് ചരിത്രത്തിലാദ്യമായി മധ്യവേനലവധിക്കാലത്തെ യാത്രകളും, കളികളും, സന്ദർശനങ്ങളുമെല്ലാം നഷ്ടമായിരിക്കുകയാണ്. എന്നാൽ ഈ ആതുര കാലത്തും വിദ്യാർത്ഥികൾ പുതുവഴികൾ സൃഷ്ടിച്ചു. കേരളമാതൃക ആരോഗ്യരംഗത്ത് മാത്രമല്ല പൊതു വിദ്യാഭ്യാസ രംഗത്തും ചരിത്രമാവുകയാണ്. കോവിഡ് കാലത്തോട് സർഗാത്മകമായി പ്രതികരിച്ച ഇളംമനസ്സുകളുടെ രചനകൾ സമാഹരിച്ച് എസ്.സി.ഇ.ആർ.ടി **'അക്ഷര വൃക്ഷം'** എന്ന പേരിൽ പ്രസിദ്ധീകരിച്ചുവരുന്നു. ഇതിന്റെ എട്ട്, ഒമ്പത്, പത്ത് ഭാഗങ്ങളാണ് ഇപ്പോൾ പുറത്തിറക്കുന്നത്.


കുട്ടികൾ ഈ മഹാവ്യാധിയെ എങ്ങനെ കാണുന്നു, ലോക്ഡൗൺ കാലത്തെ അനുഭവങ്ങളെ എങ്ങനെ വിലയിരുത്തുന്നു എന്നിവയുടെ സാക്ഷ്യപ്പെടുത്തലുകളാണ് ഇതിലെ രചനകൾ. അതിജീവനത്തിന്റെ അനുഭവ പാഠങ്ങൾ, രോഗത്തെക്കുറിച്ചുള്ള ശാസ്ത്രീയമായ ധാരണ, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യത്തിന്റെ പ്രസക്തി, സർക്കാരും പൊതുസമൂഹവും നടത്തുന്ന ഇടപെടലുകൾ, എല്ലാറ്റിനുമുപരി ഈ അടച്ചിടൽ കാലം കുടുംബാന്തരീക്ഷത്തിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ എന്നിവയെല്ലാം വിവിധതലങ്ങളിലൂടെ നിരീക്ഷിക്കാനും നേടിയ അനുഭവങ്ങളെ ആവിഷ്കരിക്കാനും കുട്ടികൾക്ക് കഴിയുന്നുണ്ട്. അവരുടെ ഭാഷാപ്രയോഗശേഷിയും അനുഭവങ്ങളെ വൈകാരികമായി ആഖ്യാനം ചെയ്യുന്ന രീതിയും അഭിനന്ദനമർഹിക്കുന്നു.

ഏതു ദുരന്തവും നിതാന്ത ജാഗ്രത കൊണ്ടും ശാസ്ത്രീയ വീക്ഷണം കൊണ്ടും കേരളീയർക്ക് അതിജീവിക്കാൻ കഴിയും എന്ന ആത്മവിശ്വാസമാണ് ഈ രചനകൾ മുന്നോട്ടുവെക്കുന്നത്. ഏതു പ്രതിസന്ധിയെയും തരണം ചെയ്യാൻ കരുത്തുറപ്പുള്ള കേരളത്തെ വാർത്തെടുക്കാൻ പ്രേരണ നൽകുന്നതാണ് ഈ സർഗാത്മക പ്രവർത്തനങ്ങൾ. രചനകൾ നടത്തിയ വിദ്യാർത്ഥികളെ ഹൃദയപൂർവം അഭിനന്ദിക്കുന്നു.

ഈ രചനകൾ സമയബന്ധിതമായി ശേഖരിക്കാനും പ്രസിദ്ധീകരിക്കാനും യത്നിച്ച പൊതുവിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാർ, അവരെ സഹായിച്ച വിദ്യാലയ അധികാരികൾ എന്നിവരെയും ഈ അവസരത്തിൽ അനുമോദിക്കുന്നു.

പിണറായി വിജയൻ

ടെലിഫോൺ : (0471) 2333812 & 2333682 ഫാക്സ് : (0471) 2333489 ഇ-മെയിൽ : chiefminister@kerala.gov.in
വെബ്സൈറ്റ് : www.keralacm.gov.in



Break the chain

കൈവിടാതിരിക്കാം...
കൈ കഴുകൂ...

# ആമുഖം

കൊറോണാക്കാലം വിതച്ച ഭയത്തിന്റെ വിത്തുകളെ അതിജീവനത്തിന്റെ അക്ഷരങ്ങൾ കൊണ്ട് നേരിട്ട കേരളത്തിലെ കുട്ടിക്കൂട്ടത്തിന്റെ വിജയഗാഥയാണ് **അക്ഷരവൃക്ഷം**. കോവിഡ് കാലത്തിന്റെ ഒറ്റപ്പെടലുകളെ സർഗാത്മകതയുടെ വാതായനങ്ങളിലേക്ക് കടത്തിവിടുവാൻ പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തിയ ശ്രമത്തിന്റെ വലിയ വിജയമാണ്, പൂക്കൾ നിറഞ്ഞ് സൗരഭ്യം പടർത്തുന്ന അക്ഷരവൃക്ഷത്തിന്റെ എട്ട്, ഒമ്പ ത്, പത്ത് ഭാഗങ്ങൾ.

അടച്ചിരിപ്പിലും ചുറ്റുപാടുകളെയും സമൂഹത്തെയും കൃത്യമായി വീക്ഷിക്കുവാനും ഉൾക്കാഴ്ച്ചകൾ നേടി, അതിനെ സർഗാത്മകമായി ആവിഷ്ക്കരിക്കുവാനുമുള്ള അവസരം പൊതുവിദ്യാഭ്യാസ വകുപ്പ് ഒരുക്കി. പൊതുവിദ്യാലയങ്ങളിലെ ഒന്നുമുതൽ പന്ത്രണ്ട് വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർഥികളെ ഉൾപ്പെടുത്തിയ ഈ സർഗാത്മക പദ്ധതിയിൽ കഥയും കവിതയും ലേഖനവും രചിച്ചു കൊണ്ടാണ് അവർ പങ്കാളികളായത്. പ്രതിസന്ധികളെ സ്വയം പ്രതിരോധിച്ച്, അപചയങ്ങൾക്കെതിരെ ആന്തരിക പ്രതിരോധശേഷി വളർത്തുവാൻ വിദ്യാർഥികളെ പ്രാപ്തരാക്കാൻ ഇതി ലൂടെ സാധിക്കും.

അന്ത്യന്തം ജാഗ്രതയോടെ പ്രതിസന്ധികളെ അഭിമുഖീകരിക്കുമ്പോഴും ശുഭാപ്തി വിശ്വാസത്തോടെ, ഒരു പ്രശ്നത്തെ സർഗാത്മകമായി നേരിടുവാനുള്ള കുട്ടികളുടെ ശേഷി ഈ രചനകളിലൂടെ സാധിക്കുന്നു. പൊതുവിദ്യാഭ്യാസ മേഖലയുടെ ഉയർന്ന നിലവാരത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ദുരന്തങ്ങൾക്കും പകർച്ചവ്യാധികൾക്കും തകർത്തു കളയാൻ സാധിക്കാത്ത ഒരു തലമുറയുടെ സർഗാത്മക കരുത്തിന്റെ നേർസാക്ഷ്യമാവട്ടെ ഈ അക്ഷരവൃക്ഷം.

ആശംസകളോടെ,

**പ്രൊഫ.സി. രവീന്ദ്രനാഥ്**
പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി

**എ. ഷാജഹാൻ ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ സെക്രട്ടറി

**ജീവൻബാബു.കെ. ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ ഡയറക്ടർ

**ഡോ.ജെ.പ്രസാദ്**
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.

**കെ.അൻവർസാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്

**ഡോ.എ.പി. കുട്ടിക്കൃഷ്ണൻ**
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.കെ

# കൂട്ടുകാരി

കിളികൾ കൂടുതേടി യാത്രയാകുന്നു. സൂര്യൻ പടിഞ്ഞാറൊളിച്ചു. ആ മനോഹരമായ കാഴ്ച ഞാൻ നന്നായി ആസ്വദിച്ചുകൊണ്ടിരുന്നു. ഇരുട്ടുവന്നത് ഞാൻ അറിഞ്ഞതേയില്ല. എങ്ങും നിശ്ചലം. അതിനിടയിലും എന്റെ മുയൽ കുഞ്ഞുങ്ങളും തത്തമ്മയും ശബ്ദമുണ്ടാക്കിക്കൊണ്ടേയിരുന്നു.

ഇന്നും രാവിലെ ആ കാക്ക എന്നെ തേടിയെത്തിയിരുന്നു. മുയലിനും തത്തയ്ക്കും നൽകിയതിന്റെ അവശിഷ്ടത്തിനായി കാത്തിരിക്കും. മുറ്റം മുഴുവൻ ശുചിയാക്കും. ഇപ്പോൾ ആ കാക്ക ഞാനുമായി ഏറെ അടുപ്പത്തിലാണ്. ഞാൻ ചിലപ്പോൾ കുശലം ചോദിക്കും. എല്ലാത്തിനും ഒരു മൗനഭാവത്തിൽ മറുപടി നൽകും. അടുത്തേക്ക് ചെല്ലുമ്പോൾ ഭയത്തോടെ നടന്നുനീങ്ങും. ഞാൻ ചിലപ്പോഴൊക്കെ ഇങ്ങനെ ചിന്തിക്കാറുണ്ട് . മനുഷ്യരേക്കാൾ എത്ര വ്യത്യസ്തമായാണ് പക്ഷികൾ ചിന്തിക്കുന്നത്. അവരുടെ അടുപ്പവും സ്നേഹവും ഒന്നും തിരികെ പ്രതീക്ഷിച്ചല്ല. ഞാനും ആ കാക്കയും തമ്മിൽ ഇന്ന് ഹൃദയംകൊണ്ട് ഏറെ അടുത്തിരിക്കുന്നു.

അന്ന് സന്ധ്യയായിട്ടും അതിനെ കാണാത്തതിനാൽ എനിക്ക് ചെറിയ പരിഭവം തോന്നി "വരും അല്ലേ അമ്മേ..." അമ്മ അത്രത്തോളം കാര്യമാക്കിയില്ല. എന്റെ ഹൃദയം പിടഞ്ഞു. എന്റെ പ്രിയപ്പെട്ട കൂട്ടുകാരി. മനസ്സും ശരീരവും തളർന്നപോലെ.

**ബ്രിന്ദ എസ് ബി**
1 ബി, എം.കെ.എം.എൽ.പി.എസ്.പോങ്ങിൽ
ബാലരാമപുരം ഉപജില്ല, തിരുവനന്തപുരം



# ഒരുമ

“അച്ഛാ... അച്ഛാ... ഒരു ജാഥ വരുന്നത് കണ്ടോ?” പാടവരമ്പിലൂടെ വരുന്നവരെ നോക്കി നന്ദന ഗോവിന്ദേട്ടനോട് പറഞ്ഞു. “എല്ലാവരും കൂടിയെങ്ങട്ടാ?” ഗോവിന്ദേട്ടൻ ചോദിച്ചു. “ഞങ്ങൾ പഞ്ചായത്ത് കുളം വൃത്തിയാക്കാൻ പോകുകയാ, കൂടുന്നോ?” ബഷീറിക്ക ചോദിച്ചു. ബഷീറിക്ക നന്ദനയുടെ കൂട്ടുകാരി നുസ്രത്തിന്റെ ഉപ്പയാണ്. “എന്നാൽ ഞാനും കൂടാം. നമ്മൾ പണ്ട് കുഴിച്ച കുളമല്ലേ.” ഗോവിന്ദേട്ടൻ പറഞ്ഞു. “ആ കുളം വൃത്തിയാക്കിയാൽ ഈ അവധിക്കാലത്ത് കുട്ടികൾക്ക് നീന്തൽ പഠിക്കാം. മാത്രമല്ല ജലക്ഷാമവും പരിഹരിക്കാം.” രാജു പറഞ്ഞതിനോട് എല്ലാവരും യോജിച്ചു. അവർ എല്ലാവരും ഒരുമയോടെ ശുചീകരണത്തിൽ പങ്കെടുത്തു.

**അൽഫിന എ എസ്.**
2 ബി
ഗവ. എൽ. പി. സ്കൂൾ കൊല്ലായിൽ
പാലോട് ഉപജില്ല, തിരുവനന്തപുരം

# പഴമയുടെ പ്രതിരോധം

അങ്ങാടിയിൽ പോയി വന്ന അച്ഛൻ ഉമ്മറത്തിരുന്ന കിണ്ടിയിലെ വെള്ളമെടുത്ത് കാൽകഴുകി അകത്തേയ്ക്കു കയറി. ചാരുകസേരയിൽ ചാരിക്കിടക്കുന്ന മുത്തച്ഛനോട് പറഞ്ഞു കുരുമുളകിന് 100 രൂപ കൂടി. പക്ഷേ മഞ്ഞളിനും ഇഞ്ചിക്കും വില തീരെയില്ല. മുറ്റമടിച്ചു ചാണകവെള്ളം തളിക്കുകയായിരുന്ന ഉമ്മറത്ത് അച്ഛന്റെ ശബ്ദം കേട്ടത്. അകത്തുപോയി ഒരു കപ്പു മോരുമായി അമ്മ എത്തി. മോരു വാങ്ങി കുടിക്കുന്നതിനിടെ അമ്മ ചോദിച്ചു. പുഴുക്കെടുക്കട്ടെ... വേണ്ട. മേലാസകലം പൊടിയും അഴുക്കുമാണ്. ഞാൻ കുളിച്ചുവരാം. ജോലിക്കായി നാണിയമ്മ വന്നു. കുഞ്ഞേ.. പുഴുക്കലെടുത്ത് വയ്ക്ക്. വെയിലത്തിടാം. നാണിയമ്മയും അമ്മയും കൂടി രാവിലെത്തന്നെ ജോലിതുടങ്ങി. മുറ്റം നിറയെ നെല്ല്, പുഴുക്കൽ, കുരുമുളക്, മഞ്ഞൾ, മരച്ചീനി, മാങ്ങ എന്നിവ ഉണക്കാനിട്ടിരിക്കുന്നു. രാവിലത്തെ ജോലി കഴിഞ്ഞ് പഴങ്കഞ്ഞിയും കുടിച്ചിട്ട് നാണിയമ്മ പശുവിനെ കുളിപ്പിക്കാനും മേയ്ക്കാനുമായിപോയി. കോഴികൾക്ക് തീറ്റകൊടുത്തിട്ട് അമ്മയും അകത്തേയ്ക്കു വന്നു. ഉച്ചയൂണിനുള്ള പണികൾ ആരംഭിച്ചു.

കുളി കഴിഞ്ഞ് അച്ഛൻ വന്നു. ടി.വി. ഓൺ ചെയ്തു. വാർത്തയിൽ മുഴുവൻ കൊറോണയെക്കുറിച്ചാണ്. മരണസംഖ്യ ഉയർന്നുവരുന്നു. മുത്തച്ഛനോടു ചോദിച്ചു. മുത്തച്ഛാ... രോഗങ്ങൾ വരാതിരിക്കാൻ എന്തൊക്കെ ചെയ്യാൻ കഴിയും. മുത്തച്ഛൻ അവളോടു പറഞ്ഞു തുടങ്ങി. വ്യക്തിശുചിത്വം പാലിക്കണം, വീടും പരിസരവും വൃത്തിയായി സൂക്ഷിക്കണം, വൃത്തിയുള്ള വസ്ത്രം ധരിക്കണം, ആഴ്ചയിൽ ഒരു ദിവസം ഡ്രൈഡേ ആചരിക്കണം, വെള്ളം ധാരാളം കുടിക്കണം, രണ്ട് മുതൽ നാല് ലിറ്റർ വരെ, പച്ചക്കറികളും പഴവർഗങ്ങളും അടങ്ങിയ ആഹാരം പതിവാക്കണം, ഇലക്കറികൾ ദിവസവും കഴിക്കണം, കഴിക്കുന്ന ആഹാരത്തിൽ വിറ്റാമിനുകൾ ഉണ്ടെന്നുറപ്പുവരുത്തണം, ദിവസവും വ്യായാമം ചെയ്യണം, മാനസികപിരിമുറുക്കം ഒഴിവാക്കണം, ദിവസവും ആറു മുതൽ എട്ടു മണിക്കൂർ ഉറങ്ങണം, പൊക്കത്തിനനുസരിച്ചുള്ള ശരീരഭാരം നിലനിർത്തണം, ജങ്ക്ഫുഡ് ഒഴിവാക്കണം, കഴിവതും പച്ചക്കറികളും കിഴങ്ങുവിളകളും സ്വന്തമായി കൃഷി ചെയ്തെടുക്കുവാൻ കഴിയണം. ഇനിയുമുണ്ട് ധാരാളം കാര്യങ്ങൾ. മുത്തച്ഛനറിയാവുന്നത് പറഞ്ഞുതന്നു. മുത്തച്ഛന്റെ കാലത്തെ രീതികൾ നിന്റെ അച്ഛനും തുടർന്നുവരുന്നു. മോളു വളർന്നുവന്നാലും വീട്ടിലാവശ്യമായ ആഹാരസാധനങ്ങൾ കൃഷി ചെയ്തെടുക്കുവാൻ നോക്കണം, കേട്ടോ... പോഷകക്കുറവ് രോഗം പടരാനുള്ള വിളനിലമാകും.

മുത്തച്ഛൻ പറഞ്ഞു തന്ന വലിയ കാര്യങ്ങൾ കേട്ട് എനിക്ക് അത്ഭുതം തോന്നി. എന്തായാലും ഞാൻ ഒരു കാര്യം പറഞ്ഞോട്ടേ. നമ്മൾ നന്നായാൽ ഈ നാടു നന്നാവും, ഞാൻ നന്നാവും, നിങ്ങളോ. നമുക്കൊരുമിച്ച് നിന്ന് രോഗത്തെ അകറ്റി നിർത്താം.

**ശിവപാർവ്വതി എ**
3 ബി, ഗവ. എൽ.പി.എസ്. പച്ച
പാലോട് ഉപജില്ല, തിരുവനന്തപുരം



# ഞ്യാവു..

ഉറക്കത്തിന്റെ ആലസ്യത്തിലാണ് ഞാനത് കേട്ടത്... "ഞ്യാവു" "ഞ്യാവു." കണ്ണ് വലിച്ചുതുറന്ന മെല്ലെ നോക്കി. നേരം പുലരുന്നതേയുള്ളൂ. പുതപ്പിന്റെ തുമ്പ് വലിച്ച് മുഖത്തേക്കിട്ടു. അല്പനേരംകൂടി കിടക്കുകതന്നെ. അല്ലപിന്നെ. വീണ്ടും മയക്കത്തിലേക്ക്. ഉറക്കത്തിലേക്ക് വീഴാറായതും വീണ്ടും "ഞ്യാവു" "ഞ്യാവു." മനസ്സ് ആ ശബ്ദത്തിന്റെ ഉറവിടം അന്വേഷിച്ച് തുടങ്ങി.? അച്ഛൻ എപ്പോഴാണ് ഫോണിന്റെ റിങ്ടോൺ മാറ്റിയത്? ഇതിപ്പം പൂച്ചയുടെ കരച്ചിൽ? വീണ്ടും ഒന്നൂടെ ശ്രദ്ധിച്ചുനോക്കി! അതേ "ഞ്യാവു" "ഞ്യാവു." ഇനി ചിന്നുവെങ്ങാനും? അവൾ കുഞ്ഞിനെ അകത്താക്കി നടക്കുകയാണെന്നും അതാണ് അവൾ അടുത്ത് കൂടുന്നതെന്നും പ്രസവിച്ചാൽ രണ്ടിനെയും കൊണ്ടുപോയി കളഞ്ഞേക്കണമെന്നും അമ്മ കോപത്തോടെ പറയാൻ തുടങ്ങിയിട്ട് കുറച്ചായി. അതോ ഇനി വല്ല കിളികളും? വീണ്ടും "ഞ്യാവു" "ഞ്യാവു." മനസ്സിനെ സ്വതന്ത്രമാക്കി രണ്ടും കൽപ്പിച്ച് പുതപ്പ് വലിച്ചെറിഞ്ഞ് അച്ഛന്റെ ഫോൺ തപ്പിയിറങ്ങി. അമ്മേ... അച്ഛന്റെ ഫോൺ എവിടെ? ആര് കേൾക്കാൻ. അനക്കമില്ല. ആഹാ... അമ്മ യൂ ട്യൂബിൽ തമാശകണ്ട് ചിരിച്ച് മറിയുന്നു. അതും രാവിലെ, കഷ്ടം. റിങ്ടോൺ പരിശോധിക്കാൻ തീരുമാനമായി. അല്ല... റിങ്ടോൺ പഴയത് തന്നെ. പിന്നെ എവിടന്നാണ് "ഞ്യാവു" "ഞ്യാവു." ഉറപ്പിച്ചു. ചിന്നു പണിപറ്റിച്ചു. അമ്മേ ചിന്നു എവിടെ? ആ... മനസ്സ് വീണ്ടും ചിന്തകൾകൊണ്ട് നിറഞ്ഞു. ഇനി കുഞ്ഞുണ്ടായിട്ടുണ്ടെങ്കിൽ ആരെങ്കിലും കൊണ്ട് പോയി കളയുമോ? "അമ്മ കൊല്ലുമോ? പാവം!" വീണ്ടും "ഞ്യാവു" "ഞ്യാവു." ആഹാ... കട്ടിലിനടിയിൽ എന്റെ ഉടുപ്പിൽ പൊതിഞ്ഞ് രണ്ട് കുഞ്ഞിക്കണ്ണുകൾ. തുടുതുടുത്ത രണ്ട് കുന്നിമണികൾ. എന്നെ കണ്ടതും, "ഞ്യാവു" "ഞ്യാവു." "നാശം... കൊണ്ടുപോയി കളഞ്ഞേക്കണം രണ്ടിനേം." അമ്മ അലറി.

**ഗൗരി നന്ദന എ**
8 എച്ച്, ഗവ. ഗേൾസ്.എച്ച്.എസ്.എസ് ചേർത്തല
ചേർത്തല ഉപജില്ല, ആലപ്പുഴ



# പ്രകൃതിക്കൊരു വാഗ്ദാനം

നെല്ലിമരത്തിന്റെ കൊമ്പുകളും വേരുകളും കുട്ടനെ വരിഞ്ഞുമുറുക്കി. അവനൊന്ന് അനങ്ങാനോ, ശ്വാസം വിടാനോ കഴിയുന്നില്ല. ശ്വാസംമുട്ടി അവൻ ചുമയ്ക്കാൻ തുടങ്ങി. "അയ്യോ... അമ്മേ അച്ഛാ ഓടിവരണേ. ചേട്ടനെ കൊറോണപിടിച്ചേ". മക്കളുടെ കരച്ചിൽ കേട്ട് അച്ഛനും അമ്മയും അപ്പുറത്തെ മുറിയിൽനിന്നും ഓടിയെത്തി. "എന്തുപറ്റി മക്കളേ?" "ഒന്നുമില്ലമ്മേ ഞാനൊരു ദുഃസ്വപ്നം കണ്ടതാ." അവർക്ക് ആശ്വാസമായി. "പേടിക്കേണ്ട കുട്ടാ. നാമം ചൊല്ലികിടന്നോളൂ" അച്ഛൻ കുട്ടനോട് പറഞ്ഞു. ഉറങ്ങാനായി കണ്ണടച്ച് കിടന്ന കുട്ടന് ഉറക്കം വന്നില്ല. നെല്ലിമരമാണ് മുന്നിൽ തെളിയുന്നത്. നെല്ലിമരത്തിന്റെ തേങ്ങൽ തന്റെ കാതുകളിൽ മുഴങ്ങുന്നതായി അവന് തോന്നി. ആ നെല്ലിമരം അച്ഛന്റെ ഒന്നാം പിറന്നാളിന് നട്ടതാണെന്ന് മുത്തശ്ശി പറയുന്നത് അവൻ കേട്ടിട്ടുണ്ട്. നിറയെ കായ്കളും, കിളികളും, അണ്ണാറക്കണ്ണൻമാരും, അതിനിടയിൽ ആടിക്കളിക്കുന്ന തന്റെ ഊഞ്ഞാലും... കുട്ടന് സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. രാവിലെ നേരത്തെ ഉണർന്ന് കുട്ടൻ തന്റെ ജോലികളെല്ലാം തീർത്തു. എന്നിട്ട് അവനേറ്റവും ഇഷ്ടപ്പെട്ട കുളക്കരയിൽ ചെന്നിരുന്നു. "എന്താ കുട്ടാ ഒരു വിഷമം?" ആൽമുത്തശ്ശി ചോദിച്ചു. അവൻ നടന്നകാര്യങ്ങളെല്ലാം ആൽമുത്തശ്ശിയോട് പറഞ്ഞു. ഇന്നലെ മരംവെട്ടുകാരൻ ദാമുച്ചേട്ടൻ വന്ന് വീട്ടുമുറ്റത്തെ നെല്ലിമരം വെട്ടിക്കളഞ്ഞു. ഞാനും അനിയനും അച്ഛനോട് കരഞ്ഞു പറഞ്ഞതാ വെട്ടണ്ടാന്ന്. "പൊന്നു കായ്ക്കുന്ന മരമായാലും പുരയ്ക്കു ചാഞ്ഞാൽ വെട്ടണം"ന്നാ അച്ഛൻ പറഞ്ഞത്. നിങ്ങൾ ബുദ്ധിശാലികളായ മനുഷ്യർ ഇങ്ങനെയായാൽ വല്ലാത്ത കഷ്ടാട്ടോ കുട്ടാ. കഴിഞ്ഞ ആഴ്ചയല്ലേ നീയും നിന്റെ ടീച്ചറും കൂട്ടുകാരുമെല്ലാം എന്നെയും, കുളത്തെയും കണ്ടുപഠിക്കാൻ വേണ്ടിവന്നത്. ആവാസവ്യവസ്ഥ, ജൈവഘടകം, അജൈവഘടകം... അങ്ങനെ എന്തൊക്കെയോ നിങ്ങൾ പറഞ്ഞിരുന്നല്ലോ. അന്ന് നിങ്ങളുടെ പരിസരപഠനക്ലാസ്സ് എന്റെ ചുവട്ടിലായിരുന്നില്ലേ. നിന്റെ ടീച്ചറുടെ അന്നത്തെ ക്ലാസ്സ് കേട്ടാൽ ഒരു തൈപോലും പറിക്കാൻ ആർക്കും തോന്നില്ല. ഈ ഭൂമിയിൽ നിങ്ങൾക്ക് ജീവിക്കാൻ ഞങ്ങൾ വേണം. അതൊന്നും ഓർമ്മയില്ലാതെയല്ലേ ഓരോ മനുഷ്യന്റെയും പ്രവൃത്തികൾ. മനോഹരമായ ഈ പ്രകൃതിയിൽ ഇന്ന് മലിനമാവാത്തതെന്താണ്? മണ്ണ്, ജലം, എന്തിനേറെ പറയുന്നു നമ്മുടെ ജീവവായു പോലും മലിനം.

പ്രളയത്തിന്റെയും, കൊടുങ്കാറ്റുകളുടെയും, ഉരുൾപൊട്ടലിന്റെയും രൂപത്തിൽ പ്രകൃതിയുടെ വിങ്ങിപ്പൊട്ടൽ നമ്മൾ അനുഭവിച്ചതല്ലേ. എന്നിട്ടും പഠിച്ചില്ല. ഇപ്പോൾ ഒരു വൈറസ് കാരണം നിങ്ങൾക്ക് പുറത്തിറങ്ങാൻ വയ്യാതായി. പ്രകൃതിയെ ദുഷിപ്പിക്കാതെയും നിങ്ങൾക്ക് ജീവിക്കാനാകുമെന്ന് നിങ്ങൾ തെളിയിച്ചിരിക്കുന്നു. കുട്ടാ... ഇനിയെങ്കിലും കുട്ടികളായ നിങ്ങൾ സംഘടിച്ചു ശക്തരാകൂ. നമ്മുടെ പ്രകൃതിക്കായി പോരാടൂ. സ്കൂൾ തുറക്കട്ടെ പരിസ്ഥിതിക്ലബ്ബിന്റെ കീഴിൽ കൂട്ടുകാരും, ടീച്ചർമാരുമൊത്ത് സ്കൂളിൽ ഒരുപാട് പ്രവർത്തനങ്ങൾ നടപ്പിലാക്കണം. തൈകൾ നടൽ, പൂന്തോട്ടനിർമാണം... അങ്ങനെ പലതും. സ്കൂളിൽമാത്രം പോരാ വീട്ടിലും വളർത്തണം തൈകളും, പച്ചക്കറികളും. ഞങ്ങളെല്ലാവരും ഒത്തുകൂടി പ്രകൃതിക്ക് നഷ്ടപ്പെട്ട പച്ചപ്പും, മനോഹാരിതയും തിരിച്ചു കൊടുക്കും. ഇത് പ്രകൃതിക്ക് ഞാൻ കൊടുക്കുന്ന വാക്കാണ്. അത് ഞാൻ പാലിക്കും. ആൽമുത്തശ്ശിയോട് യാത്ര പറഞ്ഞ് മടങ്ങും വഴി റോഡരികിൽ അവനൊരു നെല്ലിത്തൈ കണ്ടു. അതാകെ വാടിത്തളർന്നിരിക്കുന്നു, ആരൊക്കെയോ അതിനെ ചവിട്ടി മെതിച്ചിട്ടുണ്ട്. വേര് പൊട്ടാതെ അവൻ ആ നെല്ലിത്തൈ പറിച്ചെടുത്തു. വീട്ടുമുറ്റത്തുനിന്നും മുറിച്ചു മാറ്റിയ നെല്ലിമരത്തിന്റെ അതേ സ്ഥാനത്തു നട്ടു.

**സിദ്ധാർത്ഥ്. വി**
4 എ, എ.എം.എൽ..പി.എസ്. തൂമ്പോത്ത്പറമ്പ
വേങ്ങര ഉപജില്ല, മലപ്പുറം

# പൂമ്പാറ്റയും മോളൂട്ടിയും

പുള്ളിച്ചിറകിൽ പൂമ്പാറ്റകൾ പൂന്തോട്ടത്തിൽ പാറിപ്പാറി നടക്കുന്നത് കണ്ടിരിക്കാൻ അവൾക്ക് വലിയ ഇഷ്ടമായിരുന്നു. പൂമ്പാറ്റകൾ അങ്ങോട്ടും ഇങ്ങോട്ടും പാറിനടക്കുന്നത് കാണാൻ അവൾക്ക് വലിയ പേടിയുമാണ്. പൂമ്പാറ്റകൾക്ക് കാലിലും കയ്യിലും ചിറകിലും വല്ലതും പറ്റുമോ... മുള്ളുരസുമോ?

“അമ്മേ, ഇന്നെന്തേ പൂമ്പാറ്റകളെ കണ്ടില്ല.” ഒരു നേരം കാണാതായാൽ മോളൂട്ടിക്ക് വലിയ സങ്കടമാ.

“മോളൂ, അവർ ഓരോ ദിക്കിലേക്കും പാറിനടക്കും... തേൻ തേടി.”

അവൾ സങ്കടത്തോടെ മുറ്റത്തേക്ക് നോക്കിയിരുന്നു. പെട്ടന്നവൾ ചാടിയെണീറ്റു.

“അമ്മേ, ഇതാ വരുന്നു പൂമ്പാറ്റകൾ.” “ആണോ മോളേ നിനക്ക് സന്തോഷമായില്ലേ... ഇനി അവരുടെ കൂടെ കളിച്ചോ. ദൂരെയെങ്ങും പോകരുതേ മോളെ.”

നിറയെ പൂമ്പാറ്റക്കൂട്ടങ്ങൾ മുറ്റത്തെ തെച്ചിയോടും തുമ്പയോടും റോസാപ്പൂവിനോടും പുഞ്ചിരിച്ച് ചുടുചുംബനങ്ങളും കൊടുത്ത് മതിവരുവോളം തേൻ നുകർന്നും പാട്ടുപാടിയും നൃത്തം ചെയ്തും വരുന്നത് കണ്ട് വലിയ സന്തോഷത്തോടെയും സമാധാനത്തോടെയും മോളൂട്ടീ തുള്ളിച്ചാടി. മോളൂട്ടിക്ക് ഇതാണ് ദിവസവും ഉള്ള സന്തോഷം.

**ഫാത്തിമ ദിൽന .ടി .കെ**
4 സി, എ.എം.എൽ.പി. സ്കൂൾ, ഒളമതിൽ
കിഴിശ്ശേരി ഉപജില്ല, മലപ്പുറം



# സ്വപ്നത്തിലെ കഥ

രാവിലെ വല്ലാത്ത തണുപ്പുതന്നെ.

മനു പുതപ്പ് വലിച്ച് തലയിലൂടെ മൂടി.

“എടാ മനു... എണീക്ക്... മണി എട്ടായി.” അമ്മ വിളിച്ചു.

“എനിക്കു വയ്യമ്മേ. ഞാൻ കുറച്ചുകൂടി കിടന്നോട്ടെ.” അമ്മ പോയി.

മനു വീണ്ടും മയക്കത്തിലേക്ക് വഴുതിവീണു.

കണ്ണ് തുറക്കുമ്പോൾ അവൻ ആശുപത്രിയിലായിരുന്നു. ട്രിപ്പ് ഇട്ടിട്ടുണ്ട്.

അനങ്ങാൻ വയ്യ ശരീരമാസകലം വേദന.

അമ്മയെ വിളിക്കണമെന്നുണ്ട്. പക്ഷെ ഒച്ച പുറത്തേക്കുവരുന്നില്ല.

തൊണ്ട വല്ലാതെ വേദനിക്കുന്നു. കൊറോണ വല്ലതുമായിരിക്കുമോ?

ദൈവമേ... ലക്ഷക്കണക്കിന് ആളുകൾ കൊറോണ ബാധിച്ചു മരിച്ചുകൊണ്ടിരിക്കുന്നു. താനും അക്കൂട്ടത്തിൽ?

അവന്റെ മനസ്സ് തളർന്നു. കണ്ണുകൾ നിറഞ്ഞൊഴുകി. ആരെങ്കിലും ഒന്നു വന്നെങ്കിൽ! ആരോ തന്റെ തലയിൽ തലോടുന്നു.

നഴ്സായിരിക്കും. കണ്ണ് തുറന്നു.

“എന്തിനാ എന്റെ മോൻ കരയണെ?” അമ്മയുടെ ശബ്ദം.

“ങേ! ഇത് വീടാണല്ലോ.”

“എന്റെ അസുഖമെല്ലാം ഭേദമായോ അമ്മേ.”

“അസുഖമോ എന്തസുഖം? എന്റെ മോൻ സ്വപ്നം കണ്ടോ?” അമ്മ ചിരിച്ചു.

അമ്മ അവന്റെ അരികിൽ വന്നിരുന്ന് കണ്ണീരൊക്കെ തുടച്ചു. അതെ അതൊരു സ്വപ്നമായിരുന്നു.

മനസ്സ് മന്ത്രിച്ചു. അവനും അമ്മയെ നോക്കി മന്ദഹസിച്ചു.

**ബിജോയ്.ജെ.ബി.**
9 ബി, എൻ.എസ്സ്.എസ്സ്. ഹൈസ്കൂൾ ചൊവ്വള്ളൂർ
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം



# കൊറോണയെത്തോൽപ്പിച്ച മഞ്ചാടിക്കാട്

അങ്ങ് ദൂരെ സുന്ദരമായ ഒരു കാടുണ്ടായിരുന്നു. പേര് മഞ്ചാടിക്കാട്. എന്തെല്ലാം കാഴ്ചകളാണെന്നോ അവിടെ. ദൂരെ മലയിൽനിന്നും ഒലിച്ചിറങ്ങുന്ന വെള്ളച്ചാട്ടവും മെല്ലെ ഒഴുകുന്ന പുഴയും വള്ളിപ്പടർപ്പുകളും കാട്ടുചോലയും പൂക്കളും പൂമ്പാറ്റയും മഞ്ചാടിക്കാടിനെ സുന്ദരമാക്കി. മഞ്ചാടിക്കാട്ടിലെ എല്ലാ താമസക്കാരും സൗഹൃദത്തോടെ ജീവിച്ചു. അങ്ങനെയിരിക്കെ അപ്പുറത്തെ കാട്ടിൽ നിന്നും ചിഞ്ചു അണ്ണാനും കൂട്ടരും മഞ്ചാടിക്കാട് കാണാനെത്തി. അന്ന് സിംഹരാജന്റെ പിറന്നാളായിരുന്നു. അതുകൊണ്ട് മൃഗങ്ങളെല്ലാം സമ്മാനവും കൊണ്ട് ഒരിടത്ത് ഒത്തുകൂടി ആഘോഷിക്കുകയായിരുന്നു. ചിഞ്ചുവും കൂട്ടരും അതിൽ പങ്കെടുത്തു. ഭക്ഷണം കഴിച്ച് സിംഹരാജന് പിറന്നാളാശംസകൾ നേർന്നുകൊണ്ട് അവർ മടങ്ങി. അവർക്ക് ഭക്ഷണം വിളമ്പിക്കൊടുത്ത കിങ്ങിണിത്താറാവിന് നന്ദി പറയാൻ അവർ മറന്നില്ല. കുറച്ച് ദിവസം കഴിഞ്ഞപ്പോൾ കിങ്ങിണിക്ക് ചെറിയ പനി. മുയലച്ചൻ വൈദ്യരെ കാണിച്ചു. കിങ്ങിണിയെ ചികിത്സിച്ച വൈദ്യർ പറഞ്ഞു. സിംഹരാജന്റെ പിറന്നാളിന് അടുത്ത കാട്ടിൽനിന്നും ചിഞ്ചു അണ്ണാനും കൂട്ടരും വന്നില്ലെ, അവരിൽ നിന്നാണ് കൊറോണ വൈറസ് എന്ന ഈ അസുഖം വന്നത്. ഇതിനെന്താണൊരു പോംവഴി? സിംഹരാജൻ ചോദിച്ചു. വൈദ്യർ പറഞ്ഞു ആരും പുറത്തിറങ്ങരുത്. കൂട്ടം കൂടി നിൽക്കരുത്. എല്ലാ മൃഗങ്ങളും അങ്ങനെതന്നെ ചെയ്തു. അങ്ങനെ മഞ്ചാടിക്കാട് കൊറോണയിൽനിന്ന് രക്ഷപ്പെട്ടു.

**നിരഞ്ജന സുനിൽ**
3 എ, അണിയാരം സൗത്ത് എൽ.പി. സ്കൂൾ
ചൊക്ലി ഉപജില്ല, കണ്ണൂർ



# കൊറോണക്കാലത്തെ കാഴ്ചകൾ

"അമ്മേ ഇനിയെന്നാ സ്കൂൾ തുറക്കുക?" സാൻവിയുടെ ചോദ്യം കേട്ട് മുറ്റമടിച്ചുകൊണ്ടിരുന്ന അമ്മ തലയുയർത്തി. "എന്തിനാപ്പോ? നാട്ടിൽ മൊത്തം പ്രശ്നാ. ആ നശിച്ച കൊറോണകാരണം ആർക്കും പുറത്തിറങ്ങി നടക്കാൻ പറ്റണില്ല്യ. പണിക്ക് പോകാൻ പറ്റണില്ല്യ. കൈയിലാണേൽ പൈസേമില്ല. സാധനം വാങ്ങാൻപോലും പറ്റുന്നില്ല. അതിനെടേല ഓളുടെ ഒരു ചോദ്യം." അമ്മയുടെ സങ്കടം വാക്കുകളിലൂടെ പുറത്തേക്കൊഴുകി.

സാൻവിക്ക് സങ്കടം വന്നു. "അതല്ലാ അമ്മേ ആരെയും കാണാൻ പറ്റുന്നില്ല. ഒരുമിച്ച് കളിക്കാനും ഭക്ഷണം കഴിക്കാനും ഒന്നും പറ്റുന്നില്ല.അതെല്ലാം നല്ല രസായിരുന്നു. പരീക്ഷേം ഇല്ല, സ്കൂൾ വാർഷികോം ഇല്ല, അവധിക്കാലം ആസ്വദിക്കാനും പറ്റുന്നില്ല. അച്ഛന് നാട്ടിൽ വരാനും പറ്റുന്നില്ല. ഓർക്കുമ്പോൾ സങ്കടാവുന്നമ്മേ. സ്കൂൾ ഉണ്ടെങ്കിൽ സമയം പോകുമായിരുന്നു. ഇതെല്ലാം എപ്പൊഴാമ്മെ മാറ്വാ. ഇനി അഞ്ചാംക്ലാസിൽ പുതിയ സ്കൂളിൽ ചേരേണ്ടേ? ടിസി വാങ്ങണ്ടേ? അതൊക്കെ എപ്പൊഴാ ഇനി?"

"മോളേ നീ സ്കൂളിൽനിന്ന് ഒരുപാട് കാര്യങ്ങൾ പഠിച്ചില്ലേ? അതൊക്കെ പ്രവൃത്തിയിൽ കൊണ്ടുവരാനുള്ള ഒരവസരമാ ഇത്.

നീ ആ പച്ചക്കറിക്ക് കുറച്ച് വെള്ളമൊഴിച്ചേ. മുളക് കായ്ച്ചുനിൽക്കുന്നതു കണ്ടില്ലേ. അത് വാടി പോവേണ്ട. നമുക്ക് അത്യാവശ്യം വേണ്ടത് നമ്മുടെ പറമ്പിൽതന്നെ നട്ടുവളർത്തണം."

"അമ്മേ അതാ ചക്കയിൽ കാക്ക വന്നിരിക്കുന്നു. കൊത്താൻ തുടങ്ങ്വാ. കാക്കയെ എന്തിനാമ്മേ ഓടിച്ചേ... അതും ഭൂമിയുടെ അവകാശിയല്ലേ. അതിനു വിശന്നിട്ടാകും ചക്ക കൊത്താൻ വന്നേ, മിലൻ പറഞ്ഞു. മോനേ അതൊക്കോ ശരിയാ. പക്ഷെ ഇപ്പോൾ പക്ഷികൾ കൊത്തിയതൊന്നും കഴിക്കാൻ പറ്റില്ല. പണ്ട് ആർക്കും ചക്ക വേണ്ടായിരുന്നു. ഇപ്പോ എല്ലാർക്കും വേണം. ഒരുപാട് പോഷകഗുണ ങ്ങളുണ്ടിതിന്. ചക്കകൊണ്ട് ഒരു പാട് വിഭവങ്ങൾ ഉണ്ടാക്കാം. നിങ്ങൾ പാഠഭാഗത്ത് പഠിച്ചിട്ടില്ലേ? ഇതൊക്കെ ഓരോ തിരിച്ചടികളാ. നാം പ്രകൃതിയെ വേണ്ടവിധം സംരക്ഷിച്ചില്ല. വായു, മണ്ണ്, ജലം ഇവയൊക്കെ നാം മലിനമാക്കി. മാലിന്യക്കൂമ്പാരങ്ങൾ തന്നെ സൃഷ്ടിച്ചു. ഡെങ്കിപ്പനി, എലിപ്പനി ഇതൊക്കെയല്ലേ നമ്മുടെ പ്രവൃത്തികാരണം സൃഷ്ടിക്കപ്പെട്ടത്. ഇപ്പോഴിതാ കോവിഡ് 19 എന്ന ഒരു മഹാദുരന്തവും. ഇതിൽ നിന്നൊക്കെ രക്ഷനേടണമെങ്കിൽ നമ്മളും നമ്മുടെ പരിസരവും എന്നും എപ്പോഴും ശുചിത്വമുള്ളതായിരിക്കണം."

**സാൻവി മഹേഷ്**
4 എ, അണിയാരം സൗത്ത് എൽ.പി. സ്കൂൾ
ചൊക്ലി ഉപജില്ല, കണ്ണൂർ

# STAY HOME STAY SAFE

Wherever you look, everything is under lockdown. No one is allowed to step out of their homes unless it is an emergency. In a certain city, a young boy is truly annoyed since he has to stay in all day. He complains on and on about how bored he is. Today is no different. "Amma, I'm bored. How long must I stay locked in like this!" He yelled out frustrated. His mother stepped out of the kitchen and sat down beside him. "My little prince, Don't complain so much. We stay locked in like this for our own good. A virus is spreading and it will be dangerous if one of us were to catch it. We must all be careful" said his mother, patting his head. "How does staying locked in help?" the boy asked confused. "You see... this virus spreads through contact and the droplets of a patient when he coughs or sneezes." she explained. "Won't it be okay if we stay away from such a person?" he asked "That would have been okay but some people that catch the virus don't show much symptoms and that person may roam around without anyone realizing it. We might somehow come in contact with him or an object he came in contact with. We might become vulnerable if that happens" she explained "But Appa goes out to buy stuff and he might have come in contact with infected surfaces. That means that we might become infected when we get close to him right" he asked "We can prevent that if we follow proper hygiene" she said smiling "Proper hygiene? What's that?" he asked curiously "Wash your hand with soap and water after going outside, after going to the bathroom, after touching something bought from the outside and such. Use sanitizer to clean your hands after regular intervals. Wash the clothes that you wore outside. Take a bath after going outside. Wear masks when you step out. Follow social distancing and most importantly...." she paused dramatically "More importantly what?" he asked "Listen to what the government, health workers and police tell you to do" she pocked his cheek fondly. He grinned at his mother. "I can help you with your boredom" she said mischief glinting in her eyes "How?" he asked "Help me out with chores you lazy boy!" she pulled his ear laughing. Both of them sat their and laughed together. Even though one can't step outside, consider this as a chance to spend more time with your family. Love, Laugh and Most Importantly STAY SAFE!

**മിലി എലിസബത്ത്**
10 ബി, അമൃത ഗേൾസ് ഹൈസ്കൂൾ,പത്തനംതിട്ട,അടൂർ
അടൂർ ഉപജില്ല, പത്തനംതിട്ട



# THE STORY OF A DIFFERENT VILLAGE

Long ago there was a village named Ramaguru. There was a belief not seen yet privilaged in this village. Washing hands before eating is a sin according to the villeges of Ram Guru. They believed that while washing hands the holy things will be removed. So all the villages only wash hands after eating.

One day a man died showing different symptoms but no one go to find the reason behind it. All relatives do the death ceremony. Two days later another man also died. But there was a connection between them. This man was the friend of the first man. This man also shows the same symptoms what the first man has shown. At this time a man named Rajan from another village came to Ramaguru.

There was another belief in this village that if the villagers had seen any hopless people, they believe that god himself comes in different ways to test their character and manner, Ravi saw that Rajan who is walking without knowing anyone. Ravi thought that he had never seen him before, may be he is coming from the next village.He fastly approached him and enquired that why was he there. Rajan told to him that he had to buy a cow. Ramaguru was famous for its own farm and cows milk beyond the village Ravi was a farmer and he owned many cows. So he invited Rajan to his house.

There was a custom in this village that if any guest come to house the people in the house should give them any kind of food items to eat with them according to them. This is a way to make God happy, so when Rajan reached home Ravi and wife gave him some sweets made of ghee named Kesari. Before eating Rajan incurred for some water. The wife of Ravi gave him some water. using that water Rajan washed his hands and asked them whether they are not washing their hands. Ravi explained the reason behind it .Rajan was shocked to hear this. Rajan thought that what a village ?Thinking washing hands is a sin. How fools are they! Rajan told Ravi washing hands is not the sin. While washing hands germs present in our hands will get removed. But Ravi did not give any importance to it. Then Rajan enquired weather all of your villagers following the same manner? Ravi replied positively .Both of them ate the sweets. At that time friend of Ravi was coming in a hurry to Ravi's home .Ravi asked 'what happened'?Friend replied'Ravi, two more people died.One the mother of the first man and second his wife.

No one can find the mysterious reason behind it. Ravi got upset. Rajan was standing by hearing this. He told toRavi "I can treat them I am a native physician". Ravi said; but they are dead!Rajan said "no it will not happen, take me to that place fast". Rajan, Ravi and his friend went to the house, but when they reached they were dead. Rajan explained to all this is an epidemic because yours lack of cleanliness this had spreaded, "I need some leaves can you get it"he asked. He list down the names of some leaves.Villagers started searching to get it by the time many villages fall sick. All leaves was ready. He started to create medicine and it was given to the sick villagers. The villager again became healthy. Their disease was cured.

Then Rajan said "dear friends washing hands is not a sin. it helps you to be a healthy person, today onwards no one must eat without washing hands". Villagers realised their mistake for Rajan. Villagers gave a pot of milk and butter and a white cow at a reward. Later villagers had never eat without washing their hands. Later it became a moral story of children to realise the importance of cleanliness.

**ദേവനന്ദന**
9 ഡി, അഴീക്കോട് എച്ച് എസ് എസ്
പാപ്പിനിശ്ശേരി ഉപജില്ല, കണ്ണൂർ



# കണ്ടൽക്കാടുകൾ

“കണ്ടൽക്കാടുകൾ തീയിട്ടു നശിപ്പിച്ചിരിക്കുന്നു”. പത്രത്തിൽ വന്ന ആ വാർത്ത മാളു ഉറക്കെ വായിച്ചു. എന്താണ് ഈ കണ്ടൽക്കാടുകൾ? സംശയം തീർക്കാനായി മാളു അടുക്കളയിലേക്ക് ഓടി. അമ്മേ... എന്താണീ കണ്ടൽക്കാടുകൾ? തന്റെ പ്രഭാത ജോലികൾക്കിടയിലും അമ്മ മാളുവിന്റെ കുഞ്ഞുചോദ്യങ്ങൾക്ക് ഉത്തരം നൽകി. മാളൂ, കായലോരങ്ങളിലും ചതുപ്പ്പ്രദേശങ്ങളിലും ഉപ്പുരസം കലർന്ന വെള്ളത്തിൽ വളരുന്ന പച്ചമരങ്ങളാണ് കണ്ടൽക്കാടുകൾ. അമ്മ നൽകിയ മറുപടി മാളുവിന് മതിയായില്ല. ഈ കാടുകൾകൊണ്ട് എന്താണമ്മേ നേട്ടം. മാളുവിന്റെ അടുത്ത സംശയം. മാളൂട്ടീ... വെള്ളത്തിൽനിന്ന് ഉപ്പ് ശേഖരിക്കാനും തീരദേശ ങ്ങളിലെ മണ്ണൊലിപ്പ് തടയാനും ഈ കാടുകൾക്ക് സാധിക്കും. കൂടാതെ സുനാമി, വെള്ളപ്പൊക്കം, ചുഴലിക്കാറ്റ് തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ തടയാനും ഈ കാടുകൾക്ക് കഴിയും. ഇത്തരം പ്രദേശങ്ങളിൽ മത്സ്യസമ്പത്തും കൂടുതലായിരിക്കും. അമ്മയ്ക്കറിയാവുന്ന കാര്യങ്ങളൊക്കെ മാളുവിന് പറഞ്ഞു കൊടുത്തു. എന്നിട്ടും മാളുവിന് സംശയം തീർന്നിരുന്നില്ല. പിന്നെ എന്തിനാണമ്മേ ഇവയെ നശിപ്പിക്കുന്നത്? മാളുവിന്റെ ഈ നിഷ്കളങ്കമായ ചോദ്യം കേട്ട് അമ്മ ഒന്ന് ചിരിച്ചു . മോളേ... കൃഷിക്ക്, വീട് വെക്കാൻ, കെട്ടിടങ്ങൾ പണിയാൻ, ഫാക്ടറി നിർമിക്കാൻ തുടങ്ങിയ കാര്യങ്ങൾക്കുവേണ്ടി മനുഷ്യരിന്ന് കണ്ടൽക്കാടുകൾ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. കണ്ടൽക്കാടുകൾ മാത്രമല്ല ഒരു ചെടികളും നശിപ്പിക്കാൻ പാടില്ല മാളൂ. അമ്മയുടെ ഉപദേശം കേട്ടശേഷം എന്തൊക്കെയോ മനസ്സിലായ ഭാവത്തിൽ മാളു തോട്ടത്തിലേക്കോടി. കൈയിൽ സ്കൂളിൽനിന്ന് കിട്ടിയ വിത്തിന്റെ പായ്ക്കറ്റുമായി. ആ അമ്മയുടെ മനസ്സ് നിറഞ്ഞു. ഒപ്പം പ്രകൃതിയുടേയും.

**സൻമയ സുധീഷ്**
6 എ, അഴീക്കോട് നോർത്ത് യു പി സ്കൂൾ
പാപ്പിനിശ്ശേരി ഉപജില്ല, കണ്ണൂർ

# ക്ലാരയുടെ മരം

പരീക്ഷ തീർന്നതിന്റെ സന്തോഷത്തിൽ സ്കൂൾ ബസ്സിൽനിന്ന് ചാടി ഇറങ്ങി ക്ലാര വീട്ടിലേക്ക് കുതിച്ചു. വീടിനുള്ളിലേക്ക് അവൾ ഓടിക്കേറി ബാഗും വാട്ടർ ബോട്ടിലും കണ്ടിടത്തേക്ക് വലിച്ചെറിഞ്ഞ്, അവൾ കോണിപ്പടി കയറി മുകളിലെ അവളുടെ റൂമിലേക്ക് പോയി. നാളെ അവളുടെ വെക്കേഷൻ തുടങ്ങുകയാണ്. അതിന്റെ സന്തോഷത്തിൽ അവൾ കൂകിവിളിച്ചു തുള്ളിച്ചാടി. അവൾക്ക് ഈ സന്തോഷം ആരോടെങ്കിലും പങ്കുവെക്കാൻ കൊതിയായി. എന്നാൽ അവളുടെ സന്തോഷങ്ങളും സങ്കടങ്ങളും കേൾക്കാൻ ആ വീട്ടിൽ ആർക്കും നേരമില്ലായിരുന്നു, അതവൾക്കറിയാം. കൊട്ടാരംപോലെയുള്ള ഒരു വീട്ടിലാണ് ക്ലാര താമസിക്കുന്നത്. ആ വീട്ടിൽ അവളുടെ മമ്മിയും ഡാഡിയും പിന്നെ ഒരു വേലക്കാരിയും ആണുള്ളത്. ക്ലാരയുടെ മമ്മിയും ഡാഡിയും ഡോക്ടർമാരാണ്. ഒരേ ഹോസ്പിറ്റലിലാണ് അവർ ജോലി ചെയ്യുന്നത്. രാവിലെ എട്ട് മണിക്ക് പോയാൽ രാത്രി ഏഴുമണിക്ക് അവർ തിരിച്ചുവരും. വന്നുകഴിഞ്ഞാൽ പിന്നെ ഹോസ്പിറ്റലിലെ കാര്യം ചർച്ചചെയ്യാനേ അവർക്ക് നേരമുള്ളൂ. അതുകൊണ്ട് ക്ലാരയുടെ കാര്യം നോക്കാനും വീട്ടുജോലി ചെയ്യാനുമായി നിർത്തിയിരിക്കുന്നത് ആണ് മീനാക്ഷിയെ.

ക്ലാര ജനിച്ച് ഒരു വയസ്സായപ്പോൾ തന്നെ ക്ലാരയുടെ മമ്മി ജോലിക്ക് പോയി തുടങ്ങി. അന്നുതൊട്ട് ഇന്നുവരെ ക്ലാരയുടെ ഒരു കാര്യവും അവർ തിരിഞ്ഞു നോക്കിയിട്ടില്ല അവളുടെ ഇഷ്ടാനിഷ്ടങ്ങൾ എന്താണെന്ന് അവർക്ക് അറിയില്ല അവളുടെ സന്തോഷങ്ങളും സങ്കടങ്ങളും അവർക്ക് അറിയേണ്ട. ഇതെല്ലാം ക്ലാരയെ വല്ലാതെ അലട്ടിയിരുന്നു എന്നാലും ഈ വിഷമങ്ങൾ ഒന്നും അവൾ ആരോടും പറഞ്ഞിട്ടില്ല അവളുടെ സന്തോഷങ്ങളും സങ്കടങ്ങളും ഒക്കെ കേൾക്കാനും കളിക്കാനും ഒക്കെ ഒരു കൊച്ചനുജൻ വേണം എന്ന് അവൾ ഒരുപാട് ആഗ്രഹിച്ചിരുന്നു. അങ്ങനെ ഒരു അനിയൻ ഉണ്ടായിരുന്നെങ്കിൽ എന്ന് പലവട്ടം അവൾ ആശിച്ചിട്ടുണ്ട്. എന്നാലും എല്ലാ സങ്കടങ്ങളും ഉള്ളിലൊതുക്കി കളിച്ച് ചിരിച്ചാണ് ക്ലാര നടക്കുന്നത്. രാത്രി വളരെ സന്തോഷത്തോടെ ക്ലാര അത്താഴം കഴിച്ചുകിടന്നു. എന്തൊക്കെയോ ചിന്തിച്ചുകൂട്ടി തിരിഞ്ഞും മറിഞ്ഞും കിടന്നു. മനസ്സിൽ അവധി എങ്ങനെ ഗംഭീരം ആക്കാം എന്നാണ് അവൾ തലപുകഞ്ഞ് ആലോചിക്കുന്നത്. മറ്റു കുട്ടികളെപ്പോലെ ടിവി കണ്ടും കളിച്ചും സമയം കളയാൻ അവൾക്ക് ഇഷ്ടമല്ലായിരുന്നു. ഒടുവിൽ അവൾക്ക് ഒരു ആശയം തോന്നി എന്തെങ്കിലും പ്രത്യേകതയായി ചെയ്യണം, പക്ഷേ എന്ത്?

പിന്നെ അതിനെപ്പറ്റിയായി അവളുടെ ചിന്ത മുഴുവൻ. രാത്രി ഏറെ വൈകിയപ്പോൾ അവൾ നിദ്രയിലേക്ക് വഴുതിവീണു. നേരം പുലരാൻ തുടങ്ങി സൂര്യൻ മേഘങ്ങൾക്കിടയിൽ നിന്നും നോക്കുന്നത് മതിയാക്കി മെല്ലെ പൊങ്ങിവരാൻ തുടങ്ങി. സമയം ഒൻപതു മണിയായപ്പോൾ അവൾ കട്ടിലിൽ നിന്ന് ഇറങ്ങി താഴേക്കു വന്നു. അപ്പോഴേക്കും അവളുടെ മമ്മിയും ഡാഡിയും ഹോസ്പിറ്റലിൽ പോയി കഴിഞ്ഞിരുന്നു. വേലയ്ക്ക് നിൽക്കുന്ന മീനാക്ഷിയുടെ കൈയിൽനിന്ന് കാപ്പി മേടിച്ചു കുടിച്ച് അവൾ പുറത്തിറങ്ങി. സൂര്യനിലെ ചൂട് അവളിലേക്ക് ആഞ്ഞടിച്ചു. എന്നാൽ അത് അവൾക്ക് ഒരു പ്രശ്നം അല്ലായിരുന്നു. മീനാക്ഷി കൂടി വീടിന്റെ പിൻഭാഗത്തേക്ക് ചെന്നു. രാത്രിയിൽ പകുതിക്ക് മുറിഞ്ഞുപോയ ചിന്തകൾ അവൾ വീണ്ടും കുടഞ്ഞ് എടുത്തു. അവളുടെ ശ്രദ്ധ പെട്ടെന്ന് പ്രകൃതിയിലേക്ക് തിരിഞ്ഞു. പ്രകൃതിക്ക് വേണ്ടി എന്തെങ്കിലും ചെയ്താലോ എന്ന് അവൾ ചിന്തിച്ചു. അവൾ വീടിനു ചുറ്റും നോക്കി അവിടെ എവിടെയും ഒരു മരം പോലും അവൾക്ക് കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഒരു മരം നടാം എന്ന് അവർ തീരുമാനിച്ചു. ഒരുപക്ഷേ പരിസ്ഥിതിദിനത്തിൽ ജനിച്ചതുകൊണ്ടാവാം ക്ലാരയ്ക്ക് 'പ്രകൃതി' എന്നാൽ ജീവന്റെ ഒരു ഭാഗമായിരുന്നു. വീട്ടിലെ അടച്ചുമൂടിയ അന്തരീക്ഷത്തെക്കാൾ അവൾക്കിഷ്ടം പ്രകൃതിയിലെ തുറന്ന അന്തരീക്ഷമായിരുന്നു. മരങ്ങളും പുഴകളും പക്ഷികളും മൃഗങ്ങളും തുടങ്ങി പ്രകൃതിയിലെ എല്ലാ ജീവജാലങ്ങളെയും ക്ലാരയ്ക്ക് ഇഷ്ടമായിരുന്നു. എന്നാൽ അവളുടെ മമ്മിയും ഡാഡിയും അവളെ വീടിന് വെളിയിലേക്ക് വിടില്ലായിരുന്നു.

മമ്മിയും ഡാഡിയും വീട്ടിൽ ഇല്ലാത്തതു കൊണ്ടാണ് അവൾ ഇപ്പോൾ വെളിയിൽ ഇറങ്ങിനടക്കുന്നത്. ഉടൻതന്നെ ക്ലാര അവളുടെ ആശയം മീനാക്ഷിയുമായി പങ്കുവെച്ചു. മീനാക്ഷിയ്ക്ക് ക്ലാരയുടെ അഭിപ്രായത്തോട് വളരെയധികം യോജിപ്പ് ഉണ്ടായിരുന്നു. ആ വീട്ടുമുറ്റത്ത് ഒരു മരം പോലും ഇല്ലാത്തത് മീനാക്ഷിയെയും വളരെയേറെ വിഷമപ്പെടുത്തിയിരുന്നു. എന്നാൽ അത് ആരോടും പറയാനുള്ള ധൈര്യം മീനാക്ഷിക്ക് ഉണ്ടായിരുന്നില്ല. ക്ലാരയ്ക്ക് നടാൻ വൃക്ഷത്തൈ ഇല്ലെന്നു പറഞ്ഞപ്പോൾ അത് തന്റെ വീട്ടിൽ നിന്ന് കൊണ്ടുവന്ന് നൽകാമെന്ന് മീനാക്ഷി വാക്ക് കൊടുത്തു. അത് സമ്മതിച്ചു ക്ലാര മുറിയിലേക്ക് കയറിപ്പോയി. അന്നത്തെ ദിവസം മുഴുവൻ ക്ലാര മരം നടുന്നത് മനസ്സിൽ കണ്ടുനടന്നു. രാവിലെ ക്ലാരയുടെ മമ്മിയും ഡാഡിയും ഹോസ്പിറ്റലിൽ പോയികഴിഞ്ഞ് മീനാക്ഷി ക്ലാരയുടെ മുറിയിലേക്ക് ചെന്നു. ക്ലാരയെ വിളിച്ചുണർത്തി വൃക്ഷത്തൈ കൊണ്ടുവന്നിട്ടുണ്ട് എന്ന് പറഞ്ഞതും ക്ലാര കട്ടിലിൽനിന്ന് ചാടിയെഴുന്നേറ്റ് താഴേക്കുവന്നു. മീനാക്ഷി പുറത്ത്

കവറിൽ വെച്ചിരുന്ന വൃക്ഷത്തൈകൾ അവളുടെ കയ്യിൽ കൊടുത്തു അവളുടെ മുഖം വിടർന്നു. അവളുടെ ചുണ്ടിൽ പുഞ്ചിരി മൊട്ടിട്ടു അവൾ അതുമായി വീടിന്റെ ഒരു മൂലയിലേക്ക് ഓടി, അവൾ തന്റെ കൈയിൽ കരുതിയിരുന്ന വൃക്ഷത്തൈ താഴെ വെച്ചു. ചെറിയൊരു കുഴിയുണ്ടാക്കി അവൾ അതിൽ വൃക്ഷത്തൈ നട്ടു. ആ സമയത്ത് അവളുടെ സന്തോഷം പറഞ്ഞറിയിക്കാൻ പറ്റാത്തത്രയായിരുന്നു. പിന്നെ എന്നും ആ ചെടിയെ പരിപാലിക്കുന്ന തായിരുന്നു അവളുടെ ജോലി. അവളുടെ മമ്മിയും ഡാഡിയും പോകുന്നതു മുതൽ വരുന്നതുവരെ അതിനോടൊപ്പം ആയിരുന്നു , അതിനു വെള്ള മൊഴിച്ചും വളമിട്ടും ക്ലാര തന്റെ സമയം ചെലവഴിച്ചു. അവളുടെ സന്തോ ഷങ്ങളും സങ്കടങ്ങളും എല്ലാം ക്ലാര തന്റെ ചെടിയുമായി പങ്കുവെച്ചു. ദിവസം ചെല്ലുന്തോറും ആ ചെടി വളർന്നു വലുതാകാൻ തുടങ്ങി. അതോടൊപ്പം ക്ലാരയ്ക്ക് ഒറ്റപ്പെടലിന്റെ വേദനയും മാറിത്തുടങ്ങി. ഒരു ഞായറാഴ്ച ക്ലാരയുടെ ഡാഡി വീടിന്റെ പിൻഭാഗത്ത് ഫോൺ ചെയ്തു കൊണ്ട് നടക്കുന്നതിനിടയിൽ ആ ചെടി കണ്ണിൽപ്പെട്ടു. ക്ലാരയുടെ ഡാഡി പിഴുതെറിയാൻ തുടങ്ങിയപ്പോഴേക്കും മീനാക്ഷി എവിടെനിന്നോ ഓടിയെത്തി. ഈ ചെടി പിഴുത് കളയരുത് എന്നും അത് ക്ലാര നട്ടത് ആണെന്നും ഇത് പിഴുതാൽ അവൾക്ക് വിഷമമാകും എന്നൊക്കെ പറഞ്ഞപ്പോൾ മനസ്സില്ലാമനസ്സോടെ ക്ലാരയുടെ ചെടി അവിടെ നിർത്താൻ സമ്മതിച്ചു.

വർഷങ്ങൾ കടന്നുപോയി ക്ലാര വളർന്നുവലുതായി ക്ലാരയോടൊപ്പം തന്നെ അവളുടെ ചെടിയും വളർന്ന് വലിയൊരു മരമായി മാറി. ഇപ്പോൾ എല്ലാംകൊണ്ടും ക്ലാരയുടെ ഏറ്റവുമടുത്ത സുഹൃത്താണ് ആ മരം. അവൾ ആ വീട്ടിൽ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നതും ആ മരത്തെ ആണ്. എന്നാൽ ക്ലാരയുടെ മമ്മിക്കും ഡാഡിക്കും ആ മരം ഇഷ്ടമല്ലായിരുന്നു. ക്ലാര ആ മരത്തെ പരിപാലിക്കുന്നത് കാണുമ്പോൾ അവർക്ക് ദേഷ്യം അടക്കാൻ ആയിരുന്നില്ല. എങ്കിലും അവരുടെ ഒരേ ഒരു മോളുടെ ആഗ്രഹമല്ലേ എന്ന് കരുതി അവർ ഒന്നും പറഞ്ഞില്ല. ക്ലാര ഇപ്പോൾ വളർന്ന ഒരു മിടുക്കിക്കുട്ടിയായി മാറി. ഒരു ദിവസം ഹോസ്പിറ്റലിൽ നിന്ന് വളരെ സന്തോഷത്തോടെയാണ് ക്ലാരയുടെ ഡാഡിയും മമ്മിയും കയറിവന്നത്. ക്ലാരയ്ക്ക് എം.ബി.ബി.എസ് പഠനത്തിനായി ബാംഗ്ലൂരിൽ ഒരു കോളേജിൽ അഡ്മിഷൻ ശരിയായി. അതാണ് അവളുടെ മമ്മിക്കും ഡാഡിക്കും ഇത്ര സന്തോഷം. എന്നാൽ അത് കേട്ടതും ക്ലാരക്ക് സന്തോഷത്തേക്കാൾ ഉപരി സങ്കടമായിരുന്നു. തന്റെ പ്രിയപ്പെട്ട മരത്തെ വിട്ടുപോകേണ്ടിവരുമോ എന്ന വിഷമമായിരുന്നു ക്ലാരയ്ക്ക്. മനസ്സില്ലാമനസ്സോടെ ക്ലാര ബാംഗ്ലൂരിലേക്ക് പോകാൻ തയാറെടുത്തു. എല്ലാവരോടും യാത്ര പറഞ്ഞ് ക്ലാര പുറകിലെത്തെ മരത്തിന് അടുത്തേക്കുചെന്നു. അവളുടെ പ്രിയപ്പെട്ട മരത്തിനോട് യാത്ര



ചോദിച്ച് ബാംഗ്ലൂരിലേക്ക് തിരിച്ചു. ക്ലാര പോയതും അവളുടെ ഡാഡി മരംവെട്ടുകാരൻ സോമുവിനെ വിളിച്ച് എന്തൊക്കെയോ പറയുന്നത് മീനാക്ഷി കേട്ടു. ക്ലാരയുടെ മരം വെട്ടിക്കളയാനുള്ള പുറപ്പാടിലാണ് ക്ലാരയുടെ ഡാഡി എന്ന് മീനാക്ഷിക്ക് മനസ്സിലായി. എന്നാൽ മീനാക്ഷിക്ക് ഒന്നും എതിർത്ത് പറയാനുള്ള അവകാശം ആ വീട്ടിൽ ഉണ്ടായിരുന്നില്ല. പിറ്റേന്നുതന്നെ മരംവെട്ടുകാരൻ സോമു വന്ന് ആ മരം മുറിച്ചു കളഞ്ഞു. അത് കണ്ടുനിൽക്കാൻ മീനാക്ഷിക്ക് സാധിച്ചില്ല. ക്ലാര മുടങ്ങാതെ അവളുടെ മമ്മിയെയും ഡാഡിയെയും വിളിക്കും. വിളിക്കുമ്പോൾ ആദ്യം തന്നെ അവൾ തന്റെ മരത്തിന്റെ വിശേഷങ്ങൾ ആണ് ചോദിക്കുന്നത് പക്ഷേ അപ്പോഴൊക്കെ എന്തെങ്കിലും പറഞ്ഞു അവർ ഒഴിഞ്ഞുമാറും.

വർഷങ്ങൾ അങ്ങനെ കടന്നുപോയി ക്ലാരയുടെ എംബിബിഎസ് പഠനം പൂർത്തിയായി. അവൾ ബാംഗ്ലൂരിൽ നിന്ന് വീട്ടിലേക്ക് മടങ്ങി. വളരെ സന്തോഷത്തോടെയാണ് ക്ലാര മടങ്ങിയെത്തിയത്. തന്റെ പ്രിയപ്പെട്ട മരം കാണാനും അതിനോട് ഒരുപാട് വിശേഷങ്ങൾ പങ്കുവെക്കാനുമുള്ള തിരക്കിലാണ് അവൾ വീട്ടിലേക്ക് വന്നത്. വന്നതും ഉടൻതന്നെ അവൾ ആദ്യം ഓടിയത് അവളുടെ പ്രിയപ്പെട്ട മരത്തിന്റെ അടുത്തേക്കാണ്. ഒരുപാട് വിശേഷങ്ങൾ പറയാനും അതിനെ കെട്ടിപ്പിടിച്ച് ഒരു ചുംബനം നൽകാനുമാണ് അവളുടെ ഉദ്ദേശം. എന്നാൽ അവളുടെ പ്രതീക്ഷകളെല്ലാം മാറിമറിയുന്ന ഒരു രംഗമായിരുന്നു അവൾക്ക് അവിടെകാണാൻ സാധിച്ചത്.

അവിടെ അവളുടെ പ്രിയപ്പെട്ട മരം ഇല്ല, പകരം കൂനകൂടി കിടക്കുന്ന മൺതരികൾ മാത്രം. അവളുടെ മമ്മിയും ഡാഡിയും തന്റെ പ്രിയപ്പെട്ട മരം മുറിച്ചു കളഞ്ഞു എന്ന് അവൾക്കു മനസ്സിലായി. അവൾ വിങ്ങിപ്പൊട്ടി. അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. അവളുടെ കണ്ണിൽ നിന്നും ഇറ്റ് വീണ ആ കണ്ണീർ തുള്ളികൾ അവൾക്ക് പ്രകൃതിയോടുള്ള സ്നേഹത്തിൻറെയും കരുതലിന്റെയും ആഴം വിളിച്ചോതി. ക്ലാരയ്ക്ക് തന്റെ ചെടിയോട് ഉള്ള സ്നേഹം കണ്ട് അങ്ങകലെ സൂര്യൻ സഹതാപത്തോടെ തലകുനിച്ചു. അവളുടെ കണ്ണുനീർ തുള്ളിയെ മായ്ച്ചുകളഞ്ഞു കൊണ്ട് മഴ അവളിലേക്ക് ആശ്വാസമായി ചൊരിഞ്ഞു. പുതുമഴയുടെ പുതു മണം പേറുന്ന ആ മണ്ണിൽ അവളുടെ പ്രിയമരം ദഹിക്കപ്പെട്ട ആ മണ്ണിൽ പ്രതീക്ഷയുടെ പുതുനാമ്പുകൾ തളിർക്കുന്നതായി അവൾക്കു തോന്നി.

**ദിയ. എസ്**
7 ജി, ആദിത്യ വിലാസം ഗവ. എച്ച്.എസ്, തഴവ
കരുനാഗപ്പള്ളി ഉപജില്ല, കൊല്ലം

# പക്ഷിക്കൂടിനെ സംരക്ഷിച്ച കുട്ടി

ഒരു പക്ഷി മുട്ടയിടാൻവേണ്ടി ഒരു മരത്തിൽ കൂട് വെച്ചു. കൂടുവെച്ച മരത്തിനടുത്ത് ഒരു വീടുണ്ടായിരുന്നു. ആ വീട്ടിലെ കുട്ടിയും പക്ഷി കൂടുവെയ്ക്കുന്നത് കണ്ടു. അവന് പക്ഷികളെ വളരെ ഇഷ്ടമായിരിന്നു. പക്ഷി മുട്ടയിടുന്നുണ്ടോ എന്ന് അവനും ശ്രദ്ധിക്കുമായിരുന്നു. കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ പക്ഷി മൂന്ന് മുട്ടകൾ ഇട്ടു. അത് കണ്ടപ്പോൾ കുട്ടിയ്ക്കും വളരെ സന്തോഷമായി .

പക്ഷി മുട്ടകൾക്ക് അടയിരിക്കാൻ തുടങ്ങി. കുട്ടി മുട്ടവിരിയുന്നതും കാത്തിരുന്നു. കുറച്ച് ദിവസങ്ങൾ കഴിഞ്ഞപ്പോൾ മൂന്ന് മുട്ടകളും വിരിഞ്ഞ് കുഞ്ഞുങ്ങൾ പുറത്തു വന്നു. ഇത് കണ്ട കുട്ടിക്കും വളരെ സന്തോഷമായി. അങ്ങനെ ദിവസങ്ങൾ കടന്നുപോയികൊണ്ടിരുന്നു. ഒരു ദിവസം തള്ളപ്പക്ഷി തീറ്റിതേടി പുറത്തേക്ക് പോയി.

ആ സമയം പക്ഷിക്കൂടിരുന്ന പ്രദേശത്ത് ഒരു വലിയ കാറ്റടിക്കുകയും പക്ഷികൂട് മരത്തിൽ നിന്ന് താഴെ വീഴുകയും ചെയ്തു. കുഞ്ഞുങ്ങൾ കരയാനും തുടങ്ങി. പക്ഷിക്കുഞ്ഞുങ്ങളുടെ കരച്ചിൽ കേട്ടുകൊണ്ട് കുട്ടി ഓടിവന്നു. തറയിൽ കിടക്കുന്ന പക്ഷിക്കൂടും കുഞ്ഞുങ്ങളെയും കണ്ടു കുട്ടിക്ക് വളരെ വിഷമമായി.

കുട്ടി പക്ഷികൂട് എടുത്ത് മരത്തിന്റെ മുകളിൽ വെച്ചു. കുഞ്ഞുങ്ങൾ കരച്ചിൽ നിർത്തുകയും ചെയ്തു. ആ സമയം തീറ്റയും കൊണ്ട് തള്ളപ്പക്ഷി വന്നു. വിശന്നിരിക്കുന്ന കുഞ്ഞുങ്ങൾക്ക് അത് കൊടുക്കയും ചെയ്തു. കുട്ടി അത് സന്തോഷത്തോടെ നോക്കിനിന്നു.

**അൽസാബിത്**
6 ബി, ആർ.എം.യു.പി.എസ്. കല്ലറക്കോണം
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം



# കാട്ടിലെ ഒരു കൊറോണക്കാലം

“മാന്യമഹാജനങ്ങളേ,

കൊറോണ എന്ന രോഗം നമ്മുടെ കാട്ടിൽ പടർന്നുപിടിക്കുകയാണ്. എല്ലാവരും സൂക്ഷിക്കണം. ഇത് വായുവിൽകൂടി പകരുന്നതാണ്. ഇതിനെ ഇല്ലാതാക്കാൻ കൈകൾ ഇടയ്ക്കിടെ സോപ്പുപയോഗിച്ച് കഴുകണം, മാസ്ക് ധരിക്കണം, ആരും തന്നെ കൂട്ടംകൂടി നിൽക്കരുത്, പുറത്തേക്കിറങ്ങരുത്. എന്ന് ആരോഗ്യസംഘടന അറിയിക്കുന്നു.” ഈ അറിയിപ്പ് കേട്ട തത്തമ്മപ്പെണ്ണ് ഈ വിവരം ഏവരെയും അറിയിക്കാൻ തീരുമാനിച്ചു. അവൾ കാട്ടിലൂടെ പാഞ്ഞ് പറന്നു. അപ്പോഴാണ് കേശു അണ്ണാനെ കണ്ടത്. അവൾ ഒറ്റശ്വാസത്തിൽ അവനോട് വിവരം പറഞ്ഞു.

“കേശൂ നീ അറിഞ്ഞില്ലേ? പുറത്തേക്കിറങ്ങാൻ പാടില്ലെന്ന്”.

അതെന്താ അവൻ ചോദിച്ചു. തത്തമ്മപ്പെണ്ണ് മറുപടി പറഞ്ഞു.

“അപ്പോൾ അറിയിപ്പ് കേട്ടില്ലേ? കൊറോണ എന്ന രോഗം പടർന്ന പിടിക്കും എന്ന്.”

“ഈശ്വരാ നമ്മൾ ഇനി എന്ത് ചെയ്യും.” കേശുവിന് ആവലാതിയായി.

“ഞാനാ കുരങ്ങമ്മാവനെയും മിന്നുതത്തയെയും അറിയിക്കട്ടെ. അല്ലെങ്കിൽ അവർ പുറത്തിറങ്ങും. മറ്റുള്ളവരോടും കണ്ടാൽ പറയണേ.” കേശു വെപ്രാളത്തോടെ പറഞ്ഞു. അവന്റെ അമ്പരപ്പ് കണ്ട തത്തമ്മപ്പെണ്ണ് അവനോട് പറഞ്ഞു: “എടാ നീ ഒട്ടും പേടിക്കേണ്ട.” ആ കോവിഡ് 19 എന്ന വൈറസിനെ നമ്മുടെ രാജ്യത്ത് നിന്ന് നാടുകടത്താൻ ഒറ്റക്കെട്ടായ് പ്രയത്നിക്കാം. ആരും പുറത്തിറ ങ്ങാതിരിക്കുക. ആരോഗ്യവകുപ്പ് പറഞ്ഞ കാര്യങ്ങൾ പാലിക്കുക.” നിങ്ങളാരും വിഷമിക്കേണ്ട കൂട്ടരേ. നമ്മുടെ കുട്ടികളുടെ അവധിക്കാലം വീട്ടിലിരുന്ന് ആഘോഷിക്കാം. വായന, ചിത്രരചന, കഥ, കവിത ഇതൊക്കെയാവാലോ. മാതാപിതാക്കളെ സഹായിക്കാം. അവരുമായി കളിക്കാം. അതും ഒരു സന്തോഷമല്ലേ?

**Muhammed Fazal PS**
4 എ, ആർ.സി.യു.പി.എസ്ബകയ്പമംഗലം
വലപ്പാട് ഉപജില്ല, തൃശ്ശൂർ

# മണ്ണിന്റെ കൂട്ടുകാരൻ

ഒരു ഗ്രാമത്തിൽ കഠിനാധ്വാനിയായ ഒരു കർഷകൻ ഉണ്ടായിരുന്നു, രാമനുണ്ണി. പ്രകൃതിയെയും മണ്ണിനെയും അറിഞ്ഞ് അവരെ സ്നേഹിച്ചു ജീവിക്കുന്ന ഒരു നാട്ടുമ്പുറത്തുകാരൻ. പ്രകൃതിക്ക് യാതൊരു ദോഷവും വരാത്തതരത്തിൽ ജൈവവളം മാത്രം ഉപയോഗിച്ചുള്ള കൃഷിയാണ് അദ്ദേഹം ചെയ്തുപോന്നത്. വീട്ടിലേക്കാവശ്യമുള്ള എല്ലാ ധാന്യങ്ങളും, കാലാവസ്ഥക്ക് അനുയോജ്യമായ രീതിയിൽ വളർത്തിയെടുക്കുന്ന പഴങ്ങൾ, പച്ചക്കറികൾ എന്നിവ അയാൾ കൃഷിയിടത്തിൽ നട്ടുവളർത്തി. കൃഷി ചെയ്തുകിട്ടുന്ന പഴങ്ങളും പച്ചക്കറികളും ധാന്യങ്ങളുംതന്നെയാണ് വീട്ടിൽ പാചകത്തിന് ഉപയോഗിച്ചിരുന്നത്. അങ്ങനെയാണ് അയാളും ഭാര്യയും രണ്ട് പെൺമക്കളും അയാളുടെ അമ്മയും അടങ്ങുന്ന കൊച്ചുകുടുംബം മുന്നോട്ടു പോകുന്നത്.

കൃഷിമാത്രം വരുമാനമാർഗമായുണ്ടായിരുന്ന അദ്ദേഹത്തെ ഭാര്യയും അമ്മയും മകളും നന്നായി സഹായിച്ചു. സന്തോഷകരമായ, അലട്ടലില്ലാത്തെ ജീവിതമായിരുന്നു അവരുടേത്. എന്നും തൊടിയിൽ എത്തുന്ന പക്ഷികളും അവയുടെ കളനാദം മനസ്സിന് കുളിർമയേകി. കുഞ്ഞ് മുയലുകൾ, അണ്ണാറക്കണ്ണന്മാർ തുടങ്ങിയവർ കുട്ടികളുടെ ഉറ്റചങ്ങാതിമാരായിരുന്നു. വർഷങ്ങൾ കടന്നുപോയി. സന്തോഷത്തോടെയുള്ള അവരുടെ ജീവിതം മുന്നോട്ട് പോയി. എന്നാൽ പതുക്കെ പതുക്കെ കൃഷിയിടത്തിൽ വിളവ് കുറയുന്നുണ്ടെന്ന് അദ്ദേഹത്തിന് മനസ്സിലായി. വീട്ടിലുണ്ടാക്കുന്ന വളങ്ങൾ മാത്രമാണ് അദ്ദേഹം കൃഷിക്ക് ഉപയോഗിച്ചിരുന്നത്. പശുവിന്റെ ചാണകവും പിണ്ണാക്കും ചേർത്ത് വെള്ളം ഒഴിച്ച് വെക്കും, പിന്നെ അത് വളം ആയാൽ പച്ചക്കറികൾക്ക് ചേർക്കും, മണ്ണിരകളെ ഉപയോഗിച്ച് സ്വന്തമായി കമ്പോസ്റ്റ് ഉണ്ടാക്കും, പിന്നെ കുറച്ച് പച്ചില വളങ്ങൾ, ഇതൊക്കെയാണ് അദ്ദേഹം സാധാരണയായി തൊടിയിൽ ഉപയോഗിച്ചിരുന്ന വളങ്ങൾ. രാസവളങ്ങൾ കൊണ്ട് കൃഷി ചെയ്താൽ മണ്ണിന്റെ സ്വാഭാവികഗുണങ്ങൾ നഷ്ടപ്പെടും എന്ന അഭിപ്രായക്കാരനാണ് അദ്ദേഹം. ഒരുപക്ഷേ അതുകൊണ്ടായിരിക്കാം കർഷകന്റെ മിത്രം എന്നറിയപ്പെടുന്ന മണ്ണിരകൾ അദ്ദേഹത്തിന്റെ മണ്ണിൽ ധാരാളമായി ഉള്ളതും. എന്നാൽ ക്രമേണ വിളവ് കുറഞ്ഞുവന്നത് അദ്ദേഹത്തെ മാനസികമായി തകർത്തു.



അങ്ങനെയിരിക്കെ ഒരു ദിവസം അദ്ദേഹത്തിന്റെ മക്കൾ പഠിക്കുന്ന സ്കൂളിലെ പ്രധാന അധ്യാപകൻ കൃഷ്ണൻ മാഷ് വീട്ടിൽ വന്നു. സംസാരിച്ചു കൊണ്ടിരിക്കുന്നതിനിടയിൽ വിളവിൽ ഉണ്ടായ മാറ്റങ്ങളെപ്പറ്റി മാഷിനോട് അദ്ദേഹം പറഞ്ഞു. അപ്പോൾ മാഷ് രാമനോട് പറഞ്ഞു, "ഇവിടുത്തെ കൃഷിഓഫീസർ എന്റെ ഭാര്യയുടെ അനുജനാണ്. രാമനുണ്ണി, നമുക്ക് അവനോട് ഒന്ന് ചോദിച്ചാലോ? എന്തുവേണമെന്ന്." അപ്പോൾ രാമനുണ്ണി പറഞ്ഞു, "ഇത്രയും കാലം ഞാൻ അവരോട് ആരോടും സഹായം ചോദിച്ച് ബുദ്ധിമുട്ടിച്ചില്ല. മാത്രമല്ല, അവർ തരുന്ന രാസവളങ്ങൾ ഒന്നും ഞാൻ എന്റെ ഭൂമിയിൽ കയറ്റാറില്ല". "എന്തായാലും നമുക്ക് ഒന്ന് ചോദിച്ചു നോക്കാം, ചിലപ്പോൾ രാസവളങ്ങൾ ഇല്ലാതെ പ്രശ്നം പരിഹരിക്കാൻ കഴിയുമായിരിക്കും.'' മാഷ് ഇങ്ങനെ പറഞ്ഞപ്പോൾ രാമനുണ്ണി സമ്മതിച്ചു. അങ്ങനെ തൊട്ടടുത്ത ദിവസംതന്നെ കൃഷിഓഫീസർ മാധവൻ വീട്ടിലെത്തി, മണ്ണ് പരിശോധിക്കാൻ ആവശ്യപ്പെട്ടു. പരിശോധിച്ച് ഫലം വന്നപ്പോഴാണ് മനസ്സിലായത് ചെടികളെ പൂക്കാനും കായ്ക്കാനും സഹായിക്കുന്ന ചില ഘടകങ്ങൾ മണ്ണിൽ കുറഞ്ഞതാണ് കുഴപ്പം. ഓഫീസറുടെ നിർദ്ദേശപ്രകാരം ചില പച്ചില വളങ്ങൾ ഇട്ടുകൊടുത്തു. അധികദിവസം കഴിഞ്ഞില്ല, ചെടികൾ പച്ചക്കറികൾ കൊണ്ട് നിറഞ്ഞു. രാമനുണ്ണിക്ക് സന്തോഷമായി. രാമനുണ്ണി പെട്ടെന്നുതന്നെ ഓഫീസറുടെയും മാഷിന്റെയും വീട്ടിൽ ചെന്ന് നന്ദി പറഞ്ഞു.

**സൗപർണ്ണിക സുനിൽ**
4 സി, ഇരിണാവ് ഹിന്ദു എ.എൽ.പി. സ്കൂൾ
പാപ്പിനിശ്ശേരി ഉപജില്ല, കണ്ണൂർ

# മീനുവിന്റെ ചിന്തകൾ

സ്കൂൾ പഠനത്തെ വെറുക്കുന്ന കുട്ടികളുടെ കൂട്ടത്തിൽ ഒരാൾ ആയിരുന്നു മീനു. അതിനുകാരണം അവളുടെ മുത്തശ്ശിയായിരുന്നു. അവൾ അവരോടൊപ്പം എപ്പോഴും സമയം ചിലവഴിച്ചു കൊണ്ടേ ഇരിക്കാൻ ആഗ്രഹിച്ചു. അവളുടെ വീട്ടിൽ അച്ഛനും അമ്മയും അനിയത്തിയും എല്ലാവരും ഉണ്ടായിരുന്നു എങ്കിലും, അവളുടെ മനസ്സിൽ ഏറ്റവും ഇടം നേടിയത് മുത്തശ്ശിയായിരുന്നു. അവൾക്ക് മുത്തശ്ശിയോടൊപ്പം കഥ പറഞ്ഞിരിക്കാനും മടിയിൽ കിടക്കാനും വലിയ ഇഷ്ടമായിരുന്നു. മടിയിൽ കിടക്കുമ്പോൾ തന്റെ മുടിയിഴകളിലുടെ വിരലോടിക്കും എന്ന് അറിയാവുന്നതുകൊണ്ട് അവൾ എപ്പോഴും മുത്തശ്ശിയുടെ മടിയിൽ കിടക്കുമായിരുന്നു. മുത്തശ്ശിയോടൊപ്പം സമയം ചിലവഴിക്കാൻ അവൾക്കു വലിയ ഇഷ്ടമായിരുന്നു. അങ്ങനെയിരിക്കെ മീനുവിന്റെ മനസ്സിന് വലിയ സന്തോഷം ഉണ്ടാക്കുന്ന ഒരു കാര്യം അവൾ അറിഞ്ഞു. ലോകം മുഴുവൻ കൊറോണവൈറസ് വ്യാപിക്കുന്നത് കാരണം അവളുടെ സ്കൂൾ നേരത്തെ അടച്ചു. അപ്പോൾ മീനുവിന്റെ ചിന്തകളിൽ തന്റെ മുത്തശ്ശിയെ തന്നോട് കൂടുതൽ അടുപ്പിക്കുന്ന ഒരു രോഗം ആയിരുന്നു കൊറോണ. ആ അവധിക്കാലത്ത് അവൾ മുത്തശ്ശിയോട് കൂടുതൽ അടുത്തു. കൊറോണ കാരണം മരണനിരക്ക് ഉയരുന്നു എന്ന വാർത്ത അവൾ അറിഞ്ഞു. അപ്പോൾ മീനുവിന്റെ ചിന്തകളിൽ ലോകജനതയെ കൊന്നൊടുക്കുന്ന ഒരു രോഗം ആയിരുന്നു കൊറോണ. അതിനെക്കുറിച്ച് ഒന്നും ആലോചിക്കാതെ മുത്തശ്ശിയോട് കൂടുതൽ അടുത്തു. ഒരു ദിവസം രാത്രി അവൾക്കു ഉറക്കം വന്നതേ ഇല്ല. തനിക്കും തന്റെ കുടുംബത്തിനും കൊറോണ എന്ന രോഗം ബാധിക്കുമോ എന്നതായിരുന്നു അവളുടെ ഉറക്കം കെടുത്തിയത്. മീനുവിന്റെ ചിന്തകൾ പതിയെ അവളെ ഉറക്കത്തിലേക്ക് നയിച്ചു. പിറ്റേദിവസം അവൾ കേട്ട വിവരം അവളുടെ കുഞ്ഞു മനസ്സിനെ തീർത്തും തളർത്തുന്നതായിരുന്നു. മുത്തശ്ശി ഇനി ഒരിക്കലും തന്റെ അടുത്തേക്ക് വരില്ല എന്ന സത്യം അവൾക്കു സഹിക്കാനായില്ല. അപ്രതീക്ഷിതമായ മരണം ആയതുകൊണ്ട് ബോഡി പോസ്റ്റ്മാർട്ടത്തിനു അയച്ചു. അപ്പോഴും മീനുവിന്റെ കണ്ണിൽനിന്നും കണ്ണുനീർ പൊടിഞ്ഞുകൊണ്ടേയിരുന്നു. പോസ്റ്റ്മാർട്ടം കഴിഞ്ഞപ്പോൾ അവൾ അറിഞ്ഞ വാർത്ത തികച്ചും വേദനാജനകമായിരുന്നു. തന്റെ മുത്തശ്ശിയുടെ മരണകാരണം കൊറോണ ആണെന്ന് അവൾ അറിഞ്ഞപ്പോൾ അവൾ കൂടുതൽ തളർന്നുപോയി. മുത്തശ്ശിയെ ഒരു തവണ കൂടി കാണണം എന്ന ആഗ്രഹം അവൾക്കുണ്ടായിരുന്നു. പക്ഷെ അതിനുപോലും അനുവദിക്കാതെ ആശുപത്രി ജീവനക്കാർ മുത്തശ്ശിയുടെ ജഡം എന്തോ ചെയ്തു. എന്താണ് ചെയ്തത് എന്ന് അവൾക്ക് ഇന്നും അറിയില്ല. പിന്നീട് ആരോ പറഞ്ഞ് അവൾ അറിഞ്ഞു ശുചിത്വം ഇല്ലായ്മയിൽ നിന്നാണ് ഇതുപോലെയുള്ള രോഗങ്ങൾ ഉണ്ടാകുന്നത്. ഇപ്പോൾ മീനുവിന്റെ ചിന്തകളിൽ തന്റെ മുത്തശ്ശിയെ തന്നിൽനിന്നും എന്നെന്നേക്കുമായി അകറ്റിയ ഒരു രോഗം ആണ് കൊറോണ.

**സുൽത്താന ഫാത്തിമ**
8 ബി, എ.എം.എം. ഹയർസെക്കണ്ടറി സ്കൂൾ ഇടയാറൻമുള
ആറന്മുള ഉപജില്ല, പത്തനംതിട്ട



# ഉമ്മ എന്ന മഹത്ത്വം

നേരം ഇന്നും പതിവുപോലെ വൈകി. ഇന്നും മലയാളം ടീച്ചർ ഇട്ടു പൊരിക്കും. പടച്ചോനേ... എന്നാ ഈ ഒരു പത്താം ക്ലാസ് കഴിയുക? അലിയും സുഹ്‌റയും ഒക്കെ എത്തിയിട്ടുണ്ടാകും. എന്റെ റബ്ബേ... ടീച്ചർ ഇന്ന് എന്നെ വഴക്കുപറയല്ലേ. ഹാവൂ... എത്തിപ്പെട്ടു. ടീച്ചർ എത്തിയിട്ടില്ല. ഞാൻ ക്ലാസ്സിൽ കയറി, പുസ്തകം തുറന്നുവെച്ചിരുന്നു. അപ്പോഴാണ് അലിയുടെ ഒരു പതിവ് ചോദ്യം: "എന്താ ആയിഷാ ഇന്ന് വൈകിയേ?" "ഇന്ന് ഉമ്മ ചോറ്റുപാത്രം ആക്കാൻ വൈകിയതാ. ഉമ്മയെ ചീത്ത പറഞ്ഞു. അങ്ങനെ നേരം വൈകി." ഞാൻ അപ്പോൾ തന്നെ മറുപടി കൊടുത്തു. അപ്പോഴേക്കും ടീച്ചർ എത്തി. മലയാളം സ്പെഷ്യൽ ക്ലാസ്സ് ആയതുകൊണ്ട് പെട്ടെന്ന് പുസ്തകം എടുക്കാൻ പറഞ്ഞു.

'അമ്മ' എന്നൊരു കവിത എടുക്കാൻ പറഞ്ഞു. ഞങ്ങൾ എല്ലാവരും ആ പാഠഭാഗം തുറന്നുവച്ചിരുന്നു. ആദ്യം ടീച്ചർ കവിയെക്കുറിച്ച് പറഞ്ഞു. അതിനുശേഷം കവിത എടുക്കാൻ തുടങ്ങി. കവിതയിൽ ഓരോവരിയും അമ്മയുടെ സവിശേഷത നിറഞ്ഞതായിരുന്നു. ഇന്ന് ഉമ്മയുമായി വഴക്കിട്ടത് കൊണ്ട് അമ്മയുടെ മഹത്ത്വം അറിഞ്ഞപ്പോൾ ആദ്യം കരച്ചിൽ വന്നു. ഉമ്മയുടെ താരാട്ട് പാട്ടും, അപകടസാഹചര്യത്തിൽ നിന്നുള്ള സുരക്ഷയും ഒന്നും ഉമ്മയോളം വരില്ല. മറ്റാരുടെയും. രാവിലെ ചോറ്റുപാത്രം ആക്കിതരുന്നതും ഇഷ്ടഭക്ഷണങ്ങൾ വിളമ്പിതരുന്നതും അസുഖം വരുമ്പോഴുള്ള ഉമ്മയുടെ നെഞ്ചിടിപ്പും വളരെ രീതിയിൽ കവി കുറിച്ചിട്ടുണ്ട് . ടീച്ചർ കവിത വായിച്ച് തീർന്നപ്പോഴേക്കും എന്റെ കണ്ണിൽനിന്നും കണ്ണുനീർ വന്നുതുടങ്ങിയിരുന്നു.അപ്പോൾതന്നെ ഒരു കാര്യം തീരുമാനിച്ചു. ഇനി ഒരു കാര്യത്തിലും ഉമ്മയുമായി വഴക്ക് കൂടില്ല. മാത്രമല്ല, ഇന്ന് തന്നെ ചെന്ന് മാപ്പ് പറയണമെന്നും തീരുമാനിച്ചു. ഉള്ളിലൊരു വിങ്ങൽ നീറിനീറി കത്തുകയായിരുന്നു. ഒന്ന് സ്കൂൾ വിട്ടെങ്കിൽ വീട്ടിൽ എത്താമായിരുന്നു. വീട്ടിൽ എത്തി ഉമ്മയോട് മാപ്പ് പറഞ്ഞപ്പോൾ ആദ്യം ഉമ്മയുടെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നു. ഒപ്പം കണ്ണുനീരും. ഉമ്മയ്ക്ക് ഞാൻ മാപ്പ് പറഞ്ഞതിലുള്ള ആനന്ദക്കണ്ണീരാണ്. അത് കണ്ടപ്പോൾ പാവം ഉമ്മയെ ഞാൻ വാരിപ്പുണർന്നു. എന്നിട്ട് നെറ്റിയിൽ ഒരു ഉമ്മ കൊടുത്തു. എന്നിട്ട് "എന്റെ നല്ല ഉമ്മയാണ് . ഞാൻ ഇനി ഒരിക്കലും ഇങ്ങനെ ആവർത്തിക്കില്ല." എന്ന് പറഞ്ഞു ഞാൻ കണ്ണ് തുടച്ചു. അതിനുശേഷമാണ് ഞാൻ ആഹാരം കഴിച്ചത്. പിറ്റേദിവസം രാവിലെ നേരത്തെ എണീറ്റ് പത്രം എടുത്ത് വായിച്ചു.

പത്രത്തിന്റെ ആദ്യ ഭാഗം കണ്ട് ഞാൻ ഞെട്ടിപ്പോയി. കാമുകനുമായുള്ള സുഖജീവിതത്തിനുവേണ്ടി ശരണ്യ തന്റെ സ്വന്തം കുഞ്ഞിനെ കടൽ ഭിത്തിയിലേക്ക് എറിഞ്ഞുകൊന്നു. നൊന്ത് പ്രസവിച്ച ഏതൊരമ്മയ്ക്കാണ് ഇതിന് കഴിയുക. അതും ഒന്നിലേറെ പ്രാവശ്യം കുട്ടിയെ പാറമടയിലേക്ക് എറിഞ്ഞു എന്നാണ് പത്രത്തിൽ കണ്ടത്. കണ്ണൂരിലെ ഞെട്ടിപ്പിക്കുന്ന ന്യൂസ് ആയിരുന്നു അത്. ഇത് കാണുന്ന ഒരമ്മയും അവളെ വെറുതെ വിടില്ല. ശരീരത്തിൽനിന്നും കുഞ്ഞ് വാവിട്ട് കരഞ്ഞിരുന്നത് അമ്മേ... അമ്മേ... എന്ന് പറഞ്ഞ് ആയിരുന്നു. അത് കേട്ടിട്ടും അവൾ അങ്ങനെ ചെയ്തു. അപ്പോൾ ഞാൻ ഒന്ന് മനസ്സിലാക്കി. ഇവൾക്കൊന്നും ''അമ്മ'' എന്ന വാക്ക് ഉച്ചരിക്കാനുള്ള അർഹത പോലുമില്ല. അവളെപോലൊരു അമ്മയെ ഇനി ലോകം വളർത്തിയെടുക്കരുത്. എന്റെ പോലൊത്തൊരുമ്മയെ കിട്ടാൻ ഞാൻ ഭാഗ്യം ചെയ്യണം. "ന്റെമ്മോ" പത്രം വായിച്ചു സമയം പോയതറിഞ്ഞില്ല. പെട്ടെന്ന് എണീറ്റ് കുളിയും ഒരുങ്ങലും കഴിഞ്ഞ് ഊൺ മേശക്കടുത്തെത്തിയപ്പോഴതാ! ഉമ്മ ചോർ പാത്രമെല്ലാം ഒരുക്കിവെച്ചിരിക്കുന്നു. അത് കണ്ടപ്പോഴേക്കും എന്റെ കണ്ണ് നിറഞ്ഞു പോയി. ഉമ്മയെ കെട്ടിപ്പിടിച്ചു. വാരിപ്പുണർന്ന ഉമ്മാക്ക് അപ്പോഴേക്കും കണ്ണുകൾ നിറയുന്നുണ്ടായിരുന്നു. "പോയി വരട്ടെ ഉമ്മാ." അവൾ സലാം പറഞ്ഞ് ഇറങ്ങിയപ്പോൾ ഉമ്മ വീണ്ടും: "മോളേ വണ്ടിയിൽ കയറുമ്പോൾ സൂക്ഷിച്ച് കയറണം. എപ്പോഴും സൂക്ഷിക്കണം ട്ടോ. പുസ്തകവും ഇന്നലെ ചെയ്ത ചാർട്ട് പേപ്പറും ഒക്കെ എടുത്തില്ലേ?" "ഉം..." എന്ന് മൂളിക്കൊണ്ട് ഞാൻ ഇറങ്ങി. പടച്ചോനേ... എന്റെ ഉമ്മാക്കും ഉപ്പാക്കും നീ ദീർഘായുസ്സ് നൽകി അനുഗ്രഹിക്കണേ... അവരുടെ പ്രാർത്ഥനക്കൊപ്പം എത്തില്ല ഒന്നും. ഇനി എന്റെ ഉമ്മയെ ഞാൻ ഒരിക്കലും വിഷമിപ്പിക്കില്ല. അവൾ മനസ്സിൽ ഉറപ്പിച്ചു. ഇൻഷാ അള്ളാഹ്.

**റാനിയ ബാനു.വി.എം**
ക്ലാസ് 3, എ.എം.എൽ.പി.എസ് എടപ്പുലം
വണ്ടൂർ ഉപജില്ല, മലപ്പുറം



# മനുഷ്യന്റെ ക്രൂരത

ഒരിടത്തൊരു പൂച്ചയും രണ്ട് കുഞ്ഞുങ്ങളുമുണ്ടായിരുന്നു. അവരുടെ ആഹാരം അടുത്തുള്ള ഒരു ഹോട്ടലിൽ നിന്നായിരുന്നു. അവർക്ക് എന്നും അവിടെനിന്ന് ആഹാരം കിട്ടുമായിരുന്നു. പെട്ടെന്നൊരു ദിവസം ഹോട്ടലുകളും കടകളും അടയ്ക്കേണ്ട ഒരു സാഹചര്യം ഉണ്ടായി. അങ്ങനെ അവർക്ക് ആഹാരം കിട്ടാതെയായി. ദിവസങ്ങളും ആഴ്ചകളും കടന്നുപോയി. ദിവസങ്ങൾ കഴിഞ്ഞു പോകുന്തോറും വിശപ്പടക്കാൻ കഴിയാതെയായി. കുഞ്ഞുങ്ങളുടെ കാര്യം ഓർത്തപ്പോൾ അമ്മപ്പൂച്ചയ്ക്ക് വിഷമം തോന്നി. അങ്ങനെ കുഞ്ഞുങ്ങളെ തനിച്ചാക്കി അമ്മപ്പൂച്ച ആഹാരം തേടിയിറങ്ങി. കുറെദൂരം നടന്നപ്പോൾ അകലെ മാലിന്യങ്ങൾ ചിന്നിച്ചിതറി കിടക്കുന്നത് അമ്മപ്പൂച്ചയുടെ ശ്രദ്ധയിൽപ്പെട്ടു. അത് കണ്ടപ്പോൾ അമ്മപ്പൂച്ചയ്ക്ക് സന്തോഷം അടക്കാൻ കഴിഞ്ഞില്ല. സന്തോഷംകൊണ്ട് അമ്മപ്പൂച്ച അതിനരികിലേക്ക് നടക്കാൻ തുടങ്ങി. അതിനരികിലെത്തിയപ്പോൾ പ്ലാസ്റ്റിക് കുപ്പികളും ആഹാരവസ്തുക്കളും മറ്റുസാധനങ്ങളും ചിന്നിച്ചിതറി പലയിടങ്ങളിലായി കിടക്കുന്നു. അതിന് അരികിലായി ചപ്പുചവറുകൾ പുകയുന്നുണ്ടായിരുന്നു. വിശപ്പടക്കാൻ കഴിയാത്തതുകൊണ്ട് വേറെ ഒന്നും അമ്മ പ്പൂച്ചയുടെ ശ്രദ്ധയിൽപ്പെട്ടില്ലയിരുന്നു. ആഹാരവസ്തുക്കൾ കഴിച്ചുകൊണ്ടിരിക്കെ പുകഞ്ഞുകൊണ്ടിരുന്ന ചപ്പുചവറുകൾ പെട്ടെന്ന് ആളിക്കത്താൻ തുടങ്ങി. അതിൽനിന്ന് എന്തോ ഒരു വസ്തു പൊട്ടിത്തെറിച്ച് അമ്മപ്പൂച്ചയുടെ രണ്ടു കണ്ണുകളിലും തറച്ചുകയറി. അമ്മപ്പൂച്ച വേദനകൊണ്ട് നിലവിളിക്കാൻ തുടങ്ങി. അമ്മപ്പൂച്ചയുടെ രണ്ടു കണ്ണുകളിലെ കാഴ്ച നഷ്ടപ്പെട്ടു. അമ്മപൂച്ചയ്ക്ക് ഭക്ഷണം കഴിയ്ക്കാനോ കുഞ്ഞുങ്ങൾക്ക് കൊണ്ടുകൊടുക്കാനോ കഴിയാത്ത അവസ്ഥയായി. കുഞ്ഞുങ്ങൾക്ക് ആഹാരം കിട്ടാതെ വിശന്നുവലഞ്ഞു മരിക്കുകയായിരുന്നു. വളരെ വിഷമത്തോടെ അമ്മപ്പൂച്ച പറഞ്ഞു. മനുഷ്യന്റെ ദുഷ്പ്രവൃത്തി കാരണമാണ് എനിക്കും എന്റെ കുഞ്ഞുങ്ങൾക്കും ഈ അവസ്ഥയുണ്ടായത്. ആഹാരവസ്തുക്കളും പ്ലാസ്റ്റിക്കുകളും വലിച്ചെറിഞ്ഞില്ലായിരുന്നുവെങ്കിൽ എനിക്കും എന്റെ കുഞ്ഞുങ്ങൾക്കും ഈ അവസ്ഥ ഉണ്ടാകില്ലായിരുന്നു. എനിക്കിപ്പോൾ സംഭവിച്ചതുപോലെ മനുഷ്യർക്ക് ഈ അവസ്ഥ ഉണ്ടാകാതിരിക്കട്ടെ.

“മാലിന്യങ്ങൾ പുറംതള്ളാതിരിക്കുക.
നാടിനെയും ജീവനേയും സംരക്ഷിക്കുക.”

**രേവതി. ആർ**
7എ, എ.എം.യു.പി.എസ്, അയിരൂർ
വർക്കല ഉപജില്ല, തിരുവനന്തപുരം

# നിറകണ്ണുകളുമായി

മധുരപലഹാരങ്ങളുമായി ദിവസവും എത്താറുള്ള അച്ഛനെ കാണാൻ ആ കുഞ്ഞുങ്ങൾ കാത്തിരിക്കുന്നു. അച്ഛൻ വന്നാൽ ചക്കര ഉമ്മ നൽകി, കെട്ടിപിടിച്ചുറങ്ങാൻ അവർ വഴിക്കണ്ണുകളുമായി കാത്തിരിക്കുന്നു. അപ്പോൾ അമ്മ പറഞ്ഞു, അച്ഛന് തിരക്കുള്ള ജോലിയല്ലേ. നമ്മുടെ നാട്ടിൽ കൊറോണ വന്ന രോഗികളെ ചികിത്സിക്കുന്ന ഡോക്ടറല്ലേ നിങ്ങളുടെ അച്ഛൻ. അമ്മ കുഞ്ഞുങ്ങളെ സാന്ത്വനപ്പെടുത്തി. പിറ്റേന്ന് അച്ഛൻ വന്നതറിഞ്ഞ് കുഞ്ഞുങ്ങൾ ഓടിയെത്തി. പക്ഷേ അച്ഛൻ ഗേറ്റിനുപുറത്ത് നിൽക്കുകയായിരുന്നു. എന്താ അമ്മേ അച്ഛൻ വരാതിരിക്കുന്നത്? ഗേറ്റിന് വെളിയിൽ നിൽക്കുകയാണല്ലോ. കുഞ്ഞുങ്ങൾ കരഞ്ഞുകൊണ്ട് അമ്മയോട് തിരക്കി. ആ കുഞ്ഞുമനസ്സുകൾ സങ്കടംകൊണ്ട് നിറഞ്ഞു. തന്റെ പൊന്നുമക്കളെ ഒന്ന് തൊടാനോ ഉമ്മ വെക്കാനോ കഴിയാതെ ആ ഡോക്ടർ ഗേറ്റിനു വെളിയിൽനിന്ന് പൊട്ടിക്കരയുകയായിരുന്നു. തന്റെ കൃത്യനിർവഹണത്തിനിടയിൽ താനൊരു കൊറോണരോഗിയായ സത്യം ഡോക്ടർ മനസ്സിലാക്കിയിരുന്നു. എത്രയും വേഗം രോഗം മാറുമെന്ന പ്രതീക്ഷയിൽ ഗർഭിണിയായ ഭാര്യയോടും കുഞ്ഞുങ്ങളോടും യാത്ര പറഞ്ഞ് ഡോക്ടർ ഇറങ്ങി. ജനിക്കാൻ പോകുന്ന കുഞ്ഞിനെ കാണാനുള്ള മോഹം ആ മുഖത്ത് ഉണ്ടായിരു ന്നു. പക്ഷേ ആ മോഹം സഫലമാവും മുൻപ് ഡോക്ടറുടെ ജീവൻ കൊറോണ എന്ന മഹാമാരി കവർന്നെടുത്തു. ആ സത്യം മനസ്സിലാക്കിയ സങ്കടക്കടലിൽ ആ അമ്മയും കുഞ്ഞുങ്ങളും ഇന്നും ജീവിക്കുന്നു. മനുഷ്യജീവനെ കവർന്നെടുക്കുന്ന കൊറോണ എന്ന മഹാമാരിയെ തുരത്താൻ നമ്മളെല്ലാവരും ലോക്ഡൗൺ കാലങ്ങളിൽ പുറത്തിറങ്ങാതെയും അകലം പാലിച്ചും നമ്മുടെ ജീവനെയും നാടിനെയും രക്ഷിക്കാൻ നമ്മൾ കരുതലോടെ ഇരിക്കണം.

**അഞ്ജന ജി**
7 ഇ, എ.എസ്.എം.എച്ച്.എസ്. ആലത്തൂർ
ആലത്തൂർ ഉപജില്ല, പാലക്കാട്



# നല്ല നാളേക്കുവേണ്ടി

ഒരു ദിവസം ചിന്നു അമ്മയോട് അത്ഭുതത്തോടെ ചോദിച്ചു. "അമ്മേ എന്താ അച്ഛൻ ജോലിക്ക് പോകാത്തത്?" അമ്മ ചിന്നുവിനോട് പറഞ്ഞു. "മോളെ അമ്മ ഇന്നലെ പറഞ്ഞില്ലേ! കൊറോണവൈറസിനെപ്പറ്റി". "അതെ, അതുകൊണ്ടല്ലേ ഞങ്ങൾക്ക് സ്കൂൾ ഇല്ലാത്തത്." അപ്പോൾ അമ്മ അവളോട് പറഞ്ഞു.

"അതെ, അതുപോലെ എല്ലാവരോടും നമ്മുടെ സർക്കാർ വീട്ടിൽ ഒതുങ്ങി ഇരിക്കാനും ഇടയ്ക്കിടയ്ക്ക് കൈകൾ സോപ്പിട്ടു കഴുകാനും ആൾക്കൂട്ടം ഒഴിവാക്കാനും ആവശ്യമില്ലാതെ പുറത്തുപോകാതിരിക്കാനും പറഞ്ഞിട്ടുണ്ട്."

"എന്തിനാണമ്മേ അത്?"

"കൊറോണ എന്ന രോഗം നമ്മുടെ കൊച്ചുകേരളത്തിൽ കൂടുതൽ പേരിൽ വരാതിരിക്കാനാണ് ഈ നിർദ്ദേശം നമ്മോട് പറഞ്ഞിട്ടുള്ളത്."

അപ്പോൾ ചിന്നു സങ്കടത്തോടെ ചോദിച്ചു.

"അമ്മേ വീട്ടിലിരുന്നാൽ മുഷിയില്ലെ? എത്ര ദിവസാ കൂട്ടുകാരോടൊപ്പം കളിക്കാതെ, വിരുന്നുപോകാതെ, ഉല്ലാസയാത്രപോകാതെ ഇങ്ങനെ ഇരിക്കാൻ കഴിയുക?"

"ഓ... അതാണോ കാര്യം!"

അതിനു ചിന്നുവിന് പുസ്തകങ്ങൾ വായിക്കാം, കഥകൾ കേൾക്കാം, ചിത്രം വരയ്ക്കാം, സിനിമകൾ കാണാം. അതിനൊക്കെപ്പറ്റിയ നല്ല സമയമല്ല ഇത്. സ്കൂൾ ഉള്ള ദിവസം ഇതിനൊന്നും സമയമില്ല എന്നല്ലേ നീ പരാതി പറയാറുള്ളത്? ഇങ്ങനെ സമയം ചെലവഴിച്ചാൽ വിജ്ഞാനത്തോടൊപ്പം നമുക്ക് ആനന്ദവും ലഭിക്കും.

ചിന്നുവിന് കുറച്ച് ആശ്വാസമായി. അപ്പോഴാണ് അച്ഛൻ റേഷൻ കടയിൽനിന്ന് അരിയുമായി എത്തിയത്. കൈയിലുള്ള ലഘുലേഖ കാണിച്ച് അവൾക്ക് അതിലെ ചില നിർദ്ദേശങ്ങൾ കൂടി വായിച്ചുകേൾപ്പിച്ചുകൊടുത്തു. ഇടയ്ക്കിടെ കൈകൾ സോപ്പിട്ടു കഴുകണം. ആവശ്യമില്ലാതെ കൈകൾ മുഖത്തേക്കും വായിലേക്കും മൂക്കിലേക്കും കൊണ്ടുപോകരുത്. പുറത്തിറങ്ങുമ്പോൾ മാസ്ക് ധരിക്കുക. ആളുകളിൽനിന്ന് പരമാവധി അകലം പാലിക്കുക. തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും തൂവാല കൊണ്ടോ കൈമടക്കുകൊണ്ടോ വായും മൂക്കും പൊത്തിപ്പിടിക്കുക. ഇത്രയും കാര്യങ്ങൾ ശ്രദ്ധിച്ചാൽ നമുക്ക് കൊറോണ തടയാൻ ഒരു പരിധിവരെ കഴിയും. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട എന്ന് മോൾ ക്ലാസിൽ പഠിച്ചിട്ടില്ലേ? അതുകൊണ്ട് നമുക്ക് കരുതലോടെ ഇരിക്കാം. തുരത്താം ഈ മഹാമാരിയെ. ഒഴിവുസമയം വിജ്ഞാനത്തിനായി വിനിയോഗിക്കാം. അച്ഛന്റെ വാക്കുകൾ കേട്ടപ്പോൾ അവൾക്ക് വളരെ സന്തോഷമായി. ഒപ്പം കൊറോണ എന്ന രോഗാണുവിന്റെ ശക്തിയും... അതിന്റെ ഭീകരതയും.

**അൻഷിഫ്. സി**
2 എ, എ.എൽ.പി.എസ് മുണ്ടക്കുന്ന്
മണ്ണാർക്കാട് ഉപജില്ല, പാലക്കാട്

# നെല്ലി മരം

അച്ചുവിന്റ വീടിന്റെ മുറ്റത്ത് വലിയ ഒരു നെല്ലി മരം നിൽക്കുന്നുണ്ട്. നെല്ലി മരം തണലും ധാരാളം നെല്ലിക്കയും നൽകിവന്നു. നെല്ലിമരത്തിന്റെ അരികികലായി ധാരാളം ശുദ്ധജലം നൽകുന്ന ഒരു കിണറുമുണ്ടായയുരിന്നു. എത്ര വേനലാണെങ്കിലും കിണറിൽ വെള്ളമുണ്ടായിരുന്നു. അവിടെ അവർ വീട് പുതുക്കി പണിയാൻ തീരുമാനിച്ചു. നെല്ലി മരം മുറിച്ചു. മുറ്റത്ത് ഇനി മുതൽ ഇല വീഴില്ലല്ലോ എന്നവർ ആശ്വസിച്ചു. മുത്തശ്ശി മാത്രം സങ്കടപ്പെട്ടു. മരം മുറിക്കേണ്ടായിരുന്നു എന്ന് മുത്തശ്ശി പറഞ്ഞുകൊണ്ടേയിരുന്നു. ആരും അത് ഗൗനിച്ചില്ല. ഒരു വർഷം കഴിഞ്ഞു. വേനൽവരെ എന്തുകൊണ്ടോ കിണറ്റിൽ വെള്ളമുണ്ടായികുന്നു. പിന്നീട് കിണറിലെ വള്ളം വറ്റിത്തുടങ്ങി. വെള്ളത്തിനായി അവർ കഷ്ടപ്പെട്ടു. മരംമുറിച്ചതാണ് കാരണമെന്ന് അവർക്ക് മനസ്സിലായി. നെല്ലിമരത്തിന്റെ വേരുകൾ ആഴത്തിൽ ഇറങ്ങി വെള്ളത്തെ പിടിച്ച് നിർത്തിയിരുന്നു. തങ്ങളുടെ തെറ്റ് അവർക്ക് ബോധ്യമായി. വീടിനുചുറ്റും മരങ്ങൾ നടുവാൻ അവർ തീരുമാനിച്ചു. മരം വരമാണ് എന്ന തിരിച്ചറിവുണ്ടാകാൻ വൈകിപ്പോയി എന്ന് അച്ഛൻ പറഞ്ഞു. എല്ലാവരും ചേർന്ന് മരങ്ങൾ നട്ടു. മുത്തശ്ശിക്ക് സന്തോഷമായി.

**സെയ്ദ് മുഹമ്മദ് നാഫിഹ്**
4 എ, എ.ഡി.എൽ.പി.എസ് കൊരഞ്ഞിയൂർ
ചാവക്കാട് ഉപജില്ല, തൃശ്ശൂർ



# പ്രകൃതിരമണീയം

പ്രഭാതം, സൂര്യൻ പുഞ്ചിരിച്ചുകൊണ്ട് ഉയർന്നുവരുന്നു. പ്രഭാതകാര്യങ്ങൾ ചെയ്ത്, കളിക്കാൻ പോകുമ്പോൾ എന്റെ വീടിന്റെ വേലിക്കൽ നട്ട ചെടിയിൽ റോസാപ്പൂ ഉണ്ടായോ എന്ന് ഞാൻ നോക്കി. ഇന്ന് ഞാൻ ആ ചെടിയിൽ ഒരു പൂമൊട്ട് കണ്ടു. ഞാൻ പറഞ്ഞു നിന്റെ കുഞ്ഞിനെ കാണാൻ എത്ര ദിവസമായി കാത്തിരിക്കുന്നു. നീ പറയൂ നിന്റെ പൂവിന്റെയടുത്ത് വേഗം മന്ദഹാസത്തോടെ നിവർന്നുനിൽക്കാൻ. നിന്റെ കുഞ്ഞ് വിരിഞ്ഞാലേ എനിക്ക് നിന്റെ മനോഹരമായ പൂവ് പറിച്ച് എന്റെ കേശഭാരത്തിൽ വയ്ക്കാൻ സാധിക്കൂ. നീ എന്റെ കേശഭാരത്തിൽ രാജ്ഞിയെ പ്പോലെ ഇരിക്കുന്നത് കാണാൻ എത്ര മനോഹരമാണെന്ന് അറിയോ. നീ വേഗം വിരിയണം എന്ന് പറഞ്ഞ് ഞാൻ ലാളിത്യത്തോടെ ഒരു ഉമ്മ കൊടുത്തു. ഇതെല്ലാം കഴിഞ്ഞ് കളിക്കാൻ ഞാനൊരുങ്ങി.

എന്റെ വീട് കഴിഞ്ഞാൽ ഒരു മുത്തച്ഛൻ താമസിക്കുന്നുണ്ട്. പരിസരത്തെ കുട്ടികളിൽ ചിലർ മുത്തച്ഛന്റെ ചുറ്റും ഇരിക്കുന്നുണ്ട്. കുറച്ചുപേർ ഓടിക്കളിക്കുന്നു. ഞാനും മുത്തച്ഛനരികിൽ ഇരുന്നു. മുത്തച്ഛൻ ചോദിച്ചു ഇന്നത്തെ ദിവസത്തിന്റെ പ്രത്യേകത എന്താണ്? “പരിസ്ഥിതിദിനം”. നമ്മൾ സ്വന്തം വീടിനുചുറ്റും വൃത്തിയാക്കണം മണ്ണിൽ ലയിക്കാത്ത സാധനങ്ങൾ മാറ്റിവയ്ക്കണം. അങ്ങനെ നിറയെ അറിവുകൾ പകർന്നുതന്നു. ഞാൻ അതെല്ലാം ചെയ്യുമെന്ന് മനസ്സിൽ തീരുമാനിച്ചു. ആ മുത്തച്ഛനെ കാണാൻ നല്ല രസമാണ്. വട്ടക്കണ്ണടയും നീളൻ മുഖവും കഷണ്ടിത്തലയും മെലിഞ്ഞ ശരീരവും വെളുത്ത മുണ്ടും. മുണ്ടിനു മുകളിൽ വെളുത്ത തോർത്ത് വെച്ച് പുതച്ചിരിക്കുന്നു. ഓടിട്ട വീടാണ്, വീടിന്റെ തിണ്ണയിൽ ആണ് മുത്തച്ഛന്റെ ഇരിപ്പ്. ഞാൻ മുത്തച്ഛൻ പറഞ്ഞതെല്ലാം ചെയ്തു. എന്റെ അമ്മയ്ക്ക് അതിശയമായി. അമ്മ ചോദിച്ചു “അമ്മു എന്തുപറ്റി?” ഞാൻ മുത്തച്ഛൻ പറഞ്ഞ കാര്യങ്ങൾ എല്ലാം അമ്മയോട് പറഞ്ഞു. പ്രകൃതി ഇല്ലെങ്കിൽ മനുഷ്യൻ ഈ ഭൂമിയിൽ ഉണ്ടാവില്ല.

**അമൃത സുരേന്ദ്രൻ**
7 എ, എം.ജി.എം.ഗവ. ഹയർസെക്കണ്ടറി സ്കൂൾ, നായത്തോട്
അങ്കമാലി ഉപജില്ല, എറണാകുളം

# പ്രവാസി

ഓരോവീട്ടുമുറ്റത്തും പത്രമെത്തിച്ച് ജീവിതത്തിന്റെ രണ്ടറ്റത്തെയും കൂട്ടിമുട്ടിക്കാൻ ശ്രമിക്കുകയായിരുന്നു ഇശാൻ. അന്നന്നത്തേക്കുള്ളത് എങ്ങനെയെങ്കിലും ഒപ്പിച്ച് കഴിഞ്ഞുപോവുന്ന കടുംബം. ദിവസവും കുതിച്ചുയരുന്ന ചിലവുകൾക്ക് മുന്നിൽ അവന്റെ വരുമാനം പര്യാപ്തമല്ലായിരുന്നു. ഒരു മെച്ചപ്പെട്ട ജോലിയും ശമ്പളവും കിട്ടിയാലെ ആരെയും ആശ്രയിക്കാതെ ജീവിതത്തിന്റെ കരുക്കൾ നീക്കാൻ കഴിയൂ എന്ന് ഇശാൻ തിരിച്ചറിയുന്നതോടെ അവൻ മനസ്സിൽ മന്ത്രിച്ചു, "നല്ല ജോലി അതാണെന്റെ ലക്ഷ്യം." അങ്ങനെ അവൻ കണ്ടെത്തിയ ഒരു ഉപാധി മാത്രമായിരുന്നു ആ നാടുവിടൽ. അവൻ വായിച്ചുതീർത്ത പുസ്തകത്താളുകളിലെ പ്രവാസജീവിതങ്ങൾ അവനെ ആശങ്കപ്പെടുത്തുന്നുണ്ടെങ്കിലും മുന്നിൽ അതല്ലാതെ മറ്റൊരുവഴിയും അവൻ കണ്ടില്ല. ഒരു പുതുവർഷം, മനം നിറയെ മധുരസ്വപ്നങ്ങളുമായി "അടുത്തവർഷം കാണാം" എന്ന ഉറപ്പിൽ പറന്നുയരുമ്പോഴും ഒന്നേ അവന്റെയുള്ളിലുണ്ടായിരുന്നുള്ളു "ദാരിദ്ര്യത്തിൽ നിന്നൊരു മോചനം". അറബിയുടെ കൈയും കാലും പിടിച്ച് നേടിയ ആ ജോലി കൊണ്ട് ഇശാൻ അവന്റെ ലക്ഷ്യം സാഫല്യത്തിൽ വരുത്തിക്കൊണ്ടിരുന്നു. കുടുംബത്തിന്റെ സന്തോഷം അത് മാത്രമായിരുന്നു അവന്റെയും സന്തോഷം. അങ്ങനെയിരിക്കയാണ് ലോകം മുഴുവൻ ഒരു ഞൊണുങ്ങുവൈറസിന് മുന്നിൽ മുട്ട് കുത്തുന്നത്. കാട്ടുമൃഗങ്ങളിൽനിന്ന് പകർന്നതെന്ന് കരുതുന്ന ആ കുഞ്ഞൻ വൈറസ് ചൈനയിൽ നിന്ന് യാത്രയാരംഭിച്ച് മനുഷ്യരിലൂടെ അതിശീഘ്രം ലോകം ചുറ്റി. വൈറസ്ഭീതിയിൽ പേടിച്ച രണ്ട് മനുഷ്യകുലമൊന്നാകെ ഉൾവലിഞ്ഞപ്പോൾ മഴ പെയ്തൊഴിഞ്ഞപോലെ ഒരു മൂകമായ അന്തരീക്ഷം ലോകമെങ്ങും തളം കെട്ടിനിന്നു. ലോകം അവനെ കോവിഡ് 19 എന്ന് ഓമനപേരിട്ട് വിളിക്കുമ്പോഴും എത്രമാത്രം ആഘാതമാണിവൻ സൃഷ്ടിക്കുക യെന്നത് ഇശാന്റെ ചിന്തക്കപ്പുറമുള്ള കാര്യമായിരുന്നു. രൂപത്തിൽ മാത്രം കുഞ്ഞനായ അവനെ തുരത്താൻ ലോക്ഡൗണും പ്രഖ്യാപിച്ചതോടെ ലേബർക്യാമ്പിൽ ഇശാന്റെ ജീവിതം ലോക്കായി. സാമൂഹിക അകലം പാലിക്കാൻ പറയുമ്പോൾ അവൻ ചിന്തിച്ചു "ഈ കുടുസ്സ് മുറിയിൽ എന്ത് സാമൂഹിക അകലം?" "ഒരു തടവറപോലെ



അല്ല അതിനേക്കാളും കഷ്ടം!" അവൻ പിറുപിറുത്തു. നാട്ടിലുള്ളവർ ആരോഗ്യം സംരക്ഷിക്കാനായി ചെയ്യുന്നതിനേക്കുറിച്ചോർത്തപ്പോൾ അവൻ അവനേക്കുറിച്ചോർത്ത് ചിരിച്ചു. കൈകഴുകൽ, സാമൂഹിക അകലം. എങ്ങനെയെങ്കിലും അവിടെനിന്ന് രക്ഷപ്പെടണമെന്നോർത്തു, പക്ഷേ എങ്ങനെ പോകും? വൈറസ്ഭീതിയിൽ സർവീസ് നിർത്തിയ വിമാനങ്ങൾ അവന്റെ പ്രതീക്ഷകൾക്ക് മുന്നിൽ വിലങ്ങുതടിയായി ക്കിടന്നു. അടുത്തദിവസം നേരം തെറ്റിയുണർന്ന അവൻ തനിക്ക് എന്തൊക്കെയോ അസ്വസ്ഥതകൾ അനുഭവപ്പെടുന്നത് തിരിച്ചറിഞ്ഞു. ഒന്നും പറഞ്ഞറിയിക്കാൻ അവന് കഴിഞ്ഞില്ല. അവൻ തളർന്നുവീണു. ആശുപത്രിക്കിടക്കയിലാണെങ്കിലും താനെന്താണിവിടെ എന്ന് തിരിച്ചറിയാനാവാതെ കിടന്ന ഇശാന് മുന്നിൽ ആരോഗ്യ പ്രവർത്തകരെല്ലാം ബഹിരാകാശസഞ്ചാരികളായിരുന്നു. മരുന്നില്ലാത്ത ആ രോഗത്തിന്റെ പിടിയിൽനിന്ന് ഇശാൻ ഊരിപ്പോന്നു കൊണ്ടിരുന്നെങ്കിലും "മൃതശരീരം പോലും നാട്ടിലെത്തില്ല" എന്ന വാർത്തകേട്ടതോടെ ആശുപത്രി ക്കിടക്കയിലിരുന്ന് അവൻ നാട്ടിലേക്ക് കത്തെഴുതി "ഇനിയൊരു കൂടിക്കാഴ്ച്ച സാധ്യമല്ല!" എന്നാലും കത്തിന്റെ അവസാനം അവൻ പ്രതീക്ഷകളോടെ എഴുതി. നാം ഇതിനെയും അതിജീവിക്കും.

**ഫഹ്മിത പി എ**
10 എ, എം.ജി.എം.ഗവ. ഹയർസെക്കണ്ടറി സ്കൂൾ നായത്തോട്
അങ്കമാലി ഉപജില്ല, എറണാകുളം

# മഴയിൽ കുതിർന്ന കടലാസുവള്ളങ്ങൾ

കർക്കിടക മാസത്തിലെ കറുത്തിരുണ്ട മേഘങ്ങളാൽ മൂടിക്കെട്ടിയ ഒരു പ്രഭാതം. തന്റെ ക്ഷീണിതയായ അനുജത്തിക്കായി ഉണ്ടാക്കിയ കടലാസുവഞ്ചികൾ മഴ വെള്ളത്തിൽ കുതിർന്നുകിടക്കുന്നു. തന്റെ അനുജത്തിയായ ചക്കിയെ അസുഖം മൂലം ആശുപത്രിയിൽ കൊണ്ടുപോയത് കാരണം വീട്ടിൽ ഞാൻ തനിച്ചായിരുന്നു. ഏകാന്തത എന്നെ വളരെയധികം അലട്ടിയിരുന്നു. ഇപ്പോഴും മഴ ഒരു രാക്ഷസനെ പ്പോലെ ആർത്തുവിളിച്ചു പെയ്യുകയാണ്. ഏകാന്ത നിമിഷത്തിൽനിന്ന് പുറത്തുകടക്കാനായി അമ്മായിയുടെ വീട്ടിലേക്ക് നടന്നു. അവിടെ അമ്മായിയുടെ മക്കളുമായി കളിക്കാൻ തുടങ്ങി. അപ്പോഴും എന്റെ മനസ്സിൽ അനുജത്തിയെ പ്പറ്റിയുള്ള വേവലാതി ഉണ്ടായിരുന്നു. കർക്കടകമാസത്തിലെ കാർമേഘങ്ങൾ ആകാശത്ത് കറുത്തിരുണ്ടുകിടക്കുന്നു. ഞങ്ങൾ തിരിച്ചു വീട്ടിലേക്ക് മടങ്ങി. വീട് ഇപ്പോൾ ശാന്തമായിരുന്നു. നിലവിളി ഒച്ചകളൊന്നുമില്ല. ചക്കി ഉണർന്നു കാണും. അവൾക്ക് മിഠായി കൊടുക്കണം എന്ന ചിന്തയോടെ അവൻ അകത്തേക്ക് നടന്നു. പക്ഷേ ഇപ്പോഴും അവൾ പായിൽ നിന്ന് ഉണർന്നിട്ടില്ല. അവൾ ഉണർന്നെങ്കിൽ താൻ ഉണ്ടാക്കിയ കടലാസ് വള്ളങ്ങൾ അവൾക്ക് കൊടുക്കാമായിരുന്നു. ചക്കിക്ക് കടലാസ് വള്ളങ്ങൾ വളരെയേറെ ഇഷ്ടമാണ്. കാറ്റിന്റെ ഗതിക്കനുസരിച്ച് വള്ളങ്ങൾ നീങ്ങുന്നന്നത് കാണുമ്പോൾ അവൾ ആഹ്ലാദം കൊണ്ട് തുള്ളിച്ചാടും. അച്ഛൻ മഴവെള്ളത്തിൽ നോക്കിയിരിക്കുകയാണ്. ദുഃഖം വരുമ്പോൾ അച്ഛൻ തനിച്ചിരിക്കും. അമ്മ ചക്കിയുടെ അടുത്തുതന്നെ കിടക്കുന്നു. പെട്ടെന്ന് ഒരു നിലവിളി കേട്ട് ഞാൻ ഞെട്ടി നോക്കി . അച്ഛൻ അമ്മയെ കെട്ടിപ്പിടിച്ച് കരയുകയാണ്. ചക്കി സാധാരണ ഉറങ്ങുന്നപോലെ ഉറങ്ങുന്നു. പക്ഷേ ചെറിയ ശബ്ദങ്ങൾ കേട്ട് ഞെട്ടിയുണരുന്ന ചക്കി ഇന്ന് ഉണരാത്തത് എന്നെ അത്ഭുതപ്പെടുത്തി. മഴ അപ്പോഴും ചെയ്യുന്നുണ്ടായിരുന്നു. വീട്ടിൽനിന്ന് എന്നെയും കൂട്ടി ചെറിയച്ഛൻ പീടികയിലേക്ക് നടന്നു. എന്താണ് എല്ലാവരും കരയുന്നത് എന്ന് ഞാൻ ചെറിയച്ഛനോട് ചോദിച്ചു. എന്റെ ചോദ്യത്തിന് ചെറിയച്ഛൻ ഒന്നും പറഞ്ഞില്ല. എന്തോ ആലോചനയിലായിരുന്നു ചെറിയച്ഛൻ. കുറച്ചുകഴിഞ്ഞ് വളരെ ശാന്തമായി എന്നോട് പറഞ്ഞു ഇനി ഒരിക്കലും ചക്കി തിരിച്ചുവരില്ലെന്ന്, എനിക്ക് ഒന്നും മനസ്സിലായില്ല. എന്തുകൊണ്ട്



തിരിച്ചുവരില്ല? അവൾ ഉറങ്ങുകയല്ലേ? ചെറിയച്ഛൻ ചിലപ്പോഴൊക്കെ ഇങ്ങനെ പറഞ്ഞുപറ്റിക്കാറുണ്ട്. അവസാനം സത്യം ചെയ്യാൻ പറയുമ്പോൾ കള്ളം പുറത്തുവരും. പക്ഷേ ഇപ്പോൾ ഞാൻ കൈയിൽ തൊട്ടു സത്യം ചെയ്യാൻ പറഞ്ഞില്ല. ഞങ്ങൾ പീടികയുടെ മുന്നിലെത്തി. ചെറിയച്ഛൻ എന്തുവേണമെന്ന് ചോദിച്ചു. ഞാൻ നാരങ്ങാമിഠായി ഇരിക്കുന്ന ഭരണിയിൽ തൊട്ടു. പീടികക്കാരൻ മിഠായി എടുത്തു തന്നു. ഞാൻ ഒരെണ്ണം വായിലിട്ടു. ബാക്കിയുള്ളത് കഴിക്കണമെന്നുണ്ടായിരുന്നു. പക്ഷേ, വേണ്ട ചക്കിക്കു കൊടുക്കാൻ ട്രൗസറിന്റെ പോക്കറ്റിലിട്ടു. ചെറിയച്ഛൻ പീടികക്കാരന് പൈസ കൊടുത്തിട്ട് എന്തോ അയാളോട് പതുക്കെ പറഞ്ഞു. ഞങ്ങൾ തിരികെ വീട്ടിലേക്ക് നടന്നു.

വീട്ടിലെത്തിയപ്പോൾ ആശച്ചേച്ചിയും അമ്മയും ചക്കിയുടെ അടുത്തുണ്ട്. ചക്കിയെ വെള്ളത്തുണി കൊണ്ട് പുതച്ചിരിക്കുന്നു. അവളുടെ തലയുടെ അടുത്തായി ഒരു വിളക്ക് കത്തിച്ച് വച്ചിട്ടുണ്ട്. അടുത്തേക്ക് പോയാലോ എന്ന് ആലോചിച്ചു നിൽക്കുമ്പോഴാണ് ചക്കിയെ കാണണോ എന്ന് ആശച്ചേച്ചി ചോദിച്ചത്. ഞാൻ തലകുലുക്കി. ഞാൻ ട്രൗസറിൽനിന്ന് മിഠായി എടുത്തു. അപ്പോഴേക്കും വീണ്ടും കൂട്ടനിലവിളി ഉയർന്നു. അമ്മ ചക്കി പോയെന്ന് പറഞ്ഞ് എന്നെ കെട്ടിപ്പിടിച്ച് കരഞ്ഞു. അപ്പോൾ തന്നെ ചെറിയച്ഛൻ എന്നെ വിളിച്ച് പുറത്തേക്ക് പോയി. അപ്പോഴും ചക്കി അവിടെത്തന്നെ കിടക്കുന്നുണ്ടായിരുന്നു. അവൾ ഉണരുമെന്ന പ്രതീക്ഷയോട ഞാൻ കടലാസുവള്ളവും നോക്കിയിരുന്നു.

**ആതിര ആനന്ദ്**
ക്ലാസ് 11, എസ്.കെ.വി.എച്ച്.എസ്.എസ്., നന്ദിയോട്
പാലോട് ഉപജില്ല, തിരുവനന്തപുരം

# വികൃതിയായ കുട്ടി

രാമു മഹാവികൃതിയായ കുട്ടിയായിരുന്നു. അനിയത്തി വീട്ടിൽ നട്ടുവയ്ക്കുന്ന ചെടികളെ പിഴുത് ദൂരെ എറിയുമായിരുന്നു. അമ്മ തല്ലാൻ വിളിച്ചാൽ ഓടി ഒളിക്കും. എന്നും മരങ്ങളിൽ കയറി അതിന്റെ ചില്ലകളെല്ലാം ഒടിച്ചു താഴെ ഇടുന്നതാണ് അവന്റെ പ്രധാന വിനോദം. അങ്ങനെ ഒരു ദിവസം ഒരു വേപ്പിന്റെ മുകളിൽ കയറി അതിന്റെ ചില്ല ഒടിക്കാൻ ശ്രമിച്ചപ്പോൾ ചില്ലയൊടൊപ്പം അവനും താഴെ വീണു. അവൻ പതുക്കെ എഴുന്നേല്ക്കാൻ ശ്രമിച്ചപ്പോൾ ആരോ അവനെ വിളിക്കുന്നതുപോലെ തോന്നി. അവൻ വിളികേട്ട ദിക്കിലേക്ക് നോക്കിയപ്പോൾ അവൻ ഒടിച്ച ചില്ല ആണ് അവനെ വിളിച്ചത്. അവൻ അത്ഭുതത്തോടെ നോക്കി. അവന്റെ നോട്ടത്തിന്റ അർഥം മനസിലാക്കിയ ചില്ല പറഞ്ഞു, ഞങ്ങളെ എന്തിനാ നീ ഉപദ്രവിക്കുന്നത്. ഞങ്ങൾ നിങ്ങൾ മനുഷ്യർക്ക് എന്ത് ദ്രോഹമാണ് ചെയ്തത്. പകരം ഞങ്ങൾ നിങ്ങൾക്ക് ചെയ്യുന്നത് എന്തെല്ലാം പുണ്യങ്ങളാണ്. വെയിലിന്റെ തീക്ഷ്ണത അകറ്റാൻ തണൽ നല്കുന്നു. കഴിക്കാൻ ഫലങ്ങൾ നല്കുന്നു. വീട് നിർമിക്കാൻ ഞങ്ങളുടെ ദേഹം നല്കുന്നു. നിങ്ങൾക്ക് ശ്വസിക്കുന്ന ഓക്സിജൻ നല്കുന്നത് ഞങ്ങളാണ്. നിങ്ങൾ ഉപയോഗിക്കുന്ന മേശ, കസേര, കട്ടിൽ ഇവയെല്ലാം ഞങ്ങളിൽ നിന്നാണ് ഉണ്ടാക്കുന്നത്. ഞങ്ങൾ ഉള്ളതു കൊണ്ടാണ് മഴ പെയ്യുന്നത്. മണ്ണൊലിപ്പ് തടയുന്നതും ഞങ്ങളാണ്. ഞങ്ങളിൽ നിന്ന് നിങ്ങൾക്ക് വേണ്ടിയുള്ള ഔഷധങ്ങളും ഉണ്ടാക്കുന്നു. ഇത് കേട്ട് താൻ ചെയ്ത തെറ്റ് മനസിലായി. മോനെ എന്നുള്ള വിളി കേട്ട് നോക്കിയപ്പോൾ തന്നെ പിടിച്ചുകുലുക്കുന്ന അമ്മയെയും അനിയത്തിയെയും ആണ് കണ്ടത്. ഉടനെ അനിയത്തിയോട് പറഞ്ഞു. രാധേ ഇനി നമുക്ക് ഒരുമിച്ചു ചെടികൾ നടാം.

**അഭിഷേക് ബി.എസ്**
3 എ, എസ്സ് എ എൽ പി എസ്സ് കുറുംകുട്ടി
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# കുഞ്ചുവിന്റെ വീട്

ഒരിടത്ത് ഒരു വീട്ടിൽ കുഞ്ചൂ എന്ന ഒരു വികൃതിക്കുട്ടി ഉണ്ടായിരുന്നു. അവൻ എന്ത് കിട്ടിയാലും വെളിയിൽ വലിച്ചെറിയും. അമ്മ പറഞ്ഞാലും അവൻ കേൾക്കില്ല. അവനു എന്നും അസുഖമാണ്. അവന് സ്കൂളിൽ പോകാനോ പഠിക്കാനോ കളിക്കാനോ ഒന്നിനും പറ്റില്ല. ഒരുദിവസം അവൻ വീട്ടിന്റെ മുറ്റത്ത് വിഷമിച്ചു ഇരിക്കുകയായിരുന്നു. അപ്പോഴതാ ഒരു ശബ്ദം കാ... കാ... അതാ ഒരു കറുമ്പിക്കാക്ക തന്നെ നോക്കി കളിയാക്കി ചിരിക്കുന്നു. കുഞ്ചുവിന് ദേഷ്യം വന്നു. കുഞ്ചു ചോദിച്ചു എന്തിനാ കറുമ്പിക്കാക്കേ നീ കളിയാക്കി ചിരിക്കൂന്നേ. നിന്റെ വിഷമത്തിന് നീ തന്നെ അല്ലേ കാരണം. അതോർത്തു ചിരിച്ചതാ. നീ വലിച്ചെറിയുന്ന കളിപ്പാട്ടങ്ങളും ചിരട്ടകളും പ്ലാസ്റ്റിക്കുകളും എല്ലാം നിന്റെ വീടിന് ചുറ്റും കിടന്ന്, അതിൽ വെള്ളം കെട്ടികിടന്നു കൊതുകുകൾ മുട്ടയിട്ട് വിരിഞ്ഞു. ആ കൊതുക് കടിച്ചാണ് നിനക്ക് അസുഖം മാറാത്തത്. നീ വലിച്ചെറിയുന്ന എച്ചിലുകൾ ഞങ്ങൾ തിന്ന് വൃത്തിയാക്കുന്നുണ്ട്. ബാക്കിയുള്ളത് നിങ്ങൾ വിചാരിച്ചാലേ വൃത്തിയാക്കാൻ കഴിയുകയുള്ളു. ഇത്രയും പറഞ്ഞു കറുമ്പിക്കാക്ക കുഞ്ചുവിനെയും വിളിച്ചു വീടിന് പരിസരത്തു കൊണ്ടുപോയി. കുഞ്ചു നോക്കിയപ്പോൾ കറുമ്പിക്കാക്ക പറഞ്ഞത് ശരിയാണ്. എല്ലായിടത്തും കൊതുക് മുട്ടയിട്ടു വച്ചിരിക്കുന്നു. കുഞ്ചു അതെല്ലാം നശിപ്പിച്ചുകളഞ്ഞു. പിന്നെ കുഞ്ചൂ വെളിയിൽ ഒന്നും വലിച്ചെറിയാതെ അമ്മ പറയുന്നത് അനുസരിക്കുന്ന നല്ല കുട്ടിയായി. അവന്റെ അസുഖം എല്ലാം മാറി. അവന് സ്കൂളിൽ പോകാനും പഠിക്കാനും കളിക്കാനും കഴിഞ്ഞു. കൂട്ടുകാരെ ഇതിൽനിന്നും നിങ്ങൾക്ക് എന്ത് മനസിലായി. നിങ്ങളെല്ലാം നിങ്ങളുടെ വീടും പരിസരവും വൃത്തിയായി സൂക്ഷിക്കണം

**വൈഷ്ണവ് എസ് കുമാർ**
6 ബി, എസ്.വി.യു.പി.എസ് പുലിയൂർക്കോണം
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം



# പ്രത്യാശയുടെ അപ്പൂപ്പൻതാടി

ആ മഴത്തുള്ളികൾ ആശുപത്രി ജനലിലൂടെ അയാളുടെ മുഖത്തെ തൊട്ടു കൊണ്ടിരുന്നു. അയാൾ അതൊന്നും ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. തീരാ ദുഃഖത്തിന്റെ ഏതോ ഗർത്തത്തിലേക്ക് ആഴ്ന്നുപോയ തന്റെ ജീവിതം... ഒരു കുമിള പോലെയുള്ള ജീവിതം... “നിങ്ങൾ ഇങ്ങനെ ഇരിക്കല്ലേ മനു. ധൈര്യം കൈവെടിയാതിരിക്കൂ.” പുറകിൽനിന്നും ഡോ. മോഹന്റെ ശബ്ദം. “ഞാനെന്തു ചെയ്യാനാ ഡോക്ടർ. ഇങ്ങനെയിരിക്കുവാനല്ലാതെ മറ്റൊന്നും ചെയ്യാൻ എനിക്കു പറ്റില്ല. ഒന്നുറക്കെ കരയാൻ പോലും. എന്നെ ആശ്രയിക്കുന്ന ഒരു കുടുംബമുണ്ട്. എനിക്കറിയില്ല എന്തു ചെയ്യണമെന്ന്.” അയാൾ തന്റെ കൈകൾക്കൊണ്ട് മുഖം പൊത്തിപ്പിടിച്ചു. അവ രണ്ടും സൃഷ്ടിച്ച ഇരുട്ടിൽ അയാൾ ഏകാകിയായി. ആശ്വസിപ്പിക്കുവാൻ കഴിയില്ല, ആർക്കും. കാരണം, നഷ്ടങ്ങൾതന്നെയായിരുന്നു അയാൾക്ക് നേട്ടങ്ങളായി ഉണ്ടായിരുന്നത്. ഇടംവലം നോക്കാതെ അയാൾ ചെയ്തു കൊണ്ടിരുന്ന സേവനങ്ങൾ, തന്റെ ചുറ്റുമുണ്ടായിരുന്നവരെയെല്ലാം തന്റെ വീട്ടുകാരായി അയാൾ കരുതി. എന്നിട്ടും, ആർക്കും നികത്താനാവാത്ത തന്റെ നഷ്ടം, അറിയില്ല. ആകെ കൂടിയൊരു വീർപ്പുമുട്ടൽ. അസ്വസ്ഥത, സഹായഹസ്തങ്ങൾ തേടിയുള്ള നിലവിളികൾ. ചുറ്റിലും ആരൊക്കെയോ നിന്ന് തന്നെ വേട്ടയാടുന്നു. എവിടെയും ഭീതികൾ. വേർപാടിന്റെ മനസ്സുമടുപ്പിക്കുന്ന ഗന്ധം.

അയാൾ പുറത്തേയ്ക്കിറങ്ങി. വിജനമായ വഴി. അതങ്ങനെ തന്നെയായിരിക്കണമല്ലോ. വൈറസിനെ പിടിച്ചുകെട്ടാൻ തങ്ങൾ ഒരുമിച്ചു മുന്നേറി. അതിനാൽത്തന്നെ അതിനെ തങ്ങൾ അതിജീവിച്ചു. എന്നാൽ, അതിനാലുണ്ടായ നഷ്ടങ്ങൾ അനുഭവിക്കേണ്ടി വരുന്നവരിൽ താനും. താൻ അവളെ എത്രമാത്രം സ്നേഹിച്ചിരുന്നു, ജീവിതാവസാനം വരെ അവൾ തന്റെ കൂടെ വേണമെന്ന് ആഗ്രഹിച്ചിരുന്നു. എന്നാൽ വിധിയുടെ തീരുമാനം മറിച്ചായിരുന്നു. അവൾ തന്നെ വിട്ടുപോയി. ഒരു നാടിനെ മുഴുവൻ ആ ഭീകരാവസ്ഥയിൽനിന്നും ഒരു വൈറസ് മാരിയിൽ നിന്നും രക്ഷിക്കാൻ ശ്രമിച്ചിട്ടും സ്വന്തം ഭാര്യയെ രക്ഷിക്കാൻ, അയാൾക്ക് കരയാതിരിക്കാൻ കഴിഞ്ഞില്ല. അവളുടെ വേർപാട് സത്യത്തിൽ ഒരു ഏകാന്തതയല്ല, വികാരനിർഭമായ ഒരു ചുറ്റുപാടാണ് അയാൾക്ക് സമ്മാനിച്ചത്.

ഭാര്യയോടും അമ്മയോടും ബന്ധുക്കളോടും കൂടെയുള്ള സന്തോഷവും സമാധാനവും നിറഞ്ഞ തന്റെ ജീവിതത്തിലേക്ക് ഒരു സുപ്രഭാതത്തിൽ കൊറോണ വൈറസ് എന്ന പ്രതിസന്ധി കടന്നുകയറുന്നു. ഉറ്റവരിലും നാട്ടുകാരിലുംനിന്ന് ഒട്ടേറെ പേർ അതിന് അടിമകളായി തന്നെ വിട്ടുപോയി. മുണ്ടുകുത്തിപ്പിടിച്ച് മാസ്കും ഗ്ളൗസും ധരിച്ച് നാട്ടിലേക്ക് ഇറങ്ങി നാടിന്



വേണ്ട സേവനങ്ങൾ ചെയ്യാൻ ഒറ്റയ്ക്കാണെങ്കിലും അയാൾ ഒരുക്കമായി. തന്നെ സഹായിക്കാനും ആളുകൾ വന്നുതുടങ്ങി. നാടിനെ അയാൾ ഒരുപാട് സ്നേഹിച്ചിരുന്നു. പല പ്രമാണികളും തങ്ങളുടെ അംഗീകാരത്തിന് വേണ്ടിയും മറ്റും കാണിക്കുന്ന കാപട്യം നിറഞ്ഞ സ്നേഹം പോലെ അല്ല. ആത്മാർത്ഥവും നിഷ്കളങ്കവുമായ സേവനം. അതിജീവനം സ്വപ്നംകണ്ട സേവനം. നാട്ടിൽ തലയുയർത്തിപ്പിടിച്ചവരൊന്നും അന്ന് തന്റെ കൂടെ ഉണ്ടായിരുന്നില്ല. എന്നിട്ടും ഒരു പ്രഭാതത്തിൽ തന്റെ ഭാര്യയും ഇതിന് അടിമയാകും എന്ന് താൻ സ്വപ്നത്തിൽ പോലും... താൻ എങ്കിലും അതിൽ നിന്നും രക്ഷപ്പെട്ടല്ലോ... ആ സമാധാനം ഒരു നിമിഷത്തേക്ക് മാത്രമായിരുന്നു. തന്റെ പ്രിയപ്പെട്ടവർ ആരുമില്ലാത്ത ഈ ലോകത്തിൽ പിന്നെ തന്നെ മാത്രം എന്തുകൊണ്ട് ദൈവം എടുത്തില്ല? ഇവരുടെയെല്ലാം ഓർമകളിൽ കണ്ണീർ വാർത്ത് ജീവിതാവസാനം വരെ ഇങ്ങനെ മരിച്ചു ജീവിക്കാനോ? പാടില്ല... താൻ ഇങ്ങനെ ഒന്നും ചിന്തിക്കാൻപോലും പാടില്ല. അയാൾ എല്ലാം ഒരു കണ്ണീരിൽ ഒതുക്കി. വീണ്ടും നടന്നുകൊണ്ടിരുന്നു. താൻ തികച്ചും മാറിപ്പോയിരിക്കുന്നുവോ? അയാൾ വീണ്ടും ചിന്തയിലാണ്ടു. ശരിയാണെന്ന് തോന്നുന്നു. താനിതുവരെ ഇങ്ങനെ ഒന്നും ചിന്തിച്ചിട്ടില്ല. ഇതാദ്യമായിട്ടാണ്. കാരണം, ഇതുവരെ തനിക്ക് ഒരു നഷ്ടവും ഇല്ലായിരുന്നു. ഓ, ഇതുവരെ ഒരു നഷ്ടവും ഇല്ലാത്തതിനാലാണോ ഇങ്ങനെയൊന്ന്? അയാൾ വീണ്ടും ഒന്നു വിങ്ങാൻ തുടങ്ങി. എന്നാലും ഇത്! ഇല്ല. ഞാൻ കരയാൻ പാടില്ല. അയാൾ നേരെ നോക്കി. അപ്പോഴതാ ആരോ തനിക്കെതിരെ ഓടിവരുന്നു. അതെ, തന്റെ നേരെതന്നെ. അയാൾ അടുത്തെത്തിയിരിക്കുന്നു. കിതച്ചുകൊണ്ടയാൾ പറഞ്ഞു: "സാറെ, രാവിലെ മുതൽ അമ്മയ്ക്ക് ഭയങ്കര" അയാൾ ബാക്കി ഒന്നും കേൾക്കാൻ നിന്നില്ല. പെട്ടെന്നുതന്നെ ആ അമ്മയെ ആശുപത്രിയിലാക്കി. അയാൾ ആശുപത്രിപ്പടിയിലിരുന്നു. വലിയ ഇംഗ്ലീഷ് അക്ഷരങ്ങളിൽ എഴുതിയിരിക്കുന്നത് അയാൾ വായിച്ചു: 'ഐസോലേഷൻ വാർഡ്' ഇല്ല... താൻ ഒട്ടും മാറിയിട്ടില്ല. അധികാരികളോടും പോലീസിനോടുമൊപ്പം സ്വന്തംനാടിനെ ബോധവൽക്കരിക്കാനും സേവനം ചെയ്യാനും രക്ഷിക്കാനും തനിക്ക് എന്നും എപ്പോഴും കഴിയും. അയാൾ വിശ്വസിച്ചു. അയാൾ നേരെ നോക്കിനിന്നു. "ഞാൻ എന്നും ഞാൻ തന്നെ." അയാൾ പറഞ്ഞു. അങ്ങകലെനിന്നും എവിടെനിന്നോ ഒരു ഇളംകാറ്റ് അയാളെ തഴുകി. അതിന്റെ ഇലഞ്ഞിപ്പൂമണമുള്ള ഗന്ധം അയാൾ ആസ്വദിച്ചു. അതിനോടൊപ്പം അതേ താളത്തിൽ പറന്നുവന്ന ഒരു കൂട്ടം അപ്പൂപ്പൻ താടികളെ അയാൾ കൗതുകത്തോടെ നോക്കിനിന്നു. അവ പ്രത്യാശയുടെ പ്രതീകമായിരിക്കാം. അയാൾ വിശ്വസിച്ചു.

**നേഹ ഷാജി**
10 ബി, എസ്. എച്ച്. ജി. എച്ച്. എസ് ഭരണങ്ങാനം
പാലാ ഉപജില്ല, കോട്ടയം





# ചക്കിയുടെ സങ്കടം

ഒരു സാധാരണ കുടുംബത്തിലെ ചായ്പ്പിലാണ് ചക്കിപ്പൂച്ചയും കുടുംബവും കഴിഞ്ഞിരുന്നത്. മീൻതലയും മീൻചാറും കൂട്ടി രുചിയുള്ള ഭക്ഷണം കഴിക്കുമ്പോൾ മക്കളുടെ മുഖത്ത് ഉണ്ടാകുന്ന സന്തോഷം ചക്കിക്ക് വളരെ വലുതാണ്. ചിക്കുചേട്ടൻ മക്കളോടൊത്ത് കിടന്നുറങ്ങുന്നത് കാണുമ്പോൾ ചക്കിയ്ക്കും വളരെ സന്തോഷമാണ്. അങ്ങനെ കഴിയുമ്പോഴാണ് കറുമ്പൻകാക്കയിൽ നിന്നും ആ വാർത്ത അവളുടെ ചെവിയിൽ എത്തിയത്. ചൈനയിൽനിന്നും ഒരു മാരകരോഗം വരുന്നുണ്ട്. മനുഷ്യരിൽ പടരുന്ന ഈ അസുഖം നിമിത്തം ലോകം മുഴുവനും ഭീതിയിൽ ആണത്രേ. ചക്കിക്കൊന്നും മനസ്സിലായില്ല. അവൾ ജിമ്മി പട്ടിയോടു കാര്യം തിരക്കി. യജമാനൻ പറഞ്ഞ കാര്യങ്ങൾ അവൻ ചക്കിയോട് പറഞ്ഞു.

ഈ രോഗം പടരാതിരിക്കണമെങ്കിൽ പ്രതിരോധം മാത്രമാണ് ഏക പോംവഴി. വ്യക്തിശുചിത്വം പാലിച്ചും അകലം പാലിച്ചും അടങ്ങിയിരിക്കാൻ മനുഷ്യർക്ക് കഴിയുമോ? ചക്കിയ്ക്ക് സംശയമായി. താമസിയാതെ ചക്കിയുടെ നാട്ടിലും രോഗം എത്തി. മക്കളുടെ വിശപ്പടക്കാൻ അവൾ നന്നേ പാടുപെട്ടു. എന്തൊക്കെ പറഞ്ഞാലും ഈ കഷ്ടം മാറിയില്ലെങ്കിൽ മറ്റുജീവികൾക്കും ഈ ഭൂമിയിൽ താമസിക്കാൻ കഴിയില്ല എന്ന് അവൾക്ക് മനസ്സിലായി. കറുമ്പൻകാക്കയും വളരെ കഷ്ടപ്പാടിലാണ്. എത്ര ദൂരം സഞ്ചരിച്ചാലും ആവശ്യത്തിന് ആഹാരമൊന്നും കിട്ടുന്നില്ല എന്നാണ് കറുമ്പൻ പറയുന്നത്. മനുഷ്യന്മാർ ആരും തന്നെ പുറത്തിറങ്ങുന്നില്ല.

എന്തൊരതിശയമാണിത്, ലോകം മുഴുവൻ തന്റെ കാൽച്ചുവട്ടിൽ ആണെന്ന് വിചാരിച്ച മനുഷ്യനെ ഒരു വൈറസ് പരസ്പരം അടുക്കാൻപോലും കഴിയാത്ത അവസ്ഥയിൽ എത്തിച്ചിരിക്കുന്നു. “വമ്പൻ ഒരു തുമ്പൻ” അല്ലാതെന്ത് പറയാൻ. എങ്ങനെയായാലും ഈ കഷ്ടകാലം ഒന്ന് തീർന്നാൽ മതിയായിരുന്നു. ആലോചിച്ചു സമയം പോയതറിഞ്ഞില്ല. മക്കൾ തിരക്കുന്നുണ്ടാകും. ചക്കി ചായ്പ്പിലേക്ക് പോയി.

**ബീഗം ജസ്ന**
3 ബി, എൽ.എം.എസ് എൽ.പി.എസ് പനച്ചമൂട്
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം



# നല്ലവനായ ചിന്നൻ

അല്ലിമല കാട്ടിൽ മിന്നു എന്നും ചിന്നു എന്നും പേരുള്ള രണ്ട് തത്തകൾ താമസിച്ചിരുന്നു. ഇവരെ കൂടാതെ ആന, കുരങ്ങൻ, വിവിധതരം പക്ഷികൾ, കരടി, മാൻ തുടങ്ങിയ മൃഗങ്ങളും താമസിച്ചിരുന്നു. എല്ലാപേർക്കും ഈ തത്തകളെ വലിയ ഇഷ്ടമായിരുന്നു. കാരണം കാട്ടിൽ എന്തു പ്രശ്നം വന്നാലും ഇവർ രണ്ടു പേരും മുൻപന്തിയിൽ കാണും. എന്നാൽ ഇവരുടെ കൂട്ടിനടുത്തായിരുന്നു ചിന്നൻ എന്ന കഴുകൻ താമസിച്ചിരുന്നത്. അവർക്ക് അവനെ പേടിയാണ്. അവരുടെ മുട്ടകൾ, കുഞ്ഞുങ്ങൾ ഇവയൊക്കെ തട്ടിയെടുക്കുമെന്നാണ് അവരുടെ വിചാരം. ഒരിക്കൽ ചിന്നുവും മിന്നുവും രണ്ട് മുട്ടകൾ ഇട്ടു. ഇത് കാട്ടിലുള്ള എല്ലാവരും അറിഞ്ഞു. കൂടാതെ കീരൻ എന്ന പെരുമ്പാമ്പും ഇത് അറിഞ്ഞു. ഒരു ദിവസം ആരും ഇല്ലാത്ത തക്കം നോക്കി കീരൻ മുട്ടയുടെ അടുത്തെത്തി മുട്ടകൾ എടുക്കാൻ തുനിഞ്ഞപ്പോൾ ചിന്നൻ അവിടെ എത്തി. അവന്റെ ദേഹത്ത് കൊത്തി മുറിവ് ഏൽപ്പിച്ചു. എണീക്കാൻ പറ്റാത്ത അവസ്ഥയിലായി. ഈ സമയം തത്തകൾ അവിടെ എത്തി. എണീക്കാൻ പറ്റാതെ കിടക്കുന്ന കീരനെയാണ് കണ്ടത്. ഇവർക്ക് കാര്യം ഒന്നും മനസ്സിലായില്ല. അപ്പോൾ ചിന്നൻ നടന്ന കാര്യമെല്ലാം പറഞ്ഞു. അവർക്ക് സന്തോഷമാകുകയും ചെയ്തു. അവരോടൊപ്പം ചിന്നനെ കൂട്ടുകയും ചെയ്തു. അവർ നല്ല കൂട്ടുകാരായി വളരെക്കാലം ആ കാട്ടിൽ ജീവിച്ചു.

**വിസ്മയ വി ആർ**
ക്ലാസ് 6, എൽ.എം.എസ്.യു.പി.എസ്. പേരിമ്പക്കോണം
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# കാത്തിരിപ്പിന്റെ സമ്മാനം

അമ്മു വളരെ സന്തോഷത്തിലാണ്. നാളെ അവളുടെ അച്ഛനും അമ്മയും അമേരിക്കയിൽനിന്ന് വരുന്നു. മറ്റന്നാൾ അവളുടെ പിറന്നാളാണ്. അവൾ ഇപ്പോൾ മുത്തശ്ശിയുടെ കൂടെയാണ് താമസിക്കുന്നത്. കഴിഞ്ഞ പിറന്നാളിന് അച്ഛനും അമ്മയും വന്നില്ല. അച്ഛനും അമ്മയും അമേരിക്കയിൽ ഡോക്ടർമാരാണ്. കഴിഞ്ഞ പിറന്നാളിന്റെ ക്ഷീണം ഈ പിറന്നാളിന് തീർക്കാമെന്നാണ് അച്ഛനും അമ്മയും പറഞ്ഞത്. ഇനിയുള്ള കുറച്ചുനാൾ അച്ഛനോടും അമ്മയോടുമൊപ്പം ആഘോഷിക്കാമല്ലോ എന്നോർത്ത് അവൾ വളരെയധികം സന്തോഷിച്ചു. പിറ്റേദിവസം അണിഞ്ഞൊരുങ്ങി മാമനോടൊപ്പം അവളും വിമാനത്താവളത്തിലേക്ക് പുറപ്പെട്ടു. ഒരുവട്ടം അവളും വിമാനത്തിൽ കയറിയിട്ടുണ്ട്. സാധാരണ അച്ഛൻ അല്ലെങ്കിൽ അമ്മ വിമാനത്തിൽ കയറും മുൻപ് വിളിക്കാറുണ്ട്. പക്ഷേ ഇന്ന് വിളിച്ചില്ല. മറന്നു എന്ന് കരുതിയാണ് മാമൻ വണ്ടിയെടുത്തത്. ഇടയ്ക്ക് വച്ച് മാമന് അച്ഛന്റെ കോൾ വന്നു. അച്ഛൻ പറഞ്ഞു: അമ്മയ്ക്കും അച്ഛനും വരാൻ സാധിക്കില്ല. കാരണം, അവിടെ കൊറോണ എന്ന വൈറസ് വ്യാപിച്ചുവത്രേ. അമ്മു വളരെ സങ്കടപ്പെട്ടു. അവർ തിരിച്ചുപോന്നു. കുറച്ചുനാൾ കഴിഞ്ഞപ്പോൾ കേരളത്തിലും കൊറോണ വ്യാപിച്ചു. 21 ദിവസത്തേക്ക് രാജ്യം അടച്ചിട്ടു. കുറേ നാളുകൾ കഴിഞ്ഞു. എല്ലാം ശാന്തമായി. അച്ഛനും അമ്മയും ചികിൽസിച്ച ധാരാളം പേരുടെ രോഗം ഭേദമായി. കുറച്ചുപേർ മരണപ്പെട്ടു. രോഗം ഭേദപ്പെട്ടവരിൽ രണ്ടു വയസ്സുള്ള സുന്ദരിവാവയുണ്ടായിരുന്നു. കുറച്ചുദിവസങ്ങൾക്ക് ശേഷം ആ കുട്ടിയുടെ പിറന്നാളായിരുന്നു. ആ പിറന്നാളിന് അച്ഛനും അമ്മയും ചെന്നിരുന്നു. ആ കുട്ടിയോടൊപ്പം കേക്ക് മുറിക്കുന്ന ചിത്രം അമ്മുവിന് ലഭിച്ചു. അത് കണ്ടപ്പോൾ അമ്മുവിന്റെ മനം നിറഞ്ഞു. നീണ്ട ഒരു വർഷം കഴിഞ്ഞ് അച്ഛനും അമ്മയും വന്നു. അപ്പോൾ അവർ അമ്മുവിന് ഒരു സമ്മാനം കൊടുത്തു. അത് എന്താണെന്നറിയാമോ? അമ്മുവിന് അവർ സമ്മാനിച്ചത് ഒരു കുഞ്ഞനുജത്തിയെയാണ്. ആ കുട്ടി അവളെ “ചേച്ചി” എന്ന് വിളിച്ചപ്പോൾ അവൾക്ക് സന്തോഷമായി. അമ്മുവിന്റെ അച്ഛനെയും അമ്മയെയും പോലെ ഒരുപാട് ആരോഗ്യപ്രവർത്തകർ അവരുടെ കുടുംബത്തെപോലും ഉപേക്ഷിച്ച് കൊറോണ രോഗികളെ ശുശ്രൂഷിക്കുന്നു. കൊറോണയെ ചെറുക്കുന്ന പോരാളികളാണ് അവർ. അവർക്കുവേണ്ടി 21 നാൾ വീട്ടിലിരിക്കാം, "STAY HOME STAY SAFE".

**ഹരിപ്രിയ കെ**
ക്ലാസ് 6, എൽ.ഐ.ജി.എച്ച്.എസ്. ചൂണ്ടൽ
കുന്നംകുളം ഉപജില്ല, തൃശ്ശൂർ



# LET’S MAKE IT BEAUTIFUL

Every evening Robin and his friends were playing near the river. They were carrying snacks and plastic bottles with them. They were throwing plastic covers and bottles into the river. There was also a factory situated near the river. The industrial chemical waste was also dumped in the river. One day Robin and his friends found that the river became very dirty. The fishes also started dying. There was also a bad smell from the river. So Robin and his friends can't play. Robin returned back to home. “What happened Robin?” Mother asked. Robin told everything that happened to his mother.Robin’s mother said; “you should take responsibility to keep the river clean. Throwing plastic and waste into public places, rivers, ponds,etc. are bad habits. Robin realized his mistake. He told his friends; “it's our responsibility to keep our surroundings clean and tidy. His friends agreed and they said together; “ cleanliness creates a healthy and beautiful environment.”

**എയ്ഞ്ചൽ ഷൈൻ**
3 ബി, എൽ.പി.എസ് കോവില്ലൂർ
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# ഭൂമി മുത്തശ്ശി

ഒരിക്കൽ രണ്ടു ചങ്ങാതിമാരായ നർമനും രാജുവും കാട്ടിലൂടെ നടക്കുകയായിരുന്നു. അപ്പോഴാണ് അവർ ആരുടെയോ കരച്ചിൽ കേട്ടത്. ആ ശബ്ദം അവരെ വിഷമിപ്പിച്ചു. അവർ ശബ്ദംകേട്ട ദിക്കിലേക്കുപോയി. അവിടെ അതാ ഒരു മുത്തശ്ശി ഇരുന്നു കരയുന്നു! നർമൻ ചോദിച്ചു; "എന്താ മുത്തശ്ശീ കരയുന്നേ?" മുത്തശ്ശി പറഞ്ഞു; ''നിങ്ങൾക്കെങ്കിലും ഞാൻ പറയുന്നത് കേൾക്കാൻ സമയം കാണുമോ?'' ''മുത്തശ്ശി പറയുന്നത് കേൾക്കാൻ ഞങ്ങൾക്ക് സമയമുണ്ട്, പറയൂ മുത്തശ്ശി", രാജു പറഞ്ഞു. "എന്നെ മനുഷ്യർ കൊന്നുകൊണ്ടിരിക്കുകയാണ്" മുത്തശ്ശി പറഞ്ഞു. നർമൻ ചോദിച്ചു; "എങ്ങനെ?" മുത്തശ്ശി പറഞ്ഞു; "കുന്നുകൾ ഇടിച്ചും പാടങ്ങൾ നികത്തിയും മരങ്ങൾ വെട്ടിമുറിച്ചും അവർ എന്നെ കൊല്ലുന്നു." "മുത്തശ്ശിയെ കൊല്ലുന്നുവെന്നോ അതിന്, മുത്തശ്ശി ആരാണ്?" രാജു ചോദിച്ചു. മുത്തശ്ശി പറഞ്ഞു; "ഞാൻ നിങ്ങളുടെ ഒക്കെ അമ്മയായ ഭൂമിയാണ്." "മുത്തശ്ശി പറഞ്ഞതെല്ലാം ശരിയാണ്. ഞങ്ങൾ ഇനി പ്രകൃതിക്ക് ദോഷമില്ലാത്തകാര്യങ്ങൾ ചെയ്യും. മരങ്ങൾ നട്ടുപിടിപ്പിക്കും'', നർമനും രാജുവും പറഞ്ഞു. ഇത് കേട്ട മുത്തശ്ശിയുടെ മുഖത്തു പുഞ്ചിരിവിടർന്നു.

**അലീന അലക്സ്**
3 ബി, എൽ.പി.എസ് കോവില്ലൂർ
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം



# മനസ്സിലെ ഹരിതാഭം

കോളിംഗ്ബെൽ ശബ്ദം കേട്ട് ഓടിച്ചെന്ന് വാതിൽതുറന്നു. അവൾക്ക് തീർത്തും അപരിചിതനായ ഒരാൾ അവൾക്കുനേരെ ഒരു വൃക്ഷത്തൈ നീട്ടി. “ഒരു വീടിന് ഒരു മരം” എന്ന പദ്ധതിയുടെ ഭാഗമായി മരം നൽകാൻ വന്ന കൃഷി ഓഫീസിലെ ജീവനക്കാരനായിരുന്നു അയാൾ. ഒന്നാംതരത്തിൽ പഠിക്കുന്ന അവൾക്ക് മരം തീർത്തും കൗതുകമായിരുന്നു. അവൾ സന്തോഷത്തോടെ അത് വാങ്ങി. ഒരു വൃക്ഷത്തൈ എന്നതിനപ്പുറം അവൾക്കും അതിനെക്കുറിച്ച് അറിയില്ലായിരുന്നു.

അവൾ അമ്മയുടെ അടുത്തേയ്ക്ക് ഓടി.

അവൾ ചോദിച്ചു “ഇത് എന്ത് മരമാണ് അമ്മേ.”

അമ്മ അത് വാങ്ങി സൂക്ഷിച്ചുനോക്കിയിട്ട് പറഞ്ഞു.

“ഇത് ഒരു ഇലഞ്ഞിമരം ആണ്. നിനക്കിത് എവിടുന്ന് കിട്ടി?”

അവൾ പറഞ്ഞു “ഒരു അങ്കിൾ കൊണ്ടുതന്നതാ”.

അമ്മ പറഞ്ഞു, “നമുക്ക് ഇത് എവിടെയെങ്കിലും നട്ടുവയ്ക്കാം.”

അവൾ പറഞ്ഞു, “എങ്കിൽ നമുക്ക് ആ മതിലിന് അരികിൽ വയ്ക്കാം.”

അമ്മ സമ്മതിച്ചു. അവർ രണ്ടുപേരും കൂടി അത് നട്ടു. എന്നും അതിന് വെള്ളം ഒഴിക്കേണ്ടത് റിനിയുടെ ഉത്തരവാദിത്വമായിരുന്നു. അവൾ അതിനെ വല്ലാതെ സ്നേഹിച്ചു. വളവും വെള്ളവും നൽകി പരിപാലിച്ചു. മരം വലുതാവുന്നതിനൊടൊപ്പം അവളും അവൾക്ക് മരത്തിനോടും ഉള്ള സ്നേഹവും വളർന്നു. എല്ലാമരവും അവളുടെ സുഹൃത്തുക്കളാണെന്ന ചിന്ത അവളെ തികച്ചും ഒരു പ്രകൃതിസ്നേഹിയാക്കി മാറ്റി. അവളുടെ ഡയറിയിലെങ്ങും അവളുടെ മരത്തെക്കുറിച്ച് മാത്രമാണ് അവൾ എഴുതിയിരുന്നത്. അങ്ങനെ വർഷങ്ങൾ കടന്നുപോയി.

അവൾ അഞ്ചാംതരത്തിൽ പഠിക്കുന്നു. സ്കൂൾവിട്ട് തിരിച്ചുവന്നപ്പോൾ ഞെട്ടിക്കുന്ന ഒരു കാഴ്ച കണ്ടു. അഞ്ചുവർഷം കൊണ്ട് ഒരു തെങ്ങിന്റെ പാതിയോളം വളർന്നു പൊങ്ങിയ ആ മരത്തിന്റെ ചില്ലകൾ കുറെ ആളുകൾ ചേർന്ന് മുറിച്ചുമാറ്റുന്നു. അയൽവാസിയായ ജോസഫ് ചേട്ടന് വീടുവയ്ക്കാനുള്ള തടസ്സം നീക്കാൻ തന്റെ വീട്ടുകാരുടെ സമ്മതം പ്രകാരമായിരുന്നു അത് എന്നറിഞ്ഞ റിനി വളരെ വിഷമിച്ചു. അവളുടെ

മനസ്സിൽ തളിർത്തുനിന്ന പച്ചപ്രതീക്ഷകൾ ആകെ കരിഞ്ഞുണങ്ങി. അവളുടെ ജീവനായ വൃക്ഷം മുറിച്ചുമാറ്റുകയാണെന്ന് അറിഞ്ഞിട്ടും അവൾ തളരാതെനിന്നു. അവളുടെ മനസ്സിൽ ആഴ്ന്നിറങ്ങിയ പ്രകൃതിസ്നേഹം പ്രതിഷേധത്തിന്റെ കടലിരമ്പലായി മാറി. അവൾ ഭക്ഷണം കഴിച്ചില്ല. ആരോടും മിണ്ടിയില്ല. ടൗണിൽ ജോലിചെയ്യുന്ന അവളോട് ഏറെ സ്നേഹമുള്ള അവളുടെ പപ്പാ ജോസഫ് ചേട്ടനോട് കാര്യങ്ങൾ പറഞ്ഞ് വ്യക്തമാക്കി. ഒടുവിൽ അദ്ദേഹം ആ മരം മുറിയ്ക്കുന്നില്ലെന്ന് തീരുമാനിച്ചു. കല്ലുകൊണ്ട്കെട്ടി ആ മരത്തിന് കവചം ഒരുക്കിക്കൊടുക്കുകയും ചെയ്തു. അവൾക്ക് സന്തോഷമായി അമ്മയുടെ മനസ്സിൽ വീണ്ടും പച്ചപ്പ് തളിർത്തു.

അന്നേദിവസം അവൾ ഡയറിയിൽ എഴുതി

“ഇത് എന്റെ രണ്ടാംജന്മമാണ്. ഇന്ന് ഒരുപക്ഷേ എന്റെ ആത്മാവിന്റെ മരണം ആയിരുന്നേനെ”.

**സ്നേഹ കെ ടിജോ**
9 സി, എൽ.എം.എച്ച്.എസ്.ബമംഗലംബഡാം
ആലത്തൂർ ഉപജില്ല, പാലക്കാട്



# നാടുകാണൽ

നാടുകാണാൻ ഇറങ്ങിയതാണ് കടുവയും മക്കളും. കാട് മാത്രം കണ്ടിട്ടുള്ള കടുവക്കുട്ടികൾക്ക് നാടുകണ്ടപ്പോൾ നല്ല രസം തോന്നി. റോഡിൽ ആരുമില്ല. കടകളൊന്നും തുറന്നിട്ടില്ല. കുട്ടിക്കടുവകൾ അമ്മക്കടുവയോട് ചോദിച്ചു, ''ഇവിടെ ഒന്നും ആരെയും കാണുന്നില്ലല്ലോ?" അപ്പോൾ പെട്ടെന്ന് ഒരു ആംബുലൻസ് വേഗത്തിൽ പോകുന്നത് അവർ കണ്ടു. ആംബുലൻസിന്റെ "ഇയ്യോ... ഇയ്യോ..." ശബ്ദം കേട്ടപ്പോൾ കുട്ടിക്കടുവകൾ പേടിച്ചു അമ്മക്കടുവയുടെ അടുത്ത് ചേർന്ന് നിന്നു. അമ്മക്കടുവ പറഞ്ഞു, "പേടിക്കല്ലേ. പേടിക്കല്ലേ... അതിൽ രോഗം ഉള്ളവരെ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നതാണ്. നാട്ടിൽ ഇപ്പോൾ കൊറോണ എന്ന് പറയുന്ന ഒരു വൈറസ്രോഗം പടരുകയാണെന്ന് കാട്ടിൽനിന്ന് രണ്ട് വേട്ടക്കാർ സംസാരിക്കുന്നത് ഞാൻ കേട്ടിരുന്നു. അതുകൊണ്ട് ആരും പേടിച്ച് വീടിന് പുറത്തിറങ്ങാറില്ല. അതുകൊണ്ടല്ലേ നമ്മൾ ധൈര്യമായി നാടുകാണാൻ വന്നത്." കുട്ടിക്കടുവകൾ പറഞ്ഞു, "അയ്യോ... എന്നാൽ നമുക്ക് വേഗം കാട്ടിലേക്കുതന്നെ പോകാം. ഇല്ലെങ്കിൽ നമുക്കും രോഗം വരൂല്ലേ?" അപ്പോൾ ഒരു പോലീസ് ജീപ്പ് അതുവഴി വന്നു. കടുവയെ കണ്ട് പേടിച്ച പോലീസ് ജീപ്പ് ട്രൂൂം... ട്രൂൂൂം... എന്ന് പാഞ്ഞുപോയി. ജീപ്പിൻെറ ട്രൂൂം... ട്രൂൂൂം... കേട്ട് പേടിച്ച് കടുവയും കുട്ടികളും ഓടിയൊടി കാട്ടിലേക്കുതന്നെ തിരികെപോയി.

**അനസ്**
ക്ലാസ് 2, എൽ.എം.എസ്.എൽ.പി.എസ്. മുട്ടയ്ക്കാട്
ബാലരാമപുരം ഉപജില്ല, തിരുവനന്തപുരം

# പ്രകൃതിയെ സ്നേഹിക്കു, പരിസ്ഥിതിയെ സംരക്ഷിക്കു...

പുള്ള് എന്ന ഗ്രാമത്തിലാണ് ബാബു എന്ന പയ്യൻ താമസിച്ചിരുന്നത്. അവൻ നാലാം ക്ലാസ്സിലാണ് പഠിക്കുന്നത്. ഒരിക്കൽ ക്ലാസ്സിൽ ഒരു ചർച്ചവച്ചു. ആരാണ് നല്ല മാതൃക കാണിക്കുന്നവർ? ടീച്ചർ എല്ലാവരോടും എന്ത് നല്ല മാതൃകകളാണ് നിങ്ങൾ ചെയ്തത് എന്ന് ചോദിച്ചു. ഓരോ കുട്ടിയും അവർ ചെയ്ത സഹായങ്ങളെക്കുറിച്ചു പറഞ്ഞു. ഒരാൾ വയസായ അമ്മൂമ്മയെ റോഡ് മുറിച്ചുകടക്കാൻ സഹായിച്ചു. അവസാനം ബാബുവിന്റെ ഊഴം ആയിരുന്നു. അവൻ ചെടികൾ നട്ടു, വെള്ളം ഒഴിച്ച് കൊടുത്തു എന്ന് പറഞ്ഞു. എല്ലാ കുട്ടികളും അപ്പോൾ അവനെ കളിയാക്കി. പക്ഷെ ടീച്ചർ അവനെ അഭിനന്ദിച്ചു. എന്നിട്ട് ടീച്ചർ മറ്റു കുട്ടികളോട് പറഞ്ഞു, ഇന്ന് നാം കാടുകൾ നശിപ്പിക്കുകയും മരങ്ങൾ മുറിക്കുകയും പരിസ്ഥിതിയെ ചൂഷണം ചെയ്യുകയും ചെയ്യുന്നു. നമുക്ക് മഴയും ശുദ്ധവായുവും തരുന്നത് മരങ്ങളാണ്. അതുകൊണ്ടു നാം മരങ്ങൾ നട്ടുവളർത്തണം. ഇത് കേട്ട കുട്ടികൾ എഴുന്നേറ്റുനിന്ന് ബാബുവിനെ കൈയടിച്ചു അഭിനന്ദിച്ചു .

**ബെല്ല റോസ് ബൈജു**
2 എ, എൽ.എഫ്.എൽ.പി.എസ്. പെരിഞ്ചേരി
ചേർപ്പ് ഉപജില്ല, തൃശ്ശൂർ



# കൊറോണയിലെ ഒരു ദിനം

രാവിലെ ഉമ്മയുടെ വിളികേട്ട് എഴുന്നേൽക്കാൻ താല്പര്യമില്ലാതെ ഞാൻ തിരിഞ്ഞും മറിഞ്ഞും കിടന്നു. ഉമ്മ നിസ്കരിക്കാൻ വിളിക്കുകയാണ്.

ഉണർന്നു എന്തുചെയ്യാൻ, ആ ചിന്തയാണ് മനസ്സിൽ ഓടിവന്നത്.

സ്കൂൾ ഇല്ല, കല്യാണം ഇല്ല, പുറത്തേക്ക് പോവാൻപറ്റില്ല. ഉപ്പ അത്യാവശ്യ സാധനങ്ങൾ വാങ്ങിക്കുവാൻ പോയപ്പോൾ കൊച്ചനുജന് പാർക്കിലേക്ക് പോകണം എന്ന് വാശി. പാർക്കിൽ പോകണം എന്ന് പറഞ്ഞു കരഞ്ഞ അനിയനോട് കൊറോണയാണ് പുറത്തിറങ്ങിയാൽ പോലീസ് പിടിക്കും എന്ന് പറഞ്ഞാണ് ഉപ്പ അവനെ പേടിപ്പിച്ച് നിർത്തിയത്. കൊറോണ എന്ന രോഗത്തിന്റെ പല കാര്യങ്ങളും ഞാൻ പത്രത്തിലും ടിവിയിലും കണ്ടിട്ടുണ്ടായിരുന്നു. ചൈനയിലാണ് ഈ രോഗം ആദ്യം കണ്ടെത്തിയത്. ലോകം മുഴുവൻ ഇത് പടർന്നിരിക്കുന്നു. മുൻകരുതലായി വ്യക്തിശുചിത്വം പാലിക്കാനും കൈകൾ സോപ്പ് ഉപയോഗിച്ച് ഇടയ്ക്കിടയ്ക്ക് കഴുകാനും ആണ് പറഞ്ഞിരിക്കുന്നത്. തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും തൂവാല ഉപയോഗിച്ച് പൊത്തിപ്പിടിക്കാം. സാമൂഹിക അകലം പാലിക്കുക. വീട്ടിൽ തന്നെ തങ്ങണം. ഈ കാര്യങ്ങളെല്ലാം പത്രത്തിലും ടിവിയിലും കണ്ടത് ഓർത്തുകൊണ്ട് ഞാൻ അങ്ങനെ കിടക്കുകയായിരുന്നു. എവിടെനിന്നോ ഉമ്മയുടെ ശബ്ദം പിന്നെയും എന്റെ ചെവിയിലേക്ക് വന്നു അടിച്ചു. പെട്ടെന്ന് മഹാമാരിയെക്കുറിച്ചുള്ള ചിന്തകളിൽനിന്നും ഉമ്മയുടെ വിളി എന്നെ ഉണർത്തി. അടുത്ത വിളിക്കു മുന്നേ ഞാൻ എഴുന്നേറ്റു ഉമ്മയുടെ അടുത്തേക്ക് പോയി. ഭൂമിയിലെ സർവജനങ്ങൾക്കും വേണ്ടി ഞാൻ പ്രാർത്ഥിച്ചു .

**റിഫ പി.കെ**
5 ബി, ഏ.ആർ.നഗർ.എച്ച്.എസ്. ചെണ്ടപ്പുറായ
വേങ്ങര ഉപജില്ല, മലപ്പുറം

# രാമുവിന്റെ ആപ്പിൾ മരം

പണ്ട് ഒരു ഗ്രാമത്തിൽ രാമു എന്ന് പേരുള്ള ഒരു കുട്ടി താമസിച്ചിരുന്നു. രാമുവിന്റെ വീടിന്റെ പിറകിൽ ഒരു പൂന്തോട്ടം ഉണ്ടായിരുന്നു. അവിടെ ഒരു വലിയ ആപ്പിൾമരം ഉണ്ടായിരുന്നു. തന്റെ കുട്ടിക്കാലത്ത് കൂടുതൽ സമയവും രാമു കളിച്ചിരുന്നത് അതിന്റെ ചുവട്ടിലായിരുന്നു. വിശക്കുമ്പോൾ ആപ്പിൾ പറിച്ചുകഴിക്കും. കാലങ്ങൾ കഴിഞ്ഞപ്പോൾ ആപ്പിൾ മരത്തിന് വയസ്സായി. രാമുവും വളർന്നു. ആപ്പിൾ മരത്തിൽ ഫലം കായ്ക്കുന്നത് നിന്നു. രാമു അത് മുറിച്ച് വലിയ ഒരു കട്ടിലുണ്ടാക്കാൻ തീരുമാനിച്ചു. അതിൽ ധാരാളം ജീവികൾ താമസിക്കുന്നുണ്ട്. പക്ഷികൾ, പ്രാണികൾ, അണ്ണാൻ മുതലായവ. മരം മുറിക്കാൻ ചെന്നപ്പോൾ ആ ജീവികളെല്ലാം തടസ്സം പറഞ്ഞു. ഞങ്ങളുടെ വീടാണ് ഇത്. നിനക്ക് എന്തുമാത്രം നല്ല ഓർമകൾ തന്നതാണ് എന്നെല്ലാം പറഞ്ഞ്. രാമു അതൊന്നും ചെവിക്കൊണ്ടില്ല. ആ മരത്തിൽ കുറച്ച് തേനീച്ചകൾ കൂടുകൂട്ടിയിരുന്നു. അവൻ അല്പം തേനെടുത്ത് രുചിച്ചു നോക്കി. നല്ല മധുരം. അവന് തന്റെ കുട്ടിക്കാലം ഓർമവന്നു. മരച്ചുവട്ടിലിരുന്ന് കളിച്ചതും. വിശന്നപ്പോൾ ആപ്പിൾ കഴിച്ചതുമെല്ലാം. ജീവികൾ വീണ്ടും പറഞ്ഞു. ദയവായി ഞങ്ങൾക്ക് വീടില്ലാതാക്കരുതെന്ന്. രാമുവിന് തന്റെ തെറ്റു മനസ്സിലായി. അവൻ പറഞ്ഞു. "ഇനി മേലാൽ ഞാൻ ഒരു മരവും മുറിക്കില്ല. മരങ്ങൾ നമ്മുടെ സ്നേഹിതരാണ്. പ്രകൃതിയിലെ എല്ലാ ജീവജാലങ്ങളും നമുക്ക് പ്രയോജനമുള്ളതാണ്". മരത്തിലെ ജീവികൾ രാമുവിന് നന്ദി പറഞ്ഞു.

**സ്റ്റീഫൻ തോമസ്**
ക്ലാസ് 7, ഒ.എൽ.എൽ എച്ച്.എസ്.എസ്. ഉഴവൂർ
രാമപുരം ഉപജില്ല, കോട്ടയം

# ഉരുകുന്ന അന്തരീക്ഷവും എരിയുന്ന കിനാക്കളും

ബഡ്റൂംലാംപിന്റെ നേരിയ വെളിച്ചത്തിൽ അയാൾ ഉറക്കമില്ലാതെ തിരിഞ്ഞും മറിഞ്ഞും കിടന്നു. എന്തോ ഒരു പ്രശ്നം അയാളെ അലട്ടുന്നുണ്ടായിരുന്നു. അലാറ മണിമുഴക്കം അയാളെ രാവിലെയായി എന്നോർമപ്പെടുത്തി. കുറച്ചുദിവസമായി അയാൾ ശരിക്ക് ഉറങ്ങിയിട്ട്. പലപല ചിന്തകൾ പലനിറങ്ങളിലായി അയാളെ മാനസിക പിരിമുറുക്കത്തിലാഴ്ത്തി. കൂടു വിട്ടു മാനത്തേക്ക് പറക്കാൻ അയാൾ വെറുതേ മോഹിച്ചു. പക്ഷേ അയാളുടെ മനം തികച്ചും ആ ഒറ്റപ്പെട്ട മുറിയിൽ ഇരിപ്പുറപ്പിച്ചരുന്നു. കാരണം അയാളുടെ മനസ്സ് മന്ത്രിച്ചു, ഞാൻ കാരണം ഒരാൾ അല്ല, അനേകംപേർ... പാടില്ല. കടുത്ത ദാരിദ്ര്യം മാറ്റാൻ കടൽ കടന്നെത്തിയ കാലം അയാളുടെ ചിന്തകളിൽ കടന്നുവന്നു. വീണ്ടും കുടുംബത്തിന്റെ കൂടെ കഴിയാൻ അവധി കിട്ടിയതാണ്. അയാളുടെ മനസ്സ് പിടഞ്ഞു. ഇളയ മകൻ ഉപ്പാ എന്ന് വിളിച്ചു തുടങ്ങി. അവനെ കാണാനുള്ള കൊതി... രക്ഷപ്പെടുമോ എന്ന ആശങ്ക. വേണ്ട ഇപ്പോ നാട്ടിലേക്കു പോവേണ്ട അയാൾ നിശ്ചയിച്ചു. അയാൾ ഒറ്റ മുറിയിൽ ആരും കൂട്ടിനില്ലാതെ... അയാൾ ആശുപത്രയിലായി. ഇനിയുള്ള ദിവസങ്ങൾ ഹൃദ്രോഗിയായ അയാൾക്ക് നൽകിയ മരുന്നൊന്നും ഫലിച്ചില്ല, അയാളുടെ ആഗ്രഹങ്ങൾ പാതിവഴിയിൽ വെച്ചുടഞ്ഞു. പടിപ്പടിയായി അയാളെ മരണം കവർന്നെടുത്തു. സ്വപ്നങ്ങളെല്ലാം ബാക്കിയാക്കി അയാൾ യാത്രയായി. കൊറോണ എന്ന മഹാമാരി അയാളുടെ ജീവനിൽനിന്നും മറ്റൊരു ജീവനിലേക്കു കയറിപ്പറ്റിക്കാണും. ഉരുകുന്ന അന്തരീക്ഷത്തിൽ എരിയുന്ന കിനാക്കളുമായി അയാൾ മണ്ണിനടിയിൽ. ഉറ്റവർക്കോ ഉടയവർക്കോ ഒരു നോക്കുകാണുവാൻ പോലും അനുമതി ഇല്ലാതെ ആ ജീവൻ പൊലിഞ്ഞു.

**മുഹമ്മദ് അജ്‌വദ് എം**
7 എ, കടമ്പൂർ ഈസ്റ്റ് യു.പി. സ്കൂൾ
കണ്ണൂർ സൗത്ത് ഉപജില്ല, കണ്ണൂർ

# പ്രളയത്തിനൊടുവിൽ

ഗോപിയും രാജുവും ബാല്യകാല സുഹൃത്തുക്കളായിരുന്നു. വർഷങ്ങൾ കഴിഞ്ഞപ്പോൾ ഗോപി ധനികനും രാജു ദരിദ്രനുമായി. ധനികനായ ഗോപിക്ക് കർഷകനായ തന്റെ സുഹൃത്ത് ഒരു അപമാനമായിരുന്നു.

കാർഷികാവശ്യത്തിനായി കുറച്ച് പണം വേണമെന്ന അവശ്യവുമായി ഗോപിയുടെ അരികിൽ എത്തിയ രാജുവിന് അയാൾ പണം കൊടുത്തില്ലാന്ന് മാത്രമല്ല അയാളെ വീട്ടിൽനിന്നും അപമാനിച്ചിറക്കിവിട്ടു. പണത്തിന്റെ അഹങ്കാരം അവശ്യത്തിൽ കൂടുതൽ ഉണ്ടായിരുന്നു ഗോപിക്ക്.

പിന്നീടൊരു ദിവസം രാവിലെ മുതൽ നിർത്താതെ പെയ്യുന്ന മഴ കണ്ട് തന്റെ കൃഷി നശിക്കുമോ എന്ന പേടിയിലായിരുന്നു രാജു. എന്നാൽ ഗോപി രാജുവിന്റെ സങ്കടം കണ്ട് ആനന്ദിക്കുകയായിരുന്നു. മഴ ആസ്വദിച്ചുകൊണ്ട് ഗോപി നല്ല ഉറക്കത്തിലായിരുന്നു. എന്നാൽ ഈ പേമാരികൊണ്ട് തന്റെ കൃഷി എന്താകുമെന്ന് ആലോചിച്ച് രാജുവിന് അന്ന് ഉറങ്ങാൻ കഴിഞ്ഞില്ല. പുലർച്ചയോടെ ഗോപിയുടെ വീടിനുചുറ്റും വെള്ളം ഉയരുന്നത് കണ്ട് രാജു ഉറക്കെ ഗോപിയെ വിളിച്ചു. രാജു എന്തോ സഹായത്തിനാണ് വിളിക്കുന്നത് എന്ന് കരുതി ഗോപി കേട്ടഭാവം നടിച്ചില്ല. നേരം വെളുത്തതോടെ ഗോപി കണ്ടകാഴ്ച ഭായനകമായിരുന്നു. തന്റെ വീടിനുള്ളിലേക്ക് നിറയെ വെള്ളം കയറുന്നു. അയാൾക്ക് പുറത്തേക്കിറങ്ങാൻ കഴിയാത്ത അവസ്ഥയായിരുന്നു. ഒന്നും ചെയ്യാൻ കഴിയാതെയിരിക്കുന്ന ഗോപിയെ രക്ഷിക്കാൻ രാജുവായിരുന്നു എത്തിയത്. രാജുവും നാട്ടുകാരും കൂടി ഗോപിയെയും കുടുംബത്തെയും രക്ഷിച്ച് രാജുവിന്റെ കുടിലിലെത്തിച്ചു. രാജു അവർക്ക് ആവശ്യമായ ഭക്ഷണവും സൗകര്യവും ഒരുക്കികൊടുത്തു. തനിക്കുവേണ്ടി ഇത്രയും സഹായങ്ങൾ ഒക്കെ ചെയ്തുതന്ന രാജുവിനെയാണല്ലോ താൻ അപമാനിച്ചത് എന്നോർത്ത് ഗോപിക്ക് കുറ്റബോധം തോന്നി.

പണമല്ല മനുഷ്യത്വം ആണ് വലുതെന്ന് ഗോപിക്ക് മനസ്സിലായി. പിന്നീട് അങ്ങോട്ട് പരസ്പരം സഹായിച്ച് സന്തോഷത്തോടെ അവർ ജീവിച്ചു.

**ആൻസിക.സി.ആർ**
2 എ, കടവത്തൂർ വി.വി യു.പി.സ്കൂൾ
പാനൂർ ഉപജില്ല, കണ്ണൂർ



# അമ്മമ്മ പറഞ്ഞത്

ഇന്ന് ഉച്ചക്ക് ചോറു തിന്നാൻ ഇരുന്നപ്പോൾ അമ്മ പറയാ, “മോളെ കൊറോണക്കാലമാ മീൻ ഒന്നുമില്ല, ഉള്ള അരി എടുത്ത് ഞാൻ കഞ്ഞി വെച്ചു.” “കഞ്ഞിയോ, ഞാനോ കഞ്ഞികുടിക്കാൻ എന്നെ കൊണ്ടാവില്ല”. അത് കേട്ട അമ്മമ്മ പറയാ “വിശന്നാ കഞ്ഞി താനേ കുടിച്ചോളും.” എന്റെ ദേഷ്യത്തോടെയുള്ള നോട്ടം കണ്ടാവാം പാവം ഒന്നും മിണ്ടാതെ നടന്നുപോയി.

ഇന്നലെവരെ എന്തായിരുന്നു ബഹളം രാവിലെ എഴുന്നേറ്റാൽ പഴം വാട്ടിയതും ചായയും പിന്നെ പ്രഭാതഭക്ഷണം ഒറോട്ടിയും ചിക്കനും ഉച്ചക്ക് സദ്യയോ ബിരിയാണിയോ രാത്രി അൽഫാമും പൊറോട്ടയും എല്ലാം തീർന്നു. എല്ലാം കൊറോണ എന്ന മഹാമാരി കൊണ്ടുപോയി.

കഞ്ഞിയാണെങ്കിൽ കഞ്ഞി. ഞാൻ വിശപ്പ് സഹിക്കാതെ അടുക്കളയിലേക്ക് നടന്നു. അപ്പോഴാണ് ആ ഞെട്ടിക്കുന്ന കാഴ്ച ഞാൻ കണ്ടത്. കഞ്ഞിയുടെ പാത്രം അമ്മ കഴുകി വെക്കുന്നു. പച്ചവെള്ളം ഒറ്റവലിക്ക് കുടിച്ച് ഞാൻ വിശപ്പോടെ റൂമിലേക്ക് നടന്നു.

ബിരിയാണി തിന്നുമ്പോൾ അമ്മമ്മ പറയുമായിരുന്നു, എന്നും ഇതൊരു നല്ല ശീലമല്ലന്ന്.

ശരിയാ അമ്മമ്മ പറഞ്ഞത് തന്നെയാണ് സത്യം. ഇന്നൊരു കഞ്ഞിപോലും കിട്ടാത്ത അവസ്ഥയായില്ലേ? കൊറോണ എന്റെ കണ്ണുകൾ തുറപ്പിച്ചു.

വൈകുന്നേരമെങ്കിലും വല്ലതും കിട്ടുമെന്ന പ്രതീക്ഷയിൽ കട്ടിലിൽ പോയികിടന്ന എന്റെ കാതുകളിൽ അമ്മമ്മ പറഞ്ഞത് ഓർമവന്നു കൊണ്ടേയിരുന്നു.

**റന ഫാത്തിമ. കെ**
ക്ലാസ് 4, കണ്ണം വെള്ളി എൽ.പി. സ്കൂൾ, പാനൂർ
പാനൂർ ഉപജില്ല, കണ്ണൂർ

# തിരിച്ചറിവ്

പ്രകൃതിയുടെ സൗന്ദര്യം മറന്ന് പുതിയ നഗരത്തിലെത്തിയിരിക്കുകയാണ്. ഇതുവരെയും കാണാത്തകാഴ്ചകൾ എന്റെ മനസ്സിൽ കടന്നുകയറി. നഗരവീഥിയിലൂടെ നടക്കുമ്പോൾ പുഴകളുടെ കളകളാരവമല്ല ,മറിച്ച് മത്സരംവച്ച് പായുന്ന വണ്ടികളുടെ അപശബ്ദമാണ്! എന്നാൽ ജീവിതസൗകര്യങ്ങൾ എന്നെ നന്നേ ആകർഷിച്ചു. ആകാശം മുട്ടുന്ന ഒരു കൂറ്റൻകെട്ടിടത്തിന്റെ ഒരു കോണിലാണ് താമസം. അച്ഛന് നഗരത്തിലേയ്ക്ക് ജോലികിട്ടിയതുകൊണ്ടാണ് ഈ സൗകര്യങ്ങൾ ജീവിതത്തിലേയ്ക്ക് വന്നത് .

നഗരത്തിലെ പുതിയ സ്കൂൾ എന്നെ വല്ലാതെ ആകർഷിച്ചു. എനിക്കവിടെ ഒരു കൂട്ടുകാരിയെ കിട്ടി. അവളുടെ കൈയിൽ എന്തെല്ലാം സാധനങ്ങളാ, ഞാൻ കാണാത്തവ. അതെല്ലാം പ്ലാസ്റ്റിക് കൊണ്ടുണ്ടാക്കിയതാണ്. വീട്ടിൽ ചെന്നയുടൻ പുതിയ സ്കൂളിലെ വിശേഷങ്ങൾ അമ്മയോടു പറഞ്ഞു "അമ്മേ നമുക്കും വാങ്ങണം പ്ലാസ്റ്റിക്ക് സാധനങ്ങൾ." അത് ശരിയാ പ്ലാസ്റ്റിക്കാ നല്ലത്. അതാവുമ്പോൾ ഉപയോഗം കഴിഞ്ഞാൽ കത്തിച്ചുകളയാമല്ലോ.

പിന്നെ ഒട്ടും താമസിച്ചില്ല പ്ലാസ്റ്റിക്ക് ഉൽപന്നങ്ങളെ കൊണ്ടുനിറഞ്ഞു നമ്മുടെ വീട്. പ്ലാസ്റ്റിക് എന്ന രാക്ഷസനെ ക്ഷണിച്ചുവരുത്തിയതാണ്. എന്നാൽ ജീവിത സൗകര്യങ്ങൾ തീർത്ത മായാവലയത്തിൽ അകപ്പെട്ട എനിക്ക് ഇതു തിരിച്ചറിയാനായില്ല. ദിവസങ്ങൾ കടന്നു. പിന്നെ ഒട്ടും താമസിച്ചില്ല. മാറാരോഗങ്ങൾ എന്റെ ജീവിതത്തെ കാർന്നുതിന്നു. ഗ്രാമത്തിന്റെ നന്മ മറന്ന് നഗരത്തിന്റെ മായികവലയത്തിൽ അകപ്പെട്ടതാണ് തെറ്റെന്ന് എനിക്കു മനസ്സിലായി. ആ ദിവസം എനിക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. എങ്കിലും കുളിർമയുള്ള കാറ്റിന്റെ തണുപ്പിൽ അറിയാതെ ഞാൻ ഉറക്കത്തിലേയ്ക്ക് വഴുതിവീണു. പെട്ടെന്ന് ഒരു ദിവ്യവെളിച്ചം പ്രത്യക്ഷപ്പെട്ടു. അത് ഭൂമിദേവിയായിരുന്നു. എന്നെ രക്ഷിക്കണം. പ്ലാസ്റ്റിക്ക് മുക്തമായതും മലിനമാകാത്തതുമായ ഒരു പ്രകൃതിയെ നിങ്ങൾ സൃഷ്ടിക്കണം അങ്ങനെ ചെയ്താൽ നിങ്ങൾക്ക് ഞാൻ നിറയെ സമ്മാനങ്ങൾ തരും.

പിന്നെ ഒട്ടും താമസിച്ചില്ല എല്ലാവരും ചേർന്ന് പ്ലാസ്റ്റിക് മുക്തമായ, മലിനമാകാത്ത ഒരു പ്രകൃതിയെ സൃഷ്ടിച്ചു. ഉടൻ തന്നെ ഭൂമിദേവി നിറയെ സമ്മാനങ്ങൾ നൽകി. മരങ്ങളും പൂക്കളും പുഴകളും മലകളും അങ്ങനെ അങ്ങനെ... മധുരമായ കാഴ്ചകൾ പിന്നെയും തിരിച്ചെത്തി. പെട്ടെന്ന് ഞാൻ ഞെട്ടിയുണർന്നു, ഞാൻ കണ്ടത് ഒരു സ്വപ്നമായിരുന്നോ? ഒരു സ്വപ്നത്തെ എന്തുകൊണ്ട് പ്രാവർത്തികമാക്കിക്കൂടാ. അപ്പോഴാണ് ഞാനത് കണ്ടത്. ഉണങ്ങിയ മരത്തിന്റെ ചില്ലയിൽ ഇപ്പോഴും ഒരില ബാക്കിയാണ് പ്രതീക്ഷയുടെ നാമ്പുകൾ ഇനിയും അവശേഷിക്കുന്നു.

**സ്നേഹ എസ്.**
7 ബി, കാർമൽ ഇ.എം. ഗേൾസ് എച്ച്.എസ്.എസ്. വഴുതക്കാട്
തിരുവനന്തപുരം സൗത്ത് ഉപജില്ല, തിരുവനന്തപുരം



# മടുപ്പ്

ഇന്നും ഞാൻ രാവിലെ സന്തോഷത്തോടെയാണ് എഴുന്നേറ്റത്. വേഗം തന്നെ ടിവി തുറന്നു. ഇന്നും കൊറോണ തന്നെ. പോലീസ് വാഹനങ്ങൾ പരിശോധിക്കുന്നു. എല്ലാവരും വീടുകളിൽതന്നെ. എത്ര ദിവസമായി ഇവിടെ? മടുത്തുപോയിരിക്കുന്നു. സ്കൂൾ അടച്ച അന്നു തന്നെ വന്നതാണ് അമ്മയുടെ തറവാട്ടിൽ. രണ്ടുദിവസം നിന്നിട്ട് പോകാൻ വിചാരിച്ചതാണ്. നശിച്ച കൊറോണ എല്ലാം തകർത്തു. വീട്ടിന്നു പുറത്തിറങ്ങാനോ, അധികനേരം ടി വി കാണാനോ അമ്മ സമ്മതിച്ചില്ല. നേരം കൂട്ടാനായി ചെയ്യാൻ ഒന്നുംതന്നെ അവിടെ ഉണ്ടായിരുന്നില്ല. അമ്മമ്മയും മുത്തശ്ശിയും താമസിക്കുന്ന വീട്ടിൽ ചിത്രം വരയ്ക്കാനോ കഥ എഴുതാനോ പേപ്പറോ പേനയോ ഒന്നും ഇല്ല. നടന്നു പോയാലോ എന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. പക്ഷെ എത്രദൂരം. എല്ലാത്തിനും കാരണം നീയാണ് കൊറോണ. ഞാൻ നിന്നെയും ഇങ്ങനെ പൂട്ടിയിടും. നീയും ബോറടിച്ച് നാടുവിട്ടു പോകട്ടെ.

**അമർദീപ്. സി**
ക്ലാസ് 4, കുറ്റിക്കോൽ സൗത്ത് എൽ.പി. സ്കൂൾ
തളിപ്പറമ്പ് നോർത്ത് ഉപജില്ല, കണ്ണൂർ

# മുത്താണ് മൂവരും

ഒരു ഗ്രാമത്തിൽ അഞ്ച് കുടുംബാംഗങ്ങൾ പുതിയതായി താമസിക്കുവാൻ വന്നു. അവിടുത്തെ മൂന്ന് കുട്ടികളെയും ഗ്രാമത്തിലെ സ്കൂളിലാണ് ചേർത്തത്. കുറെനാൾ കഴിഞ്ഞുപോയി. ആ ഗ്രാമത്തിലെ വഴിയിലും മറ്റും മാലിന്യം കൊണ്ട് നിറഞ്ഞു. അങ്ങനെ ഗ്രാമത്തിലെ പലർക്കും ഓരോ രോഗങ്ങൾ വന്നുതുടങ്ങിയപ്പോൾ, ഈ മൂന്നു കുട്ടികൾ അവരുടെ കൂട്ടുകാരെ വിളിച്ചു പറഞ്ഞു "നിങ്ങളെല്ലാവരും ഞങ്ങളുടെ കൂടെനിൽക്കണം. നമുക്ക് ഗ്രാമത്തെ ഇങ്ങനെവിട്ടാൽ പറ്റില്ല. ഈ മാലിന്യമെല്ലാം കിടക്കുന്നതുകൊണ്ട് മനുഷ്യർക്കും മൃഗങ്ങൾക്കും ജീവികൾക്കും ഈ ഗ്രാമത്തിൽ ജീവിക്കാൻ പറ്റാത്തതായി. അതുകൊണ്ട് നമ്മൾ ഒരു തീരുമാനം എടുക്കണം. ഇന്നുമുതൽ ഈ ഗ്രാമത്തിൽ ഉള്ളവർക്ക് രോഗങ്ങൾവരാതെ നമ്മൾ ഇവിടുത്തെ മാലിന്യമെല്ലാം മാറ്റണം. അന്നുതന്നെ അവർ ആ ഗ്രാമത്തിൽ ഉള്ളവരെല്ലാം വിളിച്ചുപറഞ്ഞു "നാളെ നിങ്ങളാരും വെളിയിൽ ഇറങ്ങരുത്". അവർ പറഞ്ഞതുപോലെ ചെയ്തു.

പിറ്റേദിവസം തന്നെ കുട്ടികൾ എല്ലാവരും ചേർന്ന് മാലിന്യങ്ങൾ നീക്കം ചെയ്തു. അങ്ങനെ ആ ഗ്രാമത്തിലുള്ളവർ സുരക്ഷിതരായി. ഈ കുട്ടികൾക്ക് ആ ഗ്രാമത്തിലുള്ള എല്ലാവരും അനേകമായ നന്ദി രേഖപ്പെടുത്തി. ഗ്രാമത്തലവൻ വിവിധ സമ്മാനങ്ങൾ നൽകി അവരെ ആദരിക്കുകയും അഭിനന്ദിക്കുകയും ചെയ്തു. മാത്രമല്ല ഈ കുട്ടികളെ മാതൃകയാക്കി ജനങ്ങൾക്ക് ശുചിത്വത്തെപ്പറ്റി ബോധവൽക്കരണം നൽകുകയും ചെയ്തു.

**ലക്ഷ്മി. എൻ. എസ്**
5 ബി, എം.എ.ഐ. ഹൈസ്ക്കൂൾ, മുരിക്കടി
പീരുമേട് ഉപജില്ല, ഇടുക്കി



## AN AGONY OF MOTHERHOOD

In a highly populated slums, at the banks of river Ganga, a small room covered with some bricks and sacks, was the home for 4 children and their parents. The father was working at a Construction field but still was unable to meet their daily needs. Among the 4 kids, Divya, 6 years old, was the elder child. The second one Jyothi was 5 years old, the third one was Devi and she was 4 years old and the youngest one was Kannan who was just 2 years old. They never enjoyed a school life, neither they have tasted costly bakery items, nor they had good clothes to wear. Just three months ago, their life took a drastic change. The only bread earner of the family passed away in an accident at the construction field. Now the mother had to go out to work so that she could feed her little kids with at least a one time meal. She started working at people's house in nearly town as a housemaid washing their dirty clothes and plates leaning behind her little ones all alone Divya being the eldest child took the responsibility of taking care of their little siblings. One day when the mother reached her working place, the security stopped her and said that today onwards no outsiders are allowed to enter into the apartments as the government has declared a nation wide lockdown due to the pandemic attack. So she had to leave the place without understanding why and how this situation has occured and was worried to what will happens further when the security said that the situation may not be solved in the near future. its she refused to her home, she saw a group of people surrounding a police officer, who was instructing them to stay at home and asked them not to go out of their house to keep them safe from this deadly disease. The officer said that this may take a lot of time to clear this problem as it was spread all over in the nation. Till then our colony is

closed by the authorities.it's just 1 week now after the lockdown, the mother was very depressed and worried. Her young son kannan was crying very badly. Not only kannan, even Divya, Jyothi , Devi were all sad due to the hunger. Every day this children used to cry out of hunger and slept being tired of Crying . She tried to arrange some food from the neighbours but they didn't help as they were also facing the same situation. She lost all her hopes to live further and then she took the toughest dicision. She called all her 4 kids and asked them not to try she told them that today she is going & arrange a great feast for them. They have to go to the banks of river Ganga. She took them there and asked them to take a good bath before the meal. Unknowing their mother's plan, they all happily jumped into the river to get a fresh bath but then their mother just took them to the depth of the river. She cried very loudly from the bottom of her heart when she saw the river was Swallowing her kids and her life but she could do nothing other than just leave it to their fate. Hearing the hues and cries, many people gathered near the banks the of river but they could not save them. But that time, everything was over. The giver Ganga took them all far away from this dreadful living There are so many families like this who are suffering during this time of lock down. When we are bored of having the same meal, there are many people who don't have meal for earn one time. We should come together and help them. Let us all work together and provide food for the needy, this the need of this hour, let us all pray for them to give them peace from this stressful situation, Pray for their good health to keep them safe from the deadly disease spread over would wide. Let us all spread the ray of hope to them.

**Megha Mariam George**
8 കെ, മൗണ്ട് താബോർ ഹൈ സ്കൂൾ, പത്തനാപുരം
പുനലൂർ ഉപജില്ല, കൊല്ലം



# കാവതികാക്ക

നേരം വെളുത്തപ്പോൾ കാവതികാക്ക ഉറക്കം ഉണർന്ന് സൂര്യനെ കണി കണ്ടുകൊണ്ട് പറക്കുവാൻ ആരംഭിച്ചു. പറന്ന് തുടങ്ങിയപ്പോൾ ഇടയ്ക്ക് ഒരു മരക്കൊമ്പിൽ ഇരുന്നു, എന്നിട്ട് താഴേക്ക് നോക്കി. അപ്പോഴാണ് അത് കാണുന്നത്. ആ കാഴ്ച കണ്ടപ്പോൾ അവൾക്ക് വല്ലാത്ത വേദനതോന്നി. കാരണം എന്നെ കേരള സർക്കാർ ശുചിത്വമിഷന്റെ ലോഗോയിൽ ഉൾപ്പെടുത്തിയരിക്കുന്നു. ഒരുപക്ഷേ എന്നെ ഇതിന് തെരഞ്ഞെടുത്തത് എന്തായിരിക്കാം. കാക്ക എന്ന് കേൾക്കുമ്പോൾ പലർക്കും അറപ്പും വെറുപ്പും ആണല്ലോ. കാക്കകുളി ചൊല്ലു പോലുംപ്രസിദ്ധമാണല്ലോ പക്ഷേ ചിലർക്കെങ്കിലും എന്റെ സേവനവും വൃത്തിയും മനസ്സിലായതുകൊണ്ടാകാം എന്നെ തിരഞ്ഞെടുത്തത്, അതിന് നന്ദി. മനുഷ്യർ ഇവിടെമാകെ എന്തക്കെയാണ് കാട്ടികൂട്ടിവച്ചിരിക്കുന്നത്. ഇന്ന് എനിക്ക് ഒരുപാട് ജോലിയുണ്ടല്ലോ, പരിസരം ആകെ വൃത്തികേടായി കിടക്കുന്നു. ആഹാരവശിഷ്ടങ്ങളും പച്ചമാംസമത്സ്യാവശിഷ്ടങ്ങളും ഒക്കെയായി. ഞാൻ പറന്ന് താഴെ ഇറങ്ങി ആഹാരാവശിഷ്ടങ്ങൾ വൃത്തിയാക്കാൻ തുടങ്ങി. എന്നാൽ പച്ച മത്സ്യത്തിന്റെ അടുത്ത് ചെന്നപ്പോൾ എന്റെ മനസ്സ് പിടഞ്ഞു. കാരണം കാൻസർ പോലും വരാൻ സാധ്യതയുള്ള മാരകവിഷം അടിച്ച മീൻ ഞാൻ എങ്ങാനെ കഴിക്കും എന്നാലും മനുഷ്യന്റെ നന്മയ്ക്കുവേണ്ടി കാവതികാക്ക അതും തിന്നു വൃത്തിയാക്കി കുറച്ച് വിശ്രമിക്കാൻവേണ്ടി അവൾ വീണ്ടും വന്ന് മരത്തിൽ ഇരുന്നു, അപ്പോഴാണ് അവിടെ ഇവിടെയായി മുറുക്കിയും അല്ലാതെയും തുപ്പുന്നത് കണ്ടത്. അപ്പോഴാണ് അവൾക്ക് അത് ഓർമവന്നത് ഒരിക്കൽ തന്റെ മകൻ ബസ്റ്റാൻറ്റിൽ തുപ്പിയത് തന്റെ മകനെ കൊണ്ട് തന്നെ തിരിച്ചു നക്കിയെടുപ്പിച്ച കാര്യം, ഇതുപോലുള്ള അമ്മമാരുണ്ടെങ്കിൽ ജോലി കുറെ കുറഞ്ഞേനെയെന്നും അവൾ ഓർത്തു, അതാ അവിടെ പുക ഉയരുന്നു ക്യാൻസറിന് കാരണമാകുന്ന പ്ലാസ്റ്റിക്മാലിന്യം കത്തിക്കുകയാണ്. എന്നാൽ പ്ലാസ്റ്റിക്കിന്റെ വരവ് കുറഞ്ഞതുകൊണ്ട് അതിന് തെല്ല ശമനം ഉണ്ട്. കാവതികാക്ക ജോലിയെടുത്ത് ക്ഷീണിച്ചു. അവൾ വിചാരിച്ചു കുറച്ച് വെള്ളം കുടിക്കാമെന്ന് നദിക്കരയിൽ ചെന്ന് വെള്ളം കുടിച്ചു. അവൾക്ക് ആശ്വാസം തോന്നി. പ്ലാസ്റ്റിക്ക്, നിരോധിച്ചതും പത്തിരുപത്

ദിവസമായി ലോക്ഡൗൺ ആയതുകൊണ്ടാകാം നദിയിലെ വെള്ളം മാലിന്യമുക്തമായി കുടിക്കാൻ പറ്റുന്ന തരത്തിലാക്കിയ കോവിഡ് 19 എന്ന മഹാമാരി ഇപ്പോൾ ലോകരാജ്യങ്ങളിൽ ഭീതിയും മരണവും ആശങ്കയും ഉയർത്തി കൊണ്ടിരിക്കുമ്പോൾ, അതിന് യഥാർത്ഥ മരുന്ന് കണ്ടുപിടിക്കാൻപോലും പറ്റാത്ത സാഹചര്യത്തിൽ ശുചിത്വം എന്ന ഒരു മരുന്നുമാത്രമേ ശേഷിക്കുന്നുള്ളൂ. വ്യക്തിശുചിത്വം, കുടുംബശുചിത്വം, പരിസരശുചിത്വം, സാമൂഹികശുചിത്വം,സാമൂഹിക അകലം എന്ന ശുചിത്വവ്യവസ്ഥ ജാഗ്രതയോടെ പാലിക്കാം. ആരോഗ്യം സംരക്ഷിക്കാം. അതിനായി തന്നാൽ ആവുന്നത് ചെയ്യാം എന്ന് കാവതികാക്ക വിചാരിച്ചു. ജോലിക്കൂടുതൽ കാരണം നേരം വൈകിയത് ഞാൻ അറിഞ്ഞില്ലല്ലോ എന്ന് കാവതികാക്ക സ്വയം പറഞ്ഞുകൊണ്ട് അടുത്തുകണ്ട കുളത്തിനരികിലേക്ക് പറന്നു ചെന്നു. അവൾ കുളത്തിലെ വെള്ളത്തിൽ പല പ്രാവിശ്യം മുങ്ങിക്കുളിച്ചു, വെള്ളം കുടഞ്ഞുകളഞ്ഞു, തൂവലുകൾ ഉണക്കി, എന്നിട്ട് തന്റെ കൂട്ടിലേക്ക് പറന്ന് പോയി.

**സ്നേഹ മറിയം മാത്യു**
7 ഡി. മൗണ്ട് താബോർ ഹൈസ്കൂൾ, പത്തനാപുരം
പുനലൂർ ഉപജില്ല, കൊല്ലം



# ഉത്തരം... ആത്മഹത്യ

അന്ന് രാവിലെ തണുപ്പത്തായിരുന്നു എഴുന്നേറ്റത്. ഗ്യാസ് ഓൺചെയ്യുമ്പോൾ നല്ല ചുമയായിരുന്നു. ഭർത്താവ് കുവൈറ്റിലാണ്. കൊറോണ അതിതീവ്രത മേഖലയിൽ. അതിനാൽ പ്രഷർടാബ്ലെറ്റിന്റെ ഡോസ് കൂടി. മകൻ ഫുൾടൈം ഫോണിൽ തന്നെയാണ്. ഫ്രണ്ട്സ് വീഡിയോകോൾ വിളിക്കുന്നതും കാത്തിരിക്കും. എന്നാൽ അവന്റെ അച്ഛനെ ഒന്ന് വിളിക്കാൻ പറഞ്ഞാൽ നേരമില്ല. ഇത്തവണ വരുമ്പോൾ ഒരു നല്ല ഫോൺ കൊണ്ടുവരും എന്ന് പറഞ്ഞതായിരുന്നു. വിമാനത്തിന് ടിക്കറ്റ് ഒക്കെ എടുത്തത് ആയിരുന്നു. പക്ഷെ... മകനോട് പുറത്തു പോകരുത് എന്ന് പറഞ്ഞാൽ കേൾക്കില്ല! ഫ്രണ്ട്സ് എപ്പോഴും എന്തോ ഗെയിം കളിക്കാൻ വിളിക്കും. അവൻ എന്നോട് ഒരു വാക്കുപോലും പറയാതെപോകും. ചായ ഉണ്ടാക്കും നേരവും പാത്രം വൃത്തി ആക്കുമ്പോഴുമൊക്കെ നല്ല ചുമ ആയിരുന്നു. പെട്ടെന്ന് കോവിഡിന്റെ ലക്ഷണം ആണോ എന്ന് കരുതി. അപ്പോൾ ഹസ്ബന്റിനെപറ്റി ഉള്ള ചിന്തയും വന്നു. പാൽ തിളച്ചുമറിഞ്ഞ് നിലത്ത് കറയായതും ഒന്നും അറിഞ്ഞില്ല. അപ്പോൾ ആണ് മകൻ അച്ഛൻ വാട്സാപ്പിൽ എന്തോ മെസ്സേജ് അയച്ചിട്ടുണ്ടെന്ന് പറയുന്നത്. എന്താണ് എന്ന് ചോദിച്ച എന്നോട് അവൻ പറഞ്ഞത് ഇങ്ങനെ ആയിരുന്നു. "ഇംഗ്ലീഷിൽ ഒരു വലിയ പേരഗ്രാഫ് തന്നെ ഉണ്ട്" എന്നാണ്. ഞാൻ ചിന്തിച്ചു. ഒരുപാട്... ഒരുപാട്... എന്റെ ചിന്തകൾ ഒക്കെ നെഗറ്റീവാണ്. എനിക്ക് നെഞ്ചിൽ എന്തോ കുത്തിത്തറിക്കുന്നത് പോലെ തോന്നി. ഞാൻ അറിയാതെ എന്റെ കണ്ണുകൾ നിറഞ്ഞു. എന്റെ മകൻ ഒന്നും കണ്ടില്ല. പെട്ടന്ന് കാലിൽ ഒരു നനവ് ഞാൻ നോക്കി. അപ്പോൾ എന്റെ ഓരോ വിരൽ തുമ്പിൽനിന്നും വിയർത്തു തുള്ളികൾ താഴേക്കുവീഴുന്നു. അല്പസമയം കഴിഞ്ഞു ഞാൻ കേട്ടത് മകന്റെ നിലവിളി ആണ്. ഞാൻ ഉറക്കം ഞെട്ടി. പുറത്തു അവനും അവന്റെ കൂട്ടുകാരും ബോംബ് ഇടാനൊക്കെ പറയുന്നു. ഞാൻ അടുത്ത് ചെന്ന് നോക്കിയപ്പോൾ പബ്ജി കളിക്കുകയാണ്. പെട്ടന്ന് അവന്റെ കൂട്ടുകാരാൻ ജിത്തു പറഞ്ഞു "അമ്മേ ഞങ്ങൾ ഇന്ന് ഇവുടുന്നാണ് ഫുഡ് കഴിക്കുന്നത്". ഞാൻ അകത്തുചെന്ന് കറിപാത്രത്തിനുവേണ്ടി നോക്കിയപ്പോൾ കണ്ടില്ല. അപ്പോഴാണ് ഓർത്തത് ഞാൻ ഒന്നും ഉണ്ടാക്കി ഇല്ല. അപ്പോഴേക്കും എല്ലാരും കൈകഴുകാൻ തുടങ്ങി. ഞാൻ ഉടൻ 1000 രൂപ എടുത്ത് മകന്റെ കയ്യിൽ കൊടുത്തു ഹോട്ടലിൽ നിന്ന് വല്ലതും

മേടിക്കാൻ പറഞ്ഞു. ഉടൻ എന്തൊക്കെയോ ഒരു ഭയം കാരണം ഇവിടെ ചോറും മീൻകറിയും മാത്രമേ ഉള്ളൂ എന്നും ഞാൻ പറഞ്ഞു. അവൻ ഉടൻ പറഞ്ഞു. നിങ്ങൾക്ക് തീരെ വിവരം ഇല്ലേ എനിക്ക് മാത്രമായി ഇവിടെ വല്ല ഹോട്ടലും തുറന്നുവച്ചിട്ടുണ്ടോ? എല്ലാരും ഇപ്പൊ സദ്യ ഒന്നുമല്ല കഴിക്കുന്നേ ഇതൊക്കെ തന്നെ ആണ് നിങ്ങളെടുത്തു വയ്ക്ക്. ഞാൻ ഉടൻ അയൽവക്കത്തു നിന്നും ചോറും കറിയും മേടിച്ചു. മേടിക്കാൻ ചെന്നപ്പോൾ അവിടെ ന്യൂസ് വച്ചിട്ടുണ്ട്. കുവൈറ്റിലെയും സൗദിയിലെയും മരണസംഖ്യ ഒക്കെ ആണ് ന്യൂസിൽ. എനിക്ക് പെട്ടന്ന് തല ചുറ്റുന്നതുപോലെ തോന്നി. ചോറ് മേശയിൽ കൊണ്ട് വച്ച ശേഷം ഞാൻ മകൻ പറഞ്ഞ വാക്കുകളും ഹസ്ബന്റ് അയച്ച മെസ്സേജും മരണസഖ്യയും... ഒക്കെ ആലോചിച്ചു. പിന്നീട് കിണറിന്റെ സൈഡിൽനിന്നും കയറെടുത്തു. അവസാന ശ്വാസത്തിന് ഒരുനിമിഷം മുന്നേ ഞാൻ കേട്ടത് എന്റെ മകൻ പറയുന്നതായിരുന്നു. അമ്മേ ദേ അച്ഛൻ വീഡിയോകോൾ വിളിക്കുന്നു. അച്ഛാ ദേ ഞാൻ അമ്മയ്ക്ക് കൊടു... അവസാനനിമിഷം ആ സ്ത്രീക്ക് അവരോട് തോന്നിയ ലജ്ജ അതിനി ആർക്കും തോന്നരുത്. മരണം എന്ന വാക്ക് ഈ മഹാമാരിയുടെ കാലഘട്ടത്തിൽ നാം ആലോചിക്കരുത്.

**ശിവന്യ പി**
8 ജെ, കൂടാളി എച്ച്.എസ്.എസ്
മട്ടന്നൂർ ഉപജില്ല, കണ്ണൂർ



# നന്മയുടെ കൃഷിപ്പാടം

പൊന്നുതുരുത്ത് ഗ്രാമത്തിലെ കിങ്ങിണിപ്പുഴയാലും കാറ്റിൽ ആടിയുലയുന്ന നെല്ലുകളാൽ നിറഞ്ഞപാടത്താലും വലയംതീർത്ത ഒരു കൊച്ചുവീട്ടിലെ കുട്ടിയാണ് അമ്മു. മുത്തച്ഛനും അച്ഛനും അമ്മയും അമ്മുവും അടങ്ങുന്ന കൃഷിയോട് വളരെയധികം താല്പര്യമുള്ള കുടുംബമായിരുന്നു അവളുടേത്. അവർ എല്ലാവരും രാവിലെ പാടത്തിറങ്ങി ഓരോരോ ജോലികൾ ചെയ്യുമായിരുന്നു. അങ്ങനെയിരിക്കെ അമ്മുവിന്റെ അച്ഛനും അമ്മയ്ക്കും ജോലികിട്ടി. അവർക്ക് കൃഷി ചെയ്യാൻ സമയമില്ലാതായി. ഒരുദിവസം അമ്മു പുഴയരികിൽ കളിക്കാൻ പോയപ്പോൾ മുത്തച്ഛൻ പാടത്തിനടുത്ത് വിഷമിച്ചിരിക്കുന്നത് കണ്ടു. "എന്താ മുത്തച്ഛാ വിഷമിച്ചിരിക്കുന്നത്" അമ്മു ചോദിച്ചു. ഒന്നുമില്ല അമ്മു. പാടത്തെ കൃഷിയൊക്കെ കുറഞ്ഞതുകണ്ട് അതിനെക്കുറിച്ച് ആലോചിച്ച് ഇരുന്നതാ. മോളുടെ അച്ഛനും അമ്മയും ഇപ്പോൾ ജോലിക്ക് പോകുന്നതുകൊണ്ട് അവർക്ക് സമയമില്ലാതെയായി. അങ്ങനെ നമ്മുടെ കൃഷിയെല്ലാം വാടിക്കരിഞ്ഞുപോയി. അതുകേട്ട അമ്മുവിന് വിഷമമായി. അവൾ മുത്തച്ഛനോട് പറഞ്ഞു, മുത്തച്ഛാ വിഷമിക്കേണ്ട നമുക്ക് ഒരുമിച്ച് ഇവിടെ കൃഷിചെയ്യാം. ഞാൻ മുത്തച്ഛനെ സഹായിക്കാം. മുത്തച്ഛന് അത് കേട്ടപ്പോൾ വളരെ സന്തോഷം തോന്നി. വേണ്ട മോളെ, മോളു കുഞ്ഞല്ലെ. മോൾ ഇപ്പോൾ ഞാൻ പറയുന്നത് ചെയ്താൽ മതി. ഞാൻ കുറച്ച് വിത്തുകൾ തരാം. അത് പാടത്തിനടുത്തുള്ള സ്ഥലത്ത് നടണം. അതിന് വെള്ളവും, വളവും കൊടുത്ത് നല്ലപോലെ പരിപാലിക്കണം. കുറേനാൾ കഴിയുമ്പോൾ അതെല്ലാം വളർന്ന് വലിയമരങ്ങളാകും. എല്ലാവർക്കും തണൽ നൽകുന്ന മരങ്ങൾ. മുത്തച്ഛൻ പറഞ്ഞതുപോലെ അമ്മു ചെയ്തു. അവൾക്ക് മുത്തച്ഛന്റെ ആഗ്രഹം നടത്തികൊടുത്തതിൽ വളരെ സന്തോഷം തോന്നി.

**നിരഞ്ജന റിഷികേശ്**
5 എ, എച്ച്.എസ്.എളന്തിക്കര
വടക്കൻ പറവൂർ ഉപജില്ല, എറണാകുളം

# സംഭാഷണം

കോറോണക്കാലത്ത് നിങ്ങൾക്ക് എല്ലാവർക്കും അവധി അല്ലെ, മാൻകുഞ്ഞിനും മുയൽകുഞ്ഞിനും സ്കൂൾ അവധിയായിരുന്നു. പിറ്റേദിവസം മുയൽകുഞ്ഞ് മാൻ കുഞ്ഞിന്റെ വീട്ടിലേക്ക് പോയി. അപ്പോൾ മാൻകുഞ്ഞ് ചോദിച്ചു: "എടാ മുയൽകുട്ടാ, നീ എന്തിനാ ഇങ്ങോട്ടേക്ക് വന്നത്?" കളിക്കാൻ ആണ് എന്ന് മുയൽകുഞ്ഞ് മറുപടി പറഞ്ഞു. ''ഈ കോറോണകാലത്ത് പുറത്തിറങ്ങരുതെന്നു നിനക്കറിഞ്ഞുകൂടേ" മാൻകുഞ്ഞ് ചോദിച്ചു.

പിന്നെ അവർ എന്തൊക്കെ ആണ് പറഞ്ഞത് എന്ന് കൂട്ടുകാർക്ക് കേൾക്കേണ്ടേ.

മുയൽ : പക്ഷെ വീട്ടിൽ ഇരുന്നിട്ട് എനിക്ക് ഒരാവശ്യം ഇല്ല അതുകൊണ്ടാണ്.

മാൻ : വീട്ടിലിരുന്ന് അമ്മയെ സഹായിക്കാം, പിന്നെ പെയിന്റിംഗ് ചെയ്യാം, അങ്ങനെ പലതരം ജോലികളും കളികളുണ്ട്.

മുയൽ : നീ പറയുന്നത് ശരിയാണ്, നീ ഒരു മിടുക്കൻ തന്നെ.

മാൻ : നന്ദി മുയൽക്കുട്ടാ. പിന്നെ, വീട്ടിൽ എത്തുമ്പോൾ കൈ നന്നായി കഴുകണം.

മുയൽ : അതെന്തിനാ?

മാൻ : ഈ രോഗത്തെ നിയന്ത്രിക്കാൻ ചെയ്യേണ്ട ഒരു കാര്യമാണിത്. നമ്മുടെ കൈയിൽ ഇതിന്റെ വൈറസ് ആയാൽ കൈകഴുകാതെ മുഖത്തോ മറ്റെവിടെയെങ്കിലും തൊട്ടാൽ രോഗസാധ്യത വർധിക്കുന്നു .

മുയൽ : എനിക്കറിയില്ലായിരുന്നു. നന്ദി മാൻകുട്ടാ. ഞാൻ പോകുന്നു

മാൻ : നന്ദി ഒന്നും വേണ്ട, ഞാൻ നിന്റെ കൂട്ടുകാരൻ അല്ലെ.

മുയൽ : നമ്മുക്ക് പിന്നെ കാണാം മാൻകുട്ടാ...

**ജോവന്ന കെ എസ്**
3 ബി, എച്ച് എസ് എസ് ഓഫ് ജീസസ് കോതാട്
എറണാകുളം ഉപജില്ല, എറണാകുളം



# കടലിന്റെ മക്കൾ

ജൂൺമാസം കൺതുറന്നു. മഴക്കാലത്ത് ഭക്ഷണം സ്വരൂപിക്കുന്ന കുഞ്ഞിറുമ്പുകൾ. കുയിലുകളുടെ മധുരനാദം കേട്ട മനോഹരമായ പ്രഭാതത്തിലാണ് അപ്പു ഉണർന്നത്. അപ്പു ഉണരുമ്പോൾതന്നെ കനത്ത മഴയാണ്. അപ്പു രണ്ട് മാസത്തെ വേനലവധിക്കാലം കഴിഞ്ഞ് ആദ്യമായാണ് ഇന്ന് സ്കൂളിൽ പോകുന്നത്. അവൻ സ്കൂളിൽ പോകാൻ തയാറെടുത്തു. അപ്പോഴാണ് അവൻ ദിനപത്രം ശ്രദ്ധിച്ചത്. ഇനിയുള്ള ദിനങ്ങളിൽ കനത്ത മഴയുണ്ടാകുമെന്ന വാർത്തയാണ് ദിനപത്രത്തിന്റെ തലക്കെട്ട്. ഈ വാർത്ത കണ്ടതും അമ്മയായ ലക്ഷ്മിയോട് ആ വാർത്തയുടെ ഉള്ളടക്കം പങ്കുവച്ചു. അപ്പോൾ അപ്പുവിനോട് കുട എടുക്കണമെന്ന് ലക്ഷ്മി ഓർമിപ്പിച്ചു. ലക്ഷ്മി തയാറാക്കിയ ദോശ കഴിച്ച്, യാത്രചൊല്ലി അപ്പു സ്കൂൾ ബസ്സിൽ കയറി.

ആദ്യ ദിനമായതുകൊണ്ട് പഴയസുഹൃത്തുക്കളെ വീണ്ടും കണ്ടുമുട്ടുന്നതിന്റെ ആകാംക്ഷയോടെ അവൻ ക്ലാസ്സിലേക്ക് പോയി. അവനും അവന്റെ കൂട്ടുകാരും കുറേനേരം അവധിക്കാലവിശേഷങ്ങൾ പങ്കിട്ടുകഴിഞ്ഞപ്പോൾ പുതിയ അധ്യാപിക ക്ലാസ്സിലേക്ക് വന്നു. മണിക്കൂറുകൾ ക്ലാസ്സിൽ ടീച്ചറുമായി പങ്കിട്ടശേഷം വീട്ടിലേക്ക് മടങ്ങാൻ സമയമായി. അപ്പോഴും രാവിലെ മുതൽ തുടങ്ങിയ കനത്ത മഴയ്ക്ക് ശമനമുണ്ടായിരുന്നില്ല. വീട്ടിലേക്ക് പോകുന്ന പാതകളിൽ മഴവെള്ളം കെട്ടി നിൽക്കുന്നുണ്ടായിരുന്നു. അവൻ വീട്ടിലെത്തിയപ്പോഴേക്കും ഒരു പ്രധാനമായ വാർത്ത അപ്പുവിനോട് ലക്ഷ്മി പറഞ്ഞു "കേരളത്തിൽ മഴ ശക്തമാകുന്നതമൂലം പ്രളയം ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് കാലാവസ്ഥനിരീക്ഷകർ അറിയിച്ചു" എന്നായിരുന്നു ആ വാർത്തയുടെ ഉള്ളടക്കം. രാത്രി ആയപ്പോഴും മഴയുടെ അളവിൽ ശമനമുണ്ടായിരുന്നില്ല. രാവിലെ അപ്പു കണ്ട കാഴ്ച അവനെ അമ്പരിപ്പിച്ചു. മുറ്റം മുഴുവൻ വെള്ളം. അപ്പുവും ലക്ഷ്മിയും വേഗം പോയി ദിനപത്രം വായിച്ചു. കേരളം മുഴുവൻ റെഡ് അലർട്ട് പ്രഖ്യാപിച്ചിരിക്കുന്നു. അതുകൊണ്ടുതന്നെ സ്കൂളടക്കമുള്ള എല്ലാസ്ഥാപനങ്ങളും ഇന്നവധി എന്നായിരുന്നു ദിനപത്രത്തിന്റെ തലക്കെട്ട്. അത് വായിച്ചശേഷം അപ്പുവും ലക്ഷ്മിയും ഒന്ന് ഭയന്നു. ഉച്ചയായപ്പോഴേക്കും വീടിനുള്ളിലേക്ക് മഴവെള്ളം ഒഴുകാൻ തുടങ്ങി.

അപ്പോഴാണ് അവർ ശ്രദ്ധിച്ചത് അയൽക്കാരെയെല്ലാം ബോട്ടിൽ കയറ്റി കരയ്ക്കെത്തിക്കുന്നത്. വീട്ടിനുള്ളിലേക്ക് വെള്ളത്തിന്റെ ഒഴുക്ക് വർദ്ധിച്ചപ്പോൾ അപ്പുവും ലക്ഷ്മിയും അലറിവിളിച്ചു. പക്ഷെ നീന്തൽ വിദഗ്ധർ അവിടെ ഒഴുക്ക് ശക്തമായതുകൊണ്ട് അങ്ങോട്ട് പോകാൻ താൽപര്യം കാണിച്ചില്ല. മൂക്കറ്റം വരെ വെള്ളം കയറാൻ തുടങ്ങിയപ്പോൾ അവർ വീണ്ടും അലറിവിളിച്ചു. അതുകേട്ട മത്സ്യതൊഴിലാളികൾ അവരെ എന്തുകൊണ്ട് രക്ഷിക്കുന്നില്ല എന്ന് അന്വേഷിച്ചു. നീന്തൽവിദഗ്ധർ കാരണം അറിയിച്ചു. എന്നാൽ മത്സ്യതൊഴിലാളികൾ ജീവന് ഭീഷണിയാണെന്നറിഞ്ഞും വന്ന് രക്ഷിച്ച് തിരിച്ച് കൊണ്ടുവരുകയും ചെയ്തു. മത്സ്യതൊഴിലാളികളോട് നന്ദിയറിയിച്ച് അവർ ക്യാമ്പിലേക്ക് മടങ്ങി. മാസങ്ങൾ കഴിഞ്ഞു അടുത്ത ജൂൺ മാസം വന്നു അതെ ഭയത്തോടെ അപ്പു വീണ്ടും സ്കൂളിൽ പോകുന്നു.

**ശ്രേയ എം**
7 ബി, എച്ച്.എസ്.മുണ്ടൂർ
പറളി ഉപജില്ല, പാലക്കാട്



# ശുചിത്വമുള്ള പരിസരം ആരോഗ്യത്തിന്...

ഒരിടത്ത് ഒരു ഗ്രാമത്തിൽ വളരെയധികം ചപ്പുച്ചവറുക്കളും കുന്ന്കൂടി കിടക്കുകയായിരുന്നു ആരുംതന്നെ ആ ചപ്പുച്ചവറിനെ അവിടുന്ന് നീക്കം ചെയ്യാനോ മറ്റോ മുൻകൈ എടുത്തില്ല. അങ്ങനെ ഒരുദിവസം നഗരത്തിൽനിന്ന് വന്ന ഒരാൾ പറഞ്ഞു നിങ്ങളെല്ലാവരും ഈ ചപ്പുചവറുകൾ ഇവിടുന്ന് നീക്കം ചെയ്തില്ലെങ്കിൽ നിങ്ങൾക്ക് എല്ലാവർക്കും അസുഖങ്ങൾ ഉണ്ടാകും, അതുക്കൊണ്ട് നിങ്ങൾ ഈ ചപ്പുചവറിനെ നീക്കം ചെയ്യുകയും പരിസരവും ചുറ്റുപ്പാടും ശുചീകരിക്കുകയും വേണം എന്ന് പറഞ്ഞു. എന്നാൽ ആരുംതന്നെ അയാളുടെ വാക്കുകൾ കേൾക്കനോ ആ ചപ്പുചവറുകൾ നീക്കം ചെയ്യാനും ശ്രമിച്ചില്ല. പകരം അയാളുടെ വാക്കുകളെ അവർ പുച്ഛിച്ചു.

അങ്ങനെ ഓരോരുത്തർക്കായി രോഗങ്ങൾ വന്നുതുടങ്ങി. മരുന്നുകൾ പലതും കഴിച്ചിട്ടും ഡോക്ടറെ മാറിമാറി കണ്ടിട്ടും അവരുടെ രോഗം മാറിയില്ല. രോഗം മറ്റ് സ്ഥലങ്ങളിലേക്കും വ്യാപിക്കാൻ തുടങ്ങി. അങ്ങനെ എല്ലാവരും കൂടി ഇതിന്റെ കാരണം അന്വേഷിച്ചു തുടങ്ങിയപ്പോൾ, അവർക്ക് മനസ്സിലായി ഗ്രാമത്തിലെ ചപ്പുചവറുകളിൽ നിന്നാണ് ഈ രോഗം പടരുന്നതെന്ന്.

അങ്ങനെ അവർ എല്ലാവരും മുന്നോട്ടുവന്ന് പറഞ്ഞു നമ്മുക്ക് ഒരുമിച്ച്നിന്ന് നമ്മുടെ പരിസരവും ചുറ്റുപാടും ഈ നിമിഷം മുതൽ നമ്മൾ വൃത്തിയാക്കിയിരിക്കും. എല്ലാവരും ഏറ്റ് പറഞ്ഞു, എല്ലാവരും ചേർന്ന് പരിസരവും ചുറ്റുപാടും ഈ ചപ്പുചവറും നീക്കം ചെയ്യും, എല്ലാവരും ഒരുമിച്ച് ചപ്പുചവറുകൾ നീക്കം ചെയ്തു. എല്ലായിടത്തും വൃത്തിയാക്കിവയ്ക്കാം. നമ്മൾ എല്ലാവരും ഇനി മുതൽ ശുചികരിക്കും എന്ന്, അങ്ങനെ അവർ തങ്ങളെ പിടിപെട്ട മഹാരോഗത്തിൽ നിന്നും മുക്തരായി. പിന്നീട് ഒരിക്കലും അവർ തങ്ങളുടെ വീടും നാടും രാജ്യവും മലിനമാക്കാൻ അനുവദിച്ചില്ല.

അങ്ങനെ അവരുടെ ആ രാജ്യം സ്വർഗതുല്യമായി, കൂടാതെ അവരുടെ പ്രവൃത്തി മറ്റ് രാജ്യങ്ങളും പിൻതുടർന്നു.

**നാസില എ**
8 എ, വി.എച്ച്.എസ്.എസ്. മുതുകുളം
ഹരിപ്പാട് ഉപജില്ല, ആലപ്പുഴ

# മുരളിച്ചേട്ടനും കുടുംബവും

ഒരു കൊച്ചുഗ്രാമത്തിൽ തെങ്ങുചെത്തുകാരൻ മുരളിച്ചേട്ടനും കുടുംബവും താമസിച്ചിരുന്നു. മുരളിച്ചേട്ടന് ഒന്നാം ക്ലാസ്സിലും, എൽ.കെ.ജിയിലും പഠിക്കുന്ന രണ്ടു മക്കളുണ്ടായിരുന്നു. പ്രകൃതിയെ സ്നേഹിക്കുന്ന മുരളിച്ചേട്ടൻ വീടിനും ചുറ്റും പച്ചക്കറികൃഷിയും പൂന്തോട്ടവും ഉണ്ടാക്കിയിരുന്നു. വീട്ടിനടുത്തുള്ള അരുവിയിൽനിന്നും വെള്ളം കോരിയാണ് തോട്ടം നനച്ചത്. ഒരു ദിവസം വെള്ളം കോരാൻ പോയപ്പോൾ അവർക്ക് ഒരു പൂച്ചക്കുഞ്ഞിനെ കിട്ടി. മുരളിച്ചേട്ടന്റെ മക്കളും പൂച്ചക്കുഞ്ഞും നല്ല കൂട്ടുകാരായി. പൂച്ചക്ക് അവർ ലില്ലി എന്നു പേരിട്ടു. ഉണ്ണുമ്പോഴും ഉറങ്ങുമ്പോഴും കളിക്കുമ്പോഴും ലില്ലിപ്പൂച്ച അവരുടെ കൂടെ ഉണ്ടായിരുന്നു. ഒരു ദിവസം കായലിലേക്ക് അവർ ലില്ലിയെയും കൂട്ടിപ്പോയി. കളിച്ചു കൊണ്ടിരിക്കേ ലില്ലി കാല് തെന്നി ഒരു കുഴിയിലേക്ക് വീണു. നിലവിളികേട്ട മുരളിച്ചേട്ടൻ ഓടിവന്ന് ലില്ലിയെ രക്ഷിച്ചു. പിന്നീട് അവർ മുതിർന്നവരുടെ അനുമതിയില്ലാതെ എവിടെയും പോയില്ല.

**ശ്രീപദ് വി.പി**
2 എ, പുഴാതി എസ്.വി.എൽ.പി. സ്കൂൾ
പാപ്പിനിശ്ശേരി ഉപജില്ല, കണ്ണൂർ



# മഹാമാരിയിലെ ഓർമകൾ

നഷ്ടമായ ഓർമകളിൽ ബാലു വിഷമിക്കുകയാണ്. അവന്റെ ചേട്ടൻ അജയനെ കുറിച്ചോർത്താണ് വിഷമം. ഗൾഫിലായിരുന്നു ചേട്ടന്റെ ജോലി. നല്ലൊരു പാട്ടുകാരനുമായിരുന്നു.

ഒരുദിവസം ചേട്ടന്റെ വരവ് അറിഞ്ഞ ബാലു വളരെയധികം സന്തോഷിച്ചു. വരുമ്പോൾ എല്ലാം അവനോരോ സമ്മാനങ്ങളു മായിട്ടാണ് വരുക. അതിൽ പ്രധാനം കാറുകളായിരുന്നു. ചേട്ടൻ വന്നാൽ വീട്ടിൽ എല്ലാവർക്കും ഉത്സവം പോലെയാണ്. അമ്മ പലതരത്തിലുള്ള പലഹാരങ്ങൾ ഉണ്ടാക്കിയും നാടൻ കറികൾ വച്ചും തരാറുണ്ട്. ചേട്ടൻ നാട്ടിൻപുറ രീതികൾ ഇഷ്ടമുള്ളയാളാണ്. ബാലുവിന്റെ സന്തോഷം കൊയ്തുകഴിഞ്ഞ വിശാലമായ പാടത്തു പട്ടം പറത്തിയും അവിടെ ചേട്ടനൊപ്പം പന്തുകളിച്ചു നടന്നതും, ഇവയെല്ലാം ഓർത്തിരുന്ന ബാലുവിന്റെ മനസ്സ് പതറിയത് വീടിന്റെ മുന്നിൽ വന്നുനിന്ന കാറിന്റെ ശബ്ദം കേട്ടാണ്. ചേട്ടനെ കണ്ട സന്തോഷത്തിൽ ഓടി അടുത്തെത്താൻ ശ്രമിച്ച ബാലുവിനെ അമ്മ പുറകിൽ പിടിച്ചുവലിച്ചു. അവൻ കരഞ്ഞുപറഞ്ഞിട്ടും വിടാൻ കൂട്ടാക്കിയില്ല. അമ്മ തലേദിവസം തന്നെ പുറത്തുള്ള ഒരു മുറി വൃത്തിയാക്കിയിരുന്നു. ചേട്ടൻ ബാലുവിനെ കൈവീശി കാണിച്ചു അവിടേക്ക് കയറിപ്പോയി. ഒന്ന് നന്നായി കാണാനും തൊടാനും പറ്റാതെ അവൻ വിഷമിച്ചു കരഞ്ഞു. ചില്ലുജനലിനരികിൽ ചേട്ടന്റെ നിഴൽകണ്ട് നാളെ അല്ലെങ്കിൽ മറ്റെന്നാൾ ചേട്ടൻ പുറത്തുവരും എന്ന് അവൻ പ്രതീക്ഷിച്ചു. ചേട്ടന്റെ പാട്ടുകൾ ചെവിയോർത്തുപാടി അവൻ ദിവസങ്ങൾ തള്ളിനീക്കി. പക്ഷെ അവന്റ പ്രതീക്ഷകൾക്ക് വിപരീതമായി ചേട്ടനെ ഒരു ദിവസം ആംബുലൻസിൽ കൊണ്ടുപോയി. ആ മുറിയുടെ അടുത്തേക്കുപോലും പോകാൻ അമ്മ സമ്മതിച്ചില്ല. ചേട്ടനെ ഒരുനോക്കുപോലും കാണാൻപോലും സാധിച്ചില്ല. അവന്റെ ചേട്ടൻ വീട്ടുകാരോടും നാട്ടുകാരോടും കൂട്ടുകാരോടുമെല്ലാം വിടപറഞ്ഞു യാത്രയായി ദൈവത്തിന്റെ അടുത്തേക്ക്. മരിച്ച ചേട്ടനെ കാണാനും ഒരു ഉമ്മ അവസാനമായി കൊടുക്കാൻപോലും ആരും അവനെ സമ്മതിച്ചില്ല. ചേട്ടന്റെ പാട്ടിന്റെ ഓർമകളിൽ അവൻ സന്തോഷം കണ്ടെത്താൻ ശ്രമിച്ചു. ഈ

സമയത്താണ് ചേട്ടനെ ബാധിച്ച രോഗത്തെക്കുറിച്ച് ബാലു അറിയുന്നത്. ഈ ലോകത്തെ മുഴുവൻ നശിപ്പിക്കുന്ന കോവിഡ് 19 എന്ന രോഗമായിരുന്നു അത്. അവനും കൂട്ടുകാരും ഒറ്റകെട്ടായി ആരോഗത്തിനെതിരെ പ്രതിരോധിക്കാൻ തീരുമാനിച്ചു. വീടിന്റെ പരിസരവും പുഴകളും എല്ലാം വൃത്തിയാക്കാൻ തുടങ്ങി. സാനിറ്ററൈസുകളും മാസ്കുകളും വിതരണം ചെയ്തു. ഭഷ്യവസ്തുക്കളുടെ മാലിന്യങ്ങൾ റോഡിലേക്ക് വലിച്ചെറിയാതെ അവരുടെ വീട്ടിലെ ചെടികൾക്ക് വളമായി ഉപയോഗിച്ച് തുടങ്ങി. അതിനോടൊപ്പം വ്യക്തിശുചിത്വവും പാലിക്കാൻ തുടങ്ങി. ആവശ്യത്തിന് മാത്രം ജനസമ്പർക്കം പുലർത്താൻ അവർ മറ്റുള്ളവരെ പറഞ്ഞുപഠിപ്പിച്ചു. പുറത്തു പോയി വന്നാൽ കൈകാലുകൾ കഴുകി മാത്രം വീടിനുളളിൽ കയറണം എന്ന മുത്തശ്ശിയുടെ വാക്കുകൾ അവൻ ഇന്നും പാലിക്കുന്നു.

**ദേവഗോപൻ. എം**
5 ഡി, എസ്.എൻ.വി.എസ്.എച്ച്.എസ്. തിരുവല്ല
തിരുവല്ല ഉപജില്ല, പത്തനംതിട്ട



# ആൽമരവും കൃഷ്ണനും പിന്നെ ഞാനും

ഒരിടത്തു വളരെ ദരിദ്രനായ കൃഷ്ണൻ എന്ന് പേരുള്ള ഒരു മരംവെട്ടുകാരൻ ഉണ്ടായിരുന്നു, അയാൾ ഒരുദിവസം രാവിലെ പണിക്കുപോകുവാനായി ഇറങ്ങിയപ്പോൾ തന്റെ സുഹൃത്തായ ദാസനെ കണ്ടു, ദാസൻ ചോദിച്ചു:

"എന്താ കൃഷ്ണാ... വലിയ സന്തോഷത്തിൽ ആണല്ലോ."

"അതെ ദാസാ, വല്യസന്തോഷത്തിലാ. അങ്ങാടിയിലെ ആൽമരം വെട്ടുവാൻ എനിക്ക് രണ്ടുപേർ നിറയെ പൈസ തന്നു."

എന്ന് പറഞ് കൃഷ്ണൻ യാത്രയായി

അങ്ങാടിയിലെത്തിയ കൃഷ്ണൻ ആൽമരത്തിന്റെ അടുത്തെത്തി, തന്റെ മഴുവിന്റെ മൂർച്ചകൂട്ടി.

പെട്ടന്ന് ആല്മരത്തിൽ ഇരുന്ന തത്തമ്മ ഒരാലില കൊത്തി കൃഷ്ണന്റെ തലയിലേക്കിട്ടു. കൃഷ്ണൻ മുകളിലേക്ക് നോക്കി.

ആൽമരത്തിന്റെ ചില്ലയിൽ ഇരുന്ന പിങ്കി തത്തമ്മ പറഞ്ഞു:

"സഹോദരാ.. ഒന്ന് നോക്കു... ഈ മരം എന്റെയും ചുന്ദരിപ്രാവിന്റെയും ടുട്ടു അണ്ണാറകണ്ണനും ഉള്ള വീടാണ്."

അടുത്തൊരു ചില്ലയിലേക്കു പറന്നുചെന്നിരുന്ന് പിങ്കി തത്തമ്മ കൊഞ്ചൽ തുടർന്നു...

"വൈകുന്നേരമായാൽ മക്കൾക്കുവേണ്ടിയുള്ള ആഹാരം ഒക്കെ സംഭരിച്ച് ഗർഭിണിയായ ചങ്ങാലിപ്രാവും ഇങ്ങുവരും, കൂടാതെ കൃഷ്ണപരുന്തും വെള്ളമൂങ്ങയുമൊക്കെ അടുത്തടുത്ത ചില്ലകളിൽ താമസിക്കുന്ന അയൽക്കാരാണ്. സഹോദരാ... നീയീ മരംവെട്ടിക്കളഞ്ഞാൽ ഞങ്ങൾ അനാഥരാകും. ഞങ്ങൾ പാവങ്ങളാ. ഞങ്ങളെ ഉപദ്രവിക്കല്ലേ."

ഇതുകേട്ട ആൽമരം കൃഷ്ണനോട് തലകുലുക്കിപ്പറഞ്ഞു:

"കൃഷ്ണാ... എത്രകാലം ഞാൻ നിനക്ക് തണല് തന്നു. നീ ഇപ്പോൾ വീട്ടിലേക്കു പോകൂ."

ഇതൊക്കെ കേട്ട് മനസ്സലിഞ്ഞ കൃഷ്ണൻ ആൽമരത്തിനോട് ക്ഷമ പറഞ്ഞ് തിരികെപ്പോയി. സന്തോഷസൂചകമായി പിങ്കിതത്തമ്മ പാട്ടുപാടി. കൃഷ്ണന് അധികം താമസിയാതെ മറ്റൊരു ജോലികിട്ടി. സസന്തോഷം സകുടുംബം ഒരുപാടുനാൾ ജീവിച്ചു .

**അഭിജിത്ത്. എ**
5 ബി, എസ്.ആർ.എസ്.യൂ.പി.എസ്.പള്ളിച്ചൽ
ബാലരാമപുരം ഉപജില്ല, തിരുവനന്തപുരം

# മഞ്ഞു തുള്ളിയുടെ ആത്മകഥ

ഞാൻ മഞ്ഞു തുള്ളി.

നിങ്ങൾ മനുഷ്യർക്ക് എന്റെ കഥ അറിയാമാ? എന്നെ കാണാൻ ഭയങ്കര ഭംഗിയുണ്ടെങ്കിലും എന്റെ കഥ ദുഖം നിറഞ്ഞതാണ്, രണ്ടു ജലതുള്ളികൾ ബാഷ്പീകരിച്ചാണ് ഞാൻ ഉണ്ടായത്. എന്നും രാവിലെ നിങ്ങൾക്കെന്നെ കാണാൻ കഴിയും.

നീ അന്തരീഷത്തിലൂടെ ഒഴുകി നടന്നിട്ടുണ്ടാ? എന്തു രസമായിരിക്കും, അങ്ങടെ പോയാൽ. കളവ് നിരോധിച്ച ലോകത്ത് ഞാൻ ജനിച്ചു, എന്റെ അച്ഛനുമമ്മയും മേഘങ്ങളാണ്. എന്റെ മരണം എപ്പാഴാണെന്ന് എനിക്കറിഞ്ഞുകൂടാ. എന്നാലും രാവിലെ നിങ്ങള് എന്നെ കാണുമ്പാഴുള്ള സന്താഷമാണ് എനിക്ക് വലുത്. ഹാ, നേരം കുറേയായി, വെയിലും വന്നു. ഞാൻ പോകട്ടെ.

**രഞ്ജിനി കെ**
8 ബി, എസ്.എ.ബി.ടി.എം. ഹയർസെക്കന്ററി സ്കൂൾ, തായിനേരി
പയ്യന്നൂർ ഉപജില്ല, കണ്ണൂർ

# കടൽ കവർന്നൊരു സമ്മാനം

കടലോരത്തെ കുടിലിന്റെ മൂലയിൽ തന്റേതുമാത്രമായ പെട്ടിതുറന്ന് പാവക്കുട്ടിയെ അവൾ കൈയിലെടുത്തു. തിളങ്ങുന്ന അതിന്റെ കണ്ണുകളിൽ നോക്കി പറഞ്ഞു "എന്റെ പിറന്നാളിന് അച്ഛൻ തന്ന സമ്മാനമാ. സ്കൂളിൽ പോകുമ്പോൾ നിന്നെയും കൊണ്ടുപോകാം." എന്റെ കൂട്ടുകാരെ കാണിച്ചുതരാം. നിന്നെ കാണുമ്പോൾ അവർക്ക് എന്ത് സന്തോഷമാകുമെന്നോ." സ്കൂൾ തുറന്നു. കൂട്ടുകാർ നിരയായി വന്നുനിന്നു. അച്ഛന്റെ പിറന്നാൾ സമ്മാനം തിരകളിൽ ഒഴുകി അലയുകയായിരുന്നു. അവളേയും തേടി.

**ധനഞ്ജയ് കൃഷ്ണ. ആർ**
5 ബി, കെ.ആർ.ജി.പി.എം.എച്ച്.എസ്സ്.എസ്സ്. ഓടനാവട്ടം
വെളിയം ഉപജില്ല, കൊല്ലം



# തിരിച്ചറിവ്

നാടും വീടും വിട്ടു  കുടുംബം പച്ചപിടിപ്പിക്കാൻ വേണ്ടി വെളിനാട്ടുകളിൽ കഷ്ടപ്പെടുന്നവരാണ് പ്രവാസികൾ. ഓരോ പ്രവാസികളുടെയും മനസ്സിൽ നാട്ടിൽ വരുമ്പോളുള്ള മധുരകരമായ ഓർമകളാണുള്ളത്. ബന്ധുവീടുകളിൽ പോകുന്നതും കൂട്ടുകാരുമൊത്ത് കൂടുന്നതും വീട്ടുകാരുടെ കൂടെ സമയം ചെലവഴിക്കുന്നതും അങ്ങനെ. ആ ഓർമകളാണ് അവരുടെ പ്രവാസജീവിതത്തിലെ കരുത്തും .എന്നാൽ ധാരാളം പണം കൈയിൽ വരുമ്പോൾ നാടും വീടും മറക്കുന്നവരുമുണ്ട് അങ്ങനെ ഒരാളാണ് നമ്മുടെ സതീശൻ.

പ്രവാസലോകത്ത് ആദ്യം കുറച്ചു കഷ്ടപ്പെട്ടെങ്കിലും കൈയിൽ പണം വന്നുതുടങ്ങിയപ്പോൾ അദ്ദേഹം അത് ആസ്വദിക്കൻ തുടങ്ങി. പിന്നെപ്പിന്നെ നാടിനോട് പുച്ഛവും. നാട്ടിലോട്ടുള്ള വരവ് കുറഞ്ഞു. മാതാപിതാക്കളെ കാണാൻ മാത്രം അവർ നിർബന്ധിക്കുമ്പോൾ രണ്ടുവർഷം കൂടുമ്പോൾ വരും. വന്നാലോ നാടിനെ കുറ്റം പറയാനേ നേരമുള്ളൂ. ഇവിടെന്ത് റോഡ് ഇവിടെന്ത് സ്കൂൾ എന്ത് ഗവണ്മെന്റ് എന്ത് വികസനം അങ്ങനെ. കബ്ലിറ്റ് ബോഡിചെക്ക്അപ്പ് ആകട്ടെ പ്രൈവറ്റ് ഹോസ്പിറ്റലുകളിൽ മാത്രം. കപ്പയും ചേനയും പുഴുക്കും ഒന്നും കഴിക്കില്ല. ജങ്ക്ഫുഡ് മാത്രം. കർഷകരോടും നഴ്സിനോടും അങ്ങനെ ജോലി ചെയ്യുന്നവരിൽ ഗ്രേഡ് കുറഞ്ഞവരോട് അദ്ദേഹം സംസാരിക്കാൻപോലും കൂട്ടാക്കില്ല .സ്റ്റാറ്റസിന് ചേർന്നതല്ല എന്നാണ് അദ്ദേഹത്തിന്റെ പക്ഷം. അദ്ദേഹം രണ്ടു വർഷത്തിനുശേഷം നാട്ടിലേക്ക് വരാൻ ടിക്കറ്റ് ബുക്ക് ചെയ്തു. ആ സമയത്താണ് കോവിഡ് എന്ന മഹാമാരി പൊട്ടിപുറപ്പെട്ടത്. നാട്ടിലേക്ക് വന്നപ്പോൾ എയർപോർട്ട് തൊട്ട് ചെക്കിങ്. അദ്ദേഹം ചിന്തിച്ചു കേരളം ഇത്രയ്ക്ക് അങ്ങ് പുരോഗമിച്ചോ എന്ന്. ഹോംകാറന്റൈന് നിർദേശിച്ചു. വീട്ടിലേക്ക് പോയി അവിടെ റൂമിൽ കഴിഞ്ഞു. ഒരു റൂമിൽതന്നെ ഇരുന്നുമുഷിഞ്ഞ അദ്ദേഹം പുറത്തോട്ട് ഇറങ്ങാൻ തീരുമാനിച്ചു. എന്നാൽ അദ്ദേഹത്തിന്റെ ഫോൺ ജിപിഎസുമായി ബന്ധിപ്പിച്ചത് അദ്ദേഹം മറന്നുപോയി, അതിലൂടെ നിരീക്ഷിച്ചാൽ ആര് എവിടെ ഉണ്ടെന്ന് മനസിലാക്കാൻ കഴിയും. സതീശൻ ഇറങ്ങി ഗേറ്റ് വരെ എത്തിയതേ ഒള്ളു അപ്പോഴത്തേക്കും ഫോണിൽ വിളിവന്നു. വീട്ടിനുള്ളിലേക്ക് പോകാൻ പറഞ്ഞു. ആരോഗ്യപ്രവർത്തകർ ദിവസവും എത്തി പരിശോധിച്ചു.

അവരോട് സഹകരിക്കാൻ സതീശൻ കൂട്ടാക്കിയില്ല. മൂന്നാലു ദിവസം കഴിഞ്ഞപ്പോൾ തൊണ്ട വേദന അനുഭവപെട്ടു. അദ്ദേഹം സ്ഥിരംപോകാറുള്ള പ്രൈവറ്റ് ഹോസ്പിറ്റലിൽ ബന്ധപെട്ടു. കോവിഡ് സംശയം പ്രകടിപ്പിച്ചതോടെ ഫോൺവച്ചു. നഗരത്തിലെ എല്ലാ മുന്തിയ ഹോസ്പിറ്റലുകളിൽ വിളിച്ചു. എല്ലാടത്തും ഇതുതന്നെ അവസ്ഥ. ആരോഗ്യപ്രവർത്തകരെ വിവരമറിയിച്ചു. നിമിഷങ്ങൾക്കുള്ളിൽ ആംബുലൻസ് എത്തി. ജില്ലാ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. സാമ്പിൾ ശേഖരിച്ച് പരിശോനയ്ക്ക് അയച്ചകൊടുത്തു, ഫലം പോസിറ്റീവ്. സതീശൻ ആകെ പേടിച്ചുപോയി. നേഴ്സ്മാരും ഡോക്ടർമാരും അദ്ദേഹത്തിന് കരുത്ത് നൽകി. രാവിലെ മുട്ടയും പാലും ഉൾപ്പെടെ ഉച്ചയ്ക്കും രാത്രിയും എല്ലാ വിഭവസമൃദ്ധമായ ഭക്ഷണം. പതിനഞ്ചുദിവസം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ രോഗം പൂർണമായും ഭേദമായി. വീട്ടിൽ തിരിച്ചെത്തിയ അദ്ദേഹം ചിന്തിച്ചു. ലോകത്തെ വൻകിടരാജ്യങ്ങൾപോലും കോവിഡിനെ പിടിച്ചുകെട്ടാൻ പാടുപെടുമ്പോൾ ഇന്ത്യ ആകട്ടെ അതിനെ നന്നായി പ്രതിരോധിക്കുന്നു. കേരളമാകട്ടെ എല്ലാവരേയും രോഗമുക്തരാക്കി എല്ലാവർക്കും സാന്ത്വനമേകാൻ ഒന്നിക്കുന്നു. ലക്ഷങ്ങൾ വിലയുള്ള ചികിത്സ സൗജന്യമായി നൽകുന്നു ശരിക്കും കേരളം ദൈവത്തിന്റെ സ്വന്തം നാട് തന്നെ അല്ലെ? അതെ. ഞാൻ തിരിച്ചറിയുന്നു നന്മയുള്ള കേരളത്തെ.

**ആദിത്യ മനോജ്**
10 ബി, എസ്.എൻ.ഡി.പി.എച്ച്.എസ്.എസ്. കാരംവേലി
കോഴഞ്ചേരി ഉപജില്ല, പത്തനംതിട്ട



# THE SMALL SPARK

When I was in first standard one sunday I was playing alone in the courtyard. I saw a butterfly and curiously I tried to follow it. I saw a spark in the ground and I was wondered. I slowly came close to it to catch it. Suddenly the ground along with me formed a deep hollow. I was very afraid and shocked. I sat quiet for same time with my eyes closed. I prayed to god to help me. I slowly opened my eyes.Then to my surprise I found myself beautiful place – a world of icecreams and chocolate, lakes, thrilling rides and friendly cartoon characters, trees and birds etc. I became quite happy I ran to jump into the lake of chocolate and icecreams. I drank a lot of syrup and flavoured icecreams. My stomach was about to burst. I played with butterflies and birds. I climbed on a tree to catch a small bird. Suddenly I slipped from the tree and within a moment I woke up from the sleep. It all happened in my dream.

**മാളവിക സുരേഷ്**
8 ജി, കെ.പി.എം.എച്ച്.എസ്. പൂത്തോട്ട
തൃപ്പൂണിത്തുറ ഉപജില്ല, എറണാകുളം

# നാട് നന്നാക്കിയ കുരങ്ങൻ

കിങ്ങിണിക്കാട്ടിൽ ഒരു കുരങ്ങച്ചാരുണ്ടായിരുന്നു. ആ കുരങ്ങന് ശുചിത്വം തീരെ കുറവായിരുന്നു. എവിടെ നിന്നാണോ ഭക്ഷണം ലഭിക്കുന്നത് അവിടെനിന്നു തന്നെ തിന്ന് ബാക്കിയുള്ള അവശിഷ്ടങ്ങൾ അവിടെ തന്നെ കളയും. ചവറ്റുകുട്ട കണ്ടാൽ പോലും അതിൽ ഇടില്ല. ഇതുകണ്ട മീനുക്കാക്ക കുരങ്ങനോട് പറഞ്ഞു. മാലിന്യങ്ങളും ഭക്ഷണാവശിഷ്ടങ്ങളും ചവറ്റുകുട്ടയിൽതന്നെ നിക്ഷേപിക്കണം. ശുചിത്വം പാലിക്കാതിരുന്നാൽ പലതരം രോഗങ്ങൾക്ക് കാരണമാകും. രോഗങ്ങൾ ഇല്ലാതിരിക്കാൻ ശുചിത്വമല്ലാതെ മറ്റെന്തെല്ലാം ചെയ്യണം മീനുക്കാക്കേ? കുരങ്ങൻ ചോദിച്ചു. കുരങ്ങച്ചാരെ, രോഗപ്രതിരോധശേഷി വർധിപ്പിക്കണം. രോഗ പ്രതിരോധശേഷി വർധിക്കണമെങ്കിൽ പോഷകാഹാരങ്ങൾ കഴിക്കണം. ഞാൻ ഒരു സംശയം കൂടി ചോദിച്ചോട്ടേ മീനുക്കാക്കേ? അതിനെന്താ, ചോദിച്ചോളൂ. കുരങ്ങച്ചാരെ പ്രളയം പോലുള്ള പ്രകൃതിക്ഷോഭങ്ങൾ എങ്ങനെയാണുണ്ടാകുന്നത്? അത് ചില മനുഷ്യർ പ്രകൃതിയെ ഉപദ്രവിക്കുന്നതുകൊണ്ടാണ്. അതായത് മനുഷ്യർ മരംവെട്ടുകയും കുന്നിടിക്കുകയും വയൽ നികത്തുകയും ചെയ്യുന്നതു മൂലമുണ്ടാകുന്നതാണ്. അങ്ങനെയിരിക്കെ ഒരു ദിവസം കുരങ്ങൻ വിചാരിച്ചു, പട്ടണത്തിലെ സൂത്രക്കാരും ദുഷ്ടരുമായ കുരങ്ങന്മാരെ ഒന്നു കണ്ടേക്കാമെന്ന്. അങ്ങനെ കുരങ്ങൻ പട്ടണത്തിലേക്ക് യാത്ര തിരിച്ചു. നടന്ന്നടന്ന് കുരങ്ങൻ പട്ടണത്തിലെ പുഴക്കരയിലെത്തി. നടന്ന് തളർന്ന് അവശനായ കുരങ്ങൻ കുറച്ച് നേരം പുഴക്കരയിലിരുന്നു. ആ സമയത്താണ് കുരങ്ങൻ ഒരു കാഴ്ചകണ്ടത്. ഒരാൾ മാലിന്യങ്ങൾ പുഴയിലേക്ക് വലിച്ചെറിയാൻ നോക്കുന്നു. കുരങ്ങൻ മീനുക്കാക്ക പറഞ്ഞതോർത്ത് അയാളോട് പറഞ്ഞു, മാലിന്യങ്ങൾ ജലസ്രോതസ്സുകളിലോ പൊതുസ്ഥലങ്ങളിലോ വലിച്ചെറിയരുത്. ഇതു കേട്ടയുടൻ ആ മനുഷ്യൻ മാലിന്യങ്ങൾ ചവറ്റുകുട്ടയിലിട്ടു. ഇതുകണ്ട കുരങ്ങന് വളരെയേറെ സന്തോഷമായി. കുറച്ച് ദൂരം കൂടി നടന്നപ്പോൾ കുരങ്ങന് വിശപ്പ് അനുഭവപ്പെട്ടു. അടുത്തുള്ള ഒരു ഹോട്ടലിൽ കയറിയപ്പോൾ അവിടെ ഒരു കുട്ടി ഫാസ്റ്റ്ഫുഡ് വാരിവലിച്ച് കഴിക്കുന്നത് കണ്ടു. ഇത് കണ്ട കുരങ്ങച്ചൻ പറഞ്ഞു, ഇങ്ങനെയുള്ള ഫാസ്റ്റ്ഫുഡ്

കഴിച്ചിട്ട് കാര്യമൊന്നുമില്ല, രോഗപ്രതിരോധശേഷി വർധിക്കണമെങ്കിൽ പോഷകാഹാരങ്ങൾ അടങ്ങിയ ഭക്ഷണമാണ് കഴിക്കേണ്ടത്. ഇതുകേട്ട കുട്ടിയുടെ മാതാപിതാക്കൾ കുട്ടിക്ക് നല്ല പോഷകാഹാരം അടങ്ങിയ ഭക്ഷണം വാങ്ങി കഴിപ്പിച്ചു. കുരങ്ങനും നല്ല ഭക്ഷണം കഴിച്ച് അവിടെനിന്നും യാത്രയായി. കുറച്ചു ദൂരം നടന്നപ്പോൾ ഒരു ഭയാനകമായ കാഴ്ചകണ്ടു. കുറച്ച് പേർ മരം വെട്ടുന്നു, ചിലർ കുന്നിടിക്കുകയും ആ മണ്ണ് ഉപയോഗിച്ച് വയൽ നികത്തുകയും ചെയ്യുന്നു. ഇത് കണ്ടയുടനെ മീനുക്കാക്ക പറഞ്ഞതോർത്ത് കുരങ്ങച്ചൻ വിഷമിച്ചു. കുരങ്ങൻ ആ മനുഷ്യരോട് പറഞ്ഞു, നിങ്ങൾ ഇപ്പോൾ ചെയ്യുന്നത് വളരെ ക്രൂരമായ ഒരു പ്രവൃത്തിയാണ്. ഇതൊക്കെ പ്രളയത്തിനും മറ്റു പ്രകൃതിദുരന്തങ്ങൾക്കും കാരണമാകും. ഇതിനു മുൻപേ രണ്ട് പ്രളയം വന്നത് ഓർക്കുന്നില്ലേ. ഇത് കേട്ട ആ മനുഷ്യർ അവർ ചെയ്തിരുന്ന പ്രവൃത്തികളെല്ലാം നിർത്തി. കുരങ്ങൻ പറഞ്ഞ് പിൻതിരിപ്പിച്ച എല്ലാവരും അവർ ചെയ്തത് പോലുള്ള നീച പ്രവൃത്തികൾ ചെയ്യുന്നവരെ പിൻതിരിപ്പിച്ചു. ഒരു നല്ല പട്ടണമായി ആ പട്ടണം മാറി. ഇത് കണ്ട കുരങ്ങൻ സന്തോഷത്തോടെ തന്റെ വാസസ്ഥലമുള്ള കിങ്ങിണിക്കാട്ടിലേക്ക് മടങ്ങി.

**അനന്യ. കെ.**
6 ബി, കോറോം ദേവീസഹായം യു.പി. സ്കൂൾ
പയ്യന്നൂർ ഉപജില്ല, കണ്ണൂർ

# സ്നേഹബന്ധം

ഒരു ദിവസം മിന്നുവിന്റെ ശിരസിൽ ചുവപ്പ് നിറത്തിലുള്ള ഒരു റോസാപ്പൂ വിരിഞ്ഞു. കുഞ്ഞി വരുന്നതും കാത്ത് അവൾ ഇരുന്നു. അപ്പോളതാ കുഞ്ഞി വരുന്നു. മിന്നു അവളുടെ ശിരസിലെ പൂവ് കുഞ്ഞിക്കു കാട്ടിക്കൊടുത്തു. ഓണക്കാലമായതിനാൽ ആണ് നിന്റെ ശിരസിൽ ഈ പൂവ് വിരിഞ്ഞത്. കുഞ്ഞി പറഞ്ഞു. നീ സൂക്ഷിക്കണം ചിലപ്പോൾ കുട്ടികൾ നിന്റെ പൂവും പറിച്ചുകൊണ്ടു പോകും. ഞാൻ സൂക്ഷിച്ചുകൊള്ളാമെന്നു മിന്നു പറഞ്ഞു. ഭാഗ്യത്തിന് അങ്ങനെയൊന്നും സംഭവിച്ചില്ല. ഒരു ദിവസം ഉച്ചസമയത്തു ഒരു ശബ്ദം കേട്ട് ഉറക്കത്തിലായിരുന്ന മിന്നു കണ്ണ് തുറന്നു. നോക്കുമ്പോഴാണ് കുഞ്ഞിയുടെ ചേട്ടൻ കൊടുംകാറ്റ് വരുന്നു. അവൾക്കു പേടിതോന്നി. അപ്പോഴാണ് കുഞ്ഞി പൂമണം തേടി വന്നത്. ഇതുകണ്ട കുഞ്ഞി ചേട്ടനെ തടഞ്ഞു. കൊടുംകാറ്റ് തിരികെപോയി. അങ്ങനെ അവൾ രക്ഷപെട്ടു. അവൾ കുഞ്ഞിക്കു ആവശ്യംപോലെ പൂമണം കൊടുത്തു. ഈ സന്തോഷം കാലങ്ങളോളം നിലനിന്നു.

**ദേവാനി ബി എ**
3 എ, ഗവൺമെന്റ് എൽ പി എസ് ചായം
പാലോട് ഉപജില്ല, തിരുവനന്തപുരം

# രാജകുമാരിയും പക്ഷിയും

ഒരിടത്ത് ഒരു രാജകുമാരിയുണ്ടായിരുന്നു. കൂട്ടിനായി ഒരു പക്ഷിയും. ആ പക്ഷി രാജകുമാരിക്കൊപ്പം സുഖമായി ജീവിച്ചു. ഒരു ദിവസം രാവിലെ രാജകുമാരി ഉണർന്നുനോക്കിയപ്പോൾ പക്ഷിയെ കാണാനില്ല. അവൾ കൊട്ടാരം മുഴുവൻ പക്ഷിയെ നോക്കിനടന്നു. കണ്ടതേയില്ല. അവൾ തേങ്ങിക്കരഞ്ഞു. കുറച്ചു ദിവസങ്ങൾക്കുശേഷം ഒരു രാത്രിയിൽ രാജകുമാരി ആ പക്ഷിയുടെ പാട്ട് കേട്ടു. അവൾ ഓടി ജനലരികിൽ ചെന്നുനോക്കി. പക്ഷേ തന്റെ പ്രിയപ്പെട്ട പക്ഷിയെ കാണാൻ കഴിഞ്ഞില്ല, എങ്കിലും പാട്ട് കേൾക്കാൻ രാജകുമാരിക്ക് കഴിഞ്ഞു. അന്നു മുതൽ എല്ലാ രാത്രികളിലും രാജകുമാരി ആ പക്ഷിയുടെ പാട്ട് കേട്ട് ഉറങ്ങുമായിരുന്നെത്രേ.

**പ്രവണ്യ**
ക്ലാസ് 2
ഗവ യു.പി.എസ്. പാലുവള്ളി
പാലോട് ഉപജില്ല, തിരുവനന്തപുരം



# ഓർമപുസ്തകത്തിലെ ഒരു താള്

അവൻ ഗേറ്റുകൾ തള്ളിത്തുറന്ന് ഓടിവന്നു. മനസിന്റെ സന്തോഷം മുഖത്ത് പ്രകടമാണ്. ആകെ ഒരു ശാന്തതയുടെ തീരം. വെള്ള തറയോട് പാകിയ മുറ്റത്ത് ഭൂമിയിലെ മാലാഖമാർ ഓരോ ചെറുകൂട്ടങ്ങളായി നിൽക്കുന്നു, അവരുടെ മുഖത്തെ നിഷ്കളങ്കമായ ചിരി മതി മനസിന് ആശ്വാസം ലഭിക്കാൻ. അവൻ ഒരപൂർവ്വ നിമിഷത്തിനു സാക്ഷിയാവുകയാണ്.

“അമ്മൂ , നീ എത്തിയോ മോളേ? എന്താ ഇത്രയും വൈകിയത്?” “രേഷ്മയോടും അച്ഛനോടും വർത്താനം പറഞ്ഞിരുന്ന് സമയം പോയതറിഞ്ഞില്ല”. “പെട്ടെന്ന് കുളിച്ചുവരൂ, ഭക്ഷണം കഴിക്കാം”, “വേണ്ടമ്മേ, അവിടുന്നു നിറയെ കഴിച്ചു. നല്ല ക്ഷീണം ഞാനൊന്നു കിടന്നോട്ടെ?” “മോള് കിടന്നോളു. എനിക്കൽപംകൂടി ജോലിയുണ്ട്.” ഇത്രയും പറഞ്ഞ് അമ്മു നേരെ കട്ടിലിനടുത്തേക്കു പോയി. വസ്ത്രം മാറാൻ പോലും നിൽക്കാതെ കട്ടിലിലേക്ക് വീണു. ജോലി എല്ലാം തീർത്ത് അമ്മ വന്നപ്പോഴേക്കും അമ്മു നല്ല ഉറക്കത്തിലായിരുന്നു. അമ്മയും തന്റെ പായയുമെടുത്ത് ഒരു മൂലയിൽ ചുരുണ്ടുകൂടി, “ദാ... നേരം നന്നായി പുലർന്നല്ലോ. അമ്മു എണീറ്റില്ലേ? നല്ല ക്ഷീണമാകും കിടന്നോട്ടെ.” അമ്മ ശബ്ദമുണ്ടാക്കാതെ എണീറ്റ് കുളിക്കാനായിപോയി. കുളിച്ചുവന്ന് ആ മൺചുമരിന്റെ മൂലയ്ക്കായ് വച്ചിരുന്ന കൃഷണഭഗവാന്റെ വിഗ്രഹത്തിന്റെ മുന്നിൽ ദീപം തെളിയിച്ചു. പ്രാർത്ഥിച്ചു ആ ദീപപ്രഭയിൽ അവരുടെ മുഖം പ്രകാശിച്ചു. സമീപത്തായിരുന്ന കണ്ണാടി ചില്ലെടുത്ത് മുഖം നോക്കി, കണ്ണിൽ കൺമഷി എഴുതി. മകളെ ഒന്നുകൂടി നോക്കിയിട്ട് മുട്ടോളമെത്തുന്ന തന്റെ നനഞ്ഞ മുടി ഒരു റബർബാൻഡിൽ ഒതുക്കി അവർ അടുക്കളയിലേക്ക് നടന്നു.

“ഈ കുട്ടിക്ക് എന്താ പറ്റിയത്? ഒരു യാത്ര പോയാൽ ഇത്രയും ക്ഷീണമുണ്ടാകുമോ? രാവിലെ യോഗ ചെയ്യാൻപോലും എണീറ്റില്ല. എന്തുവന്നാലും അതു മുടക്കാറില്ലാത്ത കുട്ടിയാ.” കൈയിലെ തവിയുമായി അമ്മുവിന്റെ അടുത്തെത്തി, “അമ്മൂ എന്തുറക്കമാ മോളെ ഇത്?” അവൾ അമ്മുവിനെ തട്ടി വിളിച്ചു “അയ്യോ! ഇതെന്തു പറ്റി എന്റെ കുഞ്ഞിന്? എണീക്കാൻ കൂടി കഴിയുന്നില്ലല്ലോ, പൊള്ളുന്ന ചൂടുണ്ടല്ലോ ശരീരത്തിന്. അവരുടെ നിലവിളികേട്ട് ആരൊക്കെയോ വന്നു.” “എന്തിനാ ഇങ്ങനെ നിലവിളിക്കുന്നത്? അമ്മുവിന് ഒന്നുമില്ല.” അപ്പോഴേക്കും ആമ്പുലൻസ് നിലവിളിയുമായെത്തി, ഡ്രൈവറും സഹായിയും സ്ട്രക്ച്ചറുമായി ഓടിയെത്തി. അമ്മുവിനെ താങ്ങിയെടുത്ത് സ്ട്രക്ചറിൽ കിടത്തി, വാടിയ താമരത്തണ്ടു പോലെയുള്ള ആ കൈകൾ ആയാൾ അവളുടെ ശരീരത്തോട് ചേർത്തുവച്ചു. തന്റെ മകളുടെ അതേ പ്രായം, അയാളുടെ മനസ് വല്ലാതെ വ്യാകുലപ്പെട്ടു, നിലവിളിയുമായി ആമ്പുലൻസ് ആശുപത്രിയിലേക്ക് കുതിച്ചു.



മകൾക്ക് എന്താ പറ്റിയത്?' പ്രാർത്ഥനയോടെ ഇരിക്കുന്ന അമ്മയോട് അയാൾ ചോദിച്ചു. "എന്റെ കുഞ്ഞിനെന്തു സംഭവിച്ചു എന്നറിയില്ല. ഒന്നു വേഗം പോകൂ." ആമ്പുലൻസ് ആശുപത്രി വാതിൽക്കൽ എത്തിയതും അവിടെ നിന്നിരുന്ന കുറച്ചു നഴ്സുമാർ ഓടിയെത്തി. അവർ കുട്ടിയെ പരിശോധിച്ചിട്ട് ഐസൊലേഷൻ വാർഡിലേക്ക് കൊണ്ടുപോകാൻ അറ്റൻഡറോട് പറഞ്ഞു. "അയ്യോ! എന്റെ മോളെ എങ്ങോട്ടാ കൊണ്ടുപോകുന്നത്?" അമ്മ ആ കാണുന്ന മുറിയിൽ വിശ്രമിക്കൂ. ഡോക്ടർ പരിശോധിക്കട്ടെ". നഴ്സ് ചൂണ്ടിക്കാണിച്ച മുറിയിലേക്ക് അവൾ നടന്നു. "ഭഗവാനേ... ഈ കുഞ്ഞിനും ആ മഹാമാരിയാണോ? എത്ര ജീവനുകളെയാണ് ഈ മഹാമാരി കവർന്നത്? ഈ കുഞ്ഞിന് ഒന്നും സംഭവിക്കരുതേ, തിരികെ വാഹനം ഓടിക്കുമ്പോഴും അയാളുടെ മനസിൽ ആ കുഞ്ഞിന്റെ മുഖമായിരുന്നു. ദിക്കറിയാതെ ഓടിക്കൊണ്ടിരുന്ന വാഹനം ബ്രേക്കിട്ട് നിന്നത് ക്ഷേത്രനടയിലയിരുന്നു. കുഞ്ഞിനൊന്നും സംഭവിക്കരുതെ എന്ന പ്രാർത്ഥനയോടെ പച്ചലോലമായ ഇലകൾ വാടിവീണു കിടക്കുന്ന ആൽത്തറയുടെ ഒരു ഭാഗത്തായി അയാൾ ഇരുന്നു. "ഈ മഹാമാരി പിടിപെട്ട് കൊണ്ടു വന്നവരെ ഒന്നും ജീവനോടെ തിരിച്ചു കൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല." ലോലമായ തളിരില അയാളുടെ പാദങ്ങളെ തഴുകി താഴേക്കുപതിച്ചു. "ഭഗവാനേ" അയാളുടെ ഉള്ളിൽ ഒരു നിലവിളി ഉയർന്നു. "സിസ്റ്റർ... എന്റെ മോൾക്ക് എങ്ങനെയുണ്ട്?" "നിങ്ങളെ ഡോക്ടർ വിളിക്കുന്നു. കുട്ടിയുടെ വിവരങ്ങൾ അറിയണം." ഡോക്ടറുടെ മുന്നിൽ അവർ തൊഴുകൈയോടെനിന്നു. "നിങ്ങളുടെ മകൾ ദൂരയാത്ര ചെയ്തിരുന്നോ?" "ഇല്ല സർ. അവൾ എങ്ങും പോകാറില്ല. ങാ, പിന്നെ അടുത്തൊരുദിവസം രേഷ്മയുടെ വീട്ടിൽ പോയിരുന്നു. അവളുടെ അച്ഛൻ വിദേശത്തു നിന്നുവന്നു. അല്ലാതെ ഒരിടത്തും പോയിട്ടില്ല." "ഓ... അപ്പോൾ ആ വഴിക്കാകാം രോഗം പകർന്നത്. പടർന്നുപിടിക്കുന്ന ഈ രോഗത്തെക്കുറിച്ച് നിങ്ങൾക്ക് അറിയില്ലേ?" "ഇല്ല സർ, ജീവിതത്തിന്റെ ഓട്ടപ്പാച്ചിലിൽ ഞങ്ങളെപ്പോലുള്ള പാവങ്ങൾ എന്തറിയാൻ?" കുട്ടി മരുന്നുകളോട് പ്രതികരിച്ചുതുടങ്ങി. ഭേദമാകാൻ 14 ദിവസമെങ്കിലും വേണ്ടിവരും. നിങ്ങളും ആ മുറിയിൽതന്നെ കഴിയണം", പ്രാർത്ഥനയോടെ ആ അമ്മ മുറിക്കുള്ളിൽ കഴിഞ്ഞു. പതിനാലു ദിനരാത്രങ്ങൾ കഴിഞ്ഞു. രോഗം ഭേദമായ ഒരു കുട്ടിയെ തിരിച്ചു കൊണ്ടുപോകണം എന്ന് നഴ്സ് അറിയിച്ചപ്പോൾ അയാളുടെ മനസിൽ പെരുമ്പറ മുഴങ്ങി. അയാൾ ഗേറ്റുകൾ തള്ളിത്തുറന്ന് ആശുപത്രി മുറ്റത്തേക്ക് ഓടി. അവിടെ ചിറകില്ലാത്ത ഭൂമിയിലെ മാലാഖമാർക്കിടയിൽ പുഞ്ചിരി തൂകി നിൽക്കുന്നു ആ കുഞ്ഞുമാലാഖ.

**ചന്ദന എൽ**
7 ബി, ഗവ. യു.പി.എസ്. വഞ്ചിയൂർ
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം

# പ്രതീക്ഷ

അതിരാവിലെ തന്നെ ഉച്ചത്തിലുള്ള ടിവിയുടെ ശബ്ദം കേട്ടുകൊണ്ടാണ് അപ്പു കണ്ണ് തുറന്നത്.ലോകമെമ്പാടും കൊറോണ വൈറസ് വ്യാപിച്ചതിനെക്കുറിച്ച് തന്നെയാണ് ഇന്നും വാർത്ത.അവന് കൂട്ടുകാരെ കാണാത്തതിൽ സങ്കടം തോന്നി.അവൻ മുത്തച്ഛന്റെ അരികിലേക്ക് ചെന്നു.'എന്താ മുത്തച്ഛാ ഈ പനി മാറാതെ നിൽക്കുന്നത്?'അവൻ അപ്പൂപ്പനോടു ചോദിച്ചു.അവന്റെ ചോദ്യം കേട്ട് അപ്പൂപ്പൻ പറഞ്ഞു,മോനേ നമ്മുടെ പ്രകൃതിതന്നെ ആകെ മാറിയിരിക്കുകയാണ്.പണ്ടത്തെപ്പോലെ മഴയില്ല.മഴവന്നാൽ തന്നെ പ്രളയമായി മാറുന്ന അവസ്ഥ.പുതിയ പുതിയ രോഗങ്ങൾ.നമ്മൾ മനുഷ്യർ തന്നെയാണ് ഒരുതരത്തിൽ പറഞ്ഞാൽ ഇതിനെല്ലാം കാരണക്കാർ.പാടവും പറമ്പുമെല്ലാം മണ്ണിട്ട് നികത്തി,വലിയ വലിയ കെട്ടിടങ്ങൾ പണിതു.വീടുകൾ തമ്മിൽ മതിലുകൾ കൊണ്ട് കെട്ടിത്തിരിച്ചു.അപ്പോൾ മഴവെള്ളത്തിന് ഒഴുകി നീങ്ങാൻ സ്ഥലമില്ലാതായി.വീടിനോടു ചേർന്നുള്ള മുറ്റം കോൺക്രീറ്റുചെയ്തു.തൻമൂലം കിണറ്റിൽ വെള്ളം ഇല്ലാതായി.കുളങ്ങളും കായലും തോടും അരുവിയുമെല്ലാം പ്ലാസ്റ്റിക് കൊണ്ട് മലിനമാക്കി.പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നു.വൃത്തിഹീനമായ ഒരു ചുറ്റുപാടിൽ ജീവിക്കേണ്ടിവരുന്നു.നമ്മൾ ഇനിയെങ്കിലും നമുക്ക് ചുറ്റുമുള്ള മരങ്ങൾ സംരക്ഷിക്കുകയും പുതിയവ വെച്ചുപിടിപ്പിക്കുകയും ചെയ്യണം.പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കണം.ശുചിത്വം പാലിക്കണം. നമ്മൾ പണിതുയർത്തിയ ഫാക്ടറി മാലിന്യം അന്തരീക്ഷത്തെ മലിനമാക്കി.നമ്മുടെ വീടുകളിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നതും നമ്മുടെ പ്രകൃതിയെ ദോഷകരമായി ബാധിച്ചു.മരങ്ങൾ വെട്ടി നശിപ്പിക്കുന്നതുമൂലം ഓക്സിജന്റെ അളവ് കുറയുന്നു.ഇത് മാത്രമല്ല,പണ്ട് കാലത്ത് നാം ഉപയോഗിച്ചിരുന്ന എല്ലാ ഭക്ഷണത്തിലും ശരീരത്തിന് രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്ന ഘടകങ്ങൾ ഉണ്ടായിരുന്നു.നമ്മുടെ വീട്ടിലെ ചക്ക,മാങ്ങ,ചീനി,ചേന.കാച്ചിൽ,പയർ,ചീര എന്നിവ ശരീരത്തിന് ദോഷം ചെയ്യുന്നവയായിരുന്നില്ല.എന്നാൽ ഇന്ന് നാം ഉപയോഗിക്കുന്ന പകുതിവെന്ത മാംസം,ബർഗർ,പിസ,ന്യൂഡിൽസ് എന്നിവ നമ്മുടെ ശരീരത്തിന്റെ രോഗപ്രതിരോധശേഷി കുറക്കുന്നതിന് ഇടയാക്കി.കൂടാതെ പണ്ട് കുട്ടികൾ ഓടിച്ചാടി കളിക്കുമായിരുന്നു.എന്നാൽ ഇപ്പോൾ കുട്ടികൾ ഫോണിന്റെയും ടിവിയുടെയും മുൻപിലായി മാറി.ഇതൊക്കെ രോഗങ്ങൾ പെട്ടെന്ന് പിടികൂടാൻ കാരണമാകുന്നു.' മുത്തച്ഛൻ പറഞ്ഞതുകേട്ട അപ്പു മനസ്സിൽ ഉറപ്പിച്ചു,ഞങ്ങൾ വിദ്യാർത്ഥികളാണ് ഇതിന് മുന്നോട്ടു വരേണ്ടത്.കാരണം ഇന്നത്തെ കുട്ടികളാണ് നാളെയുടെ വാഗ്ദാനം എന്ന് അവൻ കേട്ടിട്ടുണ്ട്.നല്ല ഒരു നാളേയ്ക്ക് വേണ്ടി ഒത്തൊരുമയോടെ പ്രയത്നിക്കണം.രോഗമുക്തമായ ഒരു നല്ല നാളേക്കുവേണ്ടി...

**അഫ്നാൻ എം ഷെഫീക്**
9 എ, ജി.എച്ച്.എസ്.എസ്.മങ്ങാട്
കൊല്ലം ഉപജില്ല, കൊല്ലം



# അതിജീവനം

''മോനേ മോനേ'', പതിവില്ലാതെ അമ്മയുടെ വിളികേട്ട് അച്ചു ചാടിയെഴുന്നേറ്റു .അമ്മയ്ക്ക് എന്തോപറ്റി എന്ന് വിചാരിച്ച് അവൻ മുറിയിൽ നിന്ന് പുറത്തിറങ്ങി. “മോനേ, നിങ്ങളുടെ പരീക്ഷ എല്ലാം മാറ്റിവെച്ചു”, അമ്മ പറഞ്ഞു. “എന്താ അമ്മേ എന്താ പറ്റിയെ?” “അച്ചൂ... കൊറോണ കേരളത്തിലുമെത്തി അതുകൊണ്ടാ മോനെ.'' വളരെ സന്തോഷത്തോടെ അവൻ കളിക്കാനായി പുറത്തേക്ക് ഓടി. കളി കഴിഞ്ഞു വന്ന അച്ചുവിനെ വിളിച്ചിരുത്തി അമ്മ പറഞ്ഞു. “മോനേ ഇനി നീ കളിക്കാൻ ഒന്നും പോകേണ്ട. കൂട്ടം കൂടി നിൽക്കാനോ കളിക്കാനോ പുറത്തിറങ്ങി നടക്കാനോ പാടില്ലെന്നാണ് സർക്കാർ പറയുന്നത്. ഈ രോഗം സ്പർശനത്തിലൂടെയും സമ്പർക്കത്തിലൂടെയും ആണ് പകരുന്നത്. അതുകൊണ്ട് ഇനി കളിക്കാൻ ഒന്നും പോകേണ്ട”. ഇത് കേട്ടപാടെ തന്നെ അച്ചു അമ്മയോട് പറഞ്ഞു. “ഹോ ഒരു കൊറോണയും ഒരു സർക്കാരും പുറത്തിറങ്ങരുത് പോലും, ഞാൻ കളിക്കാൻ പോകുവാ”. പുറകിൽ നിന്നുള്ള അമ്മയുടെ വിളിക്ക് ചെവി കൊടുക്കാൻ കൂട്ടാക്കാതെ അവൻ തന്റെ ഉറ്റസുഹൃത്തായ അഭിയുടെ വീട്ടിലേക്ക് ഓടി.

''അഭീ, അഭീ വാടാ നമുക്ക് കളിക്കാം''. അഭി വാതിൽ തുറന്ന് പുറത്തിറങ്ങാതെ അച്ചുവിനോട്പറഞ്ഞു. “എടാ നീ പത്രം ഒന്നും വായിച്ചില്ലേ? ആരോടും കുറച്ചുദിവസത്തേക്ക് പുറത്തിറങ്ങരുതെന്ന് പറഞ്ഞിട്ടുണ്ട് ഞാനില്ല.... എനിക്ക് പേടിയാ...” “ഓ അവന്റെ ഒരു രോഗപ്രതിരോധം”. പുച്ഛത്തോടെ അഭിക്ക് മറുപടി നൽകിയശേഷം അവൻ കളി സ്ഥലത്തേക്ക് പാഞ്ഞു. കുറേ നേരത്തെ കളിക്കു ശേഷം തിരിച്ച് വീട്ടിലെത്തിയപ്പോൾ അവനെ സ്വീകരിച്ചത് അമ്മയുടെ ശകാരവാക്കുകൾ ആയിരുന്നു. “നിന്നോടല്ലേ ഞാൻ പറഞ്ഞത് കളിക്കാൻ പോകരുതെന്ന് കൈയും മുഖവും സോപ്പിട്ടു കഴുകിയിട്ട് അകത്തു കയറിയാൽ മതി”. അമ്മയുടെ വാക്കുകൾ അനുസരിക്കാതെ അവൻ വീടിനകത്ത് കയറി ടെലിവിഷനു മുന്നിൽ സ്ഥാനം ഉറപ്പിച്ചു. ഈ പതിവ് അവൻ എന്നും തുടർന്നുകൊണ്ടിരുന്നു .

കുറച്ചു ദിവസങ്ങൾക്ക് ശേഷം രാവിലെ എന്നും ചായയ്ക്ക് ഉണരാറുള്ള അച്ചുവിനെ കാണാതായപ്പോൾ അമ്മ മുറിയിൽ ചെന്നു. പനിയും ചുമയും ആയി മൂടിപ്പുതച്ച് കിടക്കുന്ന അച്ചുവിനെ ആണ് അവിടെ അമ്മയ്ക്ക് കാണാൻ സാധിച്ചത്. ഒട്ടും താമസിക്കാതെ അച്ചുവിനേയും കൊണ്ട് മാതാപിതാക്കൾ ആശുപത്രിയിലേക്ക് ഓടി. പനിയുടെ കാഠിന്യം നിമിത്തം

ഡോക്ടർ അച്ചുവിനെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. കുറച്ചു ദിവസങ്ങൾക്കു ശേഷം അവർക്ക് മനസ്സിലായി. അച്ചുവിന് കൊറോണ എന്ന രോഗം പിടിപെട്ടു എന്ന്.

ദിവസങ്ങൾ നീണ്ടുനിന്ന ഡോക്ടർമാരുടെയും നഴ്സുമാരുടെയും കഠിനപ്രയത്നം മൂലം അച്ചു രോഗ വിമുക്തനായി. ഹോസ്പിറ്റലിൽ നിന്ന് ഡിസ്ചാർജ് ആകുന്നതിനു മുമ്പ് ഡോക്ടർ അച്ചുവിനെ വിളിച്ച് അടുത്തിരുത്തി പറഞ്ഞു. "മോന് അസുഖം വരാൻ കാരണം ശ്രദ്ധക്കുറവ് തന്നെയാണ്." "വീട്ടിൽനിന്നും പുറത്തിറങ്ങരുതെന്നും മറ്റുള്ളവരുമായി സമ്പർക്കത്തിൽ ഏർപ്പെടരുതെന്നും സോപ്പ് ഉപയോഗിച്ച് കൈ കഴുകണം എന്നുമുള്ള പ്രതിരോധമാർഗങ്ങൾ എപ്പോഴും മാതാപിതാക്കളിൽ നിന്നും ടിവിയിൽ നിന്നും പത്രങ്ങളിൽ നിന്നും എല്ലാം അറിയുന്നുണ്ടല്ലോ. അതൊന്നും വകവയ്ക്കാതെയും അംഗീകരിക്കാതെയും അനുസരിക്കാതെയും പുറത്തിറങ്ങി നടന്നത് കൊണ്ടാണ് അച്ചുവിന് ഈ രോഗം പിടിപെട്ടത്. ഇനി മോൻ മുതിർന്നവർ പറയുന്നത് അനുസരിക്കുകയും എല്ലാ രോഗങ്ങളെയും ഗൗരവമായി കാണുകയും രോഗം വരാതിരിക്കാനുള്ള പ്രതിരോധ മാർഗങ്ങൾ സ്വീകരിക്കുകയും വേണം''. ഡോക്ടറുടെ ഉപദേശം കേട്ട് അച്ചുവിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. "രോഗപ്രതിരോധപ്രവർത്തനങ്ങളെക്കുറിച്ച് നിങ്ങൾ പറഞ്ഞ കാര്യങ്ങൾ ഞാൻ അനുസരിച്ചിരുന്നെങ്കിൽ എനിക്ക് ഈ രോഗം വരുമായിരുന്നില്ല". ഇനി എല്ലാ നിർദ്ദേശങ്ങളും ഞാൻ അനുസരിക്കും എന്ന ദൃഢനിശ്ചയത്തോടെ അവൻ ആശുപത്രിയുടെ പടിയിറങ്ങി. വെറുതെ ഒന്ന് തിരിഞ്ഞു നോക്കിയപ്പോൾ തന്റെ ജീവൻ രക്ഷിച്ച ഡോക്ടർമാരും നഴ്സുമാരും നിറഞ്ഞ പുഞ്ചിരിയോടെ പടിവാതിൽക്കൽ നിൽക്കുന്ന സന്തോഷകരമായ ദൃശ്യം മനസ്സിൽ പതിഞ്ഞു.

**അലൻ തോമസ്**
10 ബി, ഗവ. എച്ച് എസ് എസ് പെരിക്കല്ലൂർ
സുൽത്താൻ ബത്തേരി ഉപജില്ല, വയനാട്



# വിധി

എങ്ങും ആംബുലൻസിന്റെ ശബ്ദം മാത്രം. നേഴ്സുമാർ അങ്ങോട്ടും ഇങ്ങോട്ടും തീവണ്ടിപോലെ പാഞ്ഞുനടക്കുന്നു. ആ വലിയ ചുവരിലെ ഉള്ളിൽ കയറിയപ്പോൾ കൊറോണപിടിച്ചോ? എന്ന തോന്നൽ മാത്രം പീറ്ററിന്റെ മനസ്സിൽ അലയടിച്ചു. ആശുപത്രിയിലെ ആളുകൾ മാസ്ക് ധരിച്ച് അകന്ന് നടക്കുന്നു. ഒരു നേഴ്സ് പീറ്ററിനെ ഒരു മുറിയിൽ കയറ്റി പരിശോധിച്ചു. എന്നിട്ട് നേഴ്സ് ചോദിച്ചു, "താങ്കൾക്ക് പേടിയുണ്ടോ പീറ്റർ?" ഇല്ല എന്നമുഖഭാവത്തോടെ പീറ്റർ ഡോക്ടറിനെയും നഴ്സിനെയും മാറി മാറി നോക്കി. അവർ മറ്റൊന്നും ചോദിക്കാതെ പീറ്ററിനെ പരിശോധിച്ചുകൊണ്ടിരുന്നു. ആ സമയം അവൻ പഴയകാര്യങ്ങൾ ഓരോന്നായി ആലോചിച്ചുകിടന്നു. എന്തൊരു സന്തോഷമുള്ള കാലമായിരുന്നു. കൂട്ടുകാരുടെ പീറ്ററെ എന്ന വിളിയും ഫോണിൽ തുടരെത്തുടരെയുള്ള വീട്ടുകാരുടെ വിളികൾ. അച്ഛന്റെയും അമ്മയുടെയും സ്നേഹത്തോടെയുള്ള സുഖവിവരം തേടിയുള്ള ചോദ്യങ്ങൾ. എല്ലാം തിരമാലകൾ പോലെ മനസ്സിൽ വന്നും പോയും കൊണ്ടിരുന്നു. അമേരിക്കയിൽ വലിയ കമ്പനിയിൽ പീറ്ററിനൊപ്പം ജോലി ചെയ്ത്കൊണ്ടിരുന്ന ഒരാൾക്ക് രോഗം സ്ഥിരീകരിച്ചു. അതിനാൽ അമേരിക്കയിൽ നിന്നും വീട്ടിൽ വന്നശേഷം 1 4 ദിവസം വീട്ടിൽ നിരീക്ഷണത്തിൽ കഴിയണമെന്ന് ആരോഗ്യപ്രവർത്തകർ പറഞ്ഞിരുന്നു. പതിനാല് ദിവസം കഴിഞ്ഞു. പെട്ടെന്ന് ഒരുദിവസം പനി. ഉടൻ തന്നെ അപ്പച്ചൻ പീറ്ററിനെ ആശുപത്രിയിൽ എത്തിച്ചു. തന്റെ ചെവിയിൽ ആരോ കൊറോണ എന്ന് പറയുന്നത് പോലെ അവനു തോന്നി. പരിശോധനാഫലം നാളെ അറിയാമെന്ന് പീറ്ററിനോട് നഴ്സ് പറഞ്ഞു.വീട്ടിൽ നിരീക്ഷണത്തിൽ കഴിഞ്ഞതിനേക്കാൾ എത്ര ദുഖകരമാണ് ആശുപത്രി വാർഡിൽ കിടന്നപ്പോൾ. എല്ലാ സൗകര്യവും ഉണ്ടായിരുന്നിട്ടും മനസ്സിൽ സങ്കടം മാത്രമായിരുന്നു പീറ്ററിന്. തനിക്ക് കൊറോണ ഉണ്ടെങ്കിൽ തന്നെ ഞാൻ അതിനെ തോൽപ്പിക്കും എന്ന ചിന്ത കൂടി കടന്നു വന്നു അവന്റെ മനസ്സിൽ. കുറച്ചുദിവസങ്ങൾക്ക് ശേഷം പരിശോധന ഫലം വന്നു; നെഗറ്റീവ് ആണ് എന്നറിഞ്ഞു. പരീക്ഷാഫലം വന്നപ്പോൾ മുഴുവൻ മാർക്ക് വാങ്ങിയ സന്തോഷമാണ് അവനും അവന്റെ പ്രിയപ്പെട്ടവർക്കും ഉണ്ടായത്. വിവരം അറിഞ്ഞല്ലോ തനിക്ക് വീട്ടിൽ പോകാം എന്ന് ഡോക്ടർ പറഞ്ഞു. പിറ്റേന്ന് അവൻ ആശുപത്രിയിൽ നിന്ന് വീട്ടിലേക്ക് യാത്രയായി. അവൻ

വീടിന്റെ പരിസരവും തന്റെ പ്രിയപെയവരെയും നോക്കിയശേഷം പുഞ്ചിരിച്ചുകൊണ്ട് വീട്ടിലേക്ക് കയറി. അവനും അച്ഛനും അമ്മയും ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ, അമ്മ പറഞ്ഞു "മോനെ നിനക്ക് കൊറോണ ആണെന്ന് വരെ നാട്ടുകാർ പറഞ്ഞുണ്ടാക്കി''. പീറ്റർ ഒന്നുംപറയാതെ കൈയും കഴുകി കിടന്നുറങ്ങി. വൈകീട്ട് അപ്പുറത്തെ വീട്ടിലെ ചേച്ചി പീറ്ററിനോട് ചോദിച്ചു "മോന് കൊറോണ ഉണ്ടോ?" ഇല്ലെന്ന മറുപടിയും നടന്ന കാര്യങ്ങളും പറഞ്ഞു. പിന്നീട് അവർ ചെറുപുഞ്ചിരിയോടെ വീട്ടിലേക്ക് കയറിപ്പോകുകയും ചെയ്തു. ഹോംഐസൊലേഷന് ശേഷം ലോക്ഡൗൺ ആയതുകൊണ്ട് പീറ്റർ ടെറസിലും പറമ്പിലും കൃഷിചെയ്യാൻ ആരംഭിച്ചു. ആ കാടുനിറഞ്ഞ പറമ്പിൽ വിളകൾ നിറഞ്ഞു. പീറ്റർ ഫോൺ എടുക്കുമ്പോൾ മൊബൈലിൽ വ്യാജസന്ദേശങ്ങൾ മാത്രം വന്നുകൊണ്ടിരുന്നു. ചിലർ ഭക്ഷ്യവസ്തുക്കൾ ഉണ്ടായിട്ടും സർക്കാരിന്റെ സഹായങ്ങൾ കൈപ്പറ്റുന്നു. ചിലർ നിർദേശങ്ങൾ ലംഘിക്കുന്നു. എന്തിനാണ് ഈ ആളുകൾ ഇങ്ങനെ ചെയ്യുന്നത്? മനസ്സിൽ കൊറോണക്കാലത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ട് പീറ്റർ ചാരുകസേരയിൽ ഇരുന്നു. ചിലർ അവശ്യവസ്തുക്കൾ വിലകൂട്ടി വിൽക്കുന്നു, സാനിറ്റൈസർ, മാസ്കുകൾ പോലും വിലക്കയറ്റത്തിനു വിധേയമാകുന്നു. ആ ആളുകൾ കൊറോണക്കാലം മുതലെടുക്കുകയാണോ? നമ്മുടെ കേരളത്തെ പരിഹസിച്ചവർ പോലും നമ്മുടെ കൊറോണ പ്രതിരോധപ്രവർത്തനങ്ങളെ ഓർത്തു സല്യൂട്ട് അടിക്കുന്നു. ചിന്തകൾ മനസ്സിലൂടെ കടന്നുപോകുമ്പോഴും പീറ്ററിന്റെ മനസ്സിൽ തോൽപ്പിക്കാം കൊറോണയെ എന്ന വാചകം ഒരു കാറ്റുപോലെ വീശിക്കൊണ്ടിരുന്നു. എല്ലാം വിധിയെന്ന് ആശ്വസിച്ചു വിദൂരത്തേക്ക് പീറ്റർ നോക്കിനിന്നു.

**സനൂജ ഒ ആർ**
10 എ, ഗവ.എച്ച്.എസ്.എസ്. ആന്റ് വി.എച്ച്.എസ്.എസ്. ബകടമക്കുടി
എറണാകുളം ഉപജില്ല, എറണാകുളം



# നായക്കുഞ്ഞിയുടെ ലോക്ഡൗൺ കഥ

ഭക്ഷണം തേടി ചന്തയിൽ പോയതാണ് നായക്കുഞ്ഞി. ഇറച്ചിക്കടയോ, ഭക്ഷണശാലകളോ, മീൻ കച്ചവടമോ അവിടെങ്ങും കാണാനില്ല. അങ്ങ് ദൂരെ കവലയിൽ യാത്ര ചെയ്യുന്നവരെ തടയാനായി കാവൽ നിൽക്കുന്ന രണ്ട് പോലീസുകാർ മാത്രം. വേറേ ഒരൊറ്റ മനുഷ്യനോ , വണ്ടികളോ, വഴിയാത്രക്കാരോ അവിടുണ്ടായിരുന്നില്ല. വിശപ്പ് കാരണം നായക്കുഞ്ഞി ഉറക്കെ മോങ്ങി. അവൾ അടുത്തുള്ള വീടുകളുടെ അടുത്തേക്ക് പോയി. അവിടെയും ഗേറ്റെല്ലാം അടച്ച് അകത്ത് നിന്ന് പൂട്ടിയിരിക്കുന്നു. അവൾക്ക് വിശപ്പും, സങ്കടവും സഹിക്കവയ്യാതായി. അവൾ ഒന്നുകൂടി കരഞ്ഞു. മതിൽക്കെട്ടിനു പുറകിൽ നിന്നുമാരോ എറിഞ്ഞ കല്ല് അവളുടെ ദേഹത്ത് ഭാഗ്യത്തിന് കൊണ്ടില്ല. അവൾ റോഡിലൂടെ ഓടിയോടി പാലത്തിന്റെ അടിയിൽ കിടന്നുറങ്ങുകയായിരുന്ന അമ്മയുടെ അടുത്തെത്തി.അവിടെയാണല്ലോ അവരുടെ സ്ഥിരം സങ്കേതം. "അമ്മേ എനിക്കു വിശക്കുന്നു. ചന്തയിൽ നിന്നും ഒന്നും കിട്ടിയില്ല." നായക്കുഞ്ഞി പറഞ്ഞു. അപ്പോൾ അമ്മനായ പറഞ്ഞു, "ഞാൻ അപ്പഴേ പറഞ്ഞതല്ലേ ലോക് ഡൗൺ ആണ്, കടകളിന്നും ഉണ്ടാവില്ലാന്ന്. വെറുതേ എന്തിനാണ് പോയത്." നായക്കുഞ്ഞി വിശപ്പ് സഹിക്കാനാവാതെ കരഞ്ഞു തുടങ്ങി. അമ്മനായയ്ക്ക് അത് സഹിച്ചില്ല. "കുഞ്ഞിന്റെ വിശപ്പിന് ഒരു പരിഹാരം എന്തുണ്ട്?" അമ്മ നായ ആലോചിച്ചു. പെട്ടെന്നാണ് റോഡിലൂടെ പോയ പോലീസ് ജീപ്പിന്റെ അനൗൺസ്മെന്റ് അവർ കേട്ടത്. "നാട്ടുകാരേ, നിർധനർക്കും, ഒറ്റയ്ക്ക് താമസിക്കുന്ന വയോജനങ്ങൾക്കും, കിടപ്പ് രോഗികൾക്കും, അതിഥിത്തൊഴിലാളികൾക്കും കമ്മ്യൂണിറ്റികിച്ചനിൽ ഉണ്ടാക്കുന്ന ഭക്ഷണം ലഭിക്കുന്നതാണ്.'' ''നമുക്കും കിട്ടുമോ കമ്മ്യൂണിറ്റികിച്ചനിൽ നിന്ന് ഭക്ഷണം?'' നായക്കുഞ്ഞി അമ്മയോട് ചോദിച്ചു. അമ്മ നായയ്ക്കും അതിനൊന്ന് ശ്രമിച്ച് നോക്കാമെന്ന് തോന്നി. "വാ നമുക്കൊന്ന് പോയി നോക്കാം." അമ്മ കുഞ്ഞിനായയോട് പറഞ്ഞു. അവർ പാലത്തിനടിയിൽ നിന്നും ഓടി റോഡിന്റെ മുകളിലെത്തി. അതിനിടയ്ക്ക് ഒരാംബുലൻസ് പാഞ്ഞു പോയി. വേറെ ആൾക്കാരോ, വണ്ടികളോ, റോഡിലപ്പോഴും ഉണ്ടായിരുന്നില്ല. എവിടെയാ അമ്മേ ഈ കമ്മ്യൂണിറ്റി കിച്ചൻ? നടക്കുന്നതിനിടയ്ക്ക് കുഞ്ഞി സംശയം ചോദിച്ചു. ''ഇവിടെ അടുത്തൊരു സ്കൂളിലുണ്ടെന്നാണ് പറഞ്ഞുകേട്ടത്. കേരളമെമ്പാടും ഭക്ഷണം കിട്ടാത്തവരെ സഹായിക്കാൻ ഇങ്ങനത്തെ കമ്മ്യൂണിറ്റി കിച്ചനുകൾ ഒത്തിരിയുണ്ടത്രേ." അമ്മ നായ പറഞ്ഞു.

കമ്മ്യൂണിറ്റികിച്ചണിലേക്ക് നടക്കുന്നവഴിക്ക് നായക്കുഞ്ഞി പിന്നേം ഒരു സംശയം ചോദിച്ചു. ''അമ്മേ ഈ ആൾക്കാർ ഒന്നും പുറത്തിറങ്ങാത്തതെന്താ. പണ്ടൊക്കെ റോഡിലും കവലയിലും കടകളിലുമെല്ലാം മനുഷ്യരുടെ ബഹളമായിരുന്നല്ലോ. അന്ന് നമ്മൾ അവർക്ക് ശല്യമാണെന്ന് പറഞ്ഞ് നമ്മളെ പിടിച്ചോണ്ട് പോകാനായിട്ട് പട്ടിപിടിത്തക്കാരേ ഏൽപ്പിച്ച ആൾക്കാരല്ലേ മനുഷ്യർ. എന്നിട്ടിപ്പോ അവരെല്ലാമെവിടെ? എല്ലാവരെയും ആരേലും പിടിച്ചോണ്ടു പോയോ?" അമ്മപ്പട്ടി ചിരിച്ചു. എന്നിട്ട് പറഞ്ഞുകൊടുത്തു, "മോളെ, മനുഷ്യനിപ്പോൾ കൊറോണയെന്നൊരു ആളെക്കൊല്ലി വൈറസ് ജീവിയെ പേടിച്ച് പുറത്തിറങ്ങാതിരിക്കുകയാ. അങ്ങനെ പുറത്തിറങ്ങാതിരിക്കാനും ജീവൻ രക്ഷിക്കാനുമായിട്ടാണ് ലോക്ഡൗൺ പ്രഖ്യാപിച്ചിരിക്കുന്നത്." അപ്പോൾ നായക്കുഞ്ഞി ചോദിച്ചു, ''ഈ കൊറോണ വൈറസ് എന്താ, ആനയേക്കാളും വലുതാണോ. മനുഷ്യൻ ഇത്രയും പേടിക്കാൻ? ആനയെവരെ അനുസരിപ്പിക്കുന്നവരല്ല്യോ മനുഷ്യര്?" അപ്പോൾ അമ്മ നായപറഞ്ഞു, "ആനയുടെ അത്രേം വലിപ്പം പോയിട്ട് ഉറുമ്പിന്റെ അത്രപോലും ഇല്ല അവൻമാർ. സത്യം പറഞ്ഞാൽ കണ്ണിൽപോലും പെടാത്ത കൊച്ച് ഭീകരൻമാരാണവർ. പക്ഷേ ഒരുപാട് മനുഷ്യരെ ഇതിനകം അവർ കൊന്ന് തീർത്ത് കഴിഞ്ഞു." "അയ്യോ, അപ്പോൾ കൊറോണവൈറസ് എല്ലാവരെയും കൊല്ലുമോ?" നായകുഞ്ഞി ചോദിച്ചു. "ഇല്ല, അവനെ അടുപ്പിക്കാതിരുന്നാൽ ആർക്കും ഒന്നും സംഭവിക്കില്ല. അതുകൊണ്ടാണ് എല്ലാവരും കൈയും, മുഖവും, സോപ്പിട്ട് കഴുകുന്നത്. പിന്നെ, ആളുകൾ തമ്മിലുള്ള സമ്പർക്കത്തിലൂടെ പകരാതിരിക്കാനാണ് ലോക്ഡൗൺ പ്രഖ്യാപിച്ചിരിക്കുന്നതും, എല്ലാവരും പുറത്തിറങ്ങാതെ വീട്ടിൽ കഴിയുന്നതും." ഇതിനിടയ്ക്ക് റോഡിലൂടെ ഒരാംബുലൻസും,പോലീസ് ജീപ്പും അമ്മ നായയെയും, നായ കുഞ്ഞിയെയും കടന്നു പോയി. അങ്ങനെ അവർ നടന്ന് നടന്ന് കമ്മ്യൂണിറ്റി കിച്ചനിലെത്തി. അതൊരു വിദ്യാലയമായിരുന്നു. വിദ്യാലയങ്ങളാണ് മിക്ക സ്ഥലങ്ങളിലും കമ്യൂണിറ്റികിച്ചനായി മാറിയിരിക്കുന്നത്. അവിടെയെല്ലാവരും മാസ്കും, ഗ്ലൗസും ധരിച്ചിട്ടുണ്ട്. ചിലർ പാചകം ചെയ്യുന്ന തിരക്കിലാണ്. ചിലർ പാചകം ചെയ്ത ഭക്ഷണം പൊതിയിലാക്കുന്ന തിരക്കിലാണ്. ചിലർ ഭക്ഷണപ്പൊതികൾ വാഹനങ്ങളിൽ അടുക്കി വയ്ക്കുന്നു. നോക്കി നിന്ന അമ്മ നായയ്ക്കും കുഞ്ഞിയ്ക്കും ഒരു പൊതി കിട്ടി. നാട് മൊത്തവും അടഞ്ഞ് കിടയ്ക്കുകയാണെങ്കിലും സേവനത്തിലേർപ്പെട്ടിരിക്കുന്ന കമ്മ്യൂണിറ്റികിച്ചനിലെ മനുഷ്യർ അവിടെ ഒരുത്സവം പോലെ ആക്കിയിട്ടുണ്ട്. അമ്മയും കുഞ്ഞിയും ഭക്ഷണം കഴിച്ചു

കൊണ്ടിരിക്കുമ്പോൾ വേറെയും ചില നായകൾ അവിടെയെത്തി. അവരും ഭക്ഷണത്തിൽ പങ്കുചേർന്നു. “ഞാനും, മോളും എന്തെങ്കിലും കഴിച്ചിട്ട് കുറച്ച് ദിവസങ്ങളായി.” അമ്മ നായ വന്ന നായകളോട് പറഞ്ഞു. “അതെന്തുപറ്റി?” വന്ന നായകൾ ചോദിച്ചു. “ഞങ്ങൾ താമസിക്കുന്ന പാലത്തിനടുത്ത് കടകളോ ഭക്ഷണശാലകളോ ഇല്ലെന്നേ.” “ഞങ്ങൾക്ക് പക്ഷേ കുശാലായിരുന്നു. പോലീസുകാരും കുറച്ച് നാട്ടുകാരും, തെരുവ് നായകൾക്കും കിളികൾക്കും മറ്റും ഭക്ഷണം കൊടുക്കുന്നുണ്ട്.’ വന്ന നായകൾ പറഞ്ഞു.” “അല്ലാ പോലീസുകാർ ഇത്രേം നല്ലവരായിരുന്നോ?” കുഞ്ഞിനായ ചോദിച്ചു. “പോലീസുകാർ അല്ലെങ്കിലും നാടിന്റെ നൻമയ്ക്കുവേണ്ടിയല്ലേ പ്രവർത്തിക്കുന്നത്. അതിനുവേണ്ടി തന്നെയല്ലേ അവർ വഴക്ക് പറയുന്നതും, വടിയെടുക്കുന്നതും, പിടിച്ചോണ്ട് പോകുന്നതുമൊക്കെ. പക്ഷേ, ഇതുപോലത്തെ സാഹചര്യങ്ങളിൽ മാത്രമേ നമ്മൾ അവരുടെ നൻമ തിരിച്ചറിയുന്നുള്ളൂ എന്നു മാത്രം” വന്ന നായകൾ പറഞ്ഞു. “നമ്മൾ മൃഗങ്ങൾക്കെങ്ങാനും കൊറോണ പിടിക്കുമോ?” നായക്കുഞ്ഞി പേടിച്ചുചോദിച്ചു. അപ്പോൾ വന്നതിലൊരു നായ പറഞ്ഞു: “ഇതുവരെ അങ്ങനത്തെ വാർത്തകളൊന്നും കേട്ടില്ല. എന്നാലും കൂട്ടം കൂടി നടക്കുന്നതും കടിപിടികൂടുന്നതും ഒക്കെ നമുക്കും നിർത്താം.” അത് കേട്ടപ്പോൾ കുഞ്ഞിക്ക് ആശ്വാസമായി. “നാളെ മുതൽ നിങ്ങളും, ഞങ്ങളുടെ കൂടെ ഭക്ഷണം കഴിക്കാൻ പോന്നോളു.” വന്ന നായകൾ ഭക്ഷണം കിട്ടുന്ന സ്ഥലം പറഞ്ഞുകൊടുത്തു. അമ്മനായയും നായക്കുഞ്ഞിയും സമ്മതിച്ചു. ഭക്ഷണം കഴിച്ച് വയറ് നിറഞ്ഞ സന്തോഷത്തിൽ അവർ പാലത്തിനടിയിലെ അവരുടെ സങ്കേതത്തിലേക്ക് പോയി.

**ശിവങ്കരി പി. തങ്കച്ചി**
3 സി ഗവ. എൽ പി എസ് കോട്ടൺഹിൽ
തിരുവനന്തപുരം സൗത്ത് ഉപജില്ല, തിരുവനന്തപുരം

# കിച്ചനും ലെച്ചുവും

ഒരിടത്തൊരിടത്ത് കിച്ചനും ലെച്ചുവും എന്ന രണ്ട് കുട്ടികളുണ്ടായിരുന്നു. അവർ സഹോദരങ്ങളായിരുന്നു. ഒരു ദിവസം അവർ വീടിനു പുറത്തുനിന്ന് പന്ത് കളിക്കുകയായിരുന്നു അപ്പോൾ അവരുടെ അച്ഛൻ ജോലികഴിഞ്ഞു വന്നു. അച്ഛനെ കണ്ടതും ഇളയകുട്ടിയായ ലെച്ചു ഓടി അച്ഛന്റെ അടുത്തേക്ക് ചെന്നു. എന്നിട്ട് അച്ഛന്റെ കയ്യിലുണ്ടായിരുന്ന മിഠായി മേടിച്ചു കഴിക്കാൻ പോകുന്നത് കണ്ട് കിച്ചൻ ഓടി വന്നിട്ട് പറഞ്ഞു: “ലെച്ചൂ നമ്മൾ പന്ത് കളിച്ചപ്പോൾ നമ്മുടെ കൈയിൽ അണുക്കളും മറ്റും പറ്റിയിട്ടുണ്ടാകും. കൈ നല്ലതുപോലെ സോപ്പുപയോഗിച്ചു കഴുകിയതിനു ശേഷം മിഠായി കഴിക്കാം.” ഇതുകേട്ട് നിന്ന അച്ഛൻ പറഞ്ഞു: ‘‘വളരെ നല്ലകാര്യം കിച്ചു. എന്ത് ആഹാരം കഴിക്കുന്നതിനു മുന്നേയും കൈ നല്ലതുപോലെ കഴുകിയതിനുശേഷം മാത്രമേ കഴിക്കാൻ പാടുള്ളു കേട്ടോ ലെച്ചു.” ലെച്ചു ഓടിപ്പോയി നല്ലതുപോലെ കൈ കഴുകിയിട്ടു വന്നു. എന്നിട്ട് അച്ഛൻ കൊണ്ടുവന്ന മിഠായി രണ്ടുപേരും കൂടി കഴിച്ചു.

**സ്മൃതി കൃഷ്ണ**
3 ഡി, ഗവ. എൽ പി എസ് തോന്നക്കൽ
കണിയാപുരം ഉപജില്ല, തിരുവനന്തപുരം

# കർഷകൻ

ഒരു ഗ്രാമത്തിൽ പരമുവും കുടുംബവും താമസിച്ചിരുന്നു. കൂലിവേല ചെയ്തു കിട്ടുന്ന വരുമാനം കൊണ്ടാണ് മക്കളെ പഠിപ്പിച്ചതും വളർത്തിയതും. പെട്ടന്നൊരു ദിവസം ഒരു മഹാമാരിയെ തടയുവാൻ വേണ്ടി സർക്കാർ ലോക്ഡൗൺ പ്രഖ്യാപിച്ചു. വെറുതെ വീട്ടിൽ ഇരിക്കുമ്പോഴാണ് പരമു കൃഷിയെ കുറിച്ച് ചിന്തിച്ചത്. പരമു ചെറിയ രീതിയിൽ ആദ്യം കൃഷി തുടങ്ങി. ഭാര്യയും മക്കളും അയാളെ സഹായിച്ചു. അപ്പോൾ നല്ല വിളവു ലഭിച്ചു ജൈവപച്ചക്കറി വാങ്ങുവാൻ അടുത്തുള്ള ആളുകൾ കൂടുതൽ വന്നു. കിട്ടിയ വരുമാനം കൊണ്ട് കുറച്ചു സ്ഥലം വിലയ്ക്കു വാങ്ങി. അവിടെയും കൃഷി ചെയ്തു .വരുമാനം കൂടുതൽ ലഭിച്ചപ്പോൾ വീണ്ടും സ്ഥലം വാങ്ങി ഒരു വലിയ വീടു വച്ചു. മക്കളെ പഠിപ്പിച്ചു ഉയർന്ന നിലയിലാക്കി. അങ്ങനെ കർഷനായ പരമു മറ്റുള്ളവർക്കു മാതൃകയായി.

**വൈഷ്ണവ് എസ് ആർ**
ക്ലാസ് 1, ഗവ. എൽ പി എസ് പാങ്ങോട്
തിരുവനന്തപുരം സൗത്ത് ഉപജില്ല, തിരുവനന്തപുരം

## WISDOM IN FOUR LEGS

Once a boy walked through the pavements of a city and suddenly he threw the can in his hands to the side of the road and gently walked away. A puppy who saw that ran towards the can and somehow bit it and put it on the dustbin placed near by. This story gives us a big message that animals are now a days more loyal to our mother Earth than the greedy human beings.

**ആദി അജയൻ**
4 എ, ഗവ.എൽ.പി.എസ്. വെട്ടിയറ
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം

## SORROWS OF A RIVER

Do you know me? I am a river. I think all of you are like me. I flow happily to see flowers, stars, moon,sun,green valleys and all of you. I give you water to drink, bath, and for agriculture. But What are you doing to me? You pollute me very much. You dump waste and plastics into my body. Do you know, plastics take my health and beauty. Factories put chemical waste directly into my stomach. Now I am dying. I don't know How far I can live. I am always living for you. But you forgot my life. Without me how you can drink water? Can you save my life? I am the blood of nature. When I stop my flowing, the nature will also die. That means all of your life becomes end. So I expect you will save my life before I die.

**സൂര്യ നാരായണൻ**
4 അ ജി .എൽ .പി .എസ് ,പാപ്പാല
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം



# ആന മൂപ്പനും അണ്ണാൻ കുഞ്ഞും

ആന മൂപ്പനും അണ്ണാൻ കുഞ്ഞും കൂട്ടുകാരായി. അണ്ണാൻ കുഞ്ഞിനെ ആന മൂപ്പൻ തോളിലേറ്റി. എന്നിട്ട് അവർ കാട്ടിലൂടെ ചുറ്റിനടന്നു. കാടിന്റെ ഇപ്പോഴത്തെ അവസ്ഥ അവർക്ക് മനസ്സിലായി. നമ്മുടെ കാടിനെ എങ്ങനെയെങ്കിലും രക്ഷിക്കണം. മൃഗങ്ങളെ ഇങ്ങനെ കയറൂരി വിടാൻ പാടില്ല. അവർ സിംഹ രാജന്റെ മടയിലെത്തി.കാടിനെ മൃഗങ്ങൾ സ്നേഹിക്കുന്നില്ല. പരിസരം മുഴുവൻ വൃത്തികേടാക്കിയിരിക്കുന്നു. പരസ്പരം ശത്രുത മാത്രം. സിംഹ രാജപ്പ വിചാരിച്ചാലേ ഇനി ഈ കാടിനെ രക്ഷിക്കാനാവൂ. സിംഹം പറഞ്ഞു “നിങ്ങൾ വിഷമിക്കേണ്ട. ഈ കാടിന്റെ കാര്യം ഞാനേറ്റു.”

സിംഹം ഒരു വിളംബരം നടത്തി. നാളെ മുതൽ മൃഗങ്ങൾ അലസരായി അലഞ്ഞുതിരിയാൻ പാടില്ല. കാടിനെ പൂങ്കാവനമാക്കണം. ഓരോരുത്തരും അവരവരെക്കൊണ്ടു പറ്റുന്ന തരത്തിൽ മരങ്ങൾ വച്ചുപിടിപ്പിക്കണം. ഇല്ലെങ്കിൽ തല കാണില്ല. അങ്ങനെ മൃഗങ്ങൾ മത്സരിച്ച് മരങ്ങൾ നട്ട് വളർത്തി. അപ്പോൾ ആന മൂപ്പനും അണ്ണാൻ കുഞ്ഞിനും സന്തോഷമായി.

**വൈഗ .വി എ**
2 ബി, ഗവ. എൽ. പി. എസ്സ്. കിഴക്കനേല
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം

# ദത്തുവിനെ മാറ്റിയ കൊറോണക്കാലം

ദത്തുവിന്റെ വീട്ടിൽ എല്ലാ ദിവസവും ഒരു പൂച്ചക്കുട്ടി വരാറുണ്ടായിരുന്നു. കഴിച്ചതിന്റെ ബാക്കി ആഹാര അവശിഷ്ടങ്ങൾ തിന്നാനാണ് ആ പൂച്ച വരുന്നത്. എന്നാൽ ദത്തു ഒളിച്ചു നിന്ന് കല്ലെടുത്ത് എറിയുമായിരുന്നു. അപ്പോൾ അമ്മയും അച്ഛനും പറയും..., എടാ... പാവമല്ലേ... ആ പൂച്ച. അതിനു സംസാരിക്കാനൊന്നും അറിയില്ലല്ലോ.. ഇനി എറിയരുതേ എന്ന്. ശരി എന്ന് ദത്തുമൂളും. വീണ്ടും അവൻ എറിയുക തന്നെ ചെയ്യും. ഇപ്പോൾ ആ പൂച്ചയെ കാണുന്നില്ല. കൊറോണ പടർന്നു പിടിച്ച് എല്ലാവരും ദുരിതം അനുഭവിക്കുമ്പോഴും ആ പൂച്ചയെ അവൻഓർമ്മിച്ചു.. അതിന് ഭക്ഷണം കൊടുക്കാൻ തള്ളപ്പൂച്ച കാണുമോ...? ആ പൂച്ച വരാത്തത് എന്തുകൊണ്ടാണ്...? ഞാൻ എറിയും എന്ന് പേടിച്ചിട്ടാണോ...? ഇനി ആ പൂച്ച ആഹാരം കിട്ടാതെ ചത്തുപോയോ എന്തോ...? ഞാൻ അമ്മയോടും അച്ഛനോടും പൂച്ചയെ ക്കുറിച്ച് പറഞ്ഞപ്പോൾ അവരും പറയുകയാണ് നിന്റെ എറി പേടിച്ചിട്ടാണ് വരാത്തതെന്ന്. ഞാൻ ഇനി എറിയില്ല എന്ന് അവൻപറഞ്ഞു.... കൊറോണക്കാലത്തു മനുഷ്യൻ അനുഭവിക്കുന്ന വേദനകളെക്കുറിച്ച് ടെലിവിഷനിലും മറ്റും വാർത്തകൾ കേൾക്കുമ്പോൾ മനുഷ്യന്റെ അവസ്ഥയും ദയനീയം ആയി തോന്നുന്നു. എല്ലാം ഉണ്ടെന്ന് അഹങ്കരിക്കുന്ന മനുഷ്യന്റെ അവസ്ഥ ഇങ്ങനെയാണെങ്കിൽ മിണ്ടാപ്രാണികളുടെ കാര്യം എത്രയോ ദയനീയമാണ്. കൊറോണക്കാലത്തു വീട്ടിൽ ഇരുന്ന് കുറെ കാര്യങ്ങൾ മനസ്സിലാക്കിത്തരാൻ മാതാപിതാക്കൾക്ക് കഴിഞ്ഞു. കുസൃതികൾ കുറെ കുറഞ്ഞു കുറച്ചുകൂടി കാര്യങ്ങൾ മനസ്സിലാക്കാൻ പഠിച്ചു. വീട്ടിലുള്ള എല്ലാവരും കൊറോണയെപ്പോലുള്ള മഹാമാരിയായ അസുഖങ്ങൾ ഇനി ഉണ്ടാകരുതേ എന്ന് പ്രാർഥിക്കുന്നതു കേട്ട് അവനും അവരോടൊപ്പം പ്രാർഥച്ചു. ദൈവമേ... ഈ കൊറോണ... എന്ന വൈറസ് എത്രയും പെട്ടന്ന് ലോകത്ത് നിന്നും ഒഴിഞ്ഞു മാറി സകല ആളുകൾക്കും നല്ലത് വരുത്തേണമേ. ഞാൻ എറിഞ്ഞു ഓടിക്കുന്ന പൂച്ചക്കുട്ടി... ഇനിയും ആഹാര അവശിഷ്ടങ്ങൾ തിന്നാൻ വരണേ... എന്നും പ്രാർഥിച്ചു.

**ദേവദത്ത്. പി.**
2 സി, ഗവ:എൽ.പി.എസ്.ആനാട്
നെടുമങ്ങാട് ഉപജില്ല, തിരുവനന്തപുരം



# കിട്ടുവമ്മാവനും കുട്ടനും

"എടീ കേട്ടോ നമ്മുടെ കിട്ടുവമ്മാവൻ പൊട്ടക്കിണറ്റിൽ വീണു..." ചേട്ടന്റെ ഒച്ച കേട്ടാണ് ഞാൻ കളിച്ചോണ്ടിരുന്നിടത്തൂന്ന് ഓടിവന്നത്. "അയ്യോ... അമ്മാവനെന്തേലും പറ്റിയോ." ഞാൻ ചേട്ടനോട് ചോദിച്ചു. "എനിക്കറിയില്ല, കൂട്ടുകാർ പറഞ്ഞതേ എനിക്കറിയൂ. നമുക്ക് രണ്ടുപേർക്കും കൂടി പോയിനോക്കാം.'' ഞാനും ചേട്ടനും കൂടി മേക്കലെ പൊട്ടക്കിണറ്റിനടുത്തേക്കൊരോട്ടമായിരുന്നു പിന്നെ. പോകുന്ന വഴിക്കു മുഴുവൻ പ്രാർഥനയായിരുന്നു എന്റെ മനസ്സിൽ. എന്റെ അമ്മാവനൊന്നും വരുത്തരുതേ. ആ കിണറ്റിലൊരാമയുണ്ടെന്നും അതിനെ എനിക്ക് എടുത്ത് തരാമെന്നും പലതവണ പറഞ്ഞിട്ടുണ്ട്. ഇനി അതിനെങ്ങാനും ഇറങ്ങിയതാണോ?മഴപെയ്ത് വെള്ളം കൂടിയത് പാവം ഓർത്തു കാണില്ല.

ഏതായാലും മേക്കലെ പറമ്പെത്തി. ദൈവമേ അവിടെ ആൾക്കൂട്ടമുണ്ടല്ലോ. ആൾക്കൂട്ടത്തിനിടയിലൂടെ ഞാൻ കിട്ടുവമ്മാവനെ കണ്ടു. ചൊറിഞ്ഞു ദേഹം മുഴുവൻ തടിച്ചുവീർത്തു വികൃതമായി. പാവം വിറയ്ക്കുന്നുണ്ടായിരുന്നു. നാട്ടുകാരോട് കിട്ടുവമ്മാവൻ പറയുന്നതു കേട്ടു. "എന്റെ കൂടപ്പിറപ്പുകളേ നിങ്ങക്കറിയോ, ഈ നാട്ടാരുടെ മുഴുവൻ ചവറ്റുകൊട്ടയാ ഈ കിണറ്. ഈ കിട്ടാക്കനിയായ ജലം മലിനമാക്കുന്ന നമ്മളെയൊന്നും ഒരു കൊറോണയ്ക്കും നന്നാക്കാൻ പറ്റില്ലെടോ."

അമ്മാവനേതായാലും രക്ഷപെട്ടു.... ഞാൻ തന്ത്രപൂർവ്വം ആമയിലേക്കു വന്നു. "അമ്മാവാ നമ്മുടെ ആമയ്ക്കു വല്ലതും പറ്റിക്കാണുമോ?" "ഇല്ല കുട്ടാ, ഓരോ ജീവിക്കും പ്രതിരോധശേഷിയിൽ വ്യത്യാസമുണ്ട്. ആമയ്ക്ക് ഈ മാലിന്യമൊന്നും വല്ല്യപ്രശ്നമില്ല. നീയെന്തിനാ ഇവിടെ കറങ്ങി നടക്കുന്നത്? വ്യക്തിശുചിത്വം പാലിച്ച് ആൾക്കൂട്ടത്തിൽനിന്നും വിട്ടുനിൽക്കാനല്ലേ ആരോഗ്യപ്രവർത്തകർ നമ്മെ ഓർമിപ്പിച്ചോണ്ടിരിക്കുന്നത്. കൊറോണക്കാലത്ത് വീട്ടിൽ പോയി അമ്മയെ സഹായിക്കെടാ ചെക്കാ."

ഇതു നല്ല കൂത്ത്... അമ്മാവൻ കിണറ്റിൽ വീണതറിഞ്ഞ് വിഷമിച്ചു വന്ന അമ്മാവൻ നമ്മളെ വിരട്ടി ഓടിക്കുന്നു.. അല്ല അമ്മാവൻ പറഞ്ഞതല്ലേ ശരി. വീട്ടിലിരിക്കുന്നതു തന്നെയാ ബുദ്ധി. വീട്ടിലേക്കോടുന്ന വഴിയേ അമ്മാവനും വീട്ടിലിരിക്കുന്നത് തന്നെയാണേ നല്ലത്... എന്ന് വിളിച്ച് കൂവാൻ ഞാൻ മറന്നില്ല.

**ആർച്ച അനിൽ**
3 ബി, ഗവ. എൽപിഎസ് ചേനപ്പാടി
കാഞ്ഞിരപ്പള്ളി ഉപജില്ല, കോട്ടയം

# പ്രകൃതിയുടെ നന്മ

ഒരിടത്ത് രണ്ട് കൂട്ടുകാർ ഉണ്ടായിരുന്നു ഉണ്ണിയും, പാച്ചുവും. അവർക്ക് സ്വന്തമായി വീട് ഇല്ലായിരുന്നു. ഉണ്ണിയുടെ അച്ഛന് പെയിന്റിങ് ജോലി ആയിരുന്നു. പാച്ചുവിന്റെ അച്ഛന് ഒരു ഇലട്രിക്ഷോപ്പാണ്. രണ്ടുപേരും കൂടിചേർന്ന് കുറച്ച് സ്ഥലം വാങ്ങി അത് രണ്ടായി തിരിച്ചു. ഉണ്ണിക്കും, പാച്ചുവിനും സന്തോഷമായി.ആ സ്ഥലത്ത് ധാരാളം മരങ്ങൾ ഉണ്ടായിരുന്നു, ഉണ്ണിയുടെ അഛൻ സാമ്പത്തികമായി പുറകിലായിരുന്നു എങ്കിലും അദ്ദേഹം കഠിനപ്രവൃത്തിയിലൂടെ വീട് പണിയുവാൻ തീരുമാനിച്ചു. പരാമവധി മരങ്ങൾ മുറിക്കാതെ ഉണ്ണിയുടെ അച്ഛൻ ഭംഗിയുള്ള ഒരു കൊച്ചുവീട് പണിതു. വെട്ടിയ മരത്തിന്റെ തടി വീടിന് എടുത്തു. ബാക്കി മരങ്ങൾ അവിടെ നിർത്തി. ധാരാളം പച്ചക്കറികളും നട്ടുപിടിപ്പിച്ചു. എന്നാൽ പാച്ചുവിന്റെ അച്ഛൻ മരങ്ങൾ വെട്ടിക്കളഞ്ഞ് വലിയ വീട് വച്ചു. എല്ലാം വളരെ ആധുനികസൗകര്യങ്ങളോടുകൂടി പണിതു. മുറ്റത്തുനിന്നിരുന്ന മരങ്ങൾ വെട്ടി അവിടെ ഭംഗിയേറിയ ടൈൽസ് ഒട്ടിച്ചു. മുറ്റത്ത് ഇലകൾ പൊഴിയുമല്ലോ എന്ന് ഓർത്ത് പറമ്പിലെയും മരങ്ങൾ വെട്ടിക്കളഞ്ഞു. മരത്തണൽ ഇല്ലെങ്കിലും കുഴപ്പമില്ല എ.സി. ഉണ്ടല്ലോ എന്ന ആത്മവിശ്വാസം അയാൾക്കുണ്ടായിരുന്നു. അങ്ങനെയിരിക്കെ പെട്ടെന്നാണ് കൊറോണ എന്ന മഹാദുരിതം എത്തുന്നത് ആ വൈറസിനെ പേടിച്ച് എല്ലാവരും വീടുകളിൽ ഒതുങ്ങി. ഉണ്ണിയുടെ അഛനും പാച്ചുവിന്റെ അച്ഛനും ജോലിക്കു പോകാതായി അതിശക്തമായ ചൂടാണ് എല്ലായിടത്തും. എങ്കിലും ഉണ്ണിയുടെ വീട്ടിൽ ചൂടില്ലായിരുന്നു. നല്ല കാറ്റും തണുപ്പും ആയിരുന്നു. പാച്ചു എന്നും ഉണ്ണിയുടെ വീട്ടിൽ വരുമായിരുന്നു ആ മരത്തണലിൽ ഇരുന്ന് കളിക്കുമായിരുന്നു. ഒരു ദിവസം പാച്ചുവിന്റെ അച്ഛനും അമ്മയും മരത്തണലിൽ വന്നിരുന്നു. അൽപ്പം ജാള്യത്തോടെ അവർ പറഞ്ഞു വീട്ടിൽ ഇരിക്കാൻ പറ്റണില്ല ഭയങ്കര ചൂടാണ്. ഇടയ്ക്കിടെ കറൻറ് പോകുന്നു. അതിലേറെ കറന്റ് ബിൽ അടയ്ക്കാൻ കാശില്ല. അതു ഭയന്ന് എ.സി. ഓണാക്കാൻ പറ്റണില്ല. എത്ര സുഖമാണ് മരത്തണലിൽ ഇരിക്കാൻ. പ്രകൃതിയുടെ മടിത്തട്ടിലെ സുഖം അവരെ വല്ലാതെ ആകർഷിച്ചു. കുറ്റബോധത്താൽ അവർ പറമ്പുനിറയെ മരത്തൈകൾ നട്ടു. മരങ്ങൾ വെട്ടിനശിപ്പിച്ചത് തെറ്റാണെന്ന് തിരിച്ചറിയാൻ അവർക്ക് എല്ലാവരും ഭയന്ന ആ വൈറസ് വേണ്ടി വന്നു. മരം ഒരു വരമാണ്:

**പ്രത്യുഷ് ജിനു**
ക്ലാസ് 4, ഗവ.മോഡൽഎച്.എസ്.പാലക്കുഴ
കൂത്താട്ടുകുളം ഉപജില്ല, എറണാകുളം



# മണ്ണും മനുഷ്യനും

മഴപെയ്തു കഴിഞ്ഞതേയുള്ളൂ .ഹായ് മണ്ണിൻറെ എന്തുനല്ല മണം. അമ്മുഅമ്മയോട് പറഞ്ഞു. അമ്മേ ഈ മഴയത്ത് എന്നെ ഒന്ന് കുളിക്കാൻ അനുവദിക്കുമോ? അമ്മുചോദിച്ചു.അമ്മേ അമ്മ പണ്ട് മഴയത്ത് കുളിക്കുമായിരുന്നോ? മഴക്കാലത്ത് ഞാനും ചെറിയമ്മയും കൂടി കുളിക്കുമായിരുന്നു. അമ്മ പറഞ്ഞു. എന്നിട്ട് എന്നെ മാത്രം എന്താ മഴയത്ത് കുളിക്കാൻ അനുവദിക്കാത്തത്? അമ്മുചോദിച്ചു. അത് ഇപ്പോൾ കാലം ഒക്കെ മാറിയല്ലോ മോളെ. ഒരു തുള്ളി മഴവെള്ളം വീണാൽ മതി നിനക്ക് പനി പിടിക്കാൻ. അമ്മ മറുപടി കൊടുത്തു. എന്നാൽ വേണ്ടമ്മേ. എന്നാലിപ്പോ മഴയൊക്കെ കുറവായതെന്താ? അതിപ്പോൾ പ്രകൃതിയെ നശിപ്പിച്ചിട്ടല്ലേ ഫ്ളാറ്റുകളും മറ്റും നിർമിക്കുന്നത്. അതിനായി പുഴയൊക്കെ അവർ നശിപ്പിച്ചിരിക്കുന്നു, പുഴയും വയലും എനിക്കിഷ്ടമാണ്. വയലിൽ എത്തുന്ന കൊക്കുകളേയും മറ്റു പക്ഷികളെയും കാണാൻ എന്തു രസമാണ്. ഈ മനുഷ്യർക്ക് പുഴ നശിപ്പിച്ചിട്ട് എന്താണ് കിട്ടുന്നത്? ഇത് കേട്ട് അമ്മ പറഞ്ഞു. പുഴയുടെ അടിത്തട്ടിലെ മണൽ കെട്ടിടങ്ങൾ നിർമിക്കാൻ ഉപയോഗിക്കുന്നു. വലിയ പാറകൾ ഇതിനായി അവർ പൊട്ടിക്കുന്നു. കുന്നിടിച്ച് വയൽ നികത്തിയും ഭൂമിയുടെതാളം തെറ്റിക്കുന്നു. ക്രമേണ പ്രളയവും നിലയ്ക്കാത്ത മഴയും വരൾച്ചയും മലിനീകരണവും ഉണ്ടാകുന്നു. ഇത് ഭൂമിയുടെപ്രതികാരമാണ്. ഞാൻ ഇതെല്ലാം എന്റെ കൂട്ടുകാരോട് പറയും. എന്നിട്ട് മരങ്ങൾ, പക്ഷികൾ എന്നിവയൊക്കെ രക്ഷിക്കാനും പറയും. എന്നിട്ട് പോസ്റ്ററുകൾ ഒട്ടിക്കുകയും ചെയ്യും. അപ്പോൾ പിന്നെ അമ്മേഈ പ്ലാസ്റ്റിക് ദോഷം ആണോ?

പ്ലാസ്റ്റിക് ലോകത്തിന്റെതന്നെ മുൻപിലുള്ള ഏറ്റവും വലിയ പ്രശ്നമാണ്. കത്തിക്കാൻ പാടില്ല കുഴിച്ചു മൂടിയാലും മണ്ണിൽ ആയി കുഴിച്ചു മൂടിയാലും 500 വർഷം ഉണ്ടെങ്കിൽ മാത്രമേഇത് മണ്ണിൽ അലിഞ്ഞു ചേരു. പ്ലാസ്റ്റിക് കത്തിച്ചാൽ ഓസോൺ പാളിയിൽ വിള്ളൽ വീഴും. ഓസോൺ പാളിയിൽ വിള്ളൽ വീണാൽ അൾട്രാവയലറ്റ് രശ്മികൾ നമ്മുടെ മേൽ പതിക്കും.നമുക്ക് രോഗങ്ങൾ വരും. എനിക്കിപ്പോൾ കാര്യങ്ങൾ മനസ്സിലായി ഇനി പ്ലാസ്റ്റിക്ക് കത്തിക്കുന്ന വരെ ഞാൻ പറഞ്ഞു മനസ്സിലാക്കും അല്ലെങ്കിൽ ഇത് ഞാൻ പഞ്ചായത്തിൽ അറിയിക്കും. നല്ല മോൾ. ഇനി മോൾ ആഹാരം കഴിക്കാൻ വരൂ. ശരി അമ്മേ ഞാൻ കൈ കഴുകട്ടെ. ശരി, ഞാൻ വിളമ്പിവയ്ക്കാം.

**നുഹസുമയ്യ എൻ എൽ**
5 ബി, ഗവ യു പി എസ് ഇടവിളാകം
കണിയാപുരം ഉപജില്ല, തിരുവനന്തപുരം





# ബിച്ചുവിന്റെ തണ്ണീർക്കുടം

രാവിലെ കാക്കകളുടെ അലറിവിളി കേട്ടാണ് ബിച്ചു ഉറക്കമുണർന്നത്. അവൻ നേരേ മുറ്റത്തേക്കിറങ്ങി. പ്ലാവിൻ ചുവട്ടിൽ ഒരു കാക്ക വീണ് കിടക്കുന്നു. കുറേ കാക്കകൾ മരക്കൊമ്പിലിരുന്നും ചുറ്റും പാറിനടന്നും അലറിക്കരയുന്നു.ബിച്ചു നിലത്ത് കിടക്കുന്ന കാക്കയുടെ അടുത്ത് ചെന്നു നോക്കി. അനക്കമില്ല. പാവം കാക്ക. ബിച്ചുവിന് സങ്കടം തോന്നി.

ബിച്ചുവിന്റെ അച്ഛൻ ജീവനില്ലാത്ത കാക്കയെ കുഴിച്ചുമൂടി. “മോനേ സങ്കടപ്പെടേണ്ട. ഈ വേനലിൽ വെള്ളം കിട്ടാതെ പക്ഷികൾ വല്ലാതെ വിഷമികുന്നുണ്ട്. ഒരു പാട് കിളികൾക്ക് അവരുടെ ജീവൻപോലും നഷ്ടപ്പെടുന്നു. നമുക്കൊരു തണ്ണീർ കുടമുണ്ടാക്കി വെക്കാം. അതാവുമ്പം കിളികളൊക്കെ വന്ന് യഥേഷ്ടം വെള്ളം കുടിച്ച് പോകും.” അഛൻ അവനെ ആശ്വസിപ്പിച്ചു കൊണ്ട് പറഞ്ഞു.

ബിച്ചു അച്ഛനോടൊപ്പം ചേർന്ന് ഒരു മൺകുടം എടുത്ത് മുറ്റത്തെ മാവിൻ കൊമ്പിൽ കെട്ടിവച്ചു. ബിച്ചു അതിൽ വെള്ളം നിറച്ചു. അവൻ വീടിന്റെ വരാന്തയിൽ കാത്തിരുന്നു. കുറച്ച് നേരം കഴിഞ്ഞപ്പോൾ ഒരു മൈന ചിറകടിച്ച് വന്ന് കുടത്തിന്റെ വക്കിലിരുന്നു. തല വെട്ടിച്ച് തിരിഞ്ഞും മറിഞ്ഞും ഒന്ന് നോക്കിയിട്ട് തണ്ണീർ കുടത്തിൽ അതിന്റെ മഞ്ഞച്ചുണ്ട് താഴ്ത്തി വെള്ളം കുടിച്ചു. ബിച്ചു നോക്കിയിരിക്കെ ഒന്നു രണ്ട് മൈനകൾ കൂടി പറന്ന് വന്ന് വെള്ളം കുടിച്ച് പോയി. പൊടുന്നനേ എങ്ങോ നിന്നൊക്കെ കാക്കകളും വർണച്ചിറകുള്ള പൊൻമാനും തലയിൽ പൂവുള്ള മരംകൊത്തിയും അടയ്ക്കാ കുരുവികളുമെല്ലാം പാറിയെത്തി മരക്കൊമ്പുകളിലിരുന്നു. അവർ കലപില കൂട്ടിയും ചിറകടിച്ചും ബിച്ചുവിന്റെ തണ്ണീർ കുടത്തിന് ചുറ്റും നൃത്തം വച്ചു. ഇടയ്ക്കിടക്ക് കുടത്തിൽ തല താഴ്ത്തി മതിയാവോളം വെള്ളം കുടിച്ചു.അതിരില്ലാത്ത സന്തോഷം കൊണ്ട് അവർ ബിച്ചുവിനെ നോക്കി തലകുലുക്കി ചിരിച്ചു. ഇതൊക്കെ കണ്ട് ബിച്ചുവിന്റെ മനം കുളിർത്തു.

**ഇൻഫാസ്**
6 ഇ, ഗവ. യു പി എസ് കണിയാപുരം
കണിയാപുരം ഉപജില്ല, തിരുവനന്തപുരം



# തീരാക്കണ്ണീരിലായി

കൊറോണവൈറസ് ലോകത്തെ വിഴുങ്ങികൊണ്ടിരിക്കുന്നു. നമ്മുടെ കേരളമെന്ന കൊച്ചുനാട്ടിലുംഅതെത്തി. എങ്ങും ശൂന്യത. മനുഷ്യൻ മനുഷ്യനെ ഭയക്കുന്നു. ജീവന്റെ കാവൽ മാലാഖകളും, ഭരണാധികാരികളും, സുരക്ഷാസേനകളും, സന്നദ്ധ പ്രവർത്തകരും, ഒന്നടങ്കം കൈകോർത്ത് നിന്ന് നമ്മുടെ ലോകത്തെ രക്ഷിക്കാൻ രാപ്പകലില്ലിതെ പ്രയത്നിക്കുകയാണ്. ഇങ്ങനെയിരിക്കെ നമ്മുടെ കുഞ്ഞിപ്പെങ്ങൾ ഗംഗ ഇന്ന് ഒറ്റപ്പെടലിന്റെ ലോകത്താണ്. അവളുടെ മാതാപിതാക്കൾ ഇന്ന് ഈ ഭൂമിയിൽ ഇല്ല. കടുത്തനിയന്ത്രണങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോഴാണ് വൈറസിന്റെ ഭീകരതയറിയാതെ ഗംഗയുടെ മാതാപിതാക്കൾ മരണത്തിന്റെ പടുകുഴിയിലേക്ക് പോയത്. വീട്ടുസാധനങ്ങൾ വാങ്ങാനായി ടൗണിലേക്ക് പോകാനൊരുങ്ങിയ അവരോട് വൈറസിന്റ ഭീകരതയെക്കുറിച്ച് അവൾ പറഞ്ഞുവെങ്കിലും അത് കാര്യമാക്കാതെ അവർ യാത്ര തിരിച്ചു. മാസ്ക് ഉപയോഗിക്കാനും, സാനിറ്റൈസർ കൊണ്ട് കൈകഴുകാനും അവൾ ഉപദേശിച്ചു. അവർ കൂട്ടാക്കിയില്ല. അവസാനം ഗംഗയുടെ മാതാപിതാക്കൾ കൊറോണയ്ക്ക് കീഴടങ്ങി.

**ദേവൻ**
7 എ, ഗവ. യു പി എസ് തിരുമല
തിരുവനന്തപുരം സൗത്ത് ഉപജില്ല, തിരുവനന്തപുരം

# കൊറോണക്കാലത്തെ കല്യാണം

ആന്റി മുറിയിലാണ്. പത്രം ഒന്നു വായിക്കാം. ജോലികളെല്ലാം തീർത്തിട്ട് വന്നാലും ഞാൻ പത്രം വായിക്കുന്നതൊന്നും ആന്റി ക്കിഷ്ടമില്ല. ടിവി വാർത്തയിൽ ഇന്നലെ കൊറോണ പടരുന്നത് കാരണം ലോക്ഡൗൺ എന്നൊക്കെ പറയുന്നത് കേട്ടു. അതെ, മൂന്നാഴ്ച രാജ്യമൊട്ടാകെ ലോക്ഡൗൺ ആണ്. ബസ്, തീവണ്ടി, ഒന്നും ഓടില്ലത്രെ! "ദൈവമേ എന്റെ കല്യാണത്തിന് നിരഹല എങ്ങനെ വരും?" "എടീ", ഞാൻ ഞെട്ടിപ്പോയി. "ഹും, പത്രപാരായണവുമായി ഇരിക്കുകയാണ് അല്ലേ? ജോലികൾ കുറെയുണ്ട്. പത്രം വായിച്ചിട്ട് എന്തു കിട്ടി? സമാധാനമായി അല്ലേ? വണ്ടിയും വാഹനവും ഒന്നും ഓടില്ല. ആളുകൾ കൂടിക്കൂട. എങ്ങനെ നിന്റെ കല്യാണം നടക്കും? നാശം, 20-ാം തീയതി കല്യാണത്തോടെ എന്റെ തലയിൽ നിന്ന് പോകുമല്ലോ എന്നാണു കരുതിയത്." ആന്റിയുടെ ആക്രോശം. അപ്പോഴാണ് കല്ല്യാണം നടക്കില്ലെ എന്ന ചിന്ത എന്നെ അലട്ടാൻ തുടങ്ങിയത്. അപ്പോഴേക്കും ആന്റി കിരൺ ചേട്ടന്റെ അമ്മയോട് ഫോൺ ചെയ്യുന്നത് കേട്ടു. കുറച്ചു ആളുകളെ വിളിച്ച് നിശ്ചയിച്ച മുഹൂർത്തത്തിൽ തന്നെ കല്ല്യാണം നടത്തിയാലോ എന്നാണ് ആന്റി ചോദിച്ചത്. അവർക്ക് പറ്റില്ലത്രെ. ബന്ധുക്കളെയും സുഹൃത്തുക്കളെയും കൂട്ടാതെ എന്ത് കല്ല്യാണം എന്നാണ് അവർ ചോദിച്ചത്. "വീണ്ടും കല്യണക്കുറി അടിക്കാനും ആളുകളെ വിളിക്കാനും ഒന്നും ഇവിടെ ആരുമില്ല. നാശം", ആന്റിയുടെ കമന്റ്. ഞാൻ ആരും കാണാതെ തേങ്ങി തേങ്ങി കരഞ്ഞു.എന്റെ അമ്മ ഉണ്ടായിരുന്നെങ്കിൽ! അച്ഛൻ എനിക്ക് മൂന്ന് വയസ്സുള്ളപ്പഴാണ് ഞങ്ങളെ ഉപേക്ഷിച്ച് പോയത്.അമ്മ കൂലിപ്പണി ചെയ്താണ് എന്നെ വളർത്തിയത്. ഞാൻ പ്ലസ്ടുവിന് പഠിക്കുന്ന സമയത്താണ് ദൈവം അടുത്ത ക്രൂരത എന്നോട് കാട്ടിയത്.എന്റെ അമ്മക്ക് ലിവർ ക്യാൻസർ! അമ്മയുടെ ചികിത്സയ്ക്കായി ഉള്ള കിടപ്പാടം പോലും പണയത്തിലായി. അമ്മയും പോയി, കിടപ്പാടം സഹകരണ ബാങ്ക് കൊണ്ടുപോയി. അമ്മയുടെ മരണശേഷം ഞാൻ ആന്റിയുടെ കൂടെയാണ്. നിരഹല ഗൾഫിലാണ്. ഇവിടെ ഒരു വേലക്കാരിയുടെ സ്ഥാനമേ ആന്റി തന്നിട്ടുള്ളൂ. അപ്പോഴാണ് ഒരു ശാപമോക്ഷം പോലെ അമ്മയുടെ കൂട്ടുകാരിയുടെ മകൻ എന്നെ വിവാഹം കഴിച്ചു കൊള്ളാം എന്ന് പറഞ്ഞത്. വീട്ടുകാർക്കും എതിർപ്പൊന്നും ഇല്ലായിരുന്നു. ആ കല്ല്യാണമാണ്

ഇപ്പോൾ മുടങ്ങാൻ പോകുന്നത്. എന്നെ അൽഭുതപ്പെടുത്തിക്കൊണ്ട് വൈകുന്നേരം നിരഹല എത്തി. പക്ഷേ എത്തിയതും ഒരു മുറിയിൽ കയറി വാതലടച്ചു. 14 ദിവസം ആ മുറിയിൽ ഒറ്റയ്ക്ക് കഴിയണം. എന്റെ പ്രതീക്ഷകൾ മങ്ങി. പക്ഷേ അതിനിടയിലാണ് കിരൺ ചേട്ടൻ വിളിച്ചത്. നിരഹല കിരൺ ചേട്ടനെ വിളിച്ച് നിശ്ചയിച്ച മുഹൂർത്തത്തിൽ തന്നെ കല്ല്യാണം നടത്താൻ ആവശ്യപ്പെട്ടെന്നും അമ്മ സമ്മതിച്ചെന്നും പറഞ്ഞു. എന്റെ സന്തോഷത്തിന് അതിര് ഇല്ലായിരുന്നു. എന്നാൽ വിവാഹത്തിന് വീട്ടിൽ നിന്നിറങ്ങുമ്പോൾ നിരഹലന്റെ കാൽ തൊട്ടുവണങ്ങാൻ എനിക്ക് കഴിഞ്ഞില്ല. ജനാലയിലൂടെ നോക്കിനിന്ന അങ്കിളിന്റെ കണ്ണിലും എന്റെ കണ്ണിലും വെള്ളം നിറഞ്ഞു ഒന്നും കാണാതായി. നാടിനെ ദുരിത ക്കയത്തിലാക്കിയ മഹാമാരി പടരാതിരിക്കാൻ വേണ്ടിയാണല്ലോ ഞങ്ങളൊക്കെ ഇങ്ങനെ ബുദ്ധിമുട്ടുന്നത് എന്നോർത്ത് സമാധാനത്തോടെ ഞാൻ നടന്നു നീങ്ങി.

**ഹരി നന്ദ് ഡി**
7സി, ഗവ.യു.പി.എസ്.നേമം
ബാലരാമപുരം ഉപജില്ല, തിരുവനന്തപുരം



# ആൽമരത്തിന്റെ ആത്മനൊമ്പരം

ഞാൻ ആൽമര മുത്തച്ഛൻ.കടയ്ക്കൽ എന്ന ചെറിയ മലയോര ഗ്രാമത്തിലെ ഒരു വലിയ പള്ളിക്കൂടത്തിന് മുന്നിലാണ് എന്റെ സ്ഥാനം.മൂന്ന് തലമുറകളെ കാണാനും പരിചയപ്പെടാനും കഴിഞ്ഞ എനിക്ക് ഒരു നൂറ്റാണ്ടിന്റെ കഥ പറയാൻ കഴിയും. കാരണം ഇന്നെനിയ്ക്ക് നൂറ് വയസ്സ് കഴിഞ്ഞിരിക്കുന്നു.

എന്റെ താഴെ കലപിലശബ്ദം കൂട്ടുന്ന കുട്ടികൾ എനിക്കെന്നും ആവേശമാണ്.എത്ര തലമുറകൾ എന്നിലെ തണൽ ഏറ്റുവാങ്ങി പോയിട്ടുണ്ട്.എത്ര ഋതുക്കൾ മാറിമാറി വന്നു. മഴയും മഞ്ഞും കാറ്റും എല്ലാം. സൂര്യന്റെ വെള്ളിക്കൊമ്പുകൾ എന്റെ ഇലത്തുമ്പിലെ മഞ്ഞിൻ തുള്ളികളെ സ്വർണകണികകളാക്കി മാറ്റുന്ന പ്രഭാതം മുതൽ എന്റെ ഹൃദയം തുടിച്ചുതുടങ്ങും. എന്തിനാണന്നല്ലേ. പള്ളിക്കൂടത്തിലേക്ക് ഓടിയോടിവരുന്ന എന്റെ കുഞ്ഞുങ്ങളെ അല്ല എന്റെ കൂട്ടുകാരെ കാണാൻ. അപ്പോൾ എന്റെ മനം കുളിർക്കും. അതോടൊപ്പം തന്നെ തങ്ങളുടെ കുഞ്ഞുങ്ങളെ എന്നെ ഏൽപ്പിച്ച് അങ്ങ് അകലങ്ങളിലേക്ക് തീറ്റതേടിപ്പോകുന്ന ദേശാടനക്കിളികൾ. പള്ളിക്കൂടത്തിൽ കുഞ്ഞുങ്ങൾ എത്തുമ്പോഴേയ്ക്കും അവർ പറന്ന് പോയിരിക്കും. ഞാൻ എപ്പോഴും പൂവണിഞ്ഞ് നിൽക്കണമെന്നാണ് അവരുടെ ആഗ്രഹം. പക്ഷേ എനിക്കെപ്പോഴും പൂവിടാൻ കഴിയില്ലല്ലോ. ദേശാടനക്കിളികൾ വിരുന്നെത്തുമ്പോൾ അവർക്കുവേണ്ടി എനിക്ക് പൂക്കണം. ആണ്ടൊരിക്കൽ വരുന്ന വസന്തം എന്നെ പൂവണിയിക്കും.

പതിവുപോലെ മഞ്ഞക്കിളികൾ ഇന്നും എന്റെ ചില്ലയിൽ വന്നിരുന്ന് പാടുന്നുണ്ട്.എന്റെ ഇലകളിലൂടെ താഴേയ്ക്ക് പോകുന്ന മഴനൂലുകൾ കാണാൻ എന്ത് ഭംഗിയാണെന്നോ.ഇപ്പോൾമനസ്സിലായില്ലേ ഇവിടെ എന്റെ സ്ഥാനം എത്ര വലുതാണെന്ന് .പക്ഷേ ഇനിയും ഏറെക്കാലം ഇവിടെ ഈ പാതയോരത്ത് തണലേകാൻ എനിയ്ക്കാവുമെന്ന് തോന്നുന്നില്ല.കാരണം മുത്തച്ഛന് വയസ്സായി.ഒരുപാട് പ്രായമായി.മുത്തച്ഛന്റെ തൊലിയൊക്കെ ചുക്കിച്ചുളിഞ്ഞു.വേരുകൾക്ക് പഴയപോലെ ബലമില്ലാതായെന്ന് ആരൊക്കെയോ പറയുന്നു.എപ്പോൾ വേണമെങ്കിലും മറിഞ്ഞ് വീണ് വലയ അപകടം ഉണ്ടായേക്കാമെന്ന് അവർ കണ്ടെത്തിക്കഴിഞ്ഞു.അവർക്ക് എന്നെ കൊല്ലണം.അതിനു പിന്നിൽ പല കച്ചവടതാല്പര്യങ്ങളും ഉണ്ട് കേട്ടോ.ഇനിയിപ്പോൾ എന്നെ പലപലരൂപങ്ങളിൽ പലരുടേയും വീടുകളിൽ കാണാൻ കഴിയും.

ഏതായാലും ഒരുകാര്യം എനിയ്ക്ക് മനസ്സിലാകുന്നുണ്ട്. നാളത്തെ തലമുറയ്ക് കടയ്ക്കൽ വിപ്ലവത്തിന്റേയും കല്ലറ പാങ്ങോട് സമരത്തിന്റേയും കഥകൾ പറഞ്ഞുകൊടുക്കാൻ ഞാനുണ്ടാവില്ല എന്ന വലിയ സത്യം.

എന്നെയിപ്പോൾ ഈ കുഞ്ഞുങ്ങളേക്കാളും ഈ പക്ഷിക്കുഞ്ഞുങ്ങളേക്കാളും ആവശ്യം ആ മുതലാളിമാർക്കാണ്. എന്നെ വെട്ടി വീഴ്ത്താൻ മഴു എടുക്കും മുൻപ് അവർ ചിന്തിയ്ക്കുന്നുണ്ടാകുമോ നാളെ അവർക്കുകൂടി ശ്വസിക്കാനുള്ള വായുവിനെക്കൂടിയാണ് അവർ ഇല്ലാതാക്കുന്നതെന്ന്. അങ്ങനൊക്കെ അവർ ചിന്തിച്ചിരുന്നെങ്കിൽ ഞാൻ എന്നും ഈ കുഞ്ഞുങ്ങൾക്ക് തണലായ് ഇവിടെ ഈ വഴിവക്കിൽ ഉണ്ടാവുമായിരുന്നല്ലോ. ഒരു കാര്യം എനിയ്ക്കുറപ്പാണ്. കച്ചവടക്കേമൻമാർ എന്നെ വെട്ടിക്കാശാക്കിയാലും എന്റെ ഈ കുരുന്നുകളുടെ മനസ്സിൽ കുളിരേകുന്ന ഒരു തണലായ് അവരുടെ ഈ ആൽമരമുത്തച്ഛൻ എന്നുമുണ്ടാകും.

**ആലിയ എസ്സ് എസ്സ്**
9 ജി, ജി വി എച്ച് എസ്സ് എസ്സ് കടയ്ക്കൽ
ചടയമംഗലം ഉപജില്ല, കൊല്ലം

# മുള്ളുകളുള്ള പുഷ്പം

ഇപ്പോൾ ലോക്ഡൗൺ കാലമായതിനാൽ രാത്രിയിൽ കമ്പ്യൂട്ടറിൽ ഗെയിമൊക്കെ കളിച്ച് വളരെ താമസിച്ചാണ് ഉറങ്ങിയത്. അതുകൊണ്ടുതന്നെ എഴുനേൽക്കാൻ വളരെ താമസിച്ചു. ഞാൻ ജനലിലൂടെ നോക്കി. അവിടെ ആ പ്ലാവിന്റെ ചോട്ടിൽ കുറേ കിളികൾ. അവർ പരസ്പരം പറയുകയും ചിരിക്കുകയും ഒക്കെ ചെയ്യുന്നുണ്ട്. ഞാൻ അനിയത്തിയെ വിളിച്ചു കാണിച്ചു. അവൾ അവയുടെ അടുത്തേക്കു നീങ്ങി. അപ്പോഴേക്കും അവയെല്ലാം പറന്നു പോയി. ഞാൻ വീണ്ടും അവിടേക്കു നോക്കി.അവിടെ എന്തോ അനങ്ങുന്നതുപോലെ. നിറയെ നീണ്ട മുള്ളുകളുള്ള ഒരു പുഷ്പം പോലെ. അത് അന്തരീക്ഷത്തിലിങ്ങനെ പാറി നടക്കുന്നു. അത് പതുക്കെപ്പതുക്കെ എന്റെ അടുത്തേക്ക് വരുന്നതുപോലെ. ഞാൻ അകത്തേക്ക് ഓടി.അച്ഛന്റെയും അമ്മയുടെയും അടുത്തുചെന്നു പറഞ്ഞു. അവർ അനിയത്തിയേയും എടുത്ത് ഓടി. അമ്മ പിറകെ എന്റെ കൈ മുറുകെപ്പിടിച്ചുകൊണ്ട് ഓടി. എനിക്ക് ഒന്നും മനസ്സിലായില്ല.

ഞാൻ തിരിഞ്ഞുനോക്കുമ്പോൾ അപ്പൂപ്പൻതാടിയെപ്പോലെ ആ പുഷ്പം പറന്നുപറന്ന് ഞങ്ങളുടെ അടുത്തേക്ക് വരുന്നു.ഓടിയോടി ഞങ്ങൾ ഒരു കാട്ടിലെത്തി. ആ കാട് വളരെ ഇരുണ്ടതായിരുന്നു. ഞാൻ ചുറ്റും നോക്കി. പെട്ടെന്ന് ആ കാട്ടിലെ മൃഗങ്ങൾ എന്നെ നോക്കി കൈ വീശുന്നു. ങേ! എന്നെ നോക്കി കൈ വീശുന്നുവോ! എനിക്ക് വിശ്വസിക്കാനായില്ല. ആകാശത്തു നോക്കുമ്പോൾ പല നിറത്തിലുള്ള കിളികൾ എന്നെ നോക്കി പാട്ടു പാടുന്നു. അവർക്കിടയിലൂടെ ഞങ്ങൾ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. എനിക്ക് ഒന്നും മനസ്സിലായില്ല. എന്റെ സംശയങ്ങൾ കൂടിക്കൂടി വന്നു. എന്നെ നോക്കി കൈ വീശികാണിച്ച മൃഗങ്ങൾ പെട്ടെന്ന് മാഞ്ഞു പോയി. ആകാശത്ത് പല നിറത്തിലുള്ള പക്ഷികൾ എങ്ങോ പറന്നു പോയി. ഞാൻ പിന്നിലേക്കു നോക്കിയപ്പോൾ ആ പുഷ്പം ചിരിച്ചുകൊണ്ട് പറന്നു വരുന്നു. ഞാൻ ചോദിച്ചു, നീ ആരാണ്? നീയെന്തിനാ ഞങ്ങളുടെ പിന്നാലെ വരുന്നത്? അപ്പോൾ എന്നെ നോക്കി പറന്നു കൊണ്ട് ആ പുഷ്പം പറഞ്ഞു, നീ എന്നെ നോക്കി ചിരിച്ചതുകൊണ്ടാ ഞാൻ നിന്റെ പിന്നാലെ വന്നത്. നീ എന്നെ തൊട്ടാൽ ഞാൻ നിന്റെ കൂടെ വരും. ഞാനേ കൊറോണയാ.ദേ നിങ്ങള് കൈ എത്താവുന്ന ദൂരത്ത് വന്നാലേ ഞാൻ നിന്റെ കൂടെ വരൂ. എനിക്ക് പുറത്തങ്ങനെ കൂടുതൽ നേരം ജീവിക്കാൻ പറ്റില്ല. എനിക്ക് കൂടുതൽ സമയം ജീവിക്കാൻ പറ്റുന്നത് മനുഷ്യന്റെ ശരീരത്തിലാ. എനിക്കീ ലോകത്ത് എവിടെ വേണമെങ്കിലും പോകാം. ഞാനാണ് കൊറോണ. ഇത്

കേട്ട ഞാൻ ഭയന്നു. ഞാൻ ഓടുന്ന വേഗത കൂട്ടി. അപ്പോഴാണ് ആ കാഴ്ച ഞാൻ കണ്ടത്. ഒരു മേശ. അവിടെ ആ മേശയിൽ സോപ്പും വെള്ളവും ഉണ്ടായിരുന്നു. അപ്പോൾ അച്ഛൻ പറഞ്ഞു വേഗം പോയി കൈകൾ വൃത്തിയായി കഴുകാൻ. അങ്ങനെ പറഞ്ഞതും ഞങ്ങൾ ഓടിപ്പോയി കൈ വൃത്തിയായി കഴുകി. ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ ആ ഭീകര കൊറോണയെ കാണാനില്ല. ഞാൻ വീണ്ടും ചുറ്റിനും നോക്കി. പെട്ടെന്ന് ആ ഇരുണ്ട കാട് പ്രകാശ പൂർണമായി. ഒടുവിൽ ഒരു ഇളം കാറ്റ് ഞങ്ങളെ തഴുകി.

പതുക്കെപ്പതുക്കെ ഞങ്ങൾ മയങ്ങാൻ തുടങ്ങി. പെട്ടെന്ന് എന്നെ ആരോ ആഞ്ഞടിച്ചു. ഞാൻ ഞെട്ടി എഴുന്നേറ്റു. അപ്പോൾ അമ്മ പറഞ്ഞു, എന്തൊരുറക്കമാണിത്? നേരം വെളുത്തത് അറിഞ്ഞില്ലേ? പിന്നാണ് എനിക്ക് മനസ്സിലായത്, ഞാൻ കണ്ടത് സ്വപ്നമാണെന്ന്. ഞാൻ പത്രമെടുത്ത് നോക്കി. അമേരിക്കയിലും ഇറ്റലിയിലും ആയിരക്കണക്കിന് ആളുകളാണ് മരിച്ചു വീഴുന്നത്. ആ വാർത്ത എനിക്ക് വളരെ വിഷമമായി. എത്രയെത്ര മനുഷ്യരാണ് അവരുടെ പ്രിയപ്പെട്ടവരെ കാണാതെ യാത്രയാകുന്നത്. ഞാൻ വാതിൽ തുറന്നു. പുറത്ത് ഓരോന്നോർത്ത് ഞാൻ നിന്നു.

**പത്മ രതീഷ്**
6 എ, ജി.എച്ച്.എസ്.എസ് തോട്ടക്കോണം
പന്തളം ഉപജില്ല, പത്തനംതിട്ട

# ഓലേഞ്ഞാലികളുടെ കുടുംബജീവിതം

അന്ന് ഒരു ശനിയാഴ്ചയായിരുന്നു.വൈകുന്നേരമായപ്പോൾ ഒരു പക്ഷിക്കുഞ്ഞ് ഓടയിൽ വീണു കിടക്കുന്നത് ഞങ്ങൾ കണ്ടു. കിളിക്കുഞ്ഞിന് ഒരു പാത്രത്തിൽ കുറച്ച് വെള്ളം കൊടുത്തിട്ട് ഒന്നുകൂടി നോക്കിയപ്പോൾ അത് ഞങ്ങൾ കാണാറുള്ള ഒരു പക്ഷിയുടെ കുഞ്ഞാണെന്ന് മനസ്സിലായി. അതിന് എന്തോ അപകടം സംഭവിച്ചുവെന്നാണ് ഞങ്ങൾ കരുതിയത്. അന്ന് ഞങ്ങൾക്ക് ആ പക്ഷിയുടെ പേരറിയില്ലായിരുന്നു. പിന്നീട് ഞങ്ങൾ മണിയൻ ചേട്ടനെ വിവരമറിയിച്ചു.അത് പറക്കാൻ പഠിച്ചപ്പോൾ താഴെ വീണതാണെന്നും അതിന് കുഴപ്പമൊന്നുമില്ലെന്നും മണിയൻ ചേട്ടൻ പറഞ്ഞപ്പോഴാണ് ഞങ്ങൾക്കാശ്വാസമായത്. മണിയൻ ചേട്ടൻ അതിനെ അതിന്റെ അച്ഛനമ്മമാർക്ക് കാണാവുന്നിടത്ത് കൊണ്ടുപോയി വച്ചു. മണിയൻ ചേട്ടൻ അതിനെ കൈയിലെടുക്കുന്ന ഒരു ഫോട്ടോ ഞാൻ എടുത്തിരുന്നു.മണിയൻ ചേട്ടൻ പറഞ്ഞപ്പോഴാണ് ആ പക്ഷിയുടെ പേര് ഓലേഞ്ഞാലി എന്നാണെന്ന് മനസ്സിലായത്.പിന്നീടൊരിക്കൽ ഓലേഞ്ഞാലി തെങ്ങോലയിൽ തൂങ്ങിയാടുന്നത് ഞാൻ കണ്ടിരുന്നു. പിന്നീട് മൂന്നു കുഞ്ഞുങ്ങളുമുള്ള ഒരു ഫോട്ടോ എനിക്ക് ലഭിക്കുകയുണ്ടായി. ഒരിക്കൽ ഞാൻ ഓലേഞ്ഞാലികളുടെ ചിത്രമെടുക്കുവാനായ് അവ ഇരുന്ന മരത്തിന്റെ ചുവട്ടിൽ പോയി നിന്നു. കുറച്ചു നേരം കഴിഞ്ഞ് അവ പറന്നു പോവാനൊരുങ്ങിയപ്പോൾ ഒരു ഓലേഞ്ഞാലികുഞ്ഞ് എന്റെ സമീപത്തായി താഴേക്കു വീണു. ഞാൻ കുറച്ചൊന്നു ഞെട്ടി. അപ്പോൾ അമ്മപ്പക്ഷി വന്ന് അതിനെ എഴുന്നേൽപ്പിച്ചു നിർത്തിയതിനു ശേഷം അവ പറന്നകന്നു. താഴെ വീണ ഓലേഞ്ഞാലിയുടെ ഒരു കണ്ണിന് കാഴ്ചക്കുറവുണ്ടായിരുന്നു. പക്ഷേ, ഇപ്പോൾ അതിന് കാഴ്ച തിരിച്ചു കിട്ടി. പിന്നീട് ഞാൻ കാണുമ്പോൾ ഓരോ കുഞ്ഞിനും ഇണയെ കിട്ടിയിരുന്നു. അങ്ങനെ ഓലേഞ്ഞാലി കുടുംബത്തിലെ അംഗസംഖ്യ രണ്ടിൽ നിന്നും എട്ട് ആയി.

**വൈഷ്ണവ്**
6 എ, ഗവ.എച്ച്.എസ്സ്.പാമ്പാടി
പാമ്പാടി ഉപജില്ല, കോട്ടയം

# സ്വപ്നങ്ങൾ നിറം പകർന്ന ലോക്ഡൗൺ

പതിവുപോലെ രാവിലെ എണീറ്റ് ടിവിയുടെ മുന്നിൽ വന്നതായിരുന്നു മീനൂട്ടി. അപ്പോൾ അതാ ടിവി കണ്ടു കൊണ്ട് ഉണ്ട് അവിടെ അച്ഛൻ ഇരിക്കുന്നു. മീനു ഓടി അച്ഛൻറെ അരികിൽ എത്തി അച്ഛാ, "അച്ഛനു ഇന്ന് ഓഫീസിൽ പോകണ്ടേ?" "വേണ്ട മോളെ ഇന്ന് മുതൽ അച്ഛനും അമ്മയും കുറച്ചുദിവസം മോളോട് ഒപ്പം വീട്ടിൽ കാണും." "അപ്പൊ ഇനിമുതൽ എന്നെ നോക്കാൻ ആൻറി വരില്ലേ?" ഞങ്ങൾക്കു ജോലി ഉള്ളപ്പോൾ മോളെ നോക്കാനും എന്നും സ്കൂളിൽ വിടാനും ഞാനും ഒക്കെ ആണ് ആൻറി ഇവിടെ ജോലിക്കു വരുന്നത് ഇനി കുറച്ചു ദിവസം ഇവിടെ ഞങ്ങൾ ഉള്ളതുകൊണ്ട് ആൻറി വരില്ല മോളെ." എന്ന് അടുക്കളയിൽ നിന്നും വന്ന അമ്മ പറഞ്ഞു. "അതെന്താ അമ്മേ നിങ്ങൾക്കു രണ്ടാൾക്കും ജോലിക്കു പോകേണ്ടത്തത്?" മീനൂട്ടി ചോദിച്ചു മീനൂട്ടി. "നീ കേട്ടില്ലയിരുന്നോ വാർത്തയിൽ പറയുന്നത് കൊറോണ ഒരു എന്ന ഒരു രോഗം ലോകം മുഴുവൻ പടർന്നുപിടിക്കുകയാണ്. ആ രോഗം ഉള്ള ആളിൽ നിന്നും മറ്റൊരാളിലേക്ക് ഇത് പകരുന്നത് ഒഴിവാക്കാൻ കുറച്ചു ദിവസം എല്ലാവരും തമ്മിൽ അകലം പാലിച്ച് വീട്ടിൽ ഇരിക്കണം എന്നാണ് സർക്കാർ പറഞ്ഞിരിക്കുന്നത്," അച്ഛൻ പറഞ്ഞു. ഹായ് അപ്പോൾ അച്ഛനും അമ്മയും കുറച്ചു ദിവസത്തേക്ക് എന്റെ കൂടെ തന്നെ ഉണ്ടാകും അല്ലേ?" മീനൂട്ടി സന്തോഷം കൊണ്ട് തുള്ളിച്ചാടി.

**ഗൗരി പ്രവീൺ**
3 എ, ഗവ.എൽ പി എസ് പറപ്പള്ളി
പാലാ ഉപജില്ല, കോട്ടയം

# ലോക്ഡൗൺ

റിക്കു നായയും കൂട്ടുകാരും പാർക്കിന് അടുത്തുള്ള ബെഞ്ചിന്റെ അടിയിൽ ആണ് താമസം. സമീപത്തുള്ള ബിസ്മി ഹോട്ടലിൽനിന്ന കളയുന്ന വേസ്റ്റ് സാധനങ്ങൾ അവർക്ക് ആവശ്യത്തിന് കിട്ടുമായിരുന്നു.

പതിവുപോലെ അവിടെച്ചെന്ന റിക്കുവിനും കൂട്ടുകാർക്കും ഒന്നും കിട്ടിയില്ല. അവർ വിഷമിച്ചിരിക്കുമ്പോൾ അതുവഴി മറ്റൊരു നായ അവിടെ വന്നു. അവനാണ് ലോക്ഡൗൺ കാര്യം പറഞ്ഞത്. കൊറോണ എന്ന രോഗം പകരാതിരിക്കാൻ ആണ് ആരും പുറത്തിറങ്ങാത്തത്. റിക്കുനായ വിഷമത്തോടെ നടന്നു. എന്ന് തീരും ഈ ലോക് ഡൗൺ.

**ശ്രദ്ധ എം.എസ്.**
1 എ, ഗവ.എൽ.പി.എസ്.മുടിപ്പുരനട വെങ്ങാനൂർ
ബാലരാമപുരം ഉപജില്ല, തിരുവനന്തപുരം

# പഴമയുടെ നന്മ

പാഠപുസ്തകം വായിച്ചുകൊണ്ടിരുന്നപ്പോൾ കണ്ട ഒരു വാക്ക് മനസ്സിൽ തറച്ചു, 'വയൽ'. ഇടക്കു നിർത്തി അർഥം എന്തെന്നറിയാതെ കുഴങ്ങിയപ്പോൾ അച്ഛൻ ഇടപെട്ടു. 'വയൽ' എന്തെന്ന് നിനക്കറിയാമോ? ഇല്ല എന്ന് ഉത്തരം. ഉടൻ അച്ഛൻ കൈയിലിരുന്ന മൊബൈൽഓണാക്കി,ഇന്റർനെറ്റ് തെരഞ്ഞു. വയലിന്റെ ഒരു ചിത്രം എനിക്ക് കാണിച്ചു തന്നു.കൊള്ളാമല്ലോ അച്ഛാ വയൽ. ഇതിപ്പോ എവിടെയാ കാണാൻ കഴിയുക.ഇതിപ്പോ ഇങ്ങനെയേ നമുക്ക് കാണാൻ പറ്റൂ. വയലൊക്കെ ഞങ്ങളുടെ തലമുറയിൽപ്പെട്ടവർ കണ്ടും കേട്ടും അനുഭവിച്ചറിഞ്ഞും വന്നതാ. ഇന്നിപ്പോൾ ആ നന്മയൊന്നും ഇല്ല.വീണ്ടും ഞാൻ പുസ്തകവായന തുടർന്നു. നമുക്കൊരു വയൽ ഉണ്ടാക്കിയാലോ? അച്ഛനോട് ഞാൻ ചോദിച്ചു. നിന്റെ മനസ്സിൽ അങ്ങനെ ഒന്നു തോന്നിയല്ലോ, ആശ്വാസം. അച്ഛൻ പുറത്തേക്ക് നോക്കി ആരും കാണാതെ നെടുവീർപ്പിട്ടു. നാളെ, വരും തലമുറകൾക്ക് എന്തെല്ലാം അന്യം....

**ദേവ നന്ദൻ എസ് എ**
ക്ലാസ് 4, ഗവ. യു.പി.എസ്. വിതുര
പാലോട് ഉപജില്ല, തിരുവനന്തപുരം

# വിജയഗാഥ

കൂട്ടുകാരാ, എന്നെ മനസ്സിലായോ? ഞാനാ കൊറോണ എന്ന നിങ്ങളെയൊക്കെ പേടിപ്പിക്കുന്ന ലോകമാകെ വിറപ്പിക്കുന്ന വൈറസ്. ചൈന,ഇറ്റലി, അമേരിക്ക തുടങ്ങിയരാജ്യങ്ങളായ രാജ്യങ്ങളൊക്കെ സഞ്ചരിച്ച് ഇപ്പോൾ ഞാൻ ഇന്ത്യയിലും ഈകൊച്ചു കേരളത്തിലും എത്തിയിരിക്കുന്നു. പക്ഷേ എല്ലായിടത്തും വിജയിച്ചപോലെ ഇവിടെ അത്ര എളുപ്പത്തിലൊന്നും ജയിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. ഇവിടത്തെ സർക്കാരും ജനങ്ങളും ഒരുപോലെ പ്രതിരോധം തീർക്കുന്നത് കുറച്ചൊന്നുമല്ല എന്നെ വലയ്ക്കുന്നത്. ആളുകൾ നിർദ്ദേശങ്ങൾ പാലിച്ച് വീട്ടിൽ ഇരിക്കുന്നതും ഇടയ്ക്കിടയ്ക്കുള്ള സോപ്പിന്റെയും സാനിറ്റൈസറിന്റെ ഉപയോഗവും എല്ലാം എനിയ്ക്ക് ഭീഷണി യുണ്ടാക്കുന്നു. ലോകത്തെ മുഴുവൻ വിറപ്പിച്ച എനിയ്ക്ക് ഈ കൊച്ചു ദേശത്ത് പിടിച്ചുനിൽക്കാൻ കഴിയുമെന്നു തോന്നുന്നില്ല. കർശന ശുചിത്വത്തിലൂടെനിങ്ങളെന്നെ തോൽപ്പിച്ചു. എന്റെ ആയുസ്സ് ഇവിടെതീരുന്നതിനു മുൻപേഞാൻ ഇവിടെ നിന്നും പോകട്ടെ. 'ചങ്ങലകൾ പൊട്ടിക്കാം' എന്ന സന്ദേശം കൊണ്ട് നിങ്ങൾ എന്നെ കീഴ്പ്പെടുത്തി. ഞാൻ ഈലോകത്തു നിന്ന്പോകുകയാ...

**സഞ്ജന**
4 ബി, ഗവ.യു.പി.എസ്.വിളപ്പിൽശാല
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം





# അതിജീവനത്തിലേക്കു കൊറോണ

തിങ്ങി നിറഞ്ഞ നഗരങ്ങൾ. ചുറ്റും വൃത്തിഹീനമായ വഴികൾ.വിദേശ രാജ്യത്തിന്റെ അവസ്ഥയെ ഒരു ചെറുവെളിച്ചം ഇവിടെ പകരുന്നു. എവിടെയും ആകാശത്തെ തട്ടി നിൽക്കുന്ന ബഹുനിലക്കെട്ടിടങ്ങൾ. അവിടെ ഇത്രയേറെ വിനോദകാര്യങ്ങൾ. അവിടെ കൂടുതലും വിദേശികൾ തന്നെ. പാരീസിൽ വിനോദയാത്രക്കായി കുടുംബത്തോടെ പോയ ഒരു കൊച്ചു പെൺകുട്ടിയുടെ യാത്രാവിശേഷം. മടക്കയാത്രക്കായി വിമാനത്താവളത്തിൽ എത്തി. അവർ അവിടെ നിന്ന് വിമാനത്തിൽ പറന്നുയർന്നു. അവർ സ്വന്തം നാട്ടിലെത്തി. രണ്ടു ദിവസത്തിന് ശേഷമാണു അവൾ ആ വിവരം അറിഞ്ഞത്. ലോകത്തു മഹാമാരിയായി കൊറോണ വൈറസ് അഥവാ കോവിഡ്19 പടരുന്നു എന്ന്. അതിനാൽ വിദേശരാജ്യങ്ങളിൽ നിന്നെത്തുന്നവർ ആരോഗ്യപ്രവർത്തകരെ അറിയിച്ച് പതിനാലു ദിവസം നിരീക്ഷണത്തിൽ കഴിയണം എന്ന്. ഈ വാർത്ത ആ കുടുംബത്തെ വല്ലാതെ തളർത്തി.അവർ ആകെ ആശങ്കയിലായി. ഗ്രാമവാസികൾ ആരോഗ്യപ്രവർത്തകരെ വിവരം അറിയിച്ചു. തുടർന്ന് കുടുംബത്തെ ഗൃഹനിരീക്ഷണത്തിൽ പ്രവേശിപ്പിച്ചു. ഗ്രാമമാകെ ആശങ്കയിൽ പൊതിഞ്ഞു. പ്രഭാതം ഉണരുകയും ഇരുട്ട് മടങ്ങുകയും ചെയ്തു.

ചില ദിവസങ്ങൾക്കുള്ളിൽ പനിയും ചുമയും ഒക്കെ കുടുംബത്തിലെ പെൺകുട്ടിക്ക് പിടിപെട്ടു.ആരോഗ്യ പ്രവർത്തകർ ഉടൻ വീട്ടിൽ വന്നു പെൺകുട്ടിയെ ആംബുലൻസിൽ കയറ്റി ആശുപത്രിയിലേക്ക് മാറ്റി. പെൺകുട്ടിയുടെ അമ്മ അരയ്ക്കു കീഴ്പോട്ടു തളർച്ച ബാധിച്ചതിനാൽ വിദേശത്തുപോകാതെ വീട്ടിൽ തന്നെ ഒരു ബന്ധുവിനോടൊപ്പം നിന്നു. എന്നാലും സമ്പർക്കം പുലർത്തിയ സാഹചര്യത്തിൽ അമ്മയും നിരീക്ഷണത്തിലാണ്. അവർ തന്റെ മക്കൾക്കൊന്നും ഒന്നും വരുത്തരുതേ എന്ന് ഇരു കയ്യും കൂപ്പി ദൈവത്തോടായി പ്രാർഥിക്കുകയാണ്. ആ ഗ്രാമവും ഈ കേരളദേശവും അവൾക്കായി പ്രാർഥിച്ചു. പക്ഷേ പരിശോധനയിൽ അവൾക്കു കൊറോണബാധ പോസിറ്റീവ് ആയതായി സ്ഥിരീകരിച്ചു. കുടുംബത്തെയും ഐസൊലേഷൻ നിരീക്ഷണത്തിൽ ചേർത്തു. അതിൽ പെൺകുട്ടിയുടെ അച്ഛനും അമ്മയ്ക്കും കൊറോണ സ്ഥിരീകരിച്ചു. ഭാഗ്യത്താൽ ഇവരുടെ



ഇളയ മകൻ മൂന്ന് വയസ്സുകാരനായ കുട്ടിക്ക് രോഗമില്ലെന്നു കണ്ടെത്തി. പെൺകുട്ടിയുടെ നില തൃപ്തികരമെന്നും അമ്മയ്ക്ക് തളർച്ച ബാധിച്ച സ്ത്രീ ആയതിനാൽ സൂക്ഷ്മതയോടെ ആരോഗ്യസേവനങ്ങൾ നൽകി പരിചരിക്കുന്നു.ഭയപ്പെടേണ്ട കാര്യമൊന്നും അവരിൽ ഇല്ല.ആശങ്ക നിറയുന്നത് അച്ഛന്റെ കാര്യത്തിൽ ആണ്. ഒന്നരവർഷമായി ശ്വാസകോശ രോഗത്തിന് ചികിത്സയിലായിരുന്നു.അതിനാൽ കടുത്ത പനിയും ശ്വാസതടസ്സവും അദ്ദേഹത്തിനുണ്ട്.

ദിവസങ്ങൾ കടന്നു പോയി. മകൾക്കും അമ്മയ്ക്കും രോഗം ഭേദമായി. ആശുപത്രി വിട്ടു. അവർ എല്ലാവരോടും നന്ദി പറഞ്ഞായിരുന്നു വീട്ടിലേക്കു മടങ്ങിയത്. കുടുംബം ഇനി കാത്തിരിക്കുന്നത് അച്ഛൻ രോഗം ഭേദമായി വരുന്നതിനാണ്. പക്ഷെ അച്ഛന്റെ സ്ഥിതി മോശമാണെന്നും അച്ഛനെ പരിചരിച്ച ഒരു നഴ്സിന് കൊറോണ ബാധയുണ്ടെന്നും സ്ഥിരീകരിച്ചു. കടുത്ത പനി കാരണം മരുന്ന് അച്ഛന്റെ ശരീരത്തിൽ പ്രവർത്തിക്കാതായി. ഒടുവിൽ പനി കൂടി മരണം സംഭവിച്ചു. പരിചരിച്ച നേഴ്സ് രോഗമുക്തി നേടി കോറോണയെ അതിജീവിച്ചു. തന്റെ അച്ഛനെ ഒരു നോക്ക് കാണാൻ മക്കൾ അമ്മയോടായി പറഞ്ഞു. പക്ഷേ എന്ത് ചെയ്യും ആരെയും കാണാൻ അനുവദിക്കില്ല. അച്ഛന്റെ മൃതദേഹം കുഴിമാടത്തിലേക്കു എടുക്കുമ്പോഴും അവിടെ ബന്ധുക്കൾ ആരും തന്നെ ഇല്ലായിരുന്നു.

ഒരു മരണം സംഭവിച്ചെങ്കിലും അതിജീവനത്തിലേക്കു എത്താൻ നമുക്ക് സാധിക്കും. തുടച്ചുനീക്കാം കൊറോണ എന്ന മഹാമാരിയെ.

**ആര്യ**
ഗവ.വി. എച്ച്. എസ്.കൊറ്റംകുളങ്ങര
ചവറ ഉപജില്ല, കൊല്ലം

# നാടിന്റെ പച്ചപ്പ്

കുറെ കുന്നുകളും തെങ്ങിൻതോപ്പുകളും പച്ചവിരിച്ചപാടങ്ങളും നിറഞ്ഞ ഒരുകൊച്ചുഗ്രാമം. അവിടെ ഒരു കൊച്ചുവീട്ടിൽ ഒരു അമ്മയും മകനുംതാമസിച്ചിരുന്നു. അവർ നല്ലവണ്ണംകൃഷി ചെയ്യും. വീടുംപരിസരവും നല്ലവൃത്തിയായുംഭംഗിയായുംസൂക്ഷിച്ചു

ആ അമ്മയ്ക്ക് രണ്ടു പേരക്കുട്ടികളുണ്ട്. അവർക്ക് ഈ ഗ്രാമത്തിലെ ജീവിതം ഒട്ടും ഇഷ്ടമായിരുന്നില്ല.

മുതിർന്നപ്പോൾ ജോലിയെല്ലാം കിട്ടിക്കഴിഞ്ഞ് അവർ ടൗണിലേക്ക്താമസം മാറ്റി. ഈ അച്ഛനേയും അമ്മൂമയേയും അവർ പുതിയ താമസസ്ഥലത്തേക്ക് വിളിക്കുമായിരുന്നു. കുറച്ചുനാളുകൾ കഴിഞ്ഞപ്പോൾ പേരക്കുട്ടികൾ അവരെ നിർബന്ധിച്ച് ടൗണിലേക്കുകൊണ്ടുപോയി. അവിടെ താമസിച്ച് കുറച്ചുമാസങ്ങൾകഴിഞ്ഞപ്പോഴേക്കും ആ അമ്മയ്ക്കും മകനും ആകെ ഒരുശ്വാസംമുട്ടൽ. അവർ അവരുടെ ഗ്രാമത്തിലേക്കു തിരിച്ചുവന്നു. അപ്പോഴേക്കും അവരുടെ പാടങ്ങളും മറ്റുകൃഷികളും ഉണങ്ങിക്കരിഞ്ഞ് നശിച്ചിരുന്നു. വീടും പരിസരവും ആകെ കാടുകയറി. ഇതെല്ലാം കണ്ട്സങ്കടംവന്നെങ്കിലും ഗ്രാമത്തിലെ ശുദ്ധവായു ശ്വസിച്ചതിന്റെ ആശ്വാസം ആ മുഖങ്ങളിൽകാണാമായിരുന്നു. അവരുടനെ തന്നെ അവരുടെ പാടത്തും പറമ്പിലുമെല്ലാം കൃഷി ചെയ്യാൻ തുടങ്ങി. കുറച്ചുനാളുകൾകഴിഞ്ഞ്അവരുടെ വീട്ടുപരിസരങ്ങളിലുണ്ടായിരുന്ന പല കൃഷിവിഭവങ്ങളും ഔഷധസസ്യങ്ങളുമെല്ലാം തിരിച്ചുകിട്ടി. നാടിനു നഷ്ടപ്പെട്ട നാടിൻറെ പച്ചപ്പും പ്രകൃതിഭംഗിയും ശുചിത്വവും തിരിച്ചുകിട്ടി.

**ആര്യനന്ദ**
5 എ, ഗവ ഫിഷെറീസ് യു പി സ്കൂൾ ഞാറയ്ക്കൽ
വൈപ്പിൻ ഉപജില്ല, എറണാകുളം



# മനുഷ്യനും ലോകവും

മനുഷ്യൻ അവന്റെ ലോകം വികസിപ്പിച്ചുകൊണ്ടിരുന്നു. ആകാശവും കരയും കടലും അവന്റെ കൈപ്പിടിയിൽ ഒതുക്കാൻ ശ്രമിച്ചു. മനുഷ്യനൊഴികെ മറ്റെല്ലാ ജീവികളും ഭൂമീ ദേവിയോട്, മനുഷ്യന്റെ ക്രൂരതയെക്കുറിച്ച് സങ്കടം പറഞ്ഞു. അവയുടെ ആകുലതകളെല്ലാം ചെവിക്കൊണ്ട ശേഷം, ഭൂമീദേവി പരിഹാരം കാണാമെന്ന് പറഞ്ഞു. തുടർന്ന് സുനാമിയായും ചുഴലിക്കാറ്റായും ഉരുൾപൊട്ടലായും വെള്ളപ്പൊക്കമായും ഭൂകമ്പമായും ഭൂമിദേവി മനുഷ്യനെ ഉപദേശിച്ചു. എന്നിട്ടും മനുഷ്യന്റെ അഹന്ത കൂടി വന്നു. ക്ഷമ നശിച്ച. ഭൂമീദേവി കൊട്ടാരവും കുടിലും നശിപ്പിക്കാനായി കോവിഡ് 19 എന്ന കൊറോണയെ പറഞ്ഞു വിട്ടു. മനുഷ്യൻ ഭയന്നു വിറച്ചു.എന്തും അനുസരിക്കാൻ തയ്യാറായതുപോലെ വീട്ടിനുള്ളിൽ ഒളിച്ചു. വന്യ ജീവികളിൽ സന്തോഷവും സമാധാനവും അലയടിച്ചു തുടങ്ങി. എങ്കിലും മനുഷ്യഭയം അവരിൽ നിഴലിച്ചു നിന്നു. ഇതെല്ലാം കണ്ട് ഭ്രാന്തിയെപ്പോലെ ഭൂമീദേവി ചോദിച്ചു “മനുഷ്യാ നീ എന്നു പഠിക്കും”.

**ആദിത്യ വി.എൽ**
4 ബി, ഗവൺമെന്റ് എൽ പി എസ്സ് കുളത്തൂർ
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# പച്ചക്കിളി

രാകേഷ് രാവിലെ മുറ്റത്തേക്ക് നോക്കി പച്ചപ്പു നിറഞ്ഞ പ്രകൃതി ഭംഗി ആസ്വദിച്ച് ഇരിക്കുകയായിരുന്നു. അതാ! തേൻവരിക്കപ്ലാവിന്റെ ചില്ലകൾക്കിടയിൽ നിന്ന് ഭംഗിയുള്ള ഒരു നിറവും സ്വരവും, അതെന്താണെന്നറിയാൻ അവൻ ആകാംക്ഷയോടുകൂടി നോക്കി.

അപ്പോൾ കണ്ട കാഴ്ച അവനിൽ കൗതുകം ഉണർത്തുന്നതായിരുന്നു. ഇലകളുടെ പച്ചപ്പിനെ വെല്ലുന്ന പച്ച നിറത്തിലുള്ള സുന്ദരിയായ ഒരു കിളി. അതിന്റെ കഴുത്തിനു താഴെ ചുവന്ന പളുങ്ക് മണികൾ കോർത്ത് അണിയിച്ചിരിക്കുന്നതു പോലെ ചുവന്ന നിറം. അവനു ജിജ്ഞാസ കൂടി. അവൻ ആ കിളിയെ സ്നേഹത്തോടെ നോക്കിക്കൊണ്ടു ചോദിച്ചു, "നീ ആരാണ്?" അത് അവനെ നോക്കി മധുരമായി ചിലച്ചു കൊണ്ട് പറഞ്ഞു. പണ്ട് ഞങ്ങളുടെ കുടുംബം ഈ പ്ലാവിലാണ് താമസിച്ചിരുന്നത്. പക്ഷേ ഈ ഭൂമിയിൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കുന്നുകൂടി. വാഹനങ്ങളുടെയും ഫാക്ടറികളിലെയും വിഷം കലർന്ന പുകയും മലിന ജലവും ശ്വസിച്ചും കുടിച്ചും ഞങ്ങൾ നശിച്ചു പോയി. ഞാൻ മാത്രം രക്ഷപെട്ടു. അന്ന് മനുഷ്യരുടെ തിരക്കുള്ള ജീവിതത്തിനിടക്ക് ഇതൊന്നും നിങ്ങൾ ശ്രദ്ധിച്ചില്ല.

ഇപ്പോൾ കോവിഡ് 19 കാരണം പരിസര മലിനീകരണം ഇല്ല. നല്ല ശുദ്ധ വായു കിട്ടാൻ തുടങ്ങി. സർക്കാർ പ്ലാസ്റ്റിക്ക് നിരോധിച്ചു. ഈ പ്ലാവിൽ ധാരാളം ചക്കപ്പഴവും ഉണ്ട്. അതു കൊണ്ടാണ് ഞാൻ വീണ്ടും ഈ മരത്തിലേക്ക് വന്നത്. എന്നെ കാണാൻ നിനക്ക് സമയം കിട്ടിയത് കോവിഡ് കാരണമാണ്. അല്ലെങ്കിൽ ആർക്കും പരിസ്ഥിതിയെയും കിളികളെയും കാണാനും സംരക്ഷിക്കാനും സമയം കിട്ടാറില്ല. ഇത്രയും പറഞ്ഞ് ആ സുന്ദരി പറന്നു പോയി.

രാകേഷ് സ്വപ്നത്തിൽ നിന്നെന്ന പോലെ ഉണർന്നു. കോവിഡ് നമ്മളെ പിടിച്ചിരുത്തിയെങ്കിലും പഴയ നല്ല കാലത്തിലേക്ക് തിരിച്ചു പോകാൻ ഒരു അവസരം ഒരുക്കി.

**എയ്ബൽ പി അനീഷ്**
3, ജി.എൽ.പി.എസ്, കരിങ്കുന്നം
തൊടുപുഴ ഉപജില്ല, ഇടുക്കി

# ഉണ്ണിക്കുട്ടനും കൊറോണയും

വലിയ വൃത്തിക്കാരനായിരുന്നു ഉണ്ണിക്കുട്ടൻ. ലോകം ചുറ്റിസഞ്ചരിക്കൽ അവന്റെ വിനോദവും. അവന്റെ നാട്ടിലാകട്ടെ മറ്റെല്ലാവരും പുറം ലോകം കാണാൻ ഇഷ്ടമില്ലാത്തവരും. അതിനാൽ എല്ലാരും കൂടി അവനെ ലോകസഞ്ചാരി എന്നു വിളിച്ചു. അത് കേൾക്കുമ്പോൾ ഉണ്ണിക്കുട്ടൻ അഭിമാനത്തോടെ തലയുയർത്തി നിൽക്കും.

ഒരിക്കൽ നാട്ടിൽ എല്ലാർക്കും ഒരു അസുഖം പിടിപെട്ടു. ഓരോരുത്തരായി തുമ്മാനും ചീറ്റാനും തുടങ്ങി. ക്രമേണ പനിയും. ഓരോരുത്തരായി കിടപ്പിലായി. ചുമ, ശ്വസിക്കാൻ ബുദ്ധിമുട്ട്. ആ രോഗം പടർത്തിയ വൈറസിന് കൊറോണ എന്ന് പേരിട്ടു എല്ലാരും കൂടി.കൊറോണയാകട്ടെ എല്ലാരേയും ഇങ്ങനെ കഷ്ടപെടുത്തുന്നതിൽ സന്തോഷം പൂണ്ട് നടപ്പായി. കൊറോണയെതുരത്താനുള്ള അടവുകളുമായി നാട്ടുകാർ രംഗത്തിറങ്ങി.

ഒരു രക്ഷയുമില്ല. കൊറോണ തലപുകഞ്ഞാലോചിച്ചു. ഇനി എന്താ ചെയ്യുക? ഇവിടം വിട്ട് പോകണം. പോയേ പറ്റൂ. എന്റെ സഹോദരങ്ങൾ ലോകത്തിൽ അവിടവിടെ വിഹരിച്ചുനടക്കുന്നു. ഞാൻ മാത്രം ഇങ്ങനെ. എങ്ങനാ ഈ ഗ്രാമത്തിൽ നിന്നും പുറത്ത് പോവുക?

ഉണ്ണിക്കുട്ടൻ ലോകസഞ്ചാരിയല്ലേ. അവനെ കൂട്ടുപിടിക്കാം. കൊറോണ മനസ്സിൽ കരുതി. അങ്ങനെ ഒരു ദിവസം അവൻ ഉണ്ണിക്കുട്ടന്റെ വീട്ടിലേക്ക് പോയി. കൊറോണകാരണം വീട്ടിനുള്ളിൽ തന്നെ അടച്ചിരിപ്പാണ് ഉണ്ണിക്കുട്ടൻ. ഉണ്ണിക്കുട്ടന്റെ വീട്ടുവാതിലിൽ മുട്ടിവിളിച്ച കൊറോണയെ എതിരേറ്റത് സോപ്പും വെള്ളവുമായി നിന്ന വൃത്തിക്കാരനായ ഉണ്ണിക്കുട്ടനും. കൊറോണ ജീവനും കൊണ്ട് ഒറ്റയോട്ടം. തന്റെ ലോകം ചുറ്റൽ എല്ലാരും കളിയാക്കുമായിരുന്നെങ്കിലും വൃത്തികൊണ്ട് കൊറോണയെ തുരത്തിയ അവന്റെ നല്ലഗുണത്തെ എല്ലാവരും പ്രശംസിച്ചു.

**ശില്പ എസ്.എസ്**
6 ബി, ഗവ യു പി എസ്സ് മഞ്ചവിളാകം
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം





# പ്രകൃതിയും വികൃതിയും നാട്ടിലേക്ക്

ഒരിടത്തു വികൃതിയായ ഒരാൺകുട്ടിയും അവന്റെ അമ്മയും ഉണ്ടായിരുന്നു. അവന്റെ പേര് ഉണ്ണി കുട്ടൻ എന്നായിരുന്നു. അവൻ ശുചിത്വം ഒട്ടും തന്നെ പാലിച്ചിരുന്നില്ല. പക്ഷെ അവന്റെ അമ്മ ആകട്ടെ നല്ലൊരു പരിസ്ഥിതി സ്നേഹി ആയിരുന്നു. അമ്മ എത്ര പറഞ്ഞാലും അവൻ ശുചിത്വം ഒട്ടും തന്നെ പാലിച്ചിരുന്നില്ല. അങ്ങനെയിരിക്കെ ഒരു ദിവസം ഉണ്ണി കുട്ടൻ അവന്റെ അമ്മയുംയുടെ വാക്കുകൾ കേൾക്കാതെ പകൽ സമയത്തു പൊതു സ്ഥലത്തു പ്ലാസ്റ്റിക് കത്തിക്കുകയുണ്ടായി. ആ മലിനമായ പുക അവൻ ശ്വസിക്കുകയുണ്ടായി. അതു കാരണം അവനു അടുത്ത ദിവസം ആ രോഗം പിടിപെട്ടു. ആ രോഗം എന്താണന്നല്ലേ? 'ചുമ, ശ്വാസതടസം... 'മിഴഅങ്ങനെ അവൻ കുറേ ആഴ്ച ആശുപത്രിയിൽ ആയിരുന്നു. കുറച്ചു ദിവസങ്ങൾക്കുശേഷം ആശുപത്രിയിൽ നിന്നു തിരികെ എത്തിയ ഉണ്ണി കുട്ടൻ ഒരു തീരുമാനം എടുത്തു. ഇനി മുതൽ എന്റെ ലക്ഷ്യം പരിസ്ഥിതി സംരക്ഷണവും രോഗ പ്രതിരോധനവും ആയിരിക്കും. ആ തീരുമാനത്തെ അവന്റെ അമ്മ അഭിനന്ദിച്ചു. അങ്ങനെ ഉണ്ണി കുട്ടൻ പരിസ്ഥിശുചിത്വത്തിനും രോഗ പ്രതിരോധത്തിനും വേണ്ടി ആത്മാർത്ഥമായി പ്രയത്നിച്ചു. വർഷങ്ങൾക്കു ശേഷം ഉണ്ണി കുട്ടൻ ഉയർന്ന പദവിയിലേക്ക് കുതിച്ചു പാഞ്ഞു. അവൻ അപ്പോഴും പരിസ്ഥിതി ശുചിത്വത്തിനു മാതൃക ആയിരുന്നു.

**ദേവ പ്രിയൻ എസ് ജെ**
2 എ, ഗവ യു പി എസ് വെള്ളറട
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം



# ഭൂമിയുടെ കണ്ണുനീർ

മീനുവും ഗീതുവും കൂട്ടുകാരായിരുന്നു .ഒരേ ക്ലാസ്സിൽ ആയിരുന്നു അവർ പഠിച്ചിരുന്നത് .മീനു പട്ടണത്തിലെ കോൺട്രാക്ടറുടെ മകളും, ഗീതു കൃഷിക്കാരന്റെ മകളുമായിരുന്നു .ഗീതു എന്നും സ്കൂളിൽ എത്തുമ്പോൾ തന്റെ അച്ഛന്റെ കൃഷികാര്യങ്ങളെപ്പറ്റിയും ,പുതിയ തൈകൾ നട്ടു പിടിപ്പിച്ചതിന്റെയുമൊക്കെ വിശേഷങ്ങൾ മീനുവിനോട് പറയും .മീനുവിനാകട്ടെ അച്ഛൻ പണികഴിപ്പിച്ച പുതിയകെട്ടിടങ്ങളുടെയും മരങ്ങൾ വെട്ടി മുറിച്ചതിന്റെയുമൊക്കെ കാര്യമാകും പറയുക

അങ്ങനെ ഒരു ഇടവപ്പാതിക്കാലത്ത് കേരളമൊട്ടാകെ മഴ തിമിർത്തുപെയ്യുകയാണ് .മീനുവിന്റെ പട്ടണത്തിൽ മഴക്കെടുതിമൂലം ധാരാളം നാശനഷ്ടങ്ങൾ സംഭവിച്ചു .ഈ വിവരങ്ങളെല്ലാം ഗീതു പത്രത്തിലൂടെ അറിയുകയും ,മീനുവിനെയും കുടുംബത്തെയും തന്റെ വീട്ടിലേക്കു ക്ഷണിക്കുകയും ചെയ്തു .ഉടൻതന്നെ അവർ അവിടെയെത്തി പിറ്റേ ദിവസം ഒരു ഞെട്ടലോടെ ആയിരുന്നു എല്ലാപേരും ആ വാർത്ത കേട്ടത് .മീനു താമസിച്ച പ്രദേശമാകെ പ്രളയത്തിൽ നശിച്ചുപോയിരുന്നു

മീനുവിന്റെ അച്ഛനാകെ വിഷമത്തിലായി തന്റെ വീടും സമ്പത്തുമെല്ലാം നഷ്ടപ്പെട്ടതോർത്തു അയാൾ വിലപിച്ചു. ഗീതുവിന്റെ അച്ഛൻ അയാളെ സമാധാനിപ്പിച്ചു. എന്നിട്ടുപറഞ്ഞു ഓരോരോ കെട്ടിടങ്ങൾ പണിയാൻ പാടങ്ങൾ നികത്തുമ്പോഴും മരങ്ങൾ വെട്ടിനശിപ്പിക്കുമ്പോഴും ഭൂമിയും ഇതുപോലെ വിലപിച്ചിരിക്കാം. അതിന്റെ ഫലമാണ് ഈ കാണുന്ന പ്രളയവും മണ്ണിടിച്ചിലും ഭൂകമ്പവുമൊക്കെ.

നമ്മൾ ഓരോ പ്രാവശ്യം ഭൂമിയെ നശിപ്പിക്കുമ്പോഴും ഓരോ മരങ്ങൾ വെട്ടുമ്പോഴും അത് നമ്മുടെ തന്നെ നിലനിൽപ്പിനെയാണ് ബാധിക്കുക മരങ്ങൾ ഉണ്ടെങ്കിലേ ഭൂമിക്ക് മണ്ണൊലിപ്പ് തടയാൻ പറ്റുകയുള്ളു ഇതെല്ലാം കേട്ടു അയാൾ

ഇനിയെന്തു ചെയ്യുമെന്നോർത്തു വിദൂരതയിലേക്ക് നോക്കിയിരുന്ന ഗീതുവിന്റെ അച്ഛൻ പറഞ്ഞു, “നിങ്ങൾ വിഷമിക്കണ്ട എനിക്കിവിടെ കുറച്ചുസ്ഥലവും വീടുമുണ്ട് നിങ്ങൾക്കവിടെ താമസിക്കാം താല്പര്യമുണ്ടെങ്കിൽ എന്നോടൊപ്പം കൃഷിയും ചെയ്യാം.” ഇതുകേട്ട്എല്ലാപേർക്കും സന്തോഷമായി

അങ്ങനെ പല മാസങ്ങളും വർഷങ്ങളും കടന്നുപോയി.ഒരു ഇടവപ്പാതി നേരത്തു മീനുവിനെയും കുടുംബത്തെയും തേടി ആ സന്തോഷവാർത്തയെത്തി ആ വർഷത്തെ മികച്ച കർഷകനുള്ള അവാർഡ് മീനുവിന്റെ അച്ഛനായിരുന്നു അപ്പോഴും പുറത്തു നല്ല മഴയായിരുന്നു.

**അഭിരുദ്രൻ .എ ആർ**
2 എ, ഗവ. യു.പി.എസ്. വെള്ളറട, പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# നൊമ്പരപ്പാടുകൾ

അന്നത്തെ സൂര്യന്റെ സിന്ധൂരവർണത്തിന് രക്തക്കറയുടെ കരിവാളിപ്പായിരുന്നു. അന്നത്തെ കാറ്റിന് മരണത്തിന്റെ ഗന്ധമായിരുന്നു. ഓരോ നിമിഷവും ഭീതിയോടെയല്ലാതെ തള്ളിനീക്കാൻ ആകുമായിരുന്നില്ല, ആ ദിനങ്ങൾ.

മുൾക്കിരീടവു മായി അതിവേഗ വ്യാപന ശേഷിയുള്ള കൊറോണ എന്ന അദൃശ്യ രാക്ഷസന്റെ പൈശാചികതാണ്ഡവത്തിൽ ലോകം വിറങ്ങലിച്ചു നിൽക്കുന്നു. അന്താരാഷ്ട്ര മനുഷ്യന്റെ അതിർത്തികളില്ലാത്ത സഞ്ചാരപഥങ്ങളിലൂടെ കൊറോണ എന്ന വൈറസ് ചക്രവർത്തി മനുഷ്യ സാമ്രാജ്യങ്ങൾ കീഴടക്കി ജൈത്രയാത്ര തുടരുന്നു. ലക്ഷങ്ങൾ ചക്രശ്വാസം വലിച്ച് പിടഞ്ഞു വീഴുന്നത് കണ്ട് പകച്ചു നിൽക്കുന്ന മനുഷ്യനെ നോക്കി കുഞ്ഞൻ ഭീകരൻ സർവസംഹാര ശേഷിയും പ്രയോജനപ്പെടുത്തി മനുഷ്യനെ നിഗ്രഹിക്കാൻ വേണ്ട പഴുതുകളില്ലാത്ത തന്ത്രങ്ങൾ മെനഞ്ഞുകൊണ്ടേയിരിക്കുന്നു .ശാസ്ത്രത്തിൽ ഇതിനെ മ്യൂട്ടേഷൻ എന്നു പറയുന്നു. ആതിഥേയ ശരീരത്തിൽ നിന്ന് ഊർജം ഉൾക്കൊണ്ട് ജീവൻ കൈവരിച്ച അസുരവിത്ത് മനുഷ്യന്റെ പ്രതിരോധ സംവിധാനത്തെ തകർത്ത് മൃത്യുവിന്റെ വെന്നിക്കൊടി വാഹകരായി വിലസുന്നു. കാലത്തിൻറെ പരിണാമ പ്രക്രിയയിൽ മനുഷ്യരുടെ ഉന്മൂലനം ആണോ ഈ ഉഗ്രമൂർത്തിയുടെ ലക്ഷ്യം.

പണ്ട് പരീക്ഷത്ത് രാജാവ് മരണത്തെ ഭയന്ന് ഒളിച്ച കഥപോലെ കൊറോണ ഫോബിയയിൽ ജനങ്ങൾ വീടുകളുടെ അകത്തളങ്ങളിൽ "ബ്രേക്ക് ദ ചെയിൻ" പാലിച്ച് കഴിഞ്ഞുകൂടുന്നു.2020 മാർച്ച് 24നായിരുന്നു ഇന്ത്യ കൊറോണയ്ക്ക് നേരേ ലോക്ഡൗൺ പ്രതിരോധതന്ത്രം പ്രയോഗിക്കുന്നത്. അതിനും ഒരു ദിവസം മുൻപേ കേരളം ഈ തന്ത്രം പരീക്ഷിക്കാൻ തുടങ്ങിയിരുന്നു. കൊറോണ യുടെ സമൂഹ വ്യാപനം തടയാൻ അതല്ലാതെ മറ്റു മാർഗങ്ങൾ ഇല്ലായിരുന്നു. തൊഴിലിടങ്ങളും വ്യാപാര സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും എല്ലാം നിശ്ചലമായി. ഇലയനക്കം ഇല്ലാത്ത കളിക്കളങ്ങൾ. ആരാധനാലയങ്ങളും ആൾദൈവങ്ങളും അന്യമായി. മതമില്ല ജാതിയില്ല വൈരമില്ല. തുറമുഖങ്ങളും വിമാനത്താവളങ്ങളും അടച്ചുപൂട്ടി. അന്താരാഷ്ട്ര മനുഷ്യൻ പ്രതിയോഗിയെ എതിരിടാൻ കഴിയാതെ ഓടിയൊളിച്ച വ്യാളികളെ പോലെ സ്വന്തം കൂരകൾക്കുള്ളിൽ.

ഭരണകൂടവും ആരോഗ്യപ്രവർത്തകരും ശാസ്ത്രലോകവും പോലീസും സന്നദ്ധസംഘടനകളും അകലാതെ അകന്നു കൊണ്ട് പ്രതിരോധത്തിന്റെ മതിൽക്കെട്ടുകൾ ശക്തമാക്കാൻ അക്ഷീണം പ്രയത്നിച്ചു . അവർക്കു ശക്തിപകരാൻ നാടെങ്ങും ഭേദചിന്തകൾ മറന്ന് 'ലോകാസമസ്താസുഖിനോഭവന്തു' എന്ന മന്ത്രം ഏറ്റുചൊല്ലി. പുതിയൊരു സംസ്കാരത്തിന് ചുവടുമാറ്റത്തി ലേക്കുള്ള തയ്യാറെടുപ്പ്.പണത്തെക്കാളും പ്രൗഢിയെക്കാളും വില മതിക്കേണ്ടത് തന്റെ നിലനിൽപ്പിനാധാരമായ പ്രപഞ്ചമാണെന്നും മണ്ണും വിണ്ണും ജലവും ജീവനും ചേർന്ന ആവാസവ്യവസ്ഥിതിയിലേക്കുള്ള കടന്നുകയറ്റം മനുഷ്യന്റെ ഉന്മൂലനം ആസന്നമാക്കുന്നുവെന്ന തിരിച്ചറിവുകളുടെ നാളുകൾ.

അങ്ങനെ കൊറോണ കാലത്തിന്റെ ഓർമകളിലൂടെ അവളുടെ മനസ്സ് കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ പാഞ്ഞു പിന്നെ അമ്മയുടെ ഓർമകളിലേക്കും. ഇന്ന് അമ്മയുടെ ഓർമ്മ ദിവസം 16 വർഷം മുൻപ് അമ്മ നമ്മളിൽ നിന്നും ഈ ലോകത്തിൽ നിന്നും പോയി. അന്ന്. ആ ദിവസം എനിക്ക് ഒരിക്കലും മറക്കാനാകാത്ത ദിവസം തന്നെയാണ്.

അമ്മയെ ഒരു നോക്ക് കാണാതെ ഒന്നു മുത്തം വയ്ക്കാതെ...

മരണംവരെ തന്റെ ജീവനേക്കാൾ മറ്റുള്ളവരുടെ ജീവനായിരുന്നു അമ്മ വില കൽപിച്ചിരുന്നത്. അവരുടെ ജീവനായി പൊരുതി അവസാനം സ്വയം ബലിയാടായി.

അമ്മ മരിക്കുന്നതിനു മുൻപ് അവസാനമായി കണ്ടത് ആശുപത്രിയുടെ വരാന്തയിൽ മുഖാവരണം അണിഞ്ഞ്, കൈയ്യുറകൾ ധരിച്ച് , കോട്ടുമിട്ട് നിറയുന്ന കണ്ണുകളുമായി... അമ്മയുടെ നിറയുന്ന കണ്ണുനീർ തുള്ളികൾക്ക് കനൽച്ചൂടിന്റെ പൊള്ളലാണെന്ന് ഞാനറിഞ്ഞത് പിന്നെയും വൈകിയാണ്. അമ്മയുടെ ഗദ്ഗദങ്ങളിൽ കുടുങ്ങിയ ശബ്ദങ്ങൾ പൂർത്തിയാക്കാനാകാതെ പോയ കനവുകളുടെ നിലയ്ക്കാത്ത നിലവിളിയായിരുന്നുവെന്ന് അച്ഛനിലൂടെ അമ്മയെ അറിഞ്ഞ ഞാൻ ഇന്നു മനസ്സിലാക്കുന്നു.

അന്ന് അമ്മയെ അവസാനമായി കണ്ട നാൾ. അമ്മയുടെ അടുക്കലേക്ക് ഓടിച്ചെന്ന് ആയിരം മുത്തങ്ങൾ നൽകാൻ എന്റെ കുഞ്ഞു മനസ്സ് വെമ്പൽ പൂണ്ടു. അരികിലേക്ക് വരാത്ത അമ്മയെ നോക്കി ഞാൻ അലമുറയിട്ടു. സങ്കടം സഹിക്കാനാവാതെ അച്ഛൻ വാപൊത്തി ഇരുന്നു.

കണ്ടു നിന്നവരും പ്രകൃതിയും ഹൃദയ ഭേദകമായ ആ കാഴ്ചയിൽ സ്തബ്ധരായിട്ടുണ്ടാകണം. ആ നിമിഷം ആ അവസാന നിമിഷം ഇന്നും എന്റെ മനസ്സിൽ നൊമ്പരപ്പാടായി മിന്നി മറയാറുണ്ട്.

എനിക്ക് ഒരിക്കലും മറക്കാനാകാത്ത ദിവസം .അമ്മമ്മയും ബാക്കിയുള്ളവരും നിലവിളിക്കുന്നു. അമ്മ ഇനി ഒരിക്കലും വരില്ല എന്ന നഗ്നമായ സത്യം അറിഞ്ഞ നിമിഷം ഞാൻ, സ്തബ്ധയായിപ്പോയി. ആ കുഞ്ഞു മനസ്സിൽ നിന്ന് എന്തോ ഒന്ന് പറിച്ചു മാറ്റപ്പെട്ടതുപോലെ. വേർപാടിന്റെ വേദന ആദ്യമായറിഞ്ഞ നിമിഷങ്ങൾ. ഒരാഴ്ചയോളം ഞാൻ കരഞ്ഞുകാണും. പിന്നെയും ഒരുപാട് നാളുകൾ വേണ്ടിവന്നു വേദനയിൽ നിന്ന് മുക്തയാകാൻ.

ഇന്നു ഞാൻ മനസ്സിലാക്കുന്നു .അമ്മ എന്നെ വിട്ടു പോയെങ്കിലും അമ്മയിലൂടെ ജീവിച്ച ഒരുപാട് പേർ ഈ ലോകത്തുണ്ട്. അവരിൽ ഞാൻ എന്റെ അമ്മയെ കാണുന്നു. ഇന്ന് ഞാൻ ഒരു നേഴ്സാണ്. അമ്മയുടെ മാനസികാവസ്ഥ ഇന്നെനിക്കറിയാം. എനിക്ക് എന്റെ അമ്മയെ നഷ്ടപ്പെട്ടെങ്കിലും ഒരുപാട് പേർക്ക് ബന്ധുക്കളെ തിരിച്ചുകിട്ടി ഒരുപാട് കൂട്ടുകാർക്ക് കൂട്ടുകാരെ തിരിച്ചുകിട്ടി. ഒരുപാട് കുട്ടികൾക്ക് അമ്മമാരെ തിരിച്ചുകിട്ടി.

എന്റെ അമ്മയിലൂടെ...

പക്ഷെ എന്റെ അമ്മ മാത്രം...

അല്ല. എന്റെ മാത്രമല്ല.

**അനഘ. എസ്. എം**
7 സി, ഗവൺമെന്റ് വി. & എച്ച്.എസ്.എസ്. പിരപ്പൻകോട്
കണിയാപുരം ഉപജില്ല, തിരുവനന്തപുരം



# ഹോമോസാപ്പിയൻസ്

നേരം പുലരുന്നതേയുള്ളൂ....

പതിവില്ലാതെ ഞാൻ വെയിൽ മുഖത്തു തട്ടുന്നതിനു മുൻപ് എഴുന്നേറ്റു. പിന്നെ മെല്ലെ പുറത്തേക്ക്. ഈ ലോക്ഡൗൺ കാലത്ത് രാവിലത്തെ പ്രകൃതി സൗന്ദര്യം ഒന്നു കണ്ടുകളയാമെന്നു കരുതി ഞാൻ, മുറ്റത്തെ മാവിൻ ചുവട്ടിൽ എത്തി. പെട്ടെന്ന് എന്റെ കാലിന്റെ അടുത്തുകൂടി എന്തോ ഒന്ന് ശരവേഗത്തിൽ കടന്നുപോയി, അല്പമകലെ നിശ്ചലമായി. നോക്കിയപ്പോൾ, ഒരു തുമ്പിയെ യാതൊരു ദയയും ഇല്ലാതെ അകത്താക്കുകയാണ് എന്റെ വീട്ടിലെ 'അഭയാർഥിയായ' വരയൻ പൂച്ച. അതി രാവിലെ ഇത്രയും സാഹസപ്പെട്ട്, ശരീരമനങ്ങി തുമ്പിയെ പിടിക്കുന്ന ഈ പൂച്ചക്കുഞ്ഞിന്റെ ഭൂതകാലം എന്റെ മനസ്സിലൂടെ കടന്നുപോയി.

ഭക്ഷണത്തിനു യാതൊരു കുറവും ഇല്ലാതിരുന്ന ഒരു ഭൂതകാലമായിരുന്നു അവന്റേത്. അമ്മ വൈകുന്നേരം വാങ്ങിവരുന്ന പലതരം മീനുകളിലായിരുന്നു ഇവന്റെ അല്ലലില്ലാതിരുന്ന ജീവിതത്തിന്റ അടിസ്ഥാനം. ആരോ പിടിച്ച്. ആരോ വിൽക്കാൻ കൊണ്ടുവന്ന്, അമ്മ വാങ്ങി വീട്ടിൽ എത്തിക്കുന്ന മീനിന്റെ അരികു ഭാഗങ്ങൾ, പ്രത്യേകിച്ച് ഒരു പരിശ്രമവും കൂടാതെ കഴിച്ച്. നീണ്ടുനിവർന്നു ഉറങ്ങുക എന്നതായിരുന്നു പ്രധാന ജോലി. എന്നാൽ, കോവിഡ് കാലം എല്ലാത്തിനും ലോക്കിട്ടു! മീനില്ല എന്ന പ്രതിസന്ധി വന്നു. സമൃദ്ധമായ ഭൂതകാലം ഇരുണ്ടു.. ദയാലുവായ എന്റെ അമ്മ, പാല്, ചോറ്, നെയ്യ് (ആഡംബരം )ഇവ കൊടുത്ത് ഈ മാർജാരനെ തൃപ്തിപ്പെടുത്താൻ നോക്കി. എന്നാൽ അവന്റെ അഹങ്കാരത്തിനു യാതൊരു കുറവും സംഭവിച്ചില്ല. ചോറിനോടും ബിസ്ക്കറ്റിനോടും പരമ പുച്ഛം. പാലും നെയ്യും വേണമെങ്കിൽ തിന്നാം എന്ന മട്ട് . എന്നാൽ ഒരാഴ്ച കഴിഞ്ഞപ്പോൾ ഈ മട്ട് മാറി. അവൻ എന്റെ വീട്ടിൽ അഭയം തേടുന്നത് നിർത്തി, പുറത്തെ കുറ്റി ക്കാട്ടിലുള്ള ചില ചെറിയ ജീവികളുടെ മേൽ ചാടി വീഴാൻ തുടങ്ങി. ഒപ്പം ഇടയ്ക്കിടെ അവൻ അസ്വസ്ഥനായി, മരങ്ങളിലും മറ്റും മാന്താനും എന്നെ നോക്കി മുരളാനും തുടങ്ങി. അവന്റെ ഉള്ളിൽ തുരുമ്പിച്ചു കിടന്ന വേട്ടയാടി തിന്നാനുള്ള കഴിവ് പതിയെ പുറത്തുവന്നു. മനുഷ്യസഹവാസത്താൽ തുരുമ്പെടുത്ത ആ കഴിവ് അവൻ പൊടി തട്ടിയെടുത്ത് ഉപയോഗിക്കാൻ തുടങ്ങിയിരിക്കുന്നു.

പെട്ടെന്ന് എന്റെ മനസ്സിലൂടെ ഒരു ചിന്ത കടന്നുപോയി. ഇതുപോലെ അഞ്ചാറു വൈറസ് കാലം കടന്നുപോകുമ്പോൾ (തീർച്ചയായും പ്രതീക്ഷിക്കാം) മനുഷ്യന്റെ അവസ്ഥ എന്താകും? ആധുനികമനുഷ്യർ എന്ന നമ്മൾ വെറും ‘ഹോമോസാപ്പിയൻസ്’ എന്ന ജീവിയായി മാറുമോ? അന്ന് നമ്മുടെ നിലനിൽപ് എങ്ങനെയായിരിക്കും?

കല്ലും തടിയും ഉപയോഗിച്ച് വേട്ടയാടുന്ന, കാട്ടിൽ നിന്നും പഴങ്ങളും കിഴങ്ങുകളും ശേഖരിക്കുന്ന, തീ കത്തിച്ചും മരങ്ങളിൽ ഓടിക്കയറിയും തന്നെക്കാൾ കഴിവുള്ള മറ്റു ജന്തുക്കളിൽ നിന്നും രക്ഷനേടുന്ന എന്റെ പാവം പൂർവികരുടെ ചിത്രം മനസ്സിൽ തെളിഞ്ഞു. ഞാൻ വരയൻ പൂച്ചയുടെ മുഖത്തേക്കു നോക്കി. പണ്ട് ഞാൻ നോക്കിയാൽ കണ്ണടച്ചു കാണിച്ചിരുന്ന അവന്റെ മുഖത്ത് ഇപ്പോൾ വെറും പരിഹാസം മാത്രം. അത് ഞാനിങ്ങനെ വായിച്ചു, ‘ഡേയ് ഹോമോസാപ്പിയൻസ്, കണ്ടോ? നീയില്ലെങ്കിലും ഞാൻ വാഴും. പക്ഷെ നിന്റെ കാര്യം, കാത്തിരുന്നു കാണാം.’

ഈ ലോക്ഡൗൺ കാലം പ്രകൃതിയോട് ഇണങ്ങാനും കുറച്ചെങ്കിലും പ്രകൃതിയിലേക്ക് മടങ്ങാനും ഉള്ള ഒരു ഓർമപ്പെടുതലാവട്ടെ.

**അഭിരാമി ബി**
8 സി, ജി ജി എച്ച് എസ്സ് എസ്സ് മിതൃമ്മല
പാലോട് ഉപജില്ല, തിരുവനന്തപുരം

## ELDER’S WORDS ARE GOLD

Once in time of corona virus spreading all over the world in Tamil nadu, there live a boy named pandi dhurai, age of 15. He was a naughty boy and he won’t listen to the good thing which elder’s says.

In lockdownseason,his mother told him to, go to the ATM and take some money and buy some things for house purpose. Soon he get out from his house and started walking through the way to ATM. On the way an old man see pandi dhurai coming without any safety measure like mask. So the old man say to him- put a mask otherwise you could affect corono virus. But he answered it in a negative way,he say-when I put mask it irritate me. The old man says-mask is not for showing style,it is for safety. Pandi dhurai told angrily. "I don’t want any advice do own bussinses, you creepy old man.He go away from there and straightly headed to ATM. He take the money from the ATM. When he come out, the security of the ATM asked him "did you wash your hands which the sanitizer after take money." The boy told "No, why should I do that? The security told him". If any germs or virus from the ATM it could enter your body and make you disease affected boy. The boy said virus has no courage to get inside my body and don’t ever me such silly thing. After buying things he came to his house and got inside of the the house without washing. But after few days,he have a throat pain and respirational problems. When his mother took him to the hospital. It proved by the checkup that he has corona. He had gone to isolation. But soon theboy died.

**മുഹമ്മദ് ഇഷാൻ**
10 ഇ, ഗവൺമെൻറ്, എച്ച്.എസ്. എസ് തോന്നയ്ക്കൽ
കണിയാപുരം ഉപജില്ല, തിരുവനന്തപുരം

# പരിസ്ഥിതി എന്ന മഹാവിസ്മയം

നല്ല തെളിമയാർന്ന വെള്ളത്തോടുകൂടിയ തോടുകളും ഇല്ലിക്കാടുകളും ഇളം വെയിലും നീലനിറത്തിൽ അങ്ങ് അകലെ കാണുന്ന മലനിരകളും പട്ടണത്തിൽ നിന്ന് വന്ന ബ്രൂണോ എന്ന അഞ്ച് വയസ്സുകാരന് ഒരത്ഭുതമായിരുന്നു. ബ്രൂണോ തന്റെ കുഞ്ഞു മനസ്സിലെ ചോദ്യങ്ങൾ തന്റെ മുത്തശ്ശിയോടായിരുന്നു ചോദിക്കാറ്. മുത്തശ്ശി അതിനെല്ലാം ഉത്തരം പറയുമായിരുന്നു. പ്രകൃതിയിൽ എന്ത് മാറ്റം കണ്ടാലും അവൻ അതെല്ലാം നിരീക്ഷിക്കുമായിരുന്നു. അവന്റെ വീട്ടുവളപ്പിൽ ഏതെങ്കിലും ചെടിയെ അവൻ കണ്ടാൽ പിന്നെ അതിലായിരിക്കും അവന്റെ ശ്രദ്ധ. അവന്റെ തോട്ടത്തിൽ അനേകം പൂക്കളുണ്ടായിരുന്നു.ചെടികളെ എങ്ങനെ പരിപാലിക്കണമെന്ന് അതിനെ എങ്ങനെ വളർത്താമെന്നും അവന്റെ മുത്തശ്ശനായിരുന്നു പറഞ്ഞ് കൊടുത്തിരുന്നത്.ഇവിടുന്ന് കിട്ടുന്ന അനേകം അറിവുകൾ അവൻ തന്റെ പട്ടണത്തിലെ കൂട്ടുകാരോട് പങ്കുവച്ചിരുന്നു. അങ്ങനെ വർഷങ്ങൾ കഴിഞ്ഞു. പ്രകൃതിയെ ഉപദ്രവിക്കുന്നവരെ ശിഷിക്കാൻ തക്കസ്ഥാനത്തേക്ക് അവൻ എത്തിക്കഴിഞ്ഞു. പരിസ്ഥിതിക്ക് ദോഷം വരുത്തുന്ന ഫാക്ടറികളെ പൂട്ടിച്ചു. അങ്ങനെ തന്റെ നാടിനെ അവൻ പ്രകൃതിസൗഹൃദമാക്കി. അവൻ പ്രകൃതിയെ സ്നേഹിച്ച് ജീവിച്ചു.

**അഭിനവ് ഡി എം**
6 സി, ഗവൺമെൻറ്, എച്ച്.എസ്. എസ് പുന്നമൂട്
തിരുവനന്തപുരം സൗത്ത് ഉപജില്ല, തിരുവനന്തപുരം



# മധുരമുള്ള മാമ്പഴം

ഒരിക്കൽ ഒരിടത്തു ഒരു കൃഷിക്കാരന് തന്റെ തോട്ടം നിറയെ മാമ്പഴമുണ്ടായി. തനിക്കു കിട്ടിയ ഭാഗ്യം മറ്റുള്ളവരുമായി പങ്കിടണമെന്നു ആ നല്ല മനുഷ്യൻ തീരുമാനിച്ചു. അതിനായി അയാൾ വഴിവക്കിലുള്ള തന്റെ മാവിൽ ഒരുബോർഡ് എഴുതി വച്ചു. “ആവശ്യക്കാർക്ക് ഈ മാവിൽനിന്നും മാമ്പഴം പറിച്ചു തിന്നാം.” പക്ഷെ ആളുകളൊന്നും മാമ്പഴം പൊട്ടിച്ചുതിന്നില്ല. ചിലർ പറഞ്ഞു “കേടുള്ള മാമ്പഴങ്ങളായിരിക്കും, പുളിയുള്ള മാമ്പഴങ്ങളായിരിക്കും'', മറ്റുചിലർ പറഞ്ഞു. വെറുതെ കൊടുക്കുന്നത് എന്തെങ്കിലും സ്വാർഥലക്ഷ്യം വച്ചുകൊണ്ടാകും എന്നും ചിലർ ധരിച്ചു. അതിനാൽ മാമ്പഴം ആർക്കും വേണ്ട.

അതുകണ്ടപ്പോൾ കൃഷിക്കാരൻ ബോർഡ് മാറ്റി എഴുതി. “നല്ല മാമ്പഴം, ഒന്നിന് രണ്ടു രൂപ.” അതുകണ്ട് ധാരാളം ആളുകൾ വന്നു വിലകൊടുത്തു മാമ്പഴം വാങ്ങിക്കൊണ്ടുപോയി. അഭിമാനമുള്ള മനുഷ്യർ ഒരു സാധനവും വെറുതെ സ്വീകരിക്കാൻ ഇഷ്ടപ്പെടുന്നില്ല എന്ന സത്യം കൃഷിക്കാരൻ മനസ്സിലാക്കി. അധ്വാനിച്ചു നേടുന്നതിനും പണം കൊടുത്തു വാങ്ങുന്നതിനും വില കൂടും. മധുരവും കൂടും.

**ധ്രുവ ആർ പി**
4 ബി, ഗവണ്മെന്റ് ഹൈസ്കൂൾ,കാച്ചാണി
തിരുവനന്തപുരം നോർത്ത് ഉപജില്ല, തിരുവനന്തപുരം

# കോറോണയും പ്രവാസിയും

എന്റെ ജീവിതത്തിൽ എത്ര പ്രതിസന്ധികൾ വന്നിട്ടും ഞാൻ തളരാതെ പിടിച്ചു നിന്നു. എന്നാൽ ഈ ലോകത്തെ തന്നെ ഭയപ്പെടുത്തിയ ഈ മഹാമാരിയുടെ മുന്നിൽ ഞാൻ പകച്ചുപോയി. ഇതിനു 'കോവിഡ് 19' അഥവാ 'കൊറോണാ വൈറസ്' എന്ന് ലോകമാകെ വിളിപ്പേര് നൽകി .

രണ്ടു വർഷത്തോളമായി ഞാൻ എന്റെ വീട്ടിൽ നിന്നകന്നിട്ട്. കുടുംബത്തെ പലപ്പോഴും എനിക്ക് കാണണമെന്നുണ്ട്. പക്ഷെ അതിനെനിക്ക് കഴിയുന്നില്ല. കാരണം ഞാൻ ഏഴുകടലുകൾ ക്കുമപ്പുറമാണ്. കാത്തിരുന്ന് നാട്ടിലേക്കു പോകാനുള്ള സമയമാ യപ്പോലാണ് കാട്ടുതീ പോലെ ആ മഹാമാരി പടർന്നത്. ഒട്ടനവധി പേരാണ് ഈ അവസ്ഥയിലൂടെ കടന്നു പോകുന്നത് . വീടിനു പുറത്തിറങ്ങാൻ കഴിയാതെ ശുദ്ധവായു ശ്വസിക്കാൻ പറ്റാതെ വീർപ്പുമുട്ടുകയാണ് ഞാനിവിടെ. വർത്തകളിലൂടെയും മറ്റും ഞാൻ എന്റെ നാടിനെ കുറിച്ചറിയുന്നുണ്ട്. അന്യദേശത്താണെങ്കിലും ഞാനുൾപ്പെടുന്ന മലയാളികൾ നമ്മുടെ നാടിന്റെ പ്രവർത്തനങ്ങളിൽ അഭിമാനിക്കുന്നു. ഈ കൊറോണാക്കാലവും കടന്നുപോകും, നാം ഈ മഹാമാരിയെയും നേരിടും, കാരണം "കേരളം ഒറ്റക്കെട്ടാണ്".

**ആദിഥ്യൻ ഡി എസ്**
7 എ, ഗവൺമെൻറ്, എച്ച്.എസ്. കാലടി
തിരുവനന്തപുരം സൗത്ത് ഉപജില്ല, തിരുവനന്തപുരം



# നന്മ പൂക്കുന്ന മരം

ശ്രീവാകപുരം എന്ന കുഞ്ഞു ഗ്രാമം. മരങ്ങളും പക്ഷികളും മൃഗങ്ങളും കുഞ്ഞുവീടുകളും നിറഞ്ഞ സുന്ദരഗ്രാമം. അവിടെ വയൽക്കരയിലായി അതാ രണ്ട് വീടുകൾ. ഒരുമിച്ച് കളിച്ചും ചിരിച്ചും രസിച്ചും പഠിച്ചും സമയം ചെലവഴിക്കുന്ന കുരുന്ന് ബാല്യങ്ങൾ. ഗീതുവും ഗൗരിയും രാജുവും. നിത്യേന പാടവരമ്പിലൂടെ നടന്നാണ് അവർ സ്കൂളിലേക്ക് പോകാറ്. നെൽപ്പാടങ്ങളിലെ വരമ്പുകൾ മുറിച്ച് കടന്ന് ഇരുവശവും നിബിഡമായ മരങ്ങളുള്ള ഇടവഴിയിലൂടെ പൂക്കൾ സുഗന്ധം പരത്തുന്ന കുളിർതെന്നലേറ്റ് കുഞ്ഞ് പൂമ്പാറ്റകളായി അവർ നടന്നു. അങ്ങനെ ഒരു ദിവസം അവർ പതിവുപോലെ സ്കൂളിലേക്ക് പോകാനായിറങ്ങി. പാടങ്ങൾ മുറിച്ച്കടന്ന് തോട് കടന്ന് ഇടവഴിയിലെത്തിയ അവർ ആ കാഴ്ച കണ്ട് ഞെട്ടിനിന്നു.കി ളികൾ കൂടുകൂട്ടുന്ന, കാറ്റിൽ സുഗന്ധം പരത്തുന്ന പൂക്കൾ നിറഞ്ഞ, ഫലങ്ങൾ നിറഞ്ഞ മരങ്ങൾ മുറിച്ചുമാറ്റിയിരിക്കുന്നു. നിബിഡമായി നിന്നിരുന്ന പ്രകൃതിയുടെ വരങ്ങൾ ഇനിയില്ല. കുട്ടികൾക്ക് സങ്കടമായി. അവർ കണ്ണിൽകണ്ടവരോടൊക്കെ കാര്യം തിരക്കി. എന്തിനാ മരങ്ങൾ മുറിച്ചുമാറ്റിയത്? അവിടെ ഒരു വ്യവസായസമുച്ചയം തുടങ്ങുകയാണ് എന്ന് കുട്ടികൾക്ക് മനസ്സിലായി. ക്ലാസിലെത്തിയ അവർ സഹപാഠികളോടൊപ്പം സങ്കടം പങ്കുവച്ചു. വിഷാദമൂകമായിരിക്കുന്ന കുട്ടികളോട് ക്ലാസധ്യാപകൻ വിവരമന്വേഷിച്ചു. കുട്ടികളുടെ വിഷാദത്തിൽ അധ്യാപകനും പങ്കുചേർന്നു. പരിഹാരമായി മുഖ്യമന്ത്രിക്ക് ഒരു നിവേദനം നൽകി. ദിവസങ്ങൾക്കുള്ളിൽ അവിടത്തെ അനധികൃതമായ നിർമാണങ്ങൾ നിർത്തി വയ്ക്കാൻ സർക്കാർ ഉത്തരവായി. കുട്ടികൾക്ക് സന്തോഷമായി. അവർ കൂട്ടുകാരോടൊപ്പം അവിടെ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചു. മരം ഒരു വരം എന്ന് മനസ്സിൽ മന്ത്രിച്ചു. നന്മയുടെ മരങ്ങൾ നമുക്ക് വരങ്ങളാകും അവർ ചിന്തിച്ചു. വർഷങ്ങൾക്കുശേഷം മരങ്ങൾ വലുതായി. കുട്ടികളും വളർന്നു. ശാഖോപശാഖകളായി പടർന്നു പന്തലിച്ച മരങ്ങളിൽ പക്ഷികൾ ചേക്കേറി. കളകളാരവങ്ങളാൽ വീണ്ടും അന്തരീക്ഷം മുഖരിതമായി.

**ആരതി.എസ്**
10 ബി, ഗവ.എച്ച്.എസ്.എസ്.ആനാവൂർ
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# പടരുന്ന പ്ലാസ്റ്റിക്

ഐ.സി.യുവിന് മുന്നിലുള്ള ബഞ്ചിൽ ഒറ്റയ്ക്കിരിക്കുമ്പോ അവൻെറ മനസ്സിലൂടെ കടന്നുപോയത് സങ്കടം മാത്രമായിരുന്നോ? അതിൽ ഏതോ ഒരു ദൃഢനിശ്ചയം കലർന്നിരുന്നോ? സാധനങ്ങൾ പൊതിഞ്ഞ് വാങ്ങുന്ന പ്ലാസ്റ്റിക് കവറുകളും സഞ്ചികളും വലിയ ചാക്കിൽ നിക്ഷേപിക്കുന്നത് വീട്ടിലെ സ്ഥിരം കാഴ്ചയായിരുന്നു. ഒരാഴ്ചയാവും മുമ്പ് തന്നെ ചാക്ക് നിറഞ്ഞിരിക്കും. അവധി ദിവസം അച്ഛൻെറ പ്രധാന ജോലി അത് കത്തിക്കുക എന്നുള്ളതാണ്. പ്ലാസ്റ്റിക് കത്തിക്കുമ്പൊ പുറത്ത് വരുന്ന ' ഡയോക്സിൻ ' എന്ന വിഷം കാൻസറുണ്ടാക്കും എന്ന് ക്ലാസിൽ പഠിച്ചത് ഞാൻ പറയുമ്പൊ അച്ഛനുമമ്മയും ശ്രദ്ധിക്കാറ് പോലുമില്ലായിരുന്നു. അതറിയാവുന്നത് കൊണ്ടാവുമോ എന്നെ അവിടേക്ക് അടുപ്പിക്കാതിരുന്നത്.

മാസങ്ങൾ കടന്നു പോയി. അച്ഛന് കടുത്ത ചുമ കാരണം അമ്മയ്ക്കാണ് വൃത്തിയാക്കലിൻെറ ചുമതല . എല്ലാ ആഴ്ചയും ചെയ്യുന്ന പോലെ 'ചാക്ക്കെട്ട് ' എടുത്ത് അച്ഛന് പകരം അമ്മ പാടത്തേയ്ക്ക് പോയി. കത്തിച്ച് കഴിഞ്ഞ് ഒഴിഞ്ഞ ചാക്കുമായി തിരികെ വരുമ്പൊ അമ്മ ചുമയ്ക്കുന്നുണ്ടായിരുന്നു.'ചെറിയ വായിലെ വലിയ വർത്തമാനം ' ആയതിനാൽ പ്ലാസ്റ്റിക്കിൻെറ ദൂഷ്യവശങ്ങളെപ്പറ്റി ഞാൻ വീട്ടിൽ പറയാതായി.

അന്ന് എൻെറ വർഷപ്പരീക്ഷയുടെ അവസാനദിവസമായിരുന്നു. അവധി കിട്ടിയ ഉത്സാഹത്തോടെ വീട്ടിലെത്തിയപ്പൊ വീട് പൂട്ടിയിട്ടിരിക്കുന്നു.' നിൻെറച്ഛൻ ആശുപത്രീൽ അഡ്മിറ്റാ മോനേ. നിന്നോട് എൻെറ വീട്ടിൽ നിന്നോളാൻ നിൻെറ അമ്മാവൻ പറഞ്ഞിട്ടാ പോയെ ' അടുത്ത വീട്ടിലെ രാഘവൻ മാമൻ എന്നെ കൂട്ടിക്കൊണ്ട് പോയി. ഉച്ചയ്ക്ക് അച്ഛൻ ചോര ഛർദ്ദിച്ചത്രേ. രാത്രി എനിക്ക് ഉറങ്ങാനേ കഴിഞ്ഞില്ല. സ്കൂൾ പൂട്ടിയാൽ പിറ്റേന്നാൾ മുതൽ പച്ചക്കറിക്കൃഷി, കോഴി വളർത്തൽ എന്തൊക്കെ പ്ലാൻ ചെയ്തു അച്ഛൻ. വെള്ളം നനയ്ക്കുന്ന ചുമതല നിനക്കാണ് കേട്ടോടാ, കുറച്ച് ഉത്തരവാദിത്തമൊക്കെ വരട്ടെ ചെക്കന്.ഇനിഹൈസ്ക്കൂളിലോട്ടല്ലേ .

കണ്ണുനീര് വീണ് നനഞ്ഞ തലയിണ ഞാൻ കുറച്ച് കൂടി മുഖത്തേയ്ക്ക് ചേർത്ത് ഉറങ്ങാതെ കിടന്നു.സ്ഥിരമായി പുകവലിക്കുന്നവർക്ക് പോലും രൂക്ഷമാകാത്ത രീതിയിൽ അച്ഛൻെറ ശരീരത്തെ അർബുദം കീഴ്പ്പെടുത്തിയിരിക്കുന്നുവെന്ന് അമ്മാവൻ രാഘവന്മാമനോട് പറയുന്നത്

കേട്ടു. ഈ വയസിനിടയ്ക്ക് ഒരു ബീഡി പോലും ഈയുള്ളയാൾ വലിച്ചിട്ടില്ല, പിന്നൊക്കെ ദൈവം വരുത്തുന്നതല്ലേ. ദൈവത്തെ പഴിച്ച് അമ്മ മുകളിലേക്ക് നോക്കി കൈകൂപ്പി. അച്ഛൻെറ വേർപാട് എന്നെയും അമ്മയെയും കുറച്ചൊന്നുമല്ല തളർത്തിയത്. ഒഴിഞ്ഞ പാടത്തേക്ക് നോക്കിയിരിക്കുമ്പൊ തലയിൽ തോർത്തും ചുറ്റി പയർ വള്ളികൾ പടർത്തുന്ന അച്ഛനെയും ഉത്സാഹിച്ച് വെള്ളം നനയ്ക്കുന്ന എന്നെയും കണ്ടു. എന്താ കുട്ട്യേ ഇങ്ങനെ നോക്കിയിരിക്കണെ ഇങ്ങ് കേറിപ്പോര്, അമ്മ എന്നെ അടുത്തേയ്ക്കിരുത്തി.അമ്മാവൻ വന്ന് കൂട്ടിക്കൊണ്ട് പോവുമ്പൊ അച്ഛൻ ശേഖരിച്ചുവച്ച പച്ചക്കറിവിത്തും ഞാൻ കയ്യിലെടുത്തു.

എവിടെപ്പോകാനിറങ്ങിയാലും ഒരു തുണിസഞ്ചി കൈയിൽക്കരുതുന്നത് അമ്മാവൻെറഒരുശീലമായിരുന്നു. 'കണ്ണിൽക്കണ്ടപ്ലാസ്റ്റിക്കൊക്കെക്കൂടി വീടിൻറുള്ളിലേക്ക് കൊണ്ടരണതെന്തിനാ,' അമ്മാവൻെറ സ്ഥിരം പല്ലവി. എൻെറ ചൊമേടെ സിറപ്പ് മറക്കല്ലേന്ന് അമ്മാവനോട് പറയെടാ, അമ്മ ചുമച്ചുകൊണ്ട് വിളിച്ചു പറഞ്ഞു. അടുത്ത ദിവസം ചുമച്ച് തുപ്പിയതിൽ ചോര കണ്ട് ഞാൻ ശരിക്കും പേടിച്ചു. പേടിക്കണ്ടടാ ഇത് രണ്ടീസമായിട്ടൊണ്ട് അമ്മ എന്നെ സമാധാനിപ്പിച്ചു. അവസ്ഥ ഗൗരവമായപ്പൊ അമ്മയെ ഐസിയുവിലേക്ക് മാറ്റി. ഇവർക്കെന്താ ജോലി? ഡോക്ടർ ചോദിച്ചപ്പൊ വീട്ടുജോലി എന്ന് അമ്മാവൻ മറുപടി പറഞ്ഞു. ഇവർ പുകവലിക്കുമോ എന്ന ചോദ്യം കേട്ട് അമ്മാവന് ദേഷ്യം വന്നു.ഇവരുടെ ഇന്റേണൽ ഓർഗൻസ് കംപ്ലീറ്റ് പ്രശ്നമാ അതാ ചോദിച്ചത്. അമ്മാവൻ ദയനീയമായി ഡോക്ടറെ നോക്കി. വീട്ടിൽ ആരെങ്കിലും സ്ഥിരമായി പുകവലിക്കുന്നവരുണ്ടായാലും മതി പാസ്സീവ് സ്മോക്കിംഗ്? അമ്മാവൻ ഇല്ലാന്ന് തലയാട്ടി. പിറുപിറുത്ത് കൊണ്ട് ഡോക്ടർ എഴുന്നേറ്റു.അമ്മാവൻ എന്തോ ചോദിക്കാനായി ഡോക്ടറുടെ പിറകെ പോയി.

ഐ.സി.യുവിന് മുന്നിലെ ബഞ്ചിൽ ഒറ്റയ്ക്കിരിക്കുമ്പൊ സയൻസ് ക്ലാസിൽ രാജൻസാർപ്ലാസ്റ്റിക്നിർമ്മാർജനത്തിൻെറ ദോഷവശങ്ങളെപ്പറ്റി പറഞ്ഞത് മനസ്സിൽ വന്നു. പരിസ്ഥിതിക്ക് ഇത്രയധികം ഹാനികരമായ മറ്റൊരു വസ്തുവും ഈ ഭൂമിയിലില്ല. അത് കത്തിക്കുമ്പൊ പുറത്ത് വരുന്ന വിഷപ്പുകയിലുള്ള "ഡയോക്സിൻ" ഗുരുതരമായ അർബുദത്തിന് കാരണമാകും. പുകവലിക്കാത്ത അച്ഛനുമമ്മയ്ക്കും എന്താണ് സംഭവിച്ചതെന്ന് മറ്റാർക്കും മനസ്സിലായില്ലെങ്കിലും അവന് മനസ്സിലായി. അതുകൊണ്ടാവും അമ്മയുടെ ശരീരം പുറത്തേയ്ക്കെടുത്തപ്പൊ ചുണ്ടുകൾ വിറച്ചുവെങ്കിലും അവൻെറ മനസിൽ എന്തൊക്കെയോ രൂപപ്പെടു

കയായിരുന്നു ഈ ലോകത്തെ മുഴുവൻ പ്ലാസ്റ്റിക് മുക്തമാക്കാൻ സാധിച്ചില്ലെങ്കിലും തൻെറ നാട്ടിൽ പ്ലാസ്റ്റിക്കിൻെറ ഉപയോഗം നിയന്ത്രിക്കാൻ കഴിയണമെന്ന് അവൻ ഉറപ്പിച്ചു. അല്ലെങ്കിൽപ്പിന്നെ ഞാനിതൊക്കെ പഠിച്ചതെന്തിനാ പക്ഷേ എവിടെത്തുടങ്ങണം എന്നത്ആകുഞ്ഞുമനസിൽആശയക്കുഴപ്പമുണ്ടാക്കി.

ആദ്യമായി എന്താണ് പ്ലാസ്റ്റിക് എന്നും അതിൻെറ അമിത ഉപയോഗം നമുക്ക് എത്രയധികം ദോഷകരമാണെന്നും മനസ്സിലാക്കണം. ഹെന്റി ബേക്ക്‌ലാന്റ്, ബേക്കലൈറ്റ് എന്ന പ്ലാസ്റ്റിക് കണ്ടുപിടിച്ചതാണ് നമ്മുടെയീ പ്ലാസ്റ്റിക് യുഗത്തിന്റെ തുടക്കം. സാങ്കേതികവിദ്യ പുഷ്ടിയാർജിച്ച ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് പ്ലാസ്റ്റിക്കിൻെറ ഉത്പാദനത്തിന് വേഗത കൂടിയത്.തടി, പേപ്പർ എന്നിവയെ അപേക്ഷിച്ച് പ്ലാസ്റ്റിക്കിന് പല മേന്മകളും ഉണ്ടെന്ന് കണ്ടെത്തുകയും വ്യാവസായികാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കപ്പെടുകയും ചെയ്തു. കൈകാര്യം ചെയ്യാൻ എളുപ്പമുള്ളതിനാലും, ഈർപ്പം, സാധാരണ രാസപദാർഥങ്ങൾ എന്നിവ ഇവയെ ബാധിക്കാത്തതിനാലും, വിലക്കുറവും പ്ലാസ്റ്റിക് അതിവേഗം വ്യാപകമാകാൻ സഹായിച്ചു. മോണോമറുകൾ എന്ന അടിസ്ഥാനയൂണിറ്റുകൾ ചേർന്നുണ്ടാകുന്ന വലിയ തന്മാത്രകളാണ് പോളിമറുകൾ. എത്തിലിൻ മോളിക്യൂളുകളുടെ പോളിമറായ പോളിഎത്തിലിൻ ആണ് പ്ലാസ്റ്റിക്. ഇവ തന്നെ രണ്ട് തരമുണ്ട്. തെർമോപ്ലാസ്റ്റിക്കുകളും തെർമോസെറ്റിംഗ് പ്ലാസ്റ്റിക്കുകളും. ആദ്യത്തേതിനെ എത്ര വേണമെങ്കിലും ഉരുക്കി രൂപം മാറ്റാൻ സാധിക്കും. രണ്ടാമത്തേതാവട്ടെ പുനരുപയോഗിക്കാൻ സാധിക്കില്ല.

പോളിമറുകളുടെ തന്മാത്രാ വലിപ്പം കൂടുതലായതു കൊണ്ട് ഇവയെ അന്തരീക്ഷ ഘടകങ്ങൾക്കോ രാസവസ്തുക്കൾക്കോ വെള്ളത്തിനോ വിഘടിപ്പിക്കാൻ കഴിയില്ല. ആയതിനാൽ ഉപയോഗശേഷം പ്രകൃതിയിലെത്തുന്ന പ്ലാസ്റ്റിക്കുകൾ നൂറ്റാണ്ടുകളോളം മണ്ണിൽ അവശേഷിക്കുന്നു.ഇത് ഭൂഗർഭ ജലസ്രോതസ്സുകളെ ബാധിക്കുകയും അത് നീരൊഴുക്കിനെ തടസ്സപ്പെടുത്താൻ കാരണമാവുകയും ചെയ്യുന്നു. മാത്രമല്ല സൂക്ഷ്മജീവികളുടെ പ്രവർത്തനത്തെ മന്ദിപ്പിക്കുകയും ചെയ്യുന്നു.പ്ലാസ്റ്റിക് മാലിന്യത്തെ ഏറ്റവും വലിയ പാരിസ്ഥിതിക പ്രശ്നമാക്കി മാറ്റുന്നത് നൂറ്റാണ്ടുകളോളം നീണ്ട വിഘടനകാലമാണ്. അതു കൊണ്ടാണ് പ്ലാസ്റ്റിക് കുഴികുത്തി മൂടുന്നത് നല്ല രീതിയല്ല എന്ന് പറയുന്നത്. ഇനി കത്തിച്ചു കളയാമെന്ന് വച്ചാൽ അപൂർണമായ ജ്വലനം വഴി ധാരാളം വിഷവസ്തുക്കൾ

ഉത്പാദിപ്പിക്കപ്പെടുന്നു. ശ്വാസകോശരോഗങ്ങൾ, കാൻസർ എന്നിവയടക്കം നിരവധി ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കാൻ ഇത് കാരണമാവുന്നു. ഇത് വായിക്കുമ്പൊ അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. അൽപ്പം നിർത്തിയിട്ട് അവൻ വായിക്കാൻ തുടങ്ങി.

പ്ലാസ്റ്റിക്കിൻെറ നിർമാണ സമയത്ത് നിറം കൊടുക്കാനും, കൂടുതൽ വഴക്കമുള്ളതാക്കാനും ഒക്കെ പലതരത്തിലുള്ള രാസവസ്തുക്കൾ അവയിൽ ചേർക്കുന്നു . ഇവയൊക്കെ ശരീരത്തിന് ഹാനികരമായ പല പ്രതി പ്രവർത്തനങ്ങൾക്കും കാരണമാവുന്നു. അലർജി മുതൽ വന്ധ്യതയും കാൻസറും വരെ ഉണ്ടാക്കാനുള്ള ശേഷി ഇവയ്ക്കുണ്ട്. ഫ്ളക്സുകളും മറ്റുമുണ്ടാക്കാനുപയോഗിക്കുന്ന Poly Venyl chloride എന്ന പി.വി.സി ഉപയോഗശേഷം പൊതുനിരത്തുകളിൽ വീണുകിടക്കുന്നത് ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ വളരെ വലുതാണ്.അതുപോലെ തന്നെ ഒറ്റ ഉപയോഗത്തിന് ശേഷം വലിച്ചെറിയുന്ന പോളിത്തീൻ സഞ്ചികൾ , ഗ്ലാസുകൾ , സ്ട്രോകൾ എന്നിവയുണ്ടാക്കുന്ന പ്രശ്നങ്ങളാണ് ഇതിലേറ്റവും വലുതെന്ന് പറയാം.

സമുദ്രത്തിലേക്ക് എത്തിപ്പെടുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾക്ക് ബാക്കി പത്രമാവുന്നത് ചത്തു പൊങ്ങുന്ന മത്സ്യസമ്പത്താണ്. ആണ്ടുകൾ കഴിയുമ്പൊ സമുദ്രങ്ങളിൽ മൽസ്യങ്ങളെക്കാൾ കൂടുതൽ പ്ലാസ്റ്റിക് മാലിന്യമാവും എന്ന കാര്യത്തിൽ സംശയിക്കേണ്ട കാര്യമില്ല. ഭക്ഷണാവശിഷ്ടങ്ങളോടെ വലിച്ചെറിയുന്ന പ്ലാസ്റ്റിക് മൃഗങ്ങളുടെ ഉള്ളിലെത്തി അവയുടെ നാശത്തിന് കാരണമാവുന്നു. പ്ലാസ്റ്റിക്കിന് പകരം വേറൊരു വസ്തുവില്ലാത്തത് ഒരു വെല്ലുവിളി ആണെങ്കിലും അവയുടെ അമിതമായ ഉപയോഗം നിയന്ത്രിക്കുന്നത് വളരെ ഫലപ്രദമായ ഒന്നാണ്. പ്ലാസ്റ്റിക് ബാഗുകൾക്ക് പകരം പേപ്പർ, തുണി തുടങ്ങിയവ ഉപയോഗിക്കുന്നത് ഗുണകരമാണ്. മാലിന്യസംഭരണത്തിനുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്താനും അവ കാര്യക്ഷമമായി ഉപയോഗിക്കാനും ജനങ്ങളെ പ്രേരിപ്പിക്കണം. ഇത്രയും കാര്യങ്ങൾ മനസിലാക്കിയപ്പൊ എന്തെങ്കിലുമൊക്കെ ചെയ്യാൻ കഴിയും എന്ന് അവന് ഉറപ്പായി.

ഒറ്റത്തവണ ഉപയോഗിച്ച ശേഷം വലിച്ചെറിയുന്ന പ്ലാസ്റ്റിക് സഞ്ചികളുടെ ഉപയോഗം നിർത്താൻ സാധിക്കുന്നിടത്ത് നിന്നാവണം തനിക്ക് തുടങ്ങേണ്ടതെന്നവൻ ചിന്തിച്ചു. പഴയ ന്യൂസ്പേപ്പറുകൾ ശേഖരിച്ച് പേപ്പർ ബാഗുകൾ നിർമ്മിക്കുന്ന യൂണിറ്റിനെപ്പറ്റി അവൻ ചിന്തിച്ചു. ഇതിനായി

വീട്ടമ്മമാരെ ചേർത്ത് യൂണിറ്റുണ്ടാക്കി. വരുമാനവും കൂടെ കിട്ടിത്തുടങ്ങിയപ്പൊ യൂണിറ്റിൽ അംഗസംഖ്യ കൂടി. പേപ്പറിന് പുറമെ തുണി, പാള, വാഴനാര് എന്നിവ ഉപയോഗിച്ചുള്ള സഞ്ചികളും നിർമ്മിച്ച് തുടങ്ങി. “പ്ലാസ്റ്റിക് വലിച്ചെറിയുന്നതും കത്തിക്കുന്നതും ശിക്ഷാർഹം” എന്ന ബോർഡ് നാടിന്റെ പല ഭാഗങ്ങളിലും സ്ഥാപിച്ചു. അത്യാവശ്യത്തിന് മാത്രം ഉപയോഗിച്ച് കഴിഞ്ഞ പ്ലാസ്റ്റിക് സഞ്ചികൾ പച്ചക്കറിത്തൈകൾക്കുള്ള ഗ്രോ ബാഗായി ഉപയോഗിക്കാമെന്ന് കണ്ടെത്തിയത് വലിയ കാര്യമായി .കാരണം പച്ചക്കറി കൃഷിക്കായി ഓരോരുത്തരും മുന്നോട്ട് വന്നു. നാട്ടിലുണ്ടായ മാറ്റം അധികാരികളുടെ ശ്രദ്ധയിൽപ്പെട്ടു. അക്കൊല്ലത്തെ പ്ലാസ്റ്റിക് മുക്ത ഗ്രാമമായി അവന്റെ ഗ്രാമം തെരഞ്ഞെടുക്കപ്പെട്ടു. അവൻെറ വാക്കുകൾ ശ്രദ്ധിച്ചാൽ... നിങ്ങളെല്ലാവരും പറയും പോലെ ഞാൻ ചെയ്തത് ഒരു വലിയ കാര്യമായിരിക്കാം. പക്ഷെ, ഒരു വിദ്യാർഥി എന്ന നിലയിൽ ഇത് എന്റെ കടമയാണ്. പാഠങ്ങൾ പഠിച്ച് പരീക്ഷയ്ക്ക് നല്ല മാർക്ക് വാങ്ങിയാൽ മാത്രം പോര, ജീവിതത്തിൽ പകർത്തുകയും വേണം. നിങ്ങളെ കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തിയപ്പൊ എല്ലാവരും ഒറ്റക്കെട്ടായി സഹകരിച്ചതാണ് നമ്മുടെ ഗ്രാമത്തിൻെറ വിജയം.

**അശ്വിൻ.എൽ.ബി.ലാൽ**
7 ഇ, ഗവൺമെൻറ്, മോഡൽ ബി.എച്ച്.എസ്. എസ് തൈയ്ക്കാട്
തിരുവനന്തപുരം സൗത്ത് ഉപജില്ല, തിരുവനന്തപുരം



# വിധികൾക്കുമപ്പുറം

ശ്യാംരാജ് അതാണ് നമ്മുടെ കഥാനായകന്റെ പേര്. അവനെക്കുറിച്ച് ഓർത്താൽ സന്തോഷിക്കാൻ ഉള്ള വക മാത്രമേയുള്ളു. തന്റെ ഇരുപത്തിയൊന്നാം വയസ്സിൽ വിദേശത്തേക്ക് ജോലി തേടിപ്പോയ സൽസ്വഭാവിയായ ഒരു ചെറുപ്പക്കാരൻ. അരപ്പട്ടിണിയും മുഴുപ്പട്ടിണിയും ഒക്കെ ആയിരുന്നെങ്കിലും വളരെ സന്തോഷത്തോടെ ആയിരുന്നു അവന്റെ കുടുംബം കഴിഞ്ഞുപോയിരുന്നത്. അച്ഛൻ വളരെ കഷ്ടപ്പെട്ടാണ് അവനെ വളർത്തിയത്. ആകെയുള്ള സമ്പാദ്യം പഞ്ചായത്തിന്റെ കനിവിൽ കിട്ടിയ ഒരു ചെറിയ വീടും അഞ്ചു സെന്റ് പുരയിടവും മാത്രം. തന്നെക്കാൾ രണ്ട് വയസ്സു ഇളപ്പമുള്ള അനിയത്തി ആയിരുന്നു അവന്റെ എല്ലാം. അവനു അതിയായ ആഗ്രഹം ആയിരുന്നു അനിയത്തിയുടെ നല്ല ഭാവി. അതിലുപരി കൂലിപ്പണിക്കാരനായ അച്ഛനെയും അമ്മയെയും പട്ടിണി ഇല്ലാതെ നോക്കണം എന്നതും അവന്റെ ആഗ്രഹമായിരുന്നു. അവന്റെ അച്ഛൻ വളരെ അധികം ബുദ്ധിമുട്ടിയാണ് രണ്ട് മക്കളെയും പഠിപ്പിച്ചത്. ഇന്ന് അവൻ വളരെ സന്തോഷത്തിലാണ്. കൊച്ചി എയർപോർട്ടിൽ വിമാനമിറങ്ങിയ അവൻ പോകുന്നത് ടൗണിൽ അവൻ വാങ്ങിയ ഇരുനിലകെട്ടിടത്തിലേക്കാണ്. തന്റെ ആഗ്രഹത്തിനനുസരിച്ച് അമ്മയെയും അച്ഛനെയും നന്നായി നോക്കാൻ ഇന്ന് അവനു കഴിയുന്നുണ്ട്. അനിയത്തിയെ അവൻ ആഗ്രഹിച്ചതിനെക്കാൾ നല്ല നിലയിൽ വിവാഹം കഴിപ്പിച്ചയച്ചു. സഹോദരിഭർത്താവ് വളരെ നല്ലവനായ ഒരു സർക്കാർ ഉദ്യോഗസ്ഥൻ. അമ്മുക്കുട്ടിയെന്ന കൊച്ചുമിടിക്കി കൂടിയായപ്പോൾ അനിയത്തിയുടെ ജീവിതം മധുരതരം. ശ്യാമിന് സന്തോഷിക്കാൻ ഒരു കാരണം കൂടിയുണ്ട്. ഈയാത്രയിൽ അവനേറെ മധുരംനല്കുന്നത് അതാണ്. പൂർണഗർഭിണിയായ തന്റെ ഭാര്യ. ദിവസങ്ങൾക്കുള്ളിൽ താനൊരു അച്ഛനാകും എന്ന ആഹ്ലാദം. ഇതിലുപരി ശ്യാമിന് എന്ത് വേണം.

സന്തോഷത്തിന്റെ അഞ്ച് ദിവസങ്ങൾ കഴിഞ്ഞുപോയി. തന്റെ ഭാര്യ മിടുക്കനായ ഒരാൺകുഞ്ഞിന് ജന്മം നൽകി. അഞ്ച് ദിവസത്തെ ആശുപത്രി വാസം കഴിഞ്ഞു. തന്റെ മണിമാളികയിൽ തന്റെ കൊച്ചു കുടുംബ വളരെ സന്തോഷത്തിൽ കടന്നുപോയി. പെട്ടെന്ന് ഒരു ദിവസം അച്ഛന് കഠിനമായ ശ്വാസതടസ്സം അനുഭവപ്പെട്ടു. ആശുപത്രിയിൽ എത്തിക്കുന്നതിന് മുന്നേ മരണം സംഭവിച്ചു. ബന്ധുക്കളും സുഹൃത്തുക്കളും വിധിയെഴുതി സൈലന്റ് അറ്റാക്ക്. അച്ഛന്റെ ശവസംസ്



കാര ചടങ്ങുകൾ കഴിഞ്ഞു. ഒന്ന് നിവർന്ന് നിൽക്കാൻ വിധി അവനെ അനുവദിച്ചില്ല തന്റെ മുത്തിന് കഠിനമായ ജലദോഷവും ശ്വാസതടസ്സവും. വളരെ പ്പെട്ടന്ന് തന്നെ ആശുപത്രിയിൽ തീവ്ര പരിചരണ വിഭാഗത്തിൽ അഡ്മിറ്റ് ചെയ്തു. ഭാര്യക്കും അമ്മയ്ക്കും ചെറിയ ജലദോഷത്തിന്റെ ലക്ഷണങ്ങളുണ്ട്. അവരും മരുന്ന് കഴിച്ചുതുടങ്ങി.

ശ്യാമിനെ ഡോക്ടർ തന്റെ ക്യാബിനിലേക്ക് വിളിച്ചു. വളരെ വിഷമത്തോടെ ഡോക്ടർ പറഞ്ഞ കാര്യങ്ങൾ ശ്യാമിന് ഉൾകൊള്ളാൻ കഴിയുന്നില്ല. തന്റെ അച്ഛന്റെ മരണത്തിന് കാരണമായത് ഒരു പുതിയ തരം വൈറസ്സാണെന്നും, ആ വൈറസ്സാണ് തന്റെ കുഞ്ഞിനെയും പിടികൂടിയിരിക്കുന്നത് എന്നുമുള്ള യാഥാർഥ്യം. ഒപ്പം ഡോക്ടർ നിർദേശിക്കുകയുണ്ടായി അമ്മയുടെയും,ഭാര്യയുടെയും,ശ്യാമിന്റെയും രക്തവും സ്രവവും പരിശോധിക്കണമെന്ന്. ദിവസങ്ങൾക്കുള്ളിൽ അവന്റെ പൊന്നോമനയെയും അവന് നഷ്ടമായി. ഇപ്പോൾ അവൻ അമ്മയുടെ ജീവന് വേണ്ടി പ്രാർഥിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ അവനറിയാം താൻ വളരെ.സന്തോഷത്തോടെ കൊച്ചി എയർപോർട്ടിൽ ഇറങ്ങിയത് കോവിഡ് 19 എന്ന മഹാമാരിയേയും പേറിയായിരുന്നു എന്ന യാഥാർഥ്യം. ഭാര്യയുടെ അസുഖം ഭേദമായിരിക്കുന്നു. അമ്മ ഇപ്പോഴും അത്യാസന്ന നിലയിലാണ്. കൂടാതെ ഒട്ടേറെ ബന്ധുക്കളും സുഹൃത്തുക്കളും ക്വാറന്റീൻ എന്ന തടവറക്കുള്ളിലും.

നമ്മുക്ക് ഒറ്റക്കെട്ടായി ശ്യാമിന്റെ ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും ഈ നാടിനും വേണ്ടി പ്രാർഥിക്കാം.

**നൂറ**
9 എ, ഗവ.എച്ച്.എസ്.എസ് പള്ളിക്കൽ
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം

# എന്നിലെ സ്വപ്നം

പതിവില്ലാതെ ഞാൻ അതിരാവിലെ എഴുന്നേറ്റു. ചുറ്റും ഇന്നുവരെ കേട്ടിട്ടില്ലാത്ത പക്ഷികളുടെ ശബ്ദം. അവയെ കാണാനുള്ള ആകാംക്ഷയിൽ ഞാൻ മുറ്റത്തേക്കിറങ്ങി. പക്ഷെ അവിടൊന്നും കാണുന്നില്ല. ആ ശബ്ദം എവിടെ നിന്ന് വരുന്നെന്നു ഞാൻ ശ്രദ്ധിച്ചു. അതെ ആ ശബ്ദം വീടിന്റെ കിഴക്ക് വശത്തു നിൽക്കുന്ന കണിക്കൊന്നയിൽ നിന്നാണ്. ഞാൻ ആ മരത്തിന്റെ അടുത്ത് ചെന്നു. അതിൽ നിന്നും പല പക്ഷികളയുടെയും ശബ്ദം കേട്ടുകൊണ്ടിരുന്നു. മാത്രമല്ല മരത്തിനടുത്ത് നിൽക്കുന്ന റോസയിലും തെറ്റിയിലും മാറി മാറി ഇരിക്കുന്ന പല വർണങ്ങളുള്ള ചിത്രശലഭവും. എല്ലാം കൊണ്ടും ആനന്ദകരമായ കാഴ്ച. എനിക്ക് ഇതുവരെ ഇല്ലാത്ത ഒരു സന്തോഷം അനുഭവപ്പെട്ടു. നേരം വെളുത്തപ്പോഴേക്കും മുറ്റത്തുനിന്നും ചെറിയ കമ്പുകൾ കൊത്തിയെടുക്കുന്ന പക്ഷിയെ കണ്ടു. എന്തിനാണ് ആ പക്ഷികൾ കമ്പുകൾ കൊത്തിയെടുക്കുന്നതെന്ന് ഞാൻ അമ്മയോട് ചോദിച്ചു. അമ്മ പറഞ്ഞു ആ കമ്പുകൾ കൊണ്ട് അവ കൂടുണ്ടാക്കും. എന്നിട്ട് ആ കൂട്ടിൽ മുട്ടയിടും. എനിക്ക് അതൊരു പുതിയ അറിവായിരുന്നു. ആ പക്ഷിക്കൂട് എന്റെ ടെറസിന് മുകളിൽ നിന്ന് നോക്കിയാൽ കാണാൻ പറ്റുന്ന തരത്തിൽ ആയിരുന്നു. ഞാൻ എല്ലാ നാളും മുകളിൽ കയറി കൂടിനുള്ളിലേക്ക് നോക്കും. അങ്ങനെ ഇരിക്കെ ഒരു ദിവസം നോക്കിയപ്പോൾ കൂട്ടിൽ മുട്ടകൾ കണ്ടു. എനിക്ക് ഒത്തിരി സന്തോഷമായി. ഇക്കാര്യം അമ്മയെ അറിയിക്കാൻ ചെന്നപ്പോഴാണ് എല്ലാപേരും ഒരാഴ്ച്ച മുത്തശ്ശിയുടെ വീട്ടിൽ നിൽക്കാൻ പോകുന്ന കാര്യം അറിയുന്നത്. കേട്ടപാടെ എനിക്ക് വല്ലാത്ത വിഷമം തോന്നി. മനസ്സില്ലാ മനസ്സോടെ ഞാൻ പക്ഷിയോട് യാത്ര പറഞ്ഞു പോകാൻ തയാറായി. അവിടെ കളിക്കാൻ ഒത്തിരി കുട്ടുകാർ ഉണ്ടായിരുന്നിട്ടും എന്റെ മനസു മുഴുവൻ ആ പക്ഷിയെയും കുഞ്ഞുങ്ങളെയും പറ്റിയുള്ള ഓർമകളായിരുന്നു. അവയെ കാണാനുള്ള ആകാംക്ഷയിൽ എത്രയും വേഗം വീട്ടിൽ എത്തണം എന്ന് തോന്നി. അങ്ങനെ ഏതാനും ദിവസങ്ങൾക്കു ശേഷം ഞങ്ങൾ വീട്ടിൽ എത്തി. ആകാംക്ഷയോടെ ഞാൻ മരത്തിനടുത്തേക്ക് ഓടി. പൂത്തുലഞ്ഞു നിൽക്കുന്ന കണിക്കൊന്ന മാത്രം. ഞാൻ വല്ലാതെ വേദനിച്ചു. ഞാൻ കാണാൻ ആഗ്രഹിച്ച കിളികൾ ഇല്ല. ഞാൻ ഒത്തിരി വേദനിച്ചു. പിറ്റേ ദിവസം അതിരാവിലെ എഴുന്നേറ്റു മുറ്റത്തിറങ്ങി. അവിടെ ആ പഴയ ശബ്ദം ഇല്ല. എന്നെ സന്തോഷിപ്പിച്ച കാഴ്ചകളും ഇല്ല. വല്ലാത്ത നിശ്ശബ്ദത... നിരാശയോടെ ഞാൻ ചുറ്റുപാടും നോക്കി. അപ്പോഴാണ് അമ്മയുടെ ശബ്ദം കേട്ടത് പുറത്തിറങ്ങരുത്... ഞാൻ പെട്ടെന്ന് കണ്ണു തുറന്നു... അപ്പോഴാണ് ഞാൻ ഓർത്തത് ഇത് എന്റെ വെറുമൊരു സ്വപ്നമായിരുന്നു എന്നത്.

**കീർത്തി ബി അർ**
5 ബി, ഗവൺമെൻറ്, വി.&എച്ച്.എസ്.എസ് കുളത്തൂർ
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം